# നമ്മെ അറിയുന്ന ദൈവം

ശാന്താ ജോൺസൺ



# നമ്മെ അറിയുന്ന ദൈവം

**ശാന്താ ജോൺസൺ**

ബി.ആർ.ജി. പ്രസിദ്ധീകരണം

# ഉള്ളടക്കം

1. നമ്മെ അറിയുന്ന ദൈവം ..... 7
2. ഉറക്കം വരാത്ത രാത്രി ..... 15
3. കർത്താവിനെ ഉണ്മയായി സ്നേഹിച്ച സ്ത്രീ ..... 18
4. ഒരുക്കത്തോടെ വന്ന ബാലൻ ..... 21
5. എന്നെ തൊട്ടത് ആര്? ..... 23
6. ആദ്യസ്നേഹത്തിലേക്ക് തിരിച്ചുവരിക ..... 26
7. കഷ്ടത അറിയുന്ന ദൈവം ..... 30
8. നീ വസിക്കുന്നിടം അറിയുന്ന ദൈവം ..... 32
9. തൂക്കിനോക്കുന്ന ദൈവം ..... 35
10. പ്രവൃത്തി അറിയുന്ന ദൈവം ..... 37
11. നിനക്ക് അല്പമേ ശക്തിയുള്ളൂ ..... 39
12. ഞാൻ വാതിൽക്കൽ മുട്ടുന്നു ..... 42
13. ഒരുങ്ങിയിട്ടുണ്ടോ? ..... 45
14. ഞാൻ നീയാണ്! ..... 47
15. അടിമനുകത്തിൽ പിന്നേയും കുടുങ്ങിപ്പോകരുത് ..... 50
16. നൊവൊമിയുടെ തിരഞ്ഞെടുപ്പ് ..... 53
17. രൂത്തിന്റെ തിരഞ്ഞെടുപ്പ് ..... 55
18. കുശവന്റെ കൈയ്യിലെ കളിമണ്ണ് ..... 57
19. മുറുകെപ്പറ്റിയിരിക്കുന്ന പാപം ..... 59
20. നമ്മെ നശിപ്പിക്കുന്ന പാപം ..... 62
21. സന്തോഷത്തെ ഇല്ലാതാക്കുന്ന പാപം ..... 64
22. മാരകമായ പാപം ..... 66
23. കാർന്നു തിന്നുന്ന പാപം ..... 69
24. കൂട്ടുകാരനെ സ്നേഹിക്കണം ..... 71
25. താലന്തുകൾ പ്രയോജനപ്പെടുത്തിയ ഫാനിക്രോസ്ബി ..... 73
26. പക്ഷപാതം - വീടിനെ പൊളിച്ചുകളയുന്നു ..... 75
27. സ്ത്രീയുടെ സ്വാധീനം ..... 77
28. വിതെക്കുന്നതു തന്നെ കൊയ്യും ..... 80
29. പണിയുക ..... 86
30. അപ്പത്തെ വെള്ളത്തിന്മേൽ എറിയുക ..... 91
31. അഗ്നിരഥമോ? മരണമോ ..... 93
32. ഫലമേത് ..... 95
33. നമ്മുടെ ശുശ്രൂഷകളും ചുമതലകളും ..... 97
34. നമ്മുടെ ആത്മീയ ശുശ്രൂഷകളും ചുമതലകളും ..... 101
35. ഭൗതിക ശുശ്രൂഷകളും ചുമതലകളും ..... 107
36. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട ..... 112
37. ഞാൻ മീൻപിടിക്കാൻ പോകുന്നു ..... 114
38. പ്രശ്നങ്ങൾ ..... 117
39. എനിക്ക് ഒന്നും കിട്ടുവാനില്ല ..... 120
40. എന്തിനീ കഷ്ടത ..... 122
41. നീ ആരുടെ പക്ഷത്താണ് ..... 134
42. കൊമ്പുകൾ ..... 138
43. സണ്ടേ സ്കൂൾ - ഉത്തരവാദിത്വമുള്ള ഒരു ശുശ്രൂഷ ..... 139
44. പൗരത്വം എവിടെ ..... 140
45. ദാവീദും യൊരോബെയാമും ..... 142
46. കർത്താവ് നമ്മെ സ്നഹിക്കുന്നില്ലയോ? ..... 146
47. യഹോവയ്ക്കായി കാത്തിരിക്കുക ..... 148
48. ഒരു ദൗത്യത്തിനായി അയക്കപ്പെട്ടവൻ ..... 151
49. കുടുംബപ്രാർത്ഥന മുടങ്ങിയിട്ടുണ്ടോ? ..... 155
50. അക്കരനാട് ..... 157
51. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും ..... 159
52. ഹൃദയം എവിടെ ..... 164
53. വീണ്ടും വരുന്ന ദൈവം ..... 166

# പ്രസാധക കുറിപ്പ്

ക്രിസ്തീയ ജീവതം സഫലമാകുന്നത് ദൈവവചനത്തിന്റെ മുൻപാകെ ധ്യാനാത്മകമായി നാം കടന്നു ചെല്ലുമ്പോൾ നമുക്ക് ലഭിക്കുന്ന ആത്മപ്രേരിത ചിന്തകളാലാണ്. ഓരോ വിശ്വാസിയും വ്യക്തിപരമായി ദൈവസന്നിധിയിൽ ഇരിക്കുമ്പോൾ ആഴമേറിയ ചിന്തകൾ ലഭിക്കും. അത് മറ്റുള്ളവരുടെ പ്രയോജനത്തിന് കൂടി ഉതകും വിധം ലഭ്യമാക്കുകയെന്നത് നല്ല ഒരു കാര്യം എന്നതിനാലാണു ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് ഈ നിലയിൽ ഒരു പുസ്തകം തയ്യറാക്കിയത്. ഇത് വായിക്കുന്ന ഏവർക്കും ആത്മീക ജീവിതത്തിൽ കൂടുതൽ പ്രോത്സാഹനമാകും എന്നു പ്രതീക്ഷിക്കുന്നു.

**ഡോ. ആനന്ദ് ഫിലിപ്പ്**

# അനുമോദനം

ദൈവത്തിന്റെ കൈകളിൽ ഏൽപ്പിക്കപ്പെട്ട ദൈവത്തിനായി സമർപ്പിക്കപ്പെട്ട വ്യക്തികളെ ദൈവം എടുത്ത് ഉപയോഗിക്കുന്നതായി തിരുവെഴുത്തിൽ ഉടനീളം നാം കാണുന്നു. വിക്കനും വാക്സാമർത്ഥ്യമില്ലാത്തവനുമായ മോശയെ, ഏകദേശം 20 ലക്ഷം വരുന്ന യിസ്രായേൽ മക്കളെ മരുഭൂമിയിൽ കൂടി വഴി നടത്തിക്കൊണ്ടുപോകുവാൻ ദൈവം ഉപയോഗിച്ചു. അതുപോലെ പഠിപ്പില്ലാത്ത മുക്കുവനായിരുന്ന പത്രോസിനെയും മറ്റു ശിഷ്യന്മാരെയും കൊണ്ട് വൻകാര്യങ്ങളെ പ്രസ്താവിപ്പാനും 3000 പേർ ഒറ്റ പ്രസംഗത്തിൽ രക്ഷിക്കപ്പെടുവാനും ദൈവം ഇടയാക്കി.

അല്പമാം ഉപകരണം കൊണ്ട് നല്പെഴുന്ന വേലകൾ നിർവ്വഹിക്കുന്ന വലിയവനായ കർത്താവ് എളിയവളായ എന്റെ സഹോദരിയെക്കൊണ്ട് അനുഗ്രഹീത ചിന്തകൾ നൽകി വേർപെട്ട ദൈവജനത്തിനു ആത്മീക പ്രചോദനമാകുവാൻ ദൈവം ഇടയാക്കുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഈ പുസ്തകം വായിക്കുന്ന എല്ലാ പ്രിയപ്പെട്ടവർക്കും ആത്മീക ഉന്നമനത്തിനു ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു.

**വിക്ടർ ജോർജ്ജ് കുര്യാക്കോസ്**
കടമറ്റം

# അവതാരിക

എന്റെ ആത്മീക ഗുരുവിന്റെ പ്രിയ പത്നി ശ്രീമതി ശാന്ത ജോൺസൺ അറിയപ്പെടുന്ന ഒരു ക്രിസ്തീയ സാഹിത്യകാരിയും വേദാ ധ്യാപികയുമാണ്. സഹോദരിമാരുടെ ഇടയിൽ വിവിധ നിലകളിൽ ഫല കരമായ ശുശ്രൂഷകൾ ചെയ്തു വരുന്നു. വടക്കേന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും സഹോദരി മാർക്കായി ക്ലാസ്സുകൾ എടുത്തുവരുന്നു.

അത് പോലെ തന്നെ നമ്മുടെ ഇടയിലെ ആനുകാലികങ്ങളിൽ പ്രായോഗിക ജീവിതവിജയത്തിനു ആവശ്യമായ ധ്യാനചിന്തകളും പ്രബോധനങ്ങളും സഹോദരിമാർക്കായി എഴുതുന്നു. രക്ഷകനും രക്ത സാക്ഷികളും എന്ന പേരിൽ ക്രിസ്തീയ രക്ത സാക്ഷികളെക്കുറിച്ച് എഴുതിയ പുസ്തകം വളരെ ശ്രദ്ധേയമായിരുന്നു. അത് പോലെ തന്നെ നിരവധി ലഘുലേഖകളും ചെറുപുസ്തകങ്ങളും സുവിശേഷ സംബ ന്ധമായി എഴുതിയിട്ടുണ്ട്. അനേകരുടെ രക്ഷയ്ക്കും ആത്മീകമായ പ്രോത്സാഹനത്തിനും അത് ഏറെ പ്രയോജനകരമായിട്ടുണ്ട്.

നമ്മെ അറിയുന്ന ദൈവം എന്ന പേരിൽ രചിച്ച ഈ പുസ്തകത്തിൽ ദൈവമക്കളുടെ വിശ്വാസ ജീവിതത്തിന്റെ സമസ്ത തലങ്ങളെയും വളരെ ചുരുക്കമായും ആഴമായും പ്രതിപാദിച്ചിരിക്കുന്നു. മുൻകാല ങ്ങളിൽ വിവിധ വിഷയങ്ങളോടുള്ള ബന്ധത്തിൽ എഴുതിയ ലേഖന ങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം.

ജീവിതാനുഭവങ്ങളിൽ നിന്നും വ്യക്തിപരമായ വചനധ്യാനത്തിൽ നിന്നും ആത്മീക ഉൾക്കാഴ്ചയിൽ നിന്നും ഉടലെടുക്കുന്ന ധ്യാനചിന്ത കൾ നമ്മുടെ ആത്മീക ജീവിതത്തിനു ഏറെ ഉത്തേജനം നൽകുന്നു. നാം കഷ്ടതകളിലൂടെ കടന്നുപോകുമ്പോൾ , നാം പ്രതിസന്ധികളിൽ ആകുമ്പോൾ അല്പം ആശ്വാസം ലഭിക്കാൻ നമുക്ക് ഓടിച്ചെല്ലുവാൻ ഉള്ള ഇടം കർത്താവിന്റെ പാദപീഠമാണ്. ആ പാദപീഠത്തിൽ ആശ്രയി ച്ചവരുടെ അനുഗ്രഹീത ചിന്തകൾ ഈ പുസ്തകത്തിൽ ഉണ്ട്. അത്

പോലെ തന്നെ രക്ഷയെക്കുറിച്ചും രക്ഷാ സംബന്ധമായ ഉപദേശങ്ങളെക്കുറിച്ചും ഈ പുസ്തകത്തിൽ ഏറ്റവും ലളിതമായി പ്രതിപാദിച്ചിരിക്കുന്നു.

കൊച്ചുകുട്ടികൾക്ക് പോലും മനസ്സിലാകുന്ന പ്രതിപാദന രീതി ഈ എഴുത്തുകാരിയുടെ പ്രത്യേകതയാണ്. കാലത്തിന്റെ പരിക്രമണത്തിൽ വിസ്മൃതിയിൽ ആണ്ടു പോകാവുന്ന ചെറുലേഖനങ്ങളെ കോർത്തിണക്കി ഒരു പുസ്തകമാക്കി നമ്മുടെ കൈകളിൽ എത്തുമ്പോൾ വരും തലമുറകൾക്ക് പോലും ഈ എഴുത്തുകൾ ഏറെ പ്രയോജനപ്പെടും.

ഈ പുസ്തകം വായിക്കുന്ന ഏവർക്കും ഈ ചെറുലേഖനങ്ങളും പ്രബോധനങ്ങളും ഒരു പ്രചോദനമാകും എന്നതിൽ സംശയമില്ല. നമ്മെ അറിയുന്ന ദൈവം എന്ന ഈ പുസ്തകം ദൈവനാമമഹത്വത്തിനും ദൈവജനത്തിന്റെ ആത്മീക അഭിവൃദ്ധിക്കും ഏറെ പ്രയോജനകരമാകും എന്ന പ്രതീക്ഷയോടെ സവിനയം അവതരിപ്പിക്കുന്നു.

കർത്തൃശുശ്രൂഷയിൽ<br>
**ഡോ. സനീഷ് ചെറിയാൻ**<br>
ക്രിസ്ത്യൻ ബ്രദറൺ ചർച്ച്, മണീട്

# നമ്മെ അറിയുന്ന ദൈവം

‘‘ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധി കർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനുമാണ്. (1 തിമൊ 6:16).

നമ്മെ ദൈവം എങ്ങനെ എപ്പോൾ ഏതവസ്ഥയിൽ അറിയുന്നു എന്ന് ചിന്തിക്കുന്നതിന് മുൻപായി നമ്മെ അറിയുന്ന ദൈവം ആരാണ് എന്ന് ചിന്തിക്കാം.

മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ താൻ മാത്രം അമർത്യമുള്ളവ നാണ്. ദൈവം അൽഫയും ഒമേഗയും ആകുന്നു. (വെളി 1:8) ദൈവം വെളിച്ചം ആകുന്നു. (യോഹ.4:24) നമ്മൾ അറിയുന്ന ദൈവം സ്നേഹം ആകുന്നു. (1 യോഹ.4:16) മാത്രമല്ല ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. (എബ്രായർ 12:29).

ഈ ദൈവത്തെ യെശയ്യാവ് പ്രവാചകനും യെഹസ്ക്കേൽ പ്രവാ ചകനും വർണ്ണിക്കുന്നതു കർത്താവ് ഉയർന്ന സിംഹാസനത്തിൽ ഇരി ക്കുന്നതു ഞാൻ കണ്ടു. അവന്റെ വസ്ത്രത്തിന്റെ വിളമ്പുകൾ മന്ദി രത്തെ നിറച്ചിരുന്നു. സറാഫുകൾ അവന് ചുറ്റും നിന്നു. ഓരോരു ത്തർക്കും ആറാറു ചിറകുണ്ടായിരുന്നു. അവർ രണ്ട്കൊണ്ട് മുഖം മൂടി രണ്ടുകൊണ്ട് കാൽ മൂടി രണ്ടു കൊണ്ടു പറന്നു. ഒരുത്തനോട് ഒരു വൻ സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് പറഞ്ഞു. (യെശ.6:1 –3, യെഹ. 1:10 അദ്ധ്യായം) ദൈവത്തിന്റെ മഹത്വം കണ്ടപ്പോൾ യെഹ സ്കേൽ കവിണ്ണ് വീണ്, യെശയ്യാവ് പ്രവാചകൻ ആകട്ടെ ഭയന്നു അയ്യോ കഷ്ടം ഞാൻ നശിച്ചു ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള മനുഷ്യൻ – ഇതാണ് നമ്മെ അറിയുന്ന ദൈവം.

ഈ ദൈവത്തെ സ്നേഹത്തിന്റെ അപ്പൊസ്തലനായ യോഹന്നാൻ ദൈവാത്മാവിൽ വർണ്ണിക്കുന്നത് അവന്റെ തലയും തലമുടിയും

വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണ് അഗ്നിജ്വാലയ്ക്ക് ഒത്തതും കാൽ ഉലയിൽ പഴുപ്പിച്ച വെള്ളോട്ടിന് സദൃശ്യവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചൽ പോലെയും ആയിരുന്നു. അവന്റെ വലംകൈയ്യിൽ ഏഴു നക്ഷത്രം ഉണ്ട്. അവന്റെ വായിൽ നിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു. (വെളിപ്പാട് 1:14–16)

അവനെ കണ്ടിട്ട് യോഹന്നാൽ അപ്പൊസ്തലൻ മരിച്ചവനെപ്പോലെയായി അവന്റെ കാൽക്കൽ വീണു. നമ്മെ അവൻ അറിയുന്നു എന്നറിയുന്നതിന് മുൻപായി ദൈവം ആരാണ് എന്നറിയുവാനും നമ്മുടെ ഒന്നുമില്ലായ്മ മനസ്സിലാക്കി അവന്റെ പാദത്തിൽ വീണു കുമ്പിടുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

മോശെയോട് യഹോവ " ഞാൻ മേഘതമസ്സിൽ സീനായ് പർവ്വതത്തിൽ വെളിപ്പെടും. ജനം രണ്ട് ദിവസം വസ്ത്രം അലക്കി തങ്ങളെ തന്നെ ശുദ്ധീകരിച്ചു മൂന്നാം ദിവസത്തേക്ക് ഒരുങ്ങിയിരിക്കേണം. മൂന്നാം ദിവസം യഹോവ സകല ജനവും കാൺകെ സീനായി പർവ്വതത്തിൽ ഇറങ്ങും. ജനം പർവ്വതത്തിൽ കയറാതെയും അതിന്റെ അടിവാരം തൊടാതെയും ഇരിപ്പാൻ സൂക്ഷിക്കണം പർവ്വതം തൊടുന്നവൻ മരണശിക്ഷ അനുഭവിക്കണം. മൂന്നാം ദിവസം നേരം വെളുത്തപ്പോൾ ഇടിമുഴക്കവും കാഹളധ്വനിയും ഉണ്ടായി ജനം ഭയപ്പെട്ടു. അവർ പർവ്വതത്തിന്റെ അടിവാരത്തു നിന്ന് അപ്പോൾ "യഹോവ തീയിൽ സീനായി പർവ്വതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുകകൊണ്ട് മൂടി അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി പർവ്വതമൊക്കെയും ഏറ്റവും കലങ്ങി (പുറപ്പാട് 19:18).

യഹോവ  മോശെയോട് സീനായി പർവ്വതത്തിലേക്കു കയറിവരുവാൻ പറഞ്ഞു. കല്പനകളും പ്രമാണങ്ങളും ദൈവം മോശെക്കു എഴുതിയും പറഞ്ഞും കൊടുത്തു. വീണ്ടും മോശെ യഹോവയുടെ സന്നിധിയിൽ പോകുന്നു. യഹോവയുടെ സഖിത്വം മുഖാന്തരം മോശെയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു. അഹരോനും ജനത്തിനും അവന്റെ അടുക്കൽ ചെല്ലുവാൻ സാധിക്കാത വണ്ണം അതു പ്രകാശമുള്ളതായിരുന്നു. അതുകൊണ്ട് മോശെ തന്റെ മുഖത്തു മൂടുപടം ഇട്ടു. അതാണ് നമ്മെ അറിയുന്ന ദൈവം. ഈ ദൈവത്തെ ഒന്ന് കാണുവാൻ മോശെ ആഗ്രഹിക്കുന്നു. മോശെ യഹോവയോട് എനിക്ക് നിന്റെ തേജസ്സ് കാണി

ച്ചുതരേണമേ, അതിന് യഹോവ അവനോട് ഞാൻ നിന്നെ മാനിക്കും എന്നാൽ "നിനക്ക് എന്റെ മുഖം കാണ്മാൻ കഴികയില്ല. ഒരു മനുഷ്യനും എന്നെ കണ്ട് ജീവനോടെ ഇരിക്കയില്ല എന്ന് അവൻ കല്പിച്ചു. (പുറ. 3:20) മോശെയോട് ദൈവം പറഞ്ഞു. നീ ആ പാറമേൽ നില്ക്കണം എന്റെ തേജസ്സ് കടന്നുപോകുമ്പോൾ ഞാൻ നിന്നെ പാറയുടെ പിളർപ്പിൽ ആക്കി ഞാൻ എന്റെ കൈ കൊണ്ട് നിന്നെ മറയ്ക്കും പിന്നെ എന്റെ കൈനീക്കും. നീ എന്റെ പിൻഭാഗം കാണും. എന്റെ മുഖമോ കാണാവുന്നതല്ല എന്ന യഹോവ അരുളിച്ചെയ്തു. നമ്മെ അറിയുന്ന ദൈവം സർവ്വശക്തനാണ്. നീ നീ മാത്രം യഹോവ ആകുന്നു. നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തേയും ഭൂമിയേയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി. നീ അവയെ ഒക്കെയും രക്ഷിക്കുന്നു. ആകാശത്തിലെ സൈന്യം നിന്നെ നമസ്ക്കരിക്കുന്നു. (നെഹമ്യാവ് 9:6). ഈ ദൈവമാണ് നമ്മെ അറിയുന്നത്.

**നമ്മുടെ ജീവിതത്തെ അറിയുന്നു.**

അമ്മയുടെ ഉദരത്തിൽ വെച്ച്. നാം നമ്മുടെ അമ്മയുടെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ ദൈവം നമ്മെ മെടഞ്ഞു. ഭയങ്കരവും, അതിശയവുമായി എന്നെ സൃഷ്ടിച്ചു. ഞാൻ പിണ്ഡകാരമായിരുന്നപ്പോൾ തന്നെ ദൈവം എന്നെ കണ്ട് എന്റെ അസ്ഥികൂടങ്ങൾ നിർമ്മിച്ചു. അങ്ങനെ ഞാൻ എന്ന വ്യക്തി ഉണ്ടായപ്പോൾ തന്നെ എന്നെ അറിയുന്ന ദൈവം (സങ്കീ 139:13-16.) ആ ദൈവം നമ്മെ അറിയുന്നു എന്നു മാത്രമല്ല അവൻ നമ്മെ ജീവനോടെ കാക്കുന്നു. (സങ്കീ. 66:9).

**a. നാം പാപികളായിരിക്കുമ്പോൾ** തന്നെ അവൻ നമ്മെ അറിയുന്നു. യേശു ഈ ലോകത്തിലായിരുന്നപ്പോൾ ചുങ്കക്കാരോടും പാപികളോടും കൂടെ നടന്നു. പരീശന്മാർക്ക് നീരസം ഉണ്ടായി, കർത്താവ് അവരോട് പറഞ്ഞു. "ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നതു എന്ന് പറഞ്ഞു. (മത്തായി 9:13) അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്നു നാം. മാത്രമല്ല മുമ്പെ പ്രകൃതിയാൽ ജാതികളായിരുന്നു. അഗ്രചർമ്മക്കാർ ആയിരുന്നു. നാം ക്രിസ്തുവിനെ കൂടാതെയുള്ളവരും വാഗ്ദത്തനിയമങ്ങൾക്കും അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരുമായിരുന്നു. എന്നാൽ നമ്മെ അറിയുന്ന ദൈവം നമ്മെ തേടി ഭൂമിയിലേക്കു വന്നു. നമ്മെ രക്ഷിക്കുന്ന

തിന് വേണ്ടി തന്നെത്താൻ താഴ്ത്തി ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം ആയി തീർന്നു.

**b.നാം ദൈവമക്കളായിരിക്കുമ്പോൾ**

നമ്മുക്ക് വേണ്ടി ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന കുഞ്ഞാടായി ദൈവം വന്നു. നമ്മുക്ക് വേണ്ടി മരണം ആസ്വദിച്ചു. ആ കർത്താവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു. യേശുവിനെ കർത്താവ് എന്ന് വായ് കൊണ്ട് ഏറ്റു പറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പ്പിച്ചു എന്ന് വിശ്വസിക്കയും ചെയ്യുമ്പോൾ നാം രക്ഷിക്കപ്പെടും. അങ്ങനെ രക്ഷിക്കപ്പെട്ട ദൈവമക്കളെ അവൻ അറിയുന്നു. മാത്രമല്ല അവൻ അവർക്ക് നിത്യജീവൻ കൊടുക്കുന്നു. അവ ഒരുനാളും നശിച്ചുപോകയില്ല. അവയെ അവന്റെ കയ്യിൽ നിന്ന് പിടിച്ചു പറിപ്പാൻ ആർക്കും കഴികയില്ല. കാരണം അവയെ തന്നിരിക്കുന്നത് പിതാവ് ആകുന്നു. പിതാവിന്റെ കയ്യിൽ നിന്ന് പിടിച്ചു പറിപ്പാൻ ആർക്കും കഴികയില്ല. ഞാനും പിതാവും ഒന്നാകുന്നു. (യോഹന്നാൻ 16:28–30).

**നമ്മുടെ വഴികളെ അറിയുന്നു**

ദൈവമക്കളായ നാം നമ്മുടെ പഴയ മനുഷ്യനെ ക്രൂശിച്ച് പുതിയ മനുഷ്യനെ പുഷ്ടിപ്പെടുത്തി ആത്മനിറവിൽ ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കുമ്പോൾ നാം അറിയാത്ത വഴികളിൽ കൂടി സഞ്ചരിക്കേണ്ടി വന്നാലും അവൻ നമ്മുടെ വഴിയെ സൂക്ഷിക്കുന്നു (സദൃശ്യ 2:8) മാത്രമല്ല നാം വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു ഇതിൽ നടന്നു കൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്ന് കേൾക്കും. (യെശ. 30:21).

അതെ ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു. നമ്മുടെ വഴിയറിയാവുന്ന യഹോവയിൽ ആശ്രയിക്കാം. അവനിൽ തന്നെ ആശ്രയിക്കാം. അവൻ അതു നിർവ്വഹിക്കും. (സങ്കീ 37:23,3). നാം ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും, നമ്മുടെ കിടപ്പും നടപ്പും ദൈവം ശോധന ചെയ്യുകയും ചെയ്യുന്നു.

മാത്രമല്ല നമ്മുടെ നിരൂപണം അവൻ ദൂരത്ത് നിന്ന് ഗ്രഹിക്കുന്നു. നമ്മുടെ വഴികളൊക്കെയും അവൻ മനസ്സിലാക്കിയിരിക്കുന്നു. (സങ്കീ. 139:1–3). അതുകൊണ്ട് നമ്മുടെ വഴികളെ അവന്റെ ഇഷ്ടത്തിനൊത്ത വണ്ണമായിരിക്കുവാൻ നമ്മൾക്ക് ശ്രമിക്കാം. വ്യസനത്തിനുള്ള മാർഗ്ഗം നമ്മിൽ ഉണ്ടോ എന്ന് നോക്കി ശാശ്വത മാർഗ്ഗത്തിൽ നമ്മുക്ക് നടക്കാം. സങ്കീ 139:24.

ഒരു ധനികനായ വ്യാപാരി കച്ചവടം കഴിഞ്ഞു ഒരു വനത്തിൽ കൂടി പോകുകയായിരുന്നു. കൊള്ളക്കാർ ഉള്ള വനമാണ് അത്. അവൻ അവന്റെ വഴി ദൈവത്തിൽ സമർപ്പിച്ചു. ഒരു ദൈവമകനായതുകൊണ്ട് അവൻ ബൈബിൾ തുറന്ന് വായിച്ചു. “അവൻ പകലും രാവും യാത്ര ചെയ്‌വാൻ തക്കവണ്ണം അവർക്ക് വഴി കാണിക്കേണ്ടതിന് പകൽ മേഘ സ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്ക് മുൻപായി പോയിരുന്നു (പുറപ്പാട് 13:12) അവൻ പ്രാർത്ഥിച്ചു യാത്ര തുടർന്നു. കുറച്ചു കഴിഞ്ഞപ്പോൾ കുളമ്പടിയുടെ ശബ്ദം- ചുറ്റും നോക്കിയപ്പോൾ ഒരു ഗുഹ കണ്ടു. അവൻ അതിൽ കയറിയ കൊള്ള ക്കാർ പുറത്തു കൂടി നടക്കുന്നത് അവൻ അറിഞ്ഞു. അവിടെ അനേക ഗുഹകൾ ഉണ്ടായിരുന്നു. കൊള്ളക്കാർ എല്ലാ ഗുഹകളിലും കയറിയി റങ്ങി. എന്നാൽ ഈ ഗുഹയിൽ മാത്രം കയറിയില്ല. കുറച്ചു കഴിഞ്ഞു കുളമ്പടിയുടെ ശബ്ദം നിലച്ചു. പുറത്തേയ്ക്കു ഇറങ്ങുവാൻ നോക്കി യപ്പോൾ അവൻ സ്തംഭിച്ചു പോയി. ഗുഹയുടെ വാതിലിൽ ചിലന്തി നല്ലൊരു കൂട് വല കൊണ്ട് കെട്ടിയിരിക്കുന്നു. ആരെങ്കിലും ഇതിൽ കൂടി കയറിയാൽ വല പൊട്ടും. പൊട്ടാത്ത വല കണ്ടതുകൊണ്ട് കവർച്ച ക്കാർ ആ ഗുഹയിൽ മാത്രം കയറിയില്ല. അവൻ അകത്തു കടന്നപ്പോൾ ദൈവം ചിലന്തിയോട് വല കെട്ടുവാൻ കല്പ്പിച്ചതാണെന്ന് അവൻ മന സ്സിലാക്കി. ദൈവത്തെ സ്തുതിച്ചുകൊണ്ട് യാത്ര തുടർന്നു ഭവനത്തിൽ എത്തിച്ചേർന്നു. അതെ ദൈവം നമ്മുടെ വഴികളെ അറിയുന്നു.

### നമ്മുടെ ആവശ്യങ്ങളെ അറിയുന്നു

“എന്തു തിന്നും എന്തു കുടിക്കും എന്ന് നിങ്ങളുടെ ജിവനായി കൊണ്ടും എന്തു ഉടുക്കും എന്ന് ശരീരത്തിനായി കൊണ്ടും വിചാര പ്പെടരുത് (മത്തായി 6:25).

അമേരിക്കയിലുള്ള ഫ്ളോറിഡ എന്ന സ്ഥലത്തു ജനിച്ചു വളർന്ന ഡോണ ഹെലൻ അവൾക്ക് ഉണ്ടായിരുന്ന ഉന്നതജോലി വിട്ട് ടിബറ്റിൽ

സുവിശേഷ വേലയ്ക്കായി പോകാൻ തീരുമാനിച്ചു. പലരും, അവളുടെ കൂട്ടുകാരും അവളെ അതിൽ നിന്ന് പിന്തിരിപ്പിക്കുവാൻ നോക്കി. പക്ഷെ അവൾ ടിബറ്റിലേക്കു തന്നെ പോയി. അവിടെ വളരെ കഷ്ടതയോടെ കൂടെയാണെങ്കിലും പ്രവർത്തിക്കാവൻ ദൈവം അവളെ സഹായിച്ചു. അനേകർ കർത്താവിന്റെ മക്കളായിത്തീർന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം 20 കി.മി അകലെയുള്ള ഗ്രാമത്തിൽ ഒരു രോഗിയെ ശുശ്രൂഷിക്കുവാൻ അവളെ വിളിച്ചു. ആ ഗ്രാമത്തിലേക്ക് നടന്ന് പോകണമായിരുന്നു. അവൾ നോക്കിയപ്പോൾ അവളുടെ കൈയ്യിൽ ആകെ ഒരു റൊട്ടി മാത്രം. പക്ഷെ അവൾ മരുഭൂമിയിൽ ജനത്തെ മന്ന കൊടുത്തു നടത്തിയ ദൈവത്തിലാശ്രയിച്ചു യാത്ര തുടങ്ങി. താൻ റൊട്ടി കുറേശ്ശെ കഴിച്ചു. എന്നാൽ റൊട്ടി തീർന്നു. അങ്ങനെ പോകുമ്പോൾ വലിയ വിലപിടിപ്പുള്ള ബദാം പരിപ്പുകൾ വഴിയിൽ കിടക്കുന്നത് അവൾ കണ്ടു. വളരെ സന്തോഷത്തോടെ അവൾ അത് പെറുക്കിയെടുത്തു. അങ്ങനെ നടക്കുമ്പോൾ ഒരു മനുഷ്യൻ വലിയ ഒരു ചാക്ക് കൊണ്ട് മുന്നിൽ പോകുന്നു.ആ ചാക്കിൽ ഒരു ചെറിയ ദ്വാരം ഉണ്ടായിരുന്നു. ആ ദ്വാരത്തിൽ കൂടിയാണ് ബദാം പരിപ്പുകൾ വീണുകൊണ്ടിരുന്നത്. ഡോണ കൈ കൊട്ടി അദ്ദേഹത്തെ ഉറക്കെ വിളിച്ചു. പക്ഷേ ആ മനുഷ്യൻ ശ്രദ്ധിക്കാതെ തന്റെ വിളി കേട്ടിട്ടും കേൾക്കാത്ത ഭാവത്തിൽ നടന്ന് പോയി. തന്റെ സ്വർഗ്ഗീയ പിതാവ് തനിക്ക് വേണ്ടുന്ന ആഹാരം നൽകിയത് എന്ന് ഡോണയ്ക്ക് മനസ്സിലായി. കർത്താവ് നമ്മെ കരുതുന്നവനാണ്. ഏലിയാവിന് കാക്കയിൽ കൂടി അപ്പവും ഇറച്ചിയും കൊടുത്ത ദൈവം ഇന്നും ജീവിക്കുന്നു എന്ന് ഡോണയ്ക്ക് മനസ്സിലായി. അവൾ ദൈവത്തെ സ്തുതിച്ചു.

**നമ്മുടെ പ്രശ്നങ്ങളെ, ദുഃഖങ്ങളെ അറിയുന്നു**. ‘‘അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ട് കൊൾവിൻ’’ 1 പത്രൊസ് 5:7.

നമ്മുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം പോലെ നമ്മിൽ ആരെ വിഴുങ്ങേണ്ടത് എന്ന് വെച്ച് ചുറ്റിത്തിരിയുകയാണ്. അതു കൊണ്ട് ദൈവമക്കൾക്ക് പ്രശ്നങ്ങൾ കഷ്ടപാടുകൾ ഉണ്ട്. ഇപ്പോൾ മാത്രമല്ല എല്ലാ കാലഘട്ടത്തിലുമുള്ള ദൈവമക്കൾക്ക് കഷ്ടങ്ങൾ പ്രശ്നങ്ങൾ പരിശോധനകൾ ഉണ്ട്. അവർ ദൈവത്തിൽ ആശ്രയിച്ചു പ്രശ്നങ്ങളെ തരണം ചെയ്തു.

ബാബേൽ പ്രവാസികളായ ശദ്രേക്ക്, മേശക്ക്, അബേദ്നെഗോ എന്ന് പേരുള്ള മൂന്ന് യഹൂദബാലന്മാരെ നെബുഖദ്നേസർ രാജാവിന്റെ മുൻപാകെ നിർത്തി. അവരുടെ കുറ്റം അവർ രാജാവ് നിർത്തിയ പൊന്നു കൊണ്ടുള്ള ബിംബത്തെ നമസ്ക്കരിക്കുന്നില്ല. രാജാവ് അവരോട് കാഹളം, കുഴൽ, തംബുരു, വീണ, നാഗസ്വരം മുതലായ വാദ്യനാദം കേൾക്കുന്ന സമയത്തു നിങ്ങൾ ഞാൻ പ്രതിഷ്ഠിച്ച ബിംബത്തെ വീണു നമസ്കരിക്കുക അല്ലാഞ്ഞാൽ ഞാൻ നിങ്ങളെ എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയും.

ശദ്രക്ക്, മേശക്ക്, അബേദ്നൊഗോ രാജാവിനോട് ഉത്തരം പറഞ്ഞത് ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല (ദാനിയേൽ 3:17). ഈ മുന്നു ബാലന്മാരെ കെട്ടി തീച്ചൂളയിൽ ഇടുവാൻ രാജാവ് കല്പ്പിച്ചു. ദൈവനാമം മഹത്വപ്പെടുന്നതിന് വേണ്ടി ദൈവം അതു അനുവദിച്ചു. എന്നാൽ തീച്ചൂളയിലും അവർ തനിച്ചല്ലായിരുന്നു. ദൈവം അവരോട് കൂടെയുണ്ടായിരുന്നു, രാജാവ് നോക്കിയപ്പോൾ നാല് പേര്. രാജാവ് തീയുടെ അടുത്തു ചെന്നിട്ട് പറഞ്ഞു അത്യുന്നത ദൈവത്തിന്റെ ദാസന്മാരായ ശദ്രക്ക്, മേശക്ക്, അബേദ്നെഗേ പുറത്തു വരുക. അവർ ഇന്ന് രാജാവിന്റെ ഉദ്യോഗസ്ഥർ മാത്രമല്ല ദൈവത്തിന്റെ ദാസന്മാരാണെന്ന് രാജാവിനും ജനത്തിനും മനസ്സിലായി. അവർ തീയിൽ നിന്ന് ദേഹത്തിനു തീ പിടിക്കാതെയും അവരുടെ തലമുടി കരിയാതെയും കാൽചട്ടെക്ക് കേടു പറ്റാതെയും അവർക്ക് തീയുടെ മണം പോലും തട്ടാതെയും പുറത്തു വന്നു. രാജാവ് കല്പിച്ചത് ഇവരുടെ ദൈവം വാഴ്ത്തപ്പെട്ടവൻ. ഇവരെ ദൈവം വിടുവിച്ചു. ഈ വിധത്തിൽ വിടുവിപ്പാൻ കഴിയുന്ന മറ്റൊരു ദൈവവുമില്ല. അതുകൊണ്ട് ഇവരുടെ ദൈവത്തിന് വിരോധമായി വല്ലതും പറഞ്ഞാൽ അവനെ കഷണം കഷണമായി ശകലിക്കുകയും അവന്റെ വീട് കുപ്പക്കുന്നാകുകയും ചെയ്തു. ഇതുകൂടാതെ രാജാവ്, ശദ്രക്കിനും, മേശെക്കിനും അബേദ്നെഗോവിനും ബാബേൽ സംസ്ഥാനത്തു സ്ഥാനമാനങ്ങൾ കൊടുത്തു. യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബാലവാനെന്നു കാണിക്കേണ്ടതിന് ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു. (2 ദിന 16:19)

നമ്മെ അറിയുന്ന ദൈവം സർവ്വശക്തൻ, സർവ്വവ്യാപി, സർവ്വ ജ്ഞാനി, മാറ്റമില്ലാത്തവൻ, പരിശുദ്ധൻ, സ്നേഹവാൻ, സത്യവാൻ, കൃപാലു എന്നിങ്ങനെയുള്ള അനേകം കാര്യങ്ങൾ നമ്മുടെ ദൈവത്തെ ക്കുറിച്ചു പറവാനുണ്ട്.

ഈ ദൈവമാണ് പുഴുവായ എന്നെ, നമ്മളെ അറിയുന്നത്. അവൻ നാം പിണ്ഡകാരമായിരുന്നപ്പോൾ മുതൽ നമ്മെ അറിയുന്നു. നമ്മെ വഴി നടത്തുന്നു. നാം നിത്യതയിൽ എത്തിച്ചേരുന്നതുവരെ അവൻ നമ്മോട് കൂടെ നടക്കുന്നു. യെശയ്യാവ് 40:10 ൽ പറയുന്നതുപോലെ ഒരു ഇടയ നെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുകയും കുഞ്ഞാടു കളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തു വഹിക്കുകയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്തു. ഈ സ്നേഹവാനായ ദൈവത്തെ വീണു നമിക്കാം. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാ കട്ടെ.

# ഉറക്കം വരാത്ത രാത്രി

ദൈവത്തെ സ്നേഹിക്കുന്നവരെ ദൈവം എങ്ങനെ പരിപാലിക്കുന്നു എന്നും അവന്റെ വഴികൾ എത്ര വിചിത്രവും അത്ഭുതകരവുമാണ് എന്നും എസ്ഥേറിന്റെ പുസ്തകത്തിൽ നിന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും.

ബാബേൽ സംസ്ഥാനത്തിന്റെ രാജാവായ അഹശ്വരേശ് രൂപവതിയും, സുന്ദരിയുമായ എസ്ഥേറിനെ വസ്ഥിക്കു പകരമായി രാജ്ഞിയാക്കി.

ബാബേൽ സംസ്ഥാനത്തിന്റെ രണ്ടാമനായി രാജാവ് ഹാമാനെ ഉയർത്തുന്നു. രാജവാതിൽക്കലെ രാജഭൃത്യനായ മൊർദ്ദെഖായി ഹാമാനെ കുമ്പിട്ടില്ല. ദൈവത്തിനു കൊടുക്കേണ്ട ബഹുമാനം രാജകല്പനയാണെങ്കിൽ പോലും തന്റെ തല പോയാലും മനുഷ്യന് കൊടുപ്പാൻ താൻ തയ്യാറായില്ല.

രാജാവിന്റെ വിശ്വസ്ത ദാസനായ ബിഗ്ദ്ധാൻ രാജാവിനെ കൊല്ലുവാൻ നോക്കുന്നു. ഈ കാര്യം മൊർദ്ദേഖായി രാജാവിനെ അറിയിച്ചു. ഇത് രാജാവിന്റെ വൃത്താന്തപുസ്തകത്തിൽ എഴുതി വയ്ക്കുകയും ചെയ്തു.

ഹാമാൻ മൊർദ്ദെഖായിയെയും അവന്റെ വംശത്തെയും നശിപ്പിക്കാൻ തീരുമാനിച്ചു. (എസ്ഥേർ 3:12) സകല യഹൂദന്മാരേയും ആബാലവൃദ്ധം കുഞ്ഞുങ്ങളെയും സ്ത്രീകളെയും നശിപ്പിച്ചു കൊന്നു മുടിക്കയും.... കൂടാതെ മൊർദ്ദേഖായിയെ കൊല്ലുവാൻ വേണ്ടി അമ്പതു മുഴം ഉയരമുള്ള ഒരു കഴുമരം ഉണ്ടാക്കുകയും ചെയ്തു.

എന്നാൽ ഇവിടെ ഇതാ എസ്ഥേറിന്റെ ധൈര്യമുള്ള വാക്കുകൾ “ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ” (എസ്ഥേർ 4:16). മുപ്പത് ദിവസം രാജസന്നിധിയിലേക്ക് ചെല്ലുവാൻ അധികാരമില്ലെങ്കിലും തന്റെ ജനത്തിനു വേണ്ടി മരിക്കാൻ ഒരുങ്ങുന്ന എസ്ഥേർ. ചിറ്റപ്പനായ മോർദ്ദേ

ഖായിയെ പണ്ട് എങ്ങനെ അനുസരിച്ചുവോ, അതുപോലെ പിന്നെയും അനുസരിച്ചു പോന്നു. (എസ്ഥേർ 2 : 20)

രാജസന്നിധിയിൽ പോകുന്നതിന് മുമ്പായി അവൾ തന്റെ ആവശ്യവുമായി ദൈവസന്നിധിയിൽ എത്തുന്നു. 'മൊർദ്ദേഖായിയോട് അവൾ "നീ ചെന്ന് ശൂശനിലുള്ള എല്ലാ യഹൂദന്മാരെയും വിളിച്ചു കൂട്ടി നിങ്ങൾ മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്കുവേണ്ടി ഉപവസിപ്പിൻ. ഞാനും എന്റെ ബാല്യക്കാരത്തികളും അങ്ങനെ തന്നെ ചെയ്യാം. തന്റെ ജനത്തിന് വേണ്ടി മരിക്കുവാൻ ഒരുങ്ങുന്ന എസ്ഥേർ. എസ്ഥേർ രാജ്ഞിയാണെങ്കിലും മനുഷ്യരിൽ ആശ്രയിക്കുന്നതിനു പകരമായി അവൾ ദൈവത്തിൽ ആശ്രയിച്ചു. സകലവും പ്രതികൂലമായി വന്നപ്പോൾ അതിൽ തളർന്നില്ലാ. മൂന്നാം ദിവസം അവൾ ധൈര്യത്തോടെ രാജസന്നിധിയിൽ ചെല്ലുന്നു. ദൈവത്തിൽ ഉള്ള വിശ്വാസം, ആശ്രയം അവളുടെ ബലമായിരുന്നു. രാജാവിന് അവളോട് കൃപ തോന്നി. രാജാവ് പറയുന്നു. "എന്താകുന്നു നിന്റെ അപേക്ഷ രാജ്യത്തിന്റെ പാതിയോളമായാലും അത് നിനക്ക് തരാം."

ചരിത്രത്തിന്റെ ഗതികൾ തിരിയുന്നു. അന്ന് രാത്രി രാജാവിന് ഉറക്കം വന്നില്ല. ദിനവൃത്താന്തപുസ്തകം വായിക്കുന്നു. രാജാവ് മൊർദ്ദേഖായിക്ക് തന്റെ ജീവൻ രക്ഷിച്ചതിന് പ്രത്യുപകാരം ചെയ്തില്ല എന്ന് മനസ്സിലായി.

ഈ സമയം ഹാമാൻ മൊർദ്ദേഖായിയെ കൊല്ലുവാൻ അപേക്ഷിക്കാൻ എത്തി. രാജാവ് ഹാമാനോട്, "രാജാവ് ബഹുമാനിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയോട് എന്ത് ചെയ്യണം."

രാജവസ്ത്രം ധരിപ്പിച്ച് രാജാവിന്റെ കുതിരപ്പുറത്ത് കയറ്റി രാജകിരീടവും വച്ച് പട്ടണം മുഴുവനും കൊണ്ടു നടന്നു രാജാവു ബഹുമാനിക്കുന്ന പുരുഷന് ഇങ്ങനെ ചെയ്യും എന്നു വിളിച്ചു പറയണം എന്നു പറഞ്ഞു. രാജാവ് ഹാമാനോട്, മൊർദ്ദേഖായിക്കു വേണ്ടി ഇതെല്ലാം ചെയ്യണം ഒന്നും കുറയ്ക്കരുത് എന്നു പറഞ്ഞു. ഹാമാന്റെ വീഴ്ച മാത്രമല്ല താമസിയാതെ ഹാമാനെ മൊർദ്ദേഖായിക്കു വേണ്ടി ഒരുക്കിയ കഴുമരത്തിൽ തൂക്കിക്കളഞ്ഞു. മൊർദ്ദേഖായിക്ക് സ്ഥാനകയറ്റവും കൊടുത്തു. കൂടാതെ യെഹൂദാ ജനത്തിന് മുഴുവനും വൻ രക്ഷ ഉണ്ടായി. ബാബേൽ പ്രദേശത്ത് അനേകരെ കൊന്നു മുടിച്ചു. കൂടാതെ

ഹാമാന്റെ പത്തു പുത്രന്മരാരേയും കൊന്നു കളഞ്ഞു. ദൈവത്തിന്റെ വഴികൾ എത്ര മനോഹരം.

പ്രിയ സഹോദരിമാരെ, ദൈവത്തിന്റെ അനുഗ്രഹം ലഭിക്കണം, എങ്കിൽ ഒന്നാമതായി അനുസരണമുള്ളവരായിരിക്കണം. ദൈവത്തോടും മനുഷ്യരോടും. 1 ശമുവേൽ 15:22 വായിക്കുന്നതു പോലെ ആകയാൽ അനുസരിക്കുന്നത് യാഗത്തേക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലത്. രണ്ടാമതായ് മോർദ്ദഖായിയെ പോലെ ദൈവഭയം. മൂന്നാമതായി ഉപവാസത്താലും പ്രാർത്ഥനയാലും നമ്മുടെ ആവശ്യങ്ങൾ ദൈവത്തോടു പറയാം. നാലാമതായി, തന്നെത്താൻ ത്യജിക്കുന്ന മനോഭാവം. ഞാൻ മരിക്കുന്നെങ്കിൽ മരിക്കട്ടെ. കർത്താവു പറഞ്ഞതു പോലെ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് അനുഗമിക്കാം.

# കർത്താവിനെ ഉണ്മയായി സ്നേഹിച്ച സ്ത്രീ

ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഗലീലയിൽ മഗ്ദല എന്ന സ്ഥലത്തു ജീവിച്ചിരുന്ന ഒരു സ്ത്രീ രത്നമാണ് മറിയ. അവൾ ജീവിച്ചിരുന്ന സ്ഥലത്തിന്റെ പേരിനോട് ചേർത്താണ് അവൾ അറിയപ്പെട്ടിരുന്നത്. 'മഗ്ദല'എന്ന വാക്കിന്റെ അർത്ഥം കയ്പ്, , മത്സരം എന്നൊക്കെയാണ്.

വാക്കിന്റെ അർത്ഥത്തിനനുരൂപമായി കയ്പേറിയ ജീവിതമായിരുന്നു അവളുടേത്. ഏഴ് ഭൂതങ്ങൾ ബാധിച്ചു. അതിന്റെ ദുഃഖവും വേദനയും കൊണ്ട് ജീവിച്ച ഒരു സ്ത്രീ. ദുരാത്മാക്കളും വ്യാധികളും അവളിൽ വസിച്ചിരുന്നു. എത്രയോ ദയനീയമായ ഒരവസ്ഥ.

എന്നാൽ ഒരു നാൾ കർത്താവ് അവളെ സന്ദർശിച്ചു. ഏഴ് ഭൂതങ്ങളിൽ നിന്ന് അവൾ വിടുതൽ പ്രാപിച്ചു. (ലൂക്കോ 8:2). അവൾ സന്തോഷവതിയായിത്തീർന്നു.

ഒന്നാമതായി അവളെ രക്ഷിച്ച കർത്താവിനെ അവൾ പിൻഗമിച്ചു. യെഹൂദരുടെ നിയമത്തിന് അനുസരിച്ച് സ്ത്രീകൾക്ക് റബ്ബിയിൽ നിന്ന് പഠിക്കുവാനോ അനുഗമിക്കുവാനോ ഉള്ള അധികാരം ഉണ്ടായിരുന്നില്ല. ആ അവകാശം പുരുഷന്മാർക്ക് മാത്രമെ ഉണ്ടായിരുന്നുള്ളൂ.

എന്നാൽ കർത്താവിന്റെ വരവിനോടെ സ്ത്രീകളായ നമുക്ക് അവകാശവും അനുഗ്രഹവും ലഭിച്ചു. നമുക്ക് കിട്ടിയിരിക്കുന്ന സ്വാതന്ത്ര്യം മനസ്സിലാക്കി കർത്താവിനായി ജീവിക്കാം.

മറിയ കർത്താവിനെ പിൻചെന്നു(ലൂക്കോ. 8:2). പ്രിയ സഹോദരിമാരെ നാം ഇന്ന് എന്തിനെ അനുഗമിക്കുന്നു? നമുക്ക് ഒന്ന് ചിന്തിക്കാം. ഈ ലോകത്തിന്റെ ഉല്ലാസങ്ങളെയോ, മഹത്വത്തെയോ, ഉന്നതങ്ങളെയോ, അതോ നസ്രായനായ യേശുവിനെയോ?

രണ്ടാമതായി മറിയ അവളുടെ വസ്തുവക കൊണ്ട് കർത്താവിനെയും അവന്റെ ശിഷ്യന്മാരെയും ശുശ്രൂഷ ചെയ്തു. മറിയയ്ക്ക് ഇത് സാധിച്ചത് എല്ലാറ്റിലും അധികം അവൾ കർത്താവിനെ സ്നേഹിച്ചതുകൊണ്ടാണ്.

ഇന്ന് നമ്മൾ നമ്മൾക്കുള്ള ധനം, മാനം ഇവയെക്കുറിച്ച് കർത്താവിനു വേണ്ടി എന്തു ചെയ്യാൻ കഴിയുന്നു. നമുക്ക് കിട്ടിയിരിക്കുന്ന താലന്തുകളെ കൊണ്ട് നാം ആരെയാണ് ശുശ്രൂഷ ചെയ്യുന്നത്.

മറിയയെപ്പോലെ കർത്താവിനെ സ്നേഹിപ്പാൻ കഴിഞ്ഞാൽ നമുക്കുള്ളതുകൊണ്ട് കർത്താവിന് കൊടുപ്പാനും കർത്താവിനെ ശുശ്രൂഷിക്കുവാനും സാധിക്കും. നമ്മൾ ആരെ സ്നേഹിക്കുന്നു? ആർക്കു വേണ്ടി ജീവിക്കുന്നു? ആരെ ശുശ്രൂഷിക്കുന്നു.? ഒന്നു ചിന്തിക്കാം. (മത്താ. 10:37-38).

മൂന്നാമതായി മറിയയെ കാണുന്നത് ക്രൂശിന്റെ ചുവട്ടിലും കല്ലറയിലുമാണ്. പരിഹാസത്തിന്റെയും നിന്ദയുടെയും സ്ഥാനം! (യോഹ. 19:25,ലൂക്കോ 23:55) സ്നേഹം ഭയത്തെ പുറത്താക്കുന്നു എന്നു കാണുന്നു. ഒരുക്കിയ സുഗന്ധവർഗ്ഗത്തോടു കൂടി ഇരുട്ടുള്ളപ്പോൾ തന്നെ അവൾ കല്ലറയിൽ ചെല്ലുന്നു. കർത്താവിനെ കാണാഞ്ഞിട്ട് അവൾ പുറത്ത് കരഞ്ഞുകൊണ്ട് നിൽക്കുന്നു. കർത്താവ് അവളെ വിളിക്കുന്നു. മറിയയേ, ഈ വിളി അവൾക്ക് കേൾക്കുവാൻ സാധിച്ചത്, അവൾ രക്ഷ പ്രാപിച്ച നാൾ മുതൽ പതറാതെ കർത്താവിനെ അനുഗമിച്ചതുകൊണ്ടാണ്.

ഉയിർത്തെഴുന്നേറ്റ യേശുവിനെ ആദ്യം കാണുവാനുള്ള ഭാഗ്യവും അവൾക്കുണ്ടായി. മാത്രമല്ല, കർത്താവിനെ ആദ്യമായി നമിക്കുവാനും അവൾക്ക് ഭാഗ്യം ലഭിച്ചു. കർത്താവിനെ ശുശ്രൂഷിച്ച മറിയയ്ക്ക് കർത്താവ് മഹത്വകരമായ ഒരു ശുശ്രൂഷ നൽകി. "നീ പോയി എന്റെ സഹോദരന്മാരോട് ഞാൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നു പറയുക" (യോഹ. 20:17). ഉയിർക്കപ്പെട്ട കർത്താവിനെക്കുറിച്ച് പറയുവാൻ ശിഷ്യന്മാരുടെ അടുക്കൽ പോകുവാൻ ബലഹീനയായ മറിയയ്ക്ക് കഴിഞ്ഞു.

മറിയയെപ്പോലെ അനുഗ്രഹിക്കപ്പെട്ടവരാകണമെങ്കിൽ, മറിയയെപ്പോലെ കർത്താവിനെ എല്ലാറ്റിലും ഉപരിയായി സ്നേഹിക്കുകയും

അവനെ ശുശ്രൂഷിക്കുകയും അവനു വേണ്ടി ചെലവാക്കുകയും കൂടാതെ പതറാതെ പിൻഗമിക്കുകയും വേണം.

പൗലോസിനെപ്പോലെ ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളത് മറന്ന് മുമ്പിലുള്ളതിനായി ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമ വിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു എന്ന് നമുക്കും പറയാൻ, ഓടുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# ഒരുക്കത്തോടെ വന്ന ബാലൻ

യേശു ഗലീലയിൽ കൂടി സഞ്ചരിച്ചു അനേകം രോഗികളെ സൗഖ്യമാക്കി. ജന്മനാ രോഗികളായിരുന്നവരെപ്പോലും തൊട്ട് സൗഖ്യമാക്കി. അവൻ രോഗികളിൽ ചെയ്യുന്ന അടയാളം കണ്ടിട്ട് വലിയൊരു പുരുഷാരം അവന്റെ പിന്നാലെ ചെന്നു. ഇവർ വിശന്ന് വലഞ്ഞിരിക്കുന്നവരാണ് എന്ന് കർത്താവ് അറിഞ്ഞു. അവരോടുള്ള സ്നേഹം കാരണം അവരുടെ ആവശ്യങ്ങൾ അറിയുന്ന കർത്താവാണ്. എന്നാൽ കർത്താവ് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നത് മനുഷ്യരിൽ കൂടിയാണ് (നമ്മിൽ കൂടിയാണ്). യേശു ഫിലിപ്പൊസിനോട് പറയുന്നു; ഇവർക്ക് ഭക്ഷിക്കാൻ കൊടുപ്പിൻ. കുരുടന്റെ കണ്ണ് തുറന്നവൻ, ചെകിടനെ കേൾക്കാറാക്കിയവൻ, ഭൂതഗ്രസ്തനു സൗഖ്യം കൊടുത്തവൻ. മരിച്ചവരെപ്പോലും ഉയർപ്പിച്ച കർത്താവിന് അപ്പം ഉണ്ടാക്കുവാൻ യാതൊരു പ്രയാസമില്ല. മോശയോട് കർത്താവ് ചോദിച്ചു. നിന്റെ കയ്യിൽ എന്തുണ്ട് -ഒരു വടി - മോശ ആ വടി ദൈവത്തിന് കൊടുത്തു. ആ വടി കൊണ്ടാണ് അനേകം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തത്. മാത്രമല്ല ആ വടി നീട്ടിയപ്പോൾ ചെങ്കടൽ, യോർദ്ദാൻ നദി ഇവ രണ്ടായി പിളർന്നു. ജനം ഉണങ്ങിയ നിലത്തുകൂടി അക്കരെ കടന്നു. കർത്താവു പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നത് ബലഹീനരായ മനുഷ്യരിൽ കൂടിയാണ്. അതുകൊണ്ട് കർത്താവിന് കൊടുക്കേണ്ടതാവശ്യമാണ്.

കർത്താവിന്റെ പരീക്ഷയിൽ ഫിലിപ്പോസ് തോറ്റു. ഫിലിപ്പോസിന് ഒരുക്കമില്ലായിരുന്നു. മാത്രമല്ല വിശ്വാസവുമില്ലായിരുന്നു. 6:7-ൽ ഫിലിപ്പോസ് കർത്താവിനെ പഠിപ്പിക്കുവാൻ നോക്കുകയാണ്. ജനത്തിന് അല്പമല്പം ലഭിക്കേണ്ടതിന് 200 പണത്തിന് അപ്പം മതിയാകുകയില്ലല്ലോ.

അന്ത്രയോസിന് വിശ്വാസമുണ്ടായിരുന്നു. എന്നാൽ അവന്റെ കയ്യിൽ ഒന്നുമുണ്ടായിരുന്നില്ല. എങ്കിലും അവനറിയാമായിരുന്നു ഒരുക്കത്തോടെ വന്ന ഒരു ബാലൻ അവിടെയുണ്ടെന്ന്. ഒരാളുടെ ആവശ്യത്തിന്

ഇത്രയും അപ്പം ആവശ്യമില്ല. എന്നാൽ അവൻ ഒരുക്കമുള്ളവരായിരുന്നു.

സഹോദരിമാരെ, ഈ ബാലകന്റെ അമ്മ ദൈവത്തിന്റെ വചനം കേൾക്കുവാൻ അവനെ അയച്ചു എന്നു മാത്രമല്ല അവനും മറ്റുള്ളവർക്കും കൂടി ഒരുക്കി അയച്ചു എന്നു മനസ്സിലാക്കാം. നമ്മുടെ അവസ്ഥ എന്ത്? മക്കളെ കർത്താവിന്റെ വചനം പഠിപ്പിക്കുവാൻ ഉത്സാഹിപ്പിക്കുന്നവരോ അതോ ഈ ലോകത്തിന്റെ ജ്ഞാനം മാത്രം മതി എന്ന് വിചാരിക്കുന്നവരോ? ഈ സഹോദരി സൽപ്രവൃത്തി ചെയ്യുന്നവളായിരിക്കാം. അതുകൊണ്ടാണ് ഇത്രയും അധികം കൊടുത്തുവിട്ടത്.

അവനുള്ളത് കർത്താവിന് കൊടുക്കാൻ മനസ്സുള്ള ഒരു ബാലകൻ. നമ്മൾ വളർത്തി വിടുന്ന മക്കൾ അവർക്കുള്ളത് കർത്താവിന് കൊടുക്കാൻ മനസ്സുള്ള വരാണോ, അവരുടെ ജ്ഞാനം, സൗന്ദര്യം, പണം, വിദ്യാഭ്യാസം, താലന്തുകൾ, സമയം ഇത് മുഴുവൻ അവർക്കായി ചിലവഴിക്കുന്നവരോ അതോ കർത്താവിനായി കൊടുക്കുന്നവരോ?

കർത്താവ് ബാലകന്റെ കയ്യിലുള്ളത് എടുത്തു. കർത്താവ് നമ്മുടെ കയ്യിലുള്ളതുകൊണ്ട് ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു. നാം കൊടുക്കുന്നവരോ? ആ ബാലകൻ കൊടുത്തു. കർത്താവ് അത് വാഴ്ത്തി അനുഗ്രഹിച്ചു. ജനത്തിന് കൊടുത്തു. (യോഹ. 6:10,11) അധികം കൊണ്ടും അല്പം കൊണ്ടും പ്രവർത്തിക്കാൻ ദൈവം ശക്തനാണ്.

ദൈവനാമം മഹത്വപ്പെടുത്തുവാനും അനേകർ തൃപ്തരാകുവാനും മാത്രമല്ല ബാക്കി വരുവാനും ഇടയായി. അങ്ങനെ അഞ്ചപ്പവും രണ്ട് മീനും കൊണ്ട് 5000 പേർ തിന്ന് തൃപതരാകുവാനും ബാക്കി 12 കൊട്ട ഉണ്ടാകുവാനും ഇടയായി. ഈ ബാലനെ പോലെ നമ്മെയും നമ്മുക്കുള്ളതിനെയും കർത്താവിനായി കൊടുക്കുവാൻ ദൈവം നമ്മളെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടട്ടെ.

# എന്നെ തൊട്ടത് ആര്?

എന്നെ തൊട്ടതു ആർ എന്ന് യേശു ചോദിച്ചു. എല്ലാവരും ഞാനല്ല, ഞാനല്ല എന്ന് പറഞ്ഞപ്പോൾ ഗുരോ പുരുഷാരം നിന്നെ തിക്കിത്തിര ക്കുന്നു എന്ന് പത്രോസും കൂടെയുള്ളവരും പറഞ്ഞു. യേശുവോ ഒരാൾ എന്നെ തൊട്ടു. എന്നിൽ നിന്ന് ശക്തി പുറപ്പെട്ടതു ഞാൻ അറിഞ്ഞു എന്നു പറഞ്ഞു. (ലൂക്കോസ് 8:43-48, മത്തായി 9:20-22, മർക്കൊസ് 5:25-33)

### സ്ത്രീയുടെ അവസ്ഥ

രക്തസ്രാവക്കാരി, പല ചികിത്സകൾ ചെയ്തിട്ടു ഫലം കിട്ടാത്ത വൾ, തനിക്കുള്ളതൊക്കെയും ചിലവഴിച്ചവൾ അല്ലെങ്കിൽ ധന സമ്പ ത്തുമായി ഒന്നുമില്ലാത്തവൾ മാത്രമല്ല പരവശയായി തീർന്നവൾ. രക്ത സ്രാവക്കാരി ദൈവസന്നിധിയിൽ വരുവാൻ യോഗ്യയല്ല കാരണം ന്യായ പ്രമാണപ്രകാരം അവൾ അശുദ്ധയാണ് (ലേവ്യ 12:15-19). വിശുദ്ധമാ യതു ഒന്നും തൊടുവാൻ പോലും അവൾക്ക് അനുവാദമില്ല. എന്നാൽ അവൾ ഭയത്തോടെ കർത്താവിനെ തൊട്ടു.

ദൈവമക്കളെ നമ്മൾ ഏതവസ്ഥയിലായിരുന്നാലും, നിരാശയിലോ, ദുഃഖത്തിലോ, സന്താപത്തിലോ, തകർന്ന അവസ്ഥയിലോ എന്തു തന്നെ യായാലും നമ്മൾക്ക് നമ്മുടെ കർത്താവിനെ ഒന്നു തൊടാം. അവൻ തൊട്ടവരും അവനെ തൊട്ടവരും ഒരിക്കലും ലജ്ജിക്കേണ്ടതായി വരു കയില്ല. ഞാൻ ഇരുട്ടിൽ ഇരുന്നാലും യഹോവ എനിക്ക് വെളിച്ചമായി രിക്കും. (മീഖ 7:7-9). അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവ രുടെ മുഖം ലജ്ജിച്ചുപോയതുമില്ല. (സങ്കീ. 34:5).

### സൗഖ്യം ലഭിക്കുന്നു

അവൾക്ക് സൗഖ്യം ലഭിച്ചു. വിശ്വാസത്തോട് കൂടി ആര് കർത്താ വിന്റെ അടുക്കൽ വരുന്നുവോ അവർ ലജ്ജിക്കേണ്ടതായി വരുകയില്ല.

ഹൃദയത്തിന്റെ അവസ്ഥയറിഞ്ഞു നമ്മെ കരുതുന്നവനാണ് നമ്മുടെ കർത്താവ്. നയീൻ പട്ടണത്തിൽ വിധവയെ കണ്ടിട്ട് കർത്താവ് മനസ്സലിഞ്ഞു. ഒരു വിധവയുടെ ഏകജാതനായ മകൻ മരിച്ചു. മഞ്ചത്തോടൊപ്പം അവൾ പോകുന്നു. അവൾക്ക് ഒന്നുമില്ലാത്ത അവസ്ഥയിൽ. ഇതാ കർത്താവ് അവളോട് പറയുന്നു കരയേണ്ടാ, അതെ കരയേണ്ട എന്ന് പറഞ്ഞ് അവൻ അടുത്ത് ചെന്ന് മഞ്ചം തൊട്ടു. ചുമക്കുന്നവർ നിന്നു. ബാല്യക്കാരാ എഴുന്നേല്ക്കാ എന്ന് ഞാൻ നിന്നോട് പറയുന്നു. ബാല്യക്കാരൻ എഴുന്നേറ്റു. അവൻ എഴുന്നേറ്റ് ഇരുന്ന് സംസാരിച്ചു. (ലൂക്കോസ് 7:13-18). അതെ കർത്താവ് ഒന്ന് തൊട്ടാൽ ആർക്കും അനുഗ്രഹം തടുക്കുവാൻ സാധിക്കുകയില്ല.

**സാക്ഷ്യം പറയിപ്പിക്കുന്നു.**

കർത്താവിന് അറിയാമായിരുന്നു കർത്താവിനെ തൊട്ടത് ആരാണ് എന്ന്. എന്നിട്ട് കർത്താവ് ചോദിക്കുന്നു. "എന്നെ തൊട്ടത് ആര്? താൻ മറഞ്ഞിരിക്കുകയില്ല എന്ന് സ്ത്രീ കണ്ടിട്ട് വിറച്ചുകൊണ്ട് അവന്റെ മുമ്പിൽ വന്നു. (ലൂക്കോ 8:4).

മറ്റുള്ളവർ കർത്താവിനെക്കുറിച്ച് പറഞ്ഞത് കേട്ടിട്ടാണ് ഈ സ്ത്രീ കർത്താവിന്റെ അടുക്കൽ വരുന്നത് (മർക്കോസ് 5:27). അതുകൊണ്ട് അവളുടെ ചുമതലയാണ് അവൾ കർത്താവിനെ കുറിച്ച് പറയേണം എന്നുള്ളത്. കർത്താവ് ഈ ലോകം വിട്ട് പോകുമ്പോൾ പറഞ്ഞു. നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചു ഞാൻ നിന്നോട് കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ (മത്തായി 28 19,20). പ്രിയ ദൈവമക്കളെ നാം രക്ഷിക്കപ്പെട്ട് വർഷങ്ങൾ എത്ര കഴിഞ്ഞു? നമ്മുടെ കർത്താവിനെക്കുറിച്ച് സാക്ഷിക്കുന്നവരേ, അതോ നമ്മൾക്ക് കിട്ടിയത് മൂടി വെക്കുന്നവരോ? അവർ വിശ്വാസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും. അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും. പ്രസംഗിക്കുന്നവർ ഇല്ലാതെ എങ്ങനെ കേൾക്കും. നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം. (റോമ. 10 :14) അതെ നന്മ സുവിശേഷീകരിക്കുന്നവരാകുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

## സമാധാനവും സ്വസ്ഥതയും ലഭിക്കുന്നു

അവൾക്ക് സൗഖ്യം വന്നു. അവളുടെ അശുദ്ധിയെല്ലാം മാറി. അവൾ ശുദ്ധിയായി. അവൾ മുഖാന്തരം ദൈവനാമം മഹത്വപ്പെടുന്നതിന് ഇടയായി. കർത്താവ് ആരെന്ന് ജനം അറിഞ്ഞു. മാത്രമല്ല, കർത്താവ് അവളോട് 'മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞു സ്വസ്ഥമായിരിക്കുക എന്ന് പറഞ്ഞു (മർക്കൊ. 5:34). കർത്താവിനെ തൊട്ട് സമാധാനവും സ്വസ്ഥതയുള്ളവരായി ജീവിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

# ആദ്യ സ്നേഹത്തിലേക്ക് തിരിച്ചുവരുക

“എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്. നീ ഏതിൽ നിന്ന് വീണിരിക്കുന്നു എന്ന് ഓർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക. (വെളി 2:4).

എഫെസോസിലെ സഭയുടെ ദുതന് എഴുതിയ പ്രധാനപ്പെട്ട ഒരു ദൂതാണെങ്കിലും ഇത് എല്ലാ കാലഘട്ടത്തിലുമുള്ള സഭകളെയും വ്യക്തികളെയും പ്രതിനിധീകരിക്കുന്നതാണ്. അതിൽ സഹോദരിമാരായ നാം ഉൾപ്പെട്ടിരിക്കുന്നു.

ഏഷ്യ ഭൂഖണ്ഡത്തിലെ ഒരു പ്രധാനപ്പെട്ട നഗരമാണ് എഫെസോസ്. ഡയാന ദേവതയുടെ പ്രതിമ കൊണ്ട് നിറഞ്ഞ പട്ടണമായിരുന്നു ഇത്. ഇവിടെ കർത്താവിന്റെ വചനം വ്യാപിപ്പിക്കുവാനും അവർ ക്രൂശിന്റെ സ്നേഹികളായി തീരുവാനും ഇടയായി. യേശുവിനെ യൂദാസ് ഒറ്റിക്കൊടുത്തത് വെറും 30 വെള്ളിക്കാശിനാണ്. എന്നാൽ ഇവിടെയുള്ള ദൈവമക്കൾ ഏകദേശം 50,000- വെള്ളിക്കാശ് വിലമതിക്കുന്ന ക്ഷുദ്രപ്രയോഗത്തിന്റെ പുസ്തകങ്ങൾ എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു. അപ്പൊ. പ്രവൃത്തി 19:18-20.

പൗലോസ് അപ്പൊസ്തലൻ ഏകദേശം 3 വർഷം ഇവിടെ വേല ചെയ്തു. (അപ്പൊ. 19; 1-10). യേശു സ്നേഹിച്ച ശിഷ്യനായ യോഹന്നാനും യേശുവിന്റെ അമ്മ മറിയയും ഈ സഭയുടെ അംഗങ്ങളായിരുന്നുവെന്ന് ചരിത്രം പറയുന്നു.

1. കർത്താവ് ഈ സഭയെ പ്രശംസിക്കുന്നു.

സഹോദരിമാരായ നമ്മളെ സംബന്ധിച്ചിടത്തോളം പ്രശംസ കിട്ടുവാൻ ആഗ്രഹിക്കുന്നവരും കൊടുക്കുവാൻ മടിയുള്ളവരുമാണ്. നമ്മൾ കർത്താവിന്റെ മാതൃക പിൻപറ്റി നമ്മുടെ മക്കളെയും കൂട്ടുസഹോദരങ്ങളെയും അമ്മയെയും അമ്മായിയമ്മയെയും മരുമക്കളെയും ഒക്കെ പ്രശംസിക്കാൻ ശ്രമിക്കാം. അങ്ങനെ ചെയ്താൽ മക്കൾക്ക് ആത്മവിശ്വാസം ഉണ്ടാകുന്നതിനും ദൈവനാമം മഹത്വപ്പെടുന്നതിനും ഇടയാകും.

അഞ്ച് കാര്യങ്ങളിൽ ദൈവം ഇവരെ പ്രശംസിക്കുന്നതായി കാണാം.

a) വെളി 2.2.ൽ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും അറിയുന്നു. നമ്മോട് കൂടെ നടന്ന കർത്താവ് നമ്മളെ നന്നായി അറിയുന്നു. വേറെ ആരും അറിഞ്ഞില്ലെങ്കിലും കർത്താവ് സകലവും അറിയുന്നു. അവന്റെ കണ്ണിന്റെ മുന്നിൽ മറഞ്ഞിരിക്കുന്നത് ഒന്നുമില്ല. സങ്കീ. 139:1,2. ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും മാത്രമല്ല എന്റെ നിരൂപണവും അറിയുന്ന ഒരു ദൈവമാണ് നമ്മോട് കൂടെയുള്ളത്.

(b) കൊള്ളരുതാത്തവരെ സഹിച്ചുകൂടാത്തത്. തെറ്റും ശരിയും തിരിച്ചറിഞ്ഞ് അതനുസരിച്ച് പ്രവൃത്തിക്കുന്നവരും മുഖപക്ഷം കാണിക്കാത്തവരുമായിരുന്നു.

c) ക്രിസ്തുവിന്റെ നാമം നിമിത്തം മാത്രമല്ല ആദ്യ നൂറ്റാണ്ടുകളിൽ അനേകർ രക്തസാക്ഷികളായി തീർന്നിട്ടുണ്ട്. അപ്പോഴെല്ലാം അതെല്ലാം സഹിഷ്ണുതയോടെ സഹിച്ചതും കർത്താവ് അറിഞ്ഞു.

d) നിക്കൊലവ്യരുടെ നടപ്പ് പൊറുത്തവർ. പട്ടത്വ സമ്പ്രദായത്തെയാണ് നിക്കൊലവ്യർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

e) പരിശോധിക്കാനുള്ള കഴിവ്. അപ്പൊസ്തലന്മാർ എന്ന് പറയുന്നവരെ പരീക്ഷിച്ചു കള്ളന്മാർ എന്ന് കണ്ടത്.

ഇത്രയും കാര്യങ്ങൾ അവരെക്കുറിച്ച് പ്രശംസിക്കുവാൻ ഉണ്ടായിരുന്നു. എന്നാൽ സഹോദരിമാരെ ഇന്ന് കർത്താവ് നമ്മളെ നോക്കുമ്പോൾ എന്ത് നമ്മളിലുണ്ട്. പ്രശംസയ്ക്ക് പകരം കർത്താവ് നമ്മളെ കുറിച്ച് ലജ്ജിക്കേണ്ടതായി വരും.

കർത്താവ് അവരെ അവരുടെ കുറവുകളെ ചൂണ്ടിക്കാട്ടുന്നു. എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്. (വെളി 2:4). ഈ കുറവ് നമ്മിലുണ്ടോ എന്നുള്ളത് മറ്റുള്ളവർ നോക്കിയാൽ മനസ്സിലാകുകയില്ല പുറമേ നോക്കിയാൽ എല്ലാമുണ്ട്. യോഗത്തിന് പോകുന്നുണ്ട്. കർത്താവിന് കൊടുക്കുന്നുണ്ട്. സൽപ്രവൃത്തി ചെയ്യുന്നുണ്ട്. പണ്ടത്തെപ്പോലെ ഇപ്പോഴും പ്രവർത്തിക്കാൻ പോകുന്നുണ്ട്. എന്നാൽ ഉള്ളിൽ യഥാർത്ഥമായി ദൈവത്തോടുള്ള സ്നേഹത്തിന് കുറവ് സംഭവിച്ചിരിക്കുന്നു.

എഫെസോസ് സഭയ്ക്ക് ലേഖനമെഴുതുമ്പോൾ അതിന്റെ അവസാനം എഴുതിയിരിക്കുന്ന ഭാഗം ശ്രദ്ധിച്ചാൽ മറ്റുള്ള ലേഖനങ്ങൾ എഴുതിയതിൽ നിന്ന് വ്യത്യസ്തമാണെന്ന് കാണാം. അവിടെ കാണുന്നത് കർത്താവിനെ അക്ഷയമായി സ്നേഹിക്കുന്ന എല്ലാവരോടും കൂടെ കൃപ ഇരിക്കുമാറാകട്ടെ. (എഫെ. 6:24).

കർത്താവ് ആഗ്രഹിക്കുന്ന സ്നേഹം "ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു (2 കൊരി 11:2). ക്രിസ്തുവിനും കന്യകയ്ക്കും മദ്ധ്യേ ഒന്നുമുണ്ടാകാൻ പാടില്ല. ഇന്നു നാം സ്നേഹിക്കുന്നത് ക്രിസ്തുവിനെയോ അതോ മക്കളെയോ, പണത്തിനെയോ, സൗന്ദര്യത്തെയോ, പ്രതാപത്തെയോ അതോ വിദ്യാഭ്യാസത്തെയോ എന്തായാലും കർത്താവ് അത് സഹിക്കുകയില്ല.

യഹോവ പറയുകയാണ്. " നീ എന്നെ അനുഗമിച്ചു നടന്ന നിന്റെ യൗവനത്തിലെ ഭക്തിയും സ്നേഹവും ഞാൻ ഓർക്കുന്നു. (യിരെമ്യ 2:2) കർത്താവിനേക്കാൾ അധികമായ ഒന്നിനെയും സ്നേഹിക്കാതെ ജീവിക്കുവാൻ കർത്താവിന്റെ കൃപ ആവശ്യമാണ്. അതിനായി നമ്മൾക്ക് ശ്രമിക്കാം; പ്രാർത്ഥിക്കാം.

പാഴ്സിരാജാവായ കോരെശ് താൻ യുദ്ധത്തിൽ പിടിച്ച ഒരു രാജകുടുംബത്തെ വിചാരണയ്ക്കായി തന്റെ മുൻപിൽ നിർത്തി. ചക്രവർത്തി രാജാവിനോട് ചോദിച്ചു. "ഞാൻ നിനക്ക് വിടുതൽ തന്നാൽ നീ എനിക്കെന്ത് തരും. രാജകുമാരൻ പറഞ്ഞു. എന്റെ സ്വത്തിന്റെ പകുതി തരും. വീണ്ടും ചക്രവർത്തി ചോദിച്ചു. നിന്റെ മക്കളെ കൂടി തന്നാൽ – രാജകുമാരൻ പറഞ്ഞു എനിക്കുള്ള സ്വത്ത് മുഴുവനും തരും. ചക്രവർത്തി മൂന്നാമത് ചോദിച്ചു നിന്റെ ഭാര്യയെ തന്നാൽ.. രാജകുമാരൻ പറഞ്ഞു. തിരുമേനി ഞാൻ അങ്ങേയ്ക്കായി എന്നെ തന്നെ സമർപ്പിക്കാം.

ചക്രവർത്തിക്ക് രാജകുമാരന്റെ സ്നേഹം വല്ലാതെ സ്പർശിച്ചു. അവരെ വെറുതെ വിട്ട് കുറച്ചു ദൂരം കഴിഞ്ഞപ്പോൾ രാജകുമാരൻ ഭാര്യയോട് പറഞ്ഞു കോരെശ് ചക്രവർത്തി അതീവ സുന്ദരനാണല്ലോ. അപ്പോൾ ഭാര്യ പറഞ്ഞു "ഞാൻ കോരെശ് ചക്രവർത്തിയുടെ മുഖം കണ്ടില്ല; ഞാൻ എനിക്ക് വേണ്ടി സ്വന്ത ജീവനെപ്പോലും ബലി കഴിപ്പാൻ തയ്യാറായി നിൽക്കുന്ന അങ്ങയുടെ മുഖം മാത്രമേ കണ്ടുള്ളൂ".

അതെ സഹോദരിമാരെ നമ്മളെ സ്നേഹിച്ച് നമ്മൾക്ക് വേണ്ടി സ്വന്തം ജീവൻ കൊടുത്തു നമ്മളെ വിലയ്ക്ക് വാങ്ങി നമുക്ക് നിത്യജീവനും നിത്യവകാശവും തന്ന നമ്മുടെ മണവാളനെ മാത്രം ധ്യാനിപ്പാൻ, സ്നേഹിപ്പാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. ഇന്ന് പിതാവിന്റെ സന്നിധിയിൽ നമ്മൾക്ക് വേണ്ടി പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതനെ മാത്രം സ്നേഹിപ്പാൻ കർത്താവ് നമ്മളെ സഹായിക്കട്ടെ.

മാനസാന്തരപ്പെടുക നീ ഏതിൽ നിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്തു (വെളിപ്പാട് 2:5). നീ നിന്റെ ആദ്യസ്നേഹത്തിലേക്ക് തിരിച്ചുവരുക.

നിനക്ക് ന്യായവിധിയുണ്ട്. നീ മാനസാന്തരപ്പെടുക - നിന്റെ തെറ്റിനെ ഉപേക്ഷിച്ചു ഏറ്റുപറഞ്ഞു തിരികെ വരാഞ്ഞാൽ ഞാൻ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും. (വെളി. 2:5).

എ.ഡി. 70-170 കാലഘട്ടമായിരുന്നു എഫെസോസ് സഭാ കാലഘട്ടം എന്നു മനസ്സിലാക്കാം. 5-ാം നൂറ്റാണ്ടായപ്പോഴേക്കും അങ്ങനെയൊരു സഭ അവിടെയില്ലാതെയായി. ഇത് എഫേസോസ് സഭയ്ക്കുള്ളതാണെങ്കിലും കൃപായുഗത്തിലുള്ള നമ്മൾക്ക് എല്ലാവർക്കും ബാധകമാണ്. അതുകൊണ്ട് നമ്മൾക്ക് മാനസാന്തരപ്പെട്ടു ആദ്യസ്നേഹത്തിലേക്ക് തിരിച്ചുവരാം.

പ്രതിഫലമുണ്ട്. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവ വൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും. (വെളി.7). പാപം മൂലം നഷ്ടപ്പെട്ടത് (ഉല്പ. 2:9,16). തിരികെ തരുവാൻ സന്മനസ്സുള്ള കർത്താവാണ് നമുക്കുള്ളത്. നാം ചെയ്യുന്നത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായസനത്തിന് മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. (2 കൊരി. 5:10).

അന്ന് ദൈവത്തെ സ്നേഹിച്ചവരും ദൈവത്തെ സ്നേഹിക്കാത്തവരും തമ്മിലുള്ള വ്യത്യാസം കാണാം. ആദ്യസ്നേഹത്തിലേക്ക് നമ്മൾക്ക് തിരിച്ചു വരാം.

# കഷ്ടത അറിയുന്ന ദൈവം

വെളിപ്പാട് 2:8-൧൦ വാക്യത്തിൽ "ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും അറിയുന്നു." ഇത് സ്മുർന്നയിലെ സഭയുടെ ദൂതന് എഴുതുന്നതാണെങ്കിലും എല്ലാ കാലഘട്ടത്തിലുള്ള എല്ലാ സഭകളോടും വ്യക്തികളോടുമുള്ള ദൂതാണ്.

സ്മുർന്ന കാലഘട്ടത്തിൽ അനേകർ രക്തസാക്ഷികളായി. അവരിൽ അനേക തരുണീമണികളുണ്ടായിരുന്നു. 70 വയസ്സുള്ള അപ്പലോനിയ എന്ന വല്യമ്മച്ചി കർത്താവിനെ സ്വന്ത രക്ഷകനായി സ്വീകരിച്ചു. മാത്രമല്ല, തന്റെ സന്തോഷം മറ്റുള്ളവരോട് പറഞ്ഞുകൊണ്ടിരുന്നു. ജനങ്ങൾ അവളെ ഒറ്റിക്കൊടുത്തു. അവളെ മാക്സിമസ് എന്ന ചക്രവർത്തിയുടെ മുമ്പിൽ ഹാജരാക്കി. ചക്രവർത്തി അവളെ ചുട്ടുകളയുവാനായി ആജ്ഞാപിച്ചു. ഒരു തൂണിയിൽ കെട്ടിയിട്ട് അവളുടെ ചുറ്റും വിറകടുക്കി. അമ്മച്ചി എന്നെ വെറുതെ വിടുക എന്നു പറഞ്ഞു. ഉടനെ അവളെ കെട്ടഴിച്ച് ചക്രവർത്തിയുടെ മുൻപിൽ കൊണ്ടുവന്നു. അവൾ കർത്താവിനെ തള്ളിപ്പറയുമെന്ന് അവർ വിശ്വസിച്ചു. അവളോട് നീ കർത്താവിനെ തള്ളിപ്പറഞ്ഞാൽ നിനക്ക് സമ്പത്തു തരാം നിന്നെ വെറുതെ വിടുകയും ചെയ്യാം. അപ്പലോനിയാകട്ടെ കർത്താവിനെ പാടി സ്തിച്ചു. നിങ്ങൾ കർത്താവിനു ഹൃദയം കൊടുക്കുക, രക്ഷപ്പെടുക എന്നുറക്കെ പറഞ്ഞു. ക്ഷുഭിതരായ ജനങ്ങൾ ഉടനെ അവളെ തീയിലേക്ക് എറിഞ്ഞു. ഇങ്ങനെയുള്ള ദൈവാത്മക്കളോട് കർത്താവ് പറയുകയാണ്.

ഒന്നാമതായി ഞാൻ നിങ്ങളെ അറിയുന്നു. നിങ്ങൾക്ക് കഷ്ടവും സങ്കടവും ദാരിദ്ര്യവും ഉണ്ട്. മാത്രമല്ല സാത്താന്റെ പള്ളിക്കാർ നിങ്ങളെ മുഷിപ്പിക്കുന്നു. നിങ്ങളിൽ ചിലരെ ഇനിയും പീഡിപ്പിക്കുകയും തടവിലാക്കുകയും ചെയ്യും. ഇതെല്ലാം ഞാൻ അറിയുന്നു വെളി. 2:8.

രണ്ടാമതായി നിങ്ങൾ പേടിക്കേണ്ട വെളി 2:10. അതിന് കാരണങ്ങളുണ്ട്. (എ) വെളി 2:8; എബ്രാ 2:14. ഞാൻ ജീവിക്കുന്നവനാണ്. നിങ്ങൾ മരിച്ചു. ദൈവത്തേയല്ല സേവിക്കുന്നത് ജീവനുള്ളവനെയാണ്.

(ബി) നിങ്ങളുടെ ഭാവി ഇരിക്കുന്നത് റോമാ ചക്രവർത്തിയുടെ കൈയിലല്ല എന്റെ കയ്യിലാണ്. 2:10

(സി) വെളി. 2:1, 1:13, 5: 26 ഞാൻ കൂടെയുണ്ട്. അകലെ ഇരിക്കുന്നവനല്ല. നിന്റെ മദ്ധ്യ, നിന്റെ നടുവിൽ നിന്നോടുകൂടെയുള്ളവനാണ്. യിരെ. 14:9, 30:1

(ഡി) വെളി. 2:8. ആദ്യനും അന്ത്യനുമായി ജയാളിയായി കൂടെയുള്ളവൻ.

(ഇ) കഷ്ടതയിൽ നിന്നെ ആശ്വസിപ്പിക്കുവാനും യെശ 66:13. നിന്റെ മുറിവുകൾ കെട്ടുവാനും അവൻ കൂടെയുള്ളവനാണ്. യെശ 30:26.

കഷ്ടതയിലും കണ്ണുനീരിലും കൂടി കടന്നുപോകുന്ന സഹോദരിമാരെ നമ്മുടെ കണ്ണുനീർ തുടയ്ക്കാനും മുറിവുകൾ കെട്ടുവാനും ശക്തനായ ദൈവം നമ്മോടു കൂടെയുണ്ട്. അവൻ ഒരുനാളും നമ്മെ ഉപേക്ഷിക്കയില്ല. യിരെ 31:3. അവൻ നിത്യസ്നേഹം കൊണ്ട് നമ്മെ സ്നേഹിച്ചിരിക്കയാൽ നമ്മൾക്ക് നമ്മെത്തന്നെ അവന്റെ പാദത്തിൽ അർപ്പിക്കാം.

മൂന്നാമതായി പ്രതിഫലമുണ്ട്. കഷ്ടതയും കണ്ണുനീരും എല്ലാം മാറിപ്പോകും. 1 കൊരി 5:1, ഈ കൂടാരമായ ഭൗമഭവനം അഴിഞ്ഞുപോകാം എന്നാൽ കൈപ്പണിയല്ലാത്ത നിത്യഭവനം നമ്മൾക്കുണ്ട്. കൂടാതെ മരണപര്യന്തം വിശ്വസ്തനായിരുന്നാൽ ജീവകിരീടം നമ്മൾക്കും തരും. വെളി 2:11. പിറുപിറുപ്പു കൂടാതെ നമ്മൾക്കു തന്നിരിക്കുന്ന ആയുസ്സ് സന്തോഷത്തോടു കൂടെ കഴിക്കാം. റോമ 5:4 – ൽ പറഞ്ഞിരിക്കുന്നതു പോലെ കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് കഷ്ടതകളിൽ പ്രശംസിക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# നീ വസിക്കുന്നിടം അറിയുന്ന ദൈവം

വെളിപ്പാട് 3:13-ാം വാക്യത്തിൽ "നീ എവിടെ പാർക്കുന്നു എന്നും അത് സാത്താന്റെ സിംഹാസനം ഉള്ളേടം എന്ന് ഞാൻ അറിയുന്നു." ഇത് പെർഗ്ഗമൊസിലെ സഭയുടെ ദൂതന് എഴുതുന്നതാണെങ്കിലും സഭാ യുഗം ആരംഭിച്ചതുമുതൽ കർത്താവിന്റെ മദ്ധ്യാകാശ വരവ് വരെയുള്ള എല്ലാ സഭകളിലെ ദൈവമക്കൾക്ക് വേണ്ടിയുള്ളതാണ്. അതിൽ ബല ഹീനരായ സഹോദരിമാരായ നമ്മളും ഉൾപ്പെട്ടിരിക്കുന്നു.

ക്രൂരനായ ഡൊമിഷ്യൻ ചക്രവർത്തിയുടെ കാലഘട്ടത്തിൽ പെർഗ്ഗ മൊസിൽ ജീവിച്ചിരുന്ന ഒരു വിശുദ്ധനാണ് അന്തിപ്പാസ്. വെളി. 3:12ൽ വായിക്കുന്നതുപോലെ സാത്താനെ ആരാധിക്കുന്നവരായിരുന്നു പെർഗ്ഗ മൊസിലെ ജനങ്ങൾ. അന്തിപ്പാസിന്റെ ജീവിതം മുഖാന്തരം അവിടെ അനേകർ ക്രിസ്തുവിനെ കാണുവാൻ ഇടയായി. ദൈവമക്കളുടെ പാട്ടും പ്രാർത്ഥനയും സാത്താനെ ആരാധിക്കുന്നവർക്ക് ഭീഷണിയായി. അവ രുടെ ശക്തി കുറഞ്ഞു പോകുന്നതായി അവർ മനസ്സിലാക്കി. സാത്താനെ ഭജിക്കുന്നവരുടെ നേതാക്കൾ ഇളകി. സാത്താന്റെ ഭദ്രാസനം നഷ്ട പ്പെട്ടുവെന്ന് മനസ്സിലായി. അവർ അന്തിപ്പാസിനെ പിടിച്ച് ന്യായാധിപന്റെ മുൻപിൽ നിറുത്തി. വിശ്വാസം തള്ളി പറയുവാൻ ആവശ്യപ്പെട്ടു. പിച്ചള കൊണ്ട് ഉണ്ടാക്കിയ ഒരു കാളയുടെ വിഗ്രഹം അത് തീയിൽ കിടന്ന് ചുട്ട് പഴുക്കുകയാണ്. അതിലേക്ക് പൂജാവസ്തുക്കളിട്ടു ആരാധിക്കു വാൻ പറഞ്ഞു. അന്തിപ്പാസാകട്ടെ ഉച്ചത്തിൽ കർത്താവിനെ പാടി സ്തുതിച്ചു. ആ ചുട്ട വിഗ്രഹത്തിലേക്ക് ഇടും എന്ന് പറഞ്ഞിട്ടും അദ്ദേഹം കുലുങ്ങിയില്ല. കോപം മൂത്ത അവർ അദ്ദേഹത്തെ ആ തീകു ണ്ഠത്തിലേക്ക് തള്ളിയിട്ടു. ആ ഭക്തൻ തീകുണ്ഠം ആകുന്നതുവരെ ദൈവത്തെ സ്തുതിച്ചു കൊണ്ടിരുന്നു. വെളി 3:13. അന്തിപ്പാസിനെ കൊന്ന കാലത്തുപോലും അവിടെയുള്ള ഭക്തന്മാർ വിശ്വാസം നിഷേ ധിച്ചില്ല. അവരോട് കർത്താവ് പറയുന്നു.

**1. ഞാൻ  നിങ്ങളെ അറിയുന്നു.**

(a) നീ എന്റെ നാമം മുറുകെ പിടിച്ചിരിക്കുന്നുവെന്ന് ഞാൻ (3:12) അറിയുന്നു. ഇന്ന് ദൈവവചനത്തോട് കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്ന ഒരു പ്രവണത എവിടെയും കാണാം. ദൈവത്തിന്റെ വചനം ജീവനും ചൈതന്യമുള്ളതായി ഇരു വായ്ത്തലയുള്ള ഏത് വാളിനേക്കാളും മൂർച്ചയുള്ളതാകകൊണ്ട് (എബ്രാ. 4:12) ഭയത്തോടെ ജീവിക്കേണ്ടതാവശ്യമാണ് മാത്രമല്ല ഈ വചനത്തോട് ഒന്നും കൂട്ടുവാനോ കുറയ്ക്കുവാനോ പാടുള്ളതല്ല (വെളി. 21:18). അങ്ങനെ ചെയ്താൽ ദൈവം അവനെ ശിക്ഷിക്കും. ബാധകളെ വരുത്തും എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ വചനം പവിത്രമായി സൂക്ഷിക്കണം.

(b) നിന്റെ വിശ്വാസം അറിയുന്നു: ദൈവത്തിലുള്ള വിശ്വാസം മുഖാന്തിരം മരിക്കുന്നത് ലാഭമെന്ന് അവർ എണ്ണി (3:13).

(c) നിന്റെ കഷ്ടത അറിയുന്നു: അനേകർ അവിടെ രക്തസാക്ഷികളായി തീർന്നുകൊണ്ടിരിക്കുന്നത് കർത്താവ് അറിയുന്നു. ശദ്രക്കോ, മോശക്കോ, അബേദ്നെഗോ എന്നിവരെ തീയിലിട്ടപ്പോൾ കർത്താവ് അവരോട് കൂടെ തീയിൽ ഉണ്ടായിരുന്നതായി നാം കാണുന്നു. നമ്മുടെ കഷ്ടതയിൽ അകലെ ഇരിക്കുന്നവനല്ല നമ്മോട് കൂടെ ഇരിക്കുന്നവനാണ് നമ്മുടെ ദൈവം.

**2.കർത്താവ് അവരുടെ ജീവിതത്തിലുള്ള പാപത്തെ കാണിച്ചു കൊടുക്കുന്നു.**

രണ്ടു കുറ്റങ്ങളാണ് അവരെക്കുറിച്ച് പറവാനുള്ളത് (1) നിക്കലേവ്യരുടെ അഥവാ പട്ടത്വ ഉപദേശം പിടിച്ചു കൊള്ളുന്നവർ (2) ബിലെയാമിന്റെ ഉപദേശം. ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും മൂലമല്ലോ (1 തിമൊ. 6:10). ബലിയാമിന്റെ ദ്രവ്യാഗ്രഹം മൂലം യിസ്രായേൽ മക്കളെ ശപിക്കുവാൻ പോയി. അത് സാധിക്കാതെ വന്നതുകൊണ്ട് അവരെ നശിപ്പിക്കുവാനുള്ള മാർഗ്ഗം ബാലോക്കിന് പറഞ്ഞു കൊടുക്കുന്നു. അതു മുഖാന്തരം യിസ്രായേൽ ജനം മോവാബ്യസ്ത്രീകളുമായി  പരസംഗം ചെയ്യുവാനും അവരുടെ വിഗ്രഹത്തെ ആരാധിക്കുകയും അങ്ങനെ യഹോവയോട് ദ്രോഹം ചെയ്യുന്നു. (യൂദ. 11). അതു മുഖാന്തിരം യിസ്രായേൽ മക്കളിൽ 24,000 പേർ പട്ട് പോകുവാൻ ഇടയായി

(സംഖ്യ 25:9) . ഭക്തന്മാർ മരിക്കുമ്പോലെ മരിക്കുവാൻ ബിലെയാം ആഗ്രഹിച്ചെങ്കിലും പടയിൽ പട്ടുപോയി. അതുകൊണ്ട് ദ്രവ്യാഗ്രഹം വിട്ട് ഓടുവാൻ ദൈവം നമ്മളിൽ നിന്ന് ഗ്രഹിക്കുന്നു.

### 3. മാനസാന്തരപ്പെടുക (3:16)

ഏതിൽ നിന്നു വീണു എന്ന് മനസ്സിലാക്കി അതിൽ നിന്ന് മാനസാന്തരപ്പെടണം. സ്നേഹവാനായ ദൈവം ക്ഷമിക്കുന്നവനും കരുണയുള്ളവനുമാണ്. തീക്ഷ്ണതയുള്ള ദൈവമാണ്. ദൈവത്തേക്കാൾ അധികം ഒന്നിനെയും സ്നേഹിക്കുവാൻ പാടുള്ളതല്ല. നമ്മുടെ ഹൃദയത്തിലുള്ള വിഗ്രഹങ്ങളെ – അത് ധനമോ പ്രതാപമോ മക്കളോ മഹത്വമോ എന്തായാലും അത് മാറ്റി കർത്താവിന് പ്രഥമ സ്ഥാനം കൊടുക്കാം.

### 4. പ്രതിഫലമുണ്ട് (3:7)– മൂന്ന് കാര്യങ്ങളാണ്

(1) മന്ന – ദൈവത്തിന്റെ വചനം – ദൈവവുമായുള്ള സഖിത്വം, (2) വെള്ളക്കല്ല് (3) പുതിയ പേര്. ദൈവഹിതപ്രകാരം ജിവിച്ചാൽ ദൈവമായുള്ള ബന്ധത്തിൽ ജീവിക്കുവാൻ സാധിക്കും. മാത്രവുമല്ല, യോഹന്നാനെപ്പോലെ ആ മാറിലെ ചൂടനുഭവിക്കാനുള്ള ഭാഗ്യം. കൂടാതെ കർത്താവ് സ്നേഹിക്കുന്നു എന്നുള്ള പേര് ലഭിക്കും. കർത്താവിനെ സ്നേഹിക്കുന്ന എന്നല്ല, കർത്താവ് സ്നേഹിക്കുന്ന യോഹന്നാൻ (യോഹ. 6:32). നമ്മൾക്ക് കിട്ടുന്ന പേര് എന്തായിരിക്കാം. നല്ല ദാസിയെ എന്നുള്ള വിളി കേൾക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# തൂക്കിനോക്കുന്ന ദൈവം

വെളി. 2:23-ൽ “ഞാൻ ഹൃദയങ്ങളെയും ഉൾപ്പൂവുകളെയും ആരായുന്നവൻ എന്ന് സകല സഭകളും അറിയും” ഇത് തുയഥൈരയിലെ സഭയുടെ ദൂതന് എഴുതുന്നതാണെങ്കിലും സഭായുഗം ആരംഭിച്ചതു മുതൽ കർത്താവിന്റെ മദ്ധ്യാകാശവരവ് വരെയുള്ള എല്ലാ സഭകളെയും ദൈവമക്കളെയും കുറിച്ച് പറഞ്ഞിട്ടുള്ളതാകകൊണ്ട് അതിൽ ബലഹീനരായ നമ്മളും ഉൾപ്പെട്ടിരിക്കുന്നു.

സഭകൾക്കുള്ള ദൂതുകളിൽ ഇവിടെ മാത്രമാണ് ഒരു സ്ത്രീയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ലോത്തിന്റെ ഭാര്യയെപ്പോലെ ഇവിടെയും നമ്മുടെ ഭയനിർദ്ദേശത്തിന് നൽകപ്പെട്ടിരിക്കുന്നതാണ്. പ്രശംസയ്ക്കു പകരം നിന്ദയ്ക്ക് അർഹയായ ഒരു സ്ത്രീയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.

**I. ദുഷിച്ച പ്രവൃത്തിയെ ശാസിക്കന്നു.**

ഈസബേലിന്റെ ദുഷിച്ച പ്രവൃത്തിയെ ശാസിക്കുന്നു. (വെളി 2:20). ആഹാബിന്റെ ഭവനത്തിൽ പുരുഷൻ ഈസബേലായിരുന്നു. ഭർത്താവിന് കീഴ്പ്പെട്ട് ജീവിക്കേണ്ടവൾ ഭർത്താവിനെ ഭരിക്കുന്നതായും ആഹാബ് അവളുടെ ഉപദേശം അനുസരിക്കുന്നതായും കാണുന്നു. അതുകൊണ്ട് ആഹാബിനെക്കുറിച്ചല്ല പറയുന്നത്. യഹോവയ്ക്കു അനിഷ്ടമുള്ളതു ചെയ്വാൻ തന്നെത്താൻ വിറ്റുകളഞ്ഞ ആഹാബിനെപ്പോലെ ആരും ഉണ്ടായിട്ടില്ല. അവന്റെ ഭാര്യ ഈസബേൽ അവനെ അതിനായി ഉത്സാഹിപ്പിച്ചിരുന്നു. (1 രാജാ. 21:25).

നല്ലവനായ നാബോത്തിനെ കൊന്ന് അവൾ അവന്റെ മുന്തിരിത്തോട്ടം എടുത്തു എന്നു മാത്രമല്ല യിസ്രായേലിൽ മുഴുവൻ വിഗ്രഹങ്ങൾ നിറയുവാൻ കാരണക്കാരിയായ അവൾക്ക് ന്യായവിധി ഉണ്ടെന്ന് കർത്താവ് പറയുന്നു. (വെളി. 2:22). രാജാക്കന്മാരുടെ പുസ്തകത്തിൽ നാം കാണുന്നത് ദൈവം പറഞ്ഞതുപോലെ തന്നെ നായ്ക്കൾ ഈസ

ബേലിന്റെ മാംസം തിന്നുകളഞ്ഞു. അതു ഈസബേൽ എന്നു പറവാൻ കഴിയാതെ വണ്ണം അവളുടെ പിണം വയലിലെ ചാണകം പോലെയായി. (2 രാജാ. 9:37) . കർത്താവ് കല്പന തന്നതുപോലെ അവയെ പ്രമാണിച്ചു ഭയത്തോടെ ജീവിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**II. നല്ല പ്രവൃത്തികളെ പ്രശംസിക്കുന്നു.**

തുയഥൈര സഭയുടെ നല്ല പ്രവൃത്തികളെ മറന്നുകളയാതെ പ്രശംസിക്കുന്നു. (വെളി. 2:19). നിന്റെ പ്രവൃത്തി, സ്നേഹം, വിശ്വാസം, സഹിഷ്ണുത, ശുശ്രൂഷ ഇവയെല്ലാം ഞാൻ കാണുന്നു. ഞാൻ അറിയുന്നു. സർവ്വ വ്യാപിയായ അഗ്നിജ്വാലയ്ക്കു ഒത്ത കണ്ണുള്ളവൻ പറയുകയാണ് ഞാൻ നിന്നെ അറിയുന്നു. ഒരു ഗ്ലാസ് വെള്ളത്തിനു പോലും പ്രതിഫലം തരുന്നവനാണ് കർത്താവ്. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ട് സൃഷ്ടിക്കപ്പെട്ടവരാകുന്നു. (എഫെ. 2:10). അതുകൊണ്ട് സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിപ്പാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

**III ജയിക്കുന്നവർക്കു തക്ക പ്രതിഫലം കൊടുക്കുന്നു.**

ക്രീമിയ യുദ്ധത്തിൽ ഇംഗ്ലണ്ടിന് നാശനഷ്ടമുണ്ടായി. വിക്ടോറിയ രാജ്ഞി ഭടന്മാർക്ക് പ്രതിഫലം നൽകുന്നതിനായി ഒരു യോഗം വിളിച്ചുകൂട്ടി . അവിടേക്ക് ചിലർ ഒരു മനുഷ്യനെ എടുത്തുകൊണ്ടുവന്നു. ഒരു മാംസ പിണ്ഡം. രാജ്ഞി കുനിഞ്ഞു അദ്ദേഹത്തിന് ബാഡ്ജ് കുത്തി. മാത്രമല്ല ആ മാംസപിണ്ഡത്തിന്റെ നെറ്റിയിൽ ചുംബനം കൊടുത്തു. രാജ്ഞിയുടെ കണ്ണുനീർ അദ്ദേഹത്തിന്റെ മുഖത്തു വീണു. രാജ്ഞി ഭടന്മാർക്ക് ഇത്രയും ചെയ്തെങ്കിൽ കർത്താവ് തന്റെ രക്തത്താൽ വീണ്ടെടുത്ത നമുക്ക് പ്രതിഫലങ്ങൾ തീർച്ചയായും നൽകും. പക്ഷേ നാം ഇവിടെ കാണുന്നതുപോലെ ജയിക്കുന്നവർക്കാണ് പ്രതിഫലങ്ങൾ (2:26). ഇവിടെ 2 തരം പ്രതിഫലത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. 1 . അധികാരം 2. ഉദയനക്ഷത്രം. ഇവ കരസ്ഥമാക്കുവാൻ കർത്താവ് സഹോദരിമാരായ നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

# പ്രവൃത്തി അറിയുന്ന ദൈവം

വെളി 3:2 -ാം വാക്യത്തിൽ "ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല." എന്നത് സദ്ദീസിലെ സഭയുടെ ദുതന് എഴുതുന്നതാണെങ്കിലും എല്ലാ കാലഘട്ടത്തിലുള്ള എല്ലാ സഭകളോടും വ്യക്തികളോടുമുള്ളതാണ്.

1. ഞാൻ നിന്റെ പ്രവൃത്തി പൂർണ്ണതയുള്ളതായി കണ്ടില്ല. എന്തുകൊണ്ടാണ് ദൈവത്തിന്റെ മുമ്പാകെ ഒരാളുടെ പ്രവൃത്തി പൂർണ്ണതയുള്ളതായി കാണാത്തത്? അതിന് അനേകം കാരണങ്ങൾ ഉണ്ടാകാം. ചില കാരണങ്ങൾ ചിന്തിക്കാം.

(a) ദൈവസ്നേഹത്തിൽ നിന്ന് ഉടലെടുക്കാത്ത പ്രവൃത്തികൾ എല്ലാം ദൈവമുൻപാകെ ചത്തതാണ്. (1 കൊരി 13:3). ഉള്ളതെല്ലാം കൊടുത്താലും സ്നേഹമില്ലാ എങ്കിൽ ഒരു പ്രയോജനവുമില്ലാ.

(b) നമ്മുടെ പ്രവൃത്തികൾ വിശ്വാസത്തിൽ നിന്ന് ആയിരിക്കണം. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. തന്റെ മകനെ യാഗം കഴിക്കുവാൻ മടി കാണിക്കാതെ പ്രവൃത്തിയാൽ അത് തെളിയിച്ചു. (യാക്കോബ് 2:23).

(c) പ്രവൃത്തികൾ ദൈവനാമം മഹത്വപ്പെടുത്തുന്നതിനായിരിക്കണം. (മത്തായി 5:16).

(d) സൽപ്രവൃത്തികൾ സ്വയം ഉയരുന്നതിനല്ല, ദൈവം ഉയരുന്നതിനായിരിക്കേണം.

യോഹന്നാൻ സ്നാപകൻ പറയുന്നത് അവനോ വളരേണം ഞാനോ കുറയണം. അതല്ലാതെ ചെയ്യുന്ന പ്രവൃത്തികൾ ദൈവമുമ്പാകെ പൂർണ്ണതയുള്ളതായിരിക്കില്ല (യോഹ. 3:30).

2. നിനക്ക് ജീവനുള്ളവൻ എന്ന് പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു. (വെളി 3:1) . ഈ അവസ്ഥയിലുള്ളവർക്ക് എപ്പോഴും പറയാനു

ള്ളത് അവരുടെ പിതാക്കന്മാരെക്കുറിച്ചും അവരുടെ സൽപ്രവൃത്തിക ളെക്കുറിച്ചും മാത്രമായിരിക്കും. പുകഴ്ത്തുന്നത് കഴിഞ്ഞ അവസ്ഥയെ ക്കുറിച്ചും. ഇന്ന് ഒന്നുമില്ലാത്ത അവസ്ഥ. ചത്ത അവസ്ഥ. എഫെ. 5:14-ൽ പറയുന്നത് ഉറങ്ങുന്നവരെ ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്ക എന്നാണ്.

സങ്കീ. 139:1 ൽ കാണുന്നത് നാം ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും നമ്മുടെ നിരൂപണങ്ങളും നടപ്പും കിടപ്പും വഴികളും കർത്താവ് അറി യുന്നു. വെളി. 3:1 ൽ ദൈവത്തിന്റെ 7 ആത്മാവും 7 നക്ഷത്രമുള്ളവനു മാണ് അരുളിച്ചെയ്യുന്നത്. അവനാണ് സഹോദരിമാരേ, നമ്മെ അറിയു ന്നത്. അതുകൊണ്ട് കർത്താവിന്റെ ത്രാസിൽ നമ്മെത്തന്നെ ഒന്ന് തൂക്കി നോക്കാം.

3. മാനസാന്തരപ്പെടുക നീ ഉണരുക. ഉണർന്ന് കർത്താവിന്റെ വേല വിശ്വസ്തതയോടെ ചെയ്യുക (വെളി 3:3) 1 കൊരി 3:12,13-ൽ കാണു ന്നത് നമ്മുടെ പ്രവൃത്തി ശോധന ചെയ്യുന്ന ദിവസം വരുന്നു. സഹോ ദരിമാരേ അത് എത്രയും അടുത്തിരിക്കുന്നു. പൊന്ന്, വെള്ളി , വില യേറിയ കല്ല് കൊണ്ടുള്ള പ്രവൃത്തിക്ക് പ്രതിഫലം ഉണ്ടാകും. ചത്ത പ്രവൃത്തികൾ എല്ലാം വെന്തുപോകും. ചേതം ഉണ്ടാകും. അതുകൊണ്ട് നമുക്ക് ഉണരാം. പൂർണ്ണതയുള്ള പ്രവൃത്തികൾ ചെയ്യാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

4. പ്രതിഫലമുണ്ട് (വെളി. 3:5). ഇവിടെ മരിച്ചവരുടെ ഇടയിൽ തന്നെ വെളി 3:4 ൽ ഉടുപ്പ് മലിനമാകാത്ത കുറേപ്പേർ സർദ്ദീസിലുണ്ട്. ഈ സാഹചര്യത്തിലും യോഗ്യന്മാരായി ദൈവത്തിനു വേണ്ടി ജീവിക്കുന്ന വരാണ് ഇവർ. അവരുടെ പ്രവൃത്തികൾ വെന്തുപോകാത്തത്. അതു കൊണ്ട് കർത്താവ് പറയുന്നു . ജയിക്കുന്നവൻ വെള്ളയുടുപ്പ് ധരിക്കും. മാത്രമല്ല, സർവ്വശക്തനായ ദൈവത്തിന്റെ മുൻപാകെ കർത്താവ് അവ രുടെ പേര് ഏറ്റുപറയും. നാം ഏത് കൂട്ടത്തിലുള്ളവർ. നമ്മുടെ പേര് അന്ന് ഏറ്റുപറയുമോ? അതോ ലജ്ജിക്കേണ്ടതായി വരുമോ? കർത്താവ് നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# നിനക്ക് അല്പമേ ശക്തിയുള്ളൂ

നിനക്ക് അല്പമേ ശക്തിയുള്ളു എങ്കിലും നീ എന്റെ വചനം കാത്തു എന്റെ നാമം നിഷേധിച്ചിട്ടില്ല. (വെളി 3:8). ഫിലദെൽഫ്യയിലെ സഭയുടെ ദൂതന് എഴുതുന്നതാണെങ്കിലും ഇത് എല്ലാ കാലഘട്ടങ്ങളിലുള്ള സഭകളോടും വ്യക്തികളോടുമുള്ള ദൂതാണ്.

അല്പം ശക്തി മാത്രമുണ്ടായിട്ടും വചനത്തെ കാക്കുന്നു. ദൈവത്തിന്റെ വചനം ദൈവത്തിന്റെ ശ്വാസമാണ്. അതുകൊണ്ട് അത് വായിക്കുകയും, പഠിക്കുകയും പാലിക്കുകയും പ്രമാണിക്കയും അതിൽ തന്നെ നിലനിൽക്കുകയും ചെയ്യേണം (2 തിമൊ. 3:16). ദൈവത്തിന്റെ വചനത്തിൽ ആരെങ്കിലും വല്ലതും കൂട്ടുകയും കുറയ്ക്കുകയും ചെയ്താൽ ദൈവം അവന് ബാധകളെ വരുത്തുമെന്ന് നാം കാണുന്നു. (വെളിപ്പാട് 22:18,19) അതുകൊണ്ട് വചനം നിർമ്മലമായ് കാക്കേണ്ടതാവശ്യമാണ്.

അവർക്ക് അല്പമെ ശക്തിയുള്ളു. കർത്താവ് നിങ്ങൾക്ക് കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കയില്ല. നിന്റെ കണ്ണ് നിന്റെ ഉപദേഷ്ടാവിനെ കണ്ട് കൊണ്ടിരിക്കും. (യെശയ്യാവ് 30:20) . അതെ ഈ ലോകത്തിൽ പുകഴുവാൻ ഒന്നുമില്ലെങ്കിലും ഇയ്യോബ് പറഞ്ഞതുപോല അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ നോക്കിയിരിക്കും. (ഇയ്യോബ് 13:15).

പീറ്റേഴ്സ്ബർഗ് എന്ന പട്ടണത്തിലെ ഒരു ഭവനത്തിൽ ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷം ഒരു കുഞ്ഞു ജനിച്ചു. അവളുടെ പേര് ഹിരൻഷ. കുറച്ചു കഴിഞ്ഞപ്പോൾ മനസ്സിലായി ആ കുഞ്ഞിനു സംസാരിക്കുവാൻ കഴിവില്ല. മാത്രമല്ല 2 കാലും തളർന്നത് കാരണം നടക്കുവാനും സാദ്ധ്യമല്ല. ദുഃഖത്തിന്റെ താഴ്വരയിൽ കൂടി ആ കുടുംബം കടന്നുപോകവെ ഒരു ദിവസം കുഞ്ഞിന്റെ ചികിത്സയ്ക്കായി ഒരു ഡോക്ടറുടെ അടുത്ത് പോയി. ഹിരനിന്റെ അടുത്തിരിക്കുന്ന കുട്ടിക്ക്

2 കണ്ണിനും കാഴ്ചയില്ലെങ്കിലും അവൾ സന്തോഷവതിയായി സംസാരിച്ച് കൊണ്ടിരിക്കുന്നു. അവളുടെ സന്തോഷത്തിന്റെ കാരണം എന്താണ് എന്നറിയുവാൻ ഹിരൻ ആഗ്രഹിച്ചു. തനിക്കാണെങ്കിൽ ജീവിതം മടുത്തു എന്തിന് ജീവിക്കണം എന്ന ചിന്ത. ഏതായാലും ഹിരൻ ഡോക്ടറെ കണ്ടിട്ട് മടങ്ങും വഴി ആ അന്ധയായ കുട്ടിയെ ഒന്ന് കെട്ടിപ്പിടിച്ചു. അന്ധയായ കുട്ടി അവളുടെ ബാഗിൽ കൈ ഇട്ട് ഒരു പുസ്തകം എടുത്തു ഹിരനിന് കൊടുത്തിട്ട് പറഞ്ഞു ഇത് നിനക്ക് സന്തോഷം തരും. അത് ദൈവത്തിന്റെ വചനമായിരുന്നു. അതു മുഖാന്തരം ഹിരണും കുടുംബവും രക്ഷിക്കപ്പെട്ട് ദൈവമക്കളായി.

ഹിരനിന്റെ നിരാശ മാറി. കഴിവില്ലെങ്കിലും എങ്ങനെയെങ്കിലും ദൈവവചനം മറ്റുള്ളവരുടെ കൈയ്യിൽ എത്തിക്കണമെന്നവൾ നിശ്ചയിച്ചു. രാത്രി മുഴുവൻ അവളിരുന്ന് ദൈവത്തിന്റെ വചനം കടലാസുകളിൽ എഴുതും. രാവിലെ അവളുടെ അമ്മ അവളെ വീടിന്റെ ബാൽകണിയിലിരുത്തും. താഴെ റോഡിൽ കൂടി പോകുന്നവർക്ക് അവൾ കടലാസ് കഷണം (ദൈവത്തിന്റെ വചനം) ഇട്ട് കൊടുക്കും. ആളുകൾ മേലോട്ട് നോക്കുമ്പോൾ രണ്ടു കാലും തളർന്ന ഒരു കുട്ടി കൈകൊട്ടിച്ചിരിക്കുന്നു. എന്തോ ആംഗ്യഭാഷ കാട്ടുന്നു. അത് വായിക്കാതിരിക്കുവാൻ ആർക്കും കഴിഞ്ഞില്ല.

ഒരു ദിവസം ബാൽക്കണിയിൽ അവളില്ലാ. അവളുടെ നോട്ടിന് വേണ്ടി അതിലെ പോകാറുള്ള പത്രാധിപൻ (അദ്ദേഹത്തെ ആത്മഹത്യയിൽ നിന്ന് രക്ഷിച്ചതു അവളുടെ നോട്ടായിരുന്നു) അവളെക്കുറിച്ച് അന്വേഷിച്ചു. ഹിരൻ മരണക്കിടക്കയിലാണെന്ന് മനസ്സിലായി. അന്നു രാത്രി അവൾ തീരത്തണഞ്ഞു. പിറ്റെ ദിവസത്തെ പത്രത്തിൽ വാർത്ത വന്നു. അന്ന് ആയിരങ്ങൾ അവർക്ക് പണ്ട് കിട്ടിയ വാക്യശകലങ്ങൾ പൊക്കിപിടിച്ച് കൊണ്ട് ശവമഞ്ചത്തെ അനുഗമിച്ചു. അല്പമെ ശക്തിയുണ്ടായിരുന്നിട്ട് അനേകരെ രക്ഷയിലേക്ക് നടത്തുവാൻ ഹിരനിന് സാധിച്ചു. നമുക്കോ?

അടുത്തതായി ദൈവം പറയുകയാണ്. നിങ്ങൾക്ക് പ്രതിഫലം ഉണ്ട്. ഒന്നാമതായി ഞാൻ നിന്നെ മറ്റുള്ളവരുടെ മുൻപിൽ ഉയർത്തും- കളവായി പറഞ്ഞു നടന്നവർ - സാത്താന്റെ പള്ളിയിൽ നിന്ന് വന്ന് നിന്റെ കാല് നമസ്ക്കരിക്കും. രണ്ടാമതായി പരീക്ഷകാലത്തു ഞാൻ നിന്നോട് കൂടെയിരുന്നു പരീക്ഷയിൽ അകപ്പെടാതെ വണ്ണം ഞാൻ നിന്നെ

കാക്കും. മൂന്നാമതായി ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും - മുഖ്യസ്ഥാനം നിനക്ക് തരും. നിന്റെ കഴിവു കൊണ്ടല്ല നീ ദൈവത്തിന്റെ വചനം കാത്തതിനാൽ. നാലാമതായി പുതിയ നാമവും അവന്റെ മേൽ എഴുതും. ഒരു കുറ്റവും ഈ സഭയെക്കുറിച്ച് പറയുന്നതായി കാണുന്നില്ല. അല്പമെ ശക്തിയുള്ളു എങ്കിലും ദൈവത്തിന്റെ വചനം കാത്താൽ നല്ലവനും വിശ്വസ്തനുമായ ദാസനെ നീ അല്പത്തിൽ വിശ്വസ്തനായിരുന്നു ഞാൻ നിന്നെ അധികത്തിനും വിചാരകനാക്കും. (മത്തായി 25:21) എന്ന ഇമ്പസ്വരം കേൾക്കുവാൻ സാധിക്കും.

# ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു

''ഞാൻ വാതില്ക്കൽ നിന്ന് മുട്ടുന്നു ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.'' (വെളിപ്പാട് 3:20).

ഹോമർ ഹർട്ട് (Homer Hurt) പ്രസിദ്ധനായ ഒരു ചരിത്രകാരനായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധിയാർജ്ജിച്ച പടം ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ കർത്താവ് ഒരു മനുഷ്യന്റെ അടയ്ക്കപ്പെട്ട ഹൃദയ വാതിലിന് പുറത്തു നിന്ന് മുട്ടുന്ന ഒരു ചിത്രമാണ്. ഈ ചിത്രം കണ്ടിട്ട് ഹോമറിന്റെ ഒരു കൂട്ടുകാരൻ ചോദിച്ചു. ''നീ എന്തുകൊണ്ടാണ് ഈ വാതിലിന് ഒരു പിടി (handle) വയ്ക്കാത്തത്. ഇത് അബദ്ധത്തിൽ പറ്റിയതായിരിക്കാം.'' അതിന് ഹോമർ പറഞ്ഞു. ''അല്ല, ഒരിക്കലുമല്ലാ - കാരണം ഹൃദയവാതിലിന് പുറത്ത് ഹാൻഡിൽ (പിടി) ഇല്ല. അത് പുറത്തു നിന്ന് ദൈവത്തിനു പോലും തുറക്കുവാൻ സാധിക്കുകയില്ല. കാരണം അതിന്റെ പൂട്ടും പിടിയുമൊക്കെ അകത്താണ്. അത് അകത്ത് നിന്ന് മാത്രമേ തുറക്കാവൂ.

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യം ലവോദിക്യ സഭയെക്കുറിച്ചാണ് എഴുതുന്നതെങ്കിലും ഇത് സഭായുഗം ആരംഭിക്കുന്നതുമുതൽ കർത്താവിന്റെ 2-ാം വരവു വരെയുള്ള എല്ലാ സഭകളെയും ദൈവമക്കളെയും കുറിച്ചു പറഞ്ഞിട്ടുള്ളതാക കൊണ്ട് അതിൽ ബലഹീനരായ സഹോദരിമാരായ നമ്മളും ഉൾപ്പെട്ടിരിക്കുന്നു. നാം ചുറ്റുമൊന്ന് നോക്കിയാൽ ഈ കാലഘട്ടത്തിൽ ഇന്ന് കർത്താവ് വാതിലിന് പുറത്താണ് എന്ന് തോന്നും. രക്ഷിക്കപ്പെട്ട വിശ്വാസിയുടെ ഹൃദയത്തിൽ പരിശുദ്ധനായ കർത്താവ് വസിക്കുന്നു എങ്കിലും ഇന്ന് നമ്മളിൽ പലരുടെയും ജീവിതത്തിന് പുറത്താണ് കർത്താവ്. കർത്താവ് പുറത്തായതിന്റെ കാരണങ്ങൾ ദൈവാത്മാവ് പറയുന്നു.

1. **നീ ശീതോഷ്ണവാനാണ്**

ശീതവാനല്ല, ഉഷ്ണവാനുമല്ല (വെളി 3:16) ഒരു നനഞ്ഞ അവസ്ഥ. രക്ഷിക്കപ്പെട്ടതാണ് അതെ, യോഗങ്ങൾക്ക് പോകുന്നുണ്ടോ? - ഉണ്ട്, പ്രാർത്ഥിക്കുന്നുണ്ട്, കൊടുക്കുന്നുണ്ട്, എല്ലാം ഉണ്ട്. പക്ഷേ യഥാർത്ഥ ദൈവസ്നേഹമോ ഭക്തിയോ ഇല്ലാത്ത അവസ്ഥ.

2. **ധനവാനായിരുന്നു.** ദാരിദ്ര്യം എന്നത് അറിയാൻ പോലുമില്ല. വളരെ സമ്പത്ത് ഉള്ളവനാണ്. ആത്മീയ ജീവിതത്തിലും ഈ അവസ്ഥയുണ്ടാകാം. എനിക്ക് എല്ലാം അറിയാം, വചനം എന്റെ നാവിൻ തുമ്പത്തുണ്ട്. എന്നെ കുറ്റം പറവാൻ ആർക്കും സാധിക്കയില്ല, ഞാൻ പെർഫെക്ട് ആണ്.

ഇങ്ങനെ സ്വയം തോന്നുന്ന, വിചാരിക്കുന്ന വ്യക്തിയെക്കുറിച്ച്, സഭയെക്കുറിച്ച്, കർത്താവ് പറയുന്നു. നീ നിർഭാഗ്യനും, അരിഷ്ടനും , ദരിദ്രനും, കുരുടനും, നഗ്നനും ആണ്. ഓ സഹോദരിമാരെ നമ്മുടെ അവസ്ഥ എന്താണ്. കർത്താവ് തന്റെ തീജ്വാലയുള്ള കണ്ണു കൊണ്ട് നോക്കുമ്പോൾ നമ്മുടെ അവസ്ഥ എന്താണ്.

ഈ അവസ്ഥയിലും നമ്മളെ സ്നേഹവാനായ ദൈവം ഉപേക്ഷിക്കയില്ല. മറിച്ച് പറയുകയാണ് ഈ അവസ്ഥയിൽ നിന്ന് നിനക്ക് മാറ്റം വരാൻ നീ ആ വാതിൽ ഒന്ന് തുറന്നാൽ മതി. വെള്ളയുടുപ്പും, തീയിൽ ഊതിക്കഴിച്ച പൊന്നും ലേപവും നീ വിലയ്ക്കു വാങ്ങുക. രക്ഷ ദാനമാണ്.എന്നാൽ ക്രിസ്തീയ ജീവിതം ദൈവകൃപയാൽ നാം അദ്ധ്വാനിക്കേണ്ടിയിക്കുന്നു. മുറുകെ പറ്റുന്ന പാപങ്ങളെ ചെത്തി വെടിപ്പാക്കിയാൽ സകല ദുഷ്ടതയും , എല്ലാ ചതിവും വ്യാജഭാവം, അസൂയ, എല്ലാ നുണയും നീക്കി കളയണം (1 പത്രൊ. 21.1). വെളിച്ചത്തിൽ നടക്കുമ്പോൾ ദൈവത്തോട് കൂട്ടായ്മയുണ്ടാകുന്നു. ഒരുമിച്ച് അത്താഴം കഴിക്കുന്ന അവസ്ഥ.

മാനസാന്തരപ്പെടുന്നില്ലെങ്കിൽ കർത്താവ് ഇവിടെ പറയുകയാണ് എനിക്ക് പ്രിയമുള്ളവരെ ഞാൻ ശാസിക്കയും ശിക്ഷിക്കുകയും ചെയ്യുന്നു. (വെളി. 3:19). മനം തിരിയുന്നില്ലെങ്കിൽ അവൻ തന്റെ വാളിന് മൂർച്ച കൂട്ടുന്നു. അവൻ ബാലശിക്ഷ തരും (എബ്രായർ 11:8).

എന്നാൽ സഹോദരിമാരെ, ജയിക്കുന്നവന് അവനോട് ഒന്നിച്ചു വസിക്കാം. അത്താഴം കഴിക്കാം. മാത്രമല്ല കർത്താവിനോട് കൂടെ ഇരിപ്പാൻ

വരം നൽകും. അപ്പൊസ്തലനായ പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞു. എന്നാൽ അവൻ മാനസാന്തരപ്പെട്ടു തിരിച്ചു വന്നതിന് ശേഷം കർത്താവിനോട് കൂടെ ജീവിക്കുന്ന, പരിശുദ്ധാത്മനിറവിൽ ജീവിക്കുന്ന പത്രോസിനെ കാണാം. അതുകൊണ്ട് തന്നെ അനേകം അത്ഭുതങ്ങൾ ദൈവിക ശക്തിയിൽ ചെയ്വാൻ  പത്രൊസിനു സാധിച്ചു. 1 പത്രോ. 1:15 –22 ൽ പറയുന്നതുപോലെ കർത്താവ് വിശുദ്ധനാകുന്നതുപോലെ വിശുദ്ധരായി ജീവിക്കുവാനും മുഖപക്ഷം കൂടാതെ പ്രവർത്തിക്കു തക്ക വണ്ണം വിധിക്കുന്ന പിതാവ് ആകയാൽ നമ്മുടെ പ്രവാസ കാലം ഭയത്തോടെ കഴിപ്പാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടട്ടെ.

# ഒരുങ്ങിയിട്ടുണ്ടോ?

പെട്ടെന്നൊരു ദിവസം ഒരറിയിപ്പു കിട്ടി. അടുത്ത ദിവസം ചില അതിഥികൾ വരുന്നുണ്ട്. വീട്ടിലേക്ക് നോക്കിയപ്പോൾ എല്ലാം അലങ്കോലമായി കിടക്കുന്നു. പെട്ടെന്ന് വളരെ ബദ്ധപ്പെട്ട് വീട് മുഴുവനും വൃത്തിയാക്കി. എല്ലാം നേരെയായപ്പോൾ എനിക്ക് സന്തോഷമായി. അവർ വന്നാൽ അവരെ സ്വീകരിക്കുവാൻ പറ്റിയ ഒരു ഭവനമായി മാറി.

ഒരു സമയത്ത് അതിഥികളായി വരുന്നവരെ സ്വീകരിക്കുവാൻ ഭവനം സജ്ജമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിക്ക് മാറ്റം വന്നു. എന്റെ ചിന്ത പെട്ടെന്ന് കർത്താവിന്റെ വരവിനെ കുറിച്ചായി. ഇന്ന് വരരുതേ , നാളെ വന്നാൽ മതി. കാരണം ഇനിയും അനേകം കാര്യങ്ങൾ ക്രമീകരിക്കുവാനുണ്ട്.

പ്രിയരേ, നമ്മുടെ ജീവിതവും ഭവനവും എങ്ങനെയാണ്? കർത്താവിന് ഹിതമല്ലാത്ത എത്രയോ കാര്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. പക, പിണക്കം, ക്രോധം, അസൂയ , കൈപ്പ്, പിറുപിറുപ്പ്, വ്യഭിചാരം, ദുശ്ചിന്ത, വിഗ്രഹാരാധന എന്നിവയാൽ അശുദ്ധമായി കിടക്കുകയാണോ? (ഗലാ 5:20.21) ഇവ സകലവും വിട്ട് ഒഴിഞ്ഞ് വൃത്തിയാക്കി ആത്മാവിനാൽ നിറയേണ്ടതാണ്. നമ്മുടെ കർത്താവ് വരുമ്പോൾ അവന് മുമ്പിൽ കാഴ്ചവയ്ക്കുവാൻ നമ്മുടെ കൈവശം എന്തുണ്ട്? ഒന്നുമില്ലാത്തവളായി ലജ്ജിച്ചു നില്ക്കേണ്ടിവരുമോ?

നമ്മെ ഏൽപ്പിച്ച താലന്തുകൾ കൊണ്ട് വ്യാപാരം ചെയ്തു വർദ്ധിപ്പിച്ചു എന്നു പറയുവാൻ കഴിയുമോ?

ന്യായവിധിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ചിലരെ രക്ഷിക്കുവാൻ, കുഞ്ഞുങ്ങളെ കർത്താവിന്റെ പാദപീഠത്തിങ്കലേക്ക് നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ? പിന്മാറ്റക്കാരെ നേടുവാൻ കഴിയുന്നുണ്ടോ?

നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരിക്കുന്നു. ഞാൻ നിന്നെ അധികത്തിനു വിചാരനാക്കും.

നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക (മത്താ. 25:21) എന്ന സ്വരം കേൾക്കുവാൻ കഴിയുമോ? അതോ "ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും. താനോ രക്ഷിക്കപ്പെടും. എന്നാൽ തീയിൽ കൂടി എന്ന പോലെയത്രേ (1 കൊരി. 3:15) എന്നെഴുതിയിരിക്കുന്നതുപോലെ ലജ്ജിതരായി നിൽക്കേണ്ടിവരുമോ?

കർത്താവിന്റെ വരവിനു വേണ്ടി നമ്മുടെ പൂർവ്വികർ എപ്പോഴും തയ്യാറായി ഇരുന്നിരുന്നു. അവൻ വേഗം തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി വരും എന്ന് അവർ പ്രത്യാശിപ്പിച്ചിരുന്നു. അതുകൊണ്ട് അവർക്ക് ഈ ലോക സമ്പത്തും മഹിമയും ഒന്നും ഒരു വിഷയമായിരുന്നില്ല. എല്ലാം അവർ ചപ്പും ചവറും എന്നെണ്ണി, കർത്താവിനു വേണ്ടി എന്തു ത്യാഗം സഹിക്കുവാൻ തയ്യാറായി.

ഇന്നത്തെ നമ്മുടെ മനോഭാവം എത്രയോ വ്യത്യാസപ്പെട്ടിരിക്കുന്നു. കർത്താവ് ഉടനെ വരികയില്ല എന്നാണ് നാം വിചാരിക്കുന്നത്."എന്നാൽ കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും" (2 പത്രോ 3:11-13).

നിനയ്ക്കാത്ത നാഴികയിൽ അവൻ വരുമെന്നുള്ളതുകൊണ്ട് നമ്മുടെ ഹൃദയത്തെ ശുദ്ധീകരിച്ച്, ആത്മാവിനാൽ നിറയപ്പെട്ടവരായി നമ്മെ ഏല്പ്പിച്ച താലന്തുകൾ കൊണ്ട് വ്യാപാരം ചെയ്യാം. അതിനായി നമ്മുടെ എളിയ ജീവിതങ്ങളെ കർത്താവ് ശക്തീകരിക്കട്ടെ.

# ഞാൻ നീയാണ് !

ഇന്നു രാവിലെ പതിവിലധികം സന്തോഷമായിരുന്നു എനിക്ക്. ഞാൻ എഴുന്നേറ്റപ്പോഴേക്കും ഡാഡി ഓഫീസിലേക്കും മമ്മി സഹോദരിമാരുടെ യോഗത്തിനും പോയി. രാവിലെ ബൈബിൾ വായിക്കാതെ രക്ഷപ്പെട്ടു, വയറുവേദനയെന്നു പറഞ്ഞതു കൊണ്ട് കുടുംബപ്രാർത്ഥനയ്ക്ക് ഇരിക്കേണ്ടി വന്നില്ല. ആകപ്പാടെ നല്ലൊരു ദിവസം തന്നെ.

സാധാരണ അങ്ങനെയല്ല, സഹോദരന്മാർ ആരെങ്കിലുമൊക്കെ വരും. യോഗത്തിനു വരണമെന്നും രക്ഷിക്കപ്പെടണമെന്നും പറയും. അല്പം സ്വാതന്ത്ര്യം പോലും തരില്ല. കൂട്ടുകാരോടൊത്ത് അടിച്ചുപൊളിച്ചു ജീവിക്കാമെന്നു വെച്ചാൽ അതിനും സ്വാതന്ത്ര്യമില്ല. അതാണ് എന്റെ ഗതി. ഇന്നെന്തായാലും അല്പം സ്വാതന്ത്ര്യം കിട്ടി.

രാവിലെ തന്നെ ഞാൻ ടി.വി. ഓൺ ചെയ്തു. നല്ല ഒരു സിനിമ കണ്ട് ആസ്വദിച്ചിരിക്കുകയായിരുന്നു ഞാൻ. പെട്ടെന്ന് ആരോ എന്നെ തട്ടിവിളിച്ചല്ലോ എന്നു തോന്നി. തിരിഞ്ഞു നോക്കിയ ഞാൻ ആ രൂപം കണ്ടു പകച്ചു പോയി. തല നരച്ചു, വികൃതമുഖവുമായി ഒരു മനുഷ്യൻ അതാ നിൽക്കുന്നു. നിങ്ങളാരാണ് ? അല്പം ഭയത്തോടെ ഞാൻ ചോദിച്ചു. ഞാൻ നീയാണ്; അദ്ദേഹം മറുപടി പറഞ്ഞു. അതെങ്ങനെ ഒക്കും. അദ്ദേഹം പറഞ്ഞു; വരൂ... കാണിച്ചു തരാം. അദ്ദേഹം എന്നെ ഒരു ടണലിൽ കൂടെ കൊണ്ടു പോയി. കൂരിരുട്ട്. ഇടയ്ക്കിടയ്ക്ക് അല്പം വെളിച്ചം കാണുന്നുണ്ട്.

കുറച്ച് നടന്നു കഴിഞ്ഞപ്പോൾ ഒരു വലിയ വെളിച്ചം ഞാൻ കണ്ടു. എനിക്കു സന്തോഷമായി. എന്നാൽ വൃദ്ധനായ മനുഷ്യൻ ആ വെളിച്ചം കെടുത്തിക്കളഞ്ഞു. ഞാൻ വളരെ കോപത്തോടെ അദ്ദേഹത്തോടു ചോദിച്ചു; താങ്കൾ എന്തിനാണതു കെടുത്തിയത്. ഞാനോ? അല്ല; നീയാണതു കെടുത്തിയതു അദ്ദേഹം പ്രതിവചിച്ചു. അതു വചനപഠനത്തിന്റെ വെളിച്ചമായിരുന്നു.

വീണ്ടും ഇരുട്ടിൽ കൂടി അദ്ദേഹം എന്നെ നടത്തി. അല്പം മുമ്പി ലായി അതാ വെളിച്ചം. എനിക്കു സന്തോഷമായി. എന്നാൽ അദ്ദേഹം ആ വെളിച്ചവും കെടുത്തിക്കളഞ്ഞു. എന്നെ ഇരുട്ടിലൂടെ തന്നെ നട ത്തണമെന്ന് താങ്കൾക്കെന്താ ഇത്ര വാശി? ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു; നീ കണ്ടതു പ്രാർത്ഥനയുടെ വെളിച്ചമായിരുന്നു. അതു ഞാനല്ല നീ തന്നെയാണ് കെടുത്തിയത്. വീണ്ടും നടക്കവെ ഇരുട്ടിനു കട്ടി കൂടിവന്നു. അല്പം അകലെ വീണ്ടും വെളിച്ചം കണ്ട ഞാൻ ആശ്വ സിച്ചു. അവിടെത്തിയതും അദ്ദേഹം ആ വെളിച്ചവും കെടുത്തിക്കള ഞ്ഞു. ഇപ്രാവശ്യം എന്റെ സകല നിയന്ത്രണവും വിട്ട് ഞാനലറി; ഹേ മനുഷ്യാ താങ്കൾ എന്താണീ ചെയ്യുന്നത്. എന്നെ കൂരിരുട്ടിലാക്കാൻ കച്ച കെട്ടിയിറങ്ങിയിരിക്കയാണോ താങ്കൾ. അദ്ദേഹം പറഞ്ഞു; ആ വെളിച്ചം കെടുത്തിയതും നീ തന്നെയാണ്. അതു സഭാ കൂട്ടായ്മയുടെ വെളിച്ചമായിരുന്നു.

അല്പം നിരാശ തോന്നിയെങ്കിലും ഇരുട്ടിലൂടെ അദ്ദേഹത്തോടൊപ്പം യാത്ര തുടർന്നു. അപ്പോൾ അതാ കണ്ണഞ്ചിപ്പിക്കുന്ന ഒരു വെളിച്ചം . ഇക്കുറി ഞാൻ രക്ഷപ്പെട്ടു എന്നു ചിന്തിക്കവെ അദ്ദേഹം അതും കെടു ത്തിക്കളഞ്ഞു. ഞാൻ ചോദിക്കും മുമ്പേ അദ്ദേഹം എന്നോടു പറഞ്ഞു ഈ പ്രകാശം കെടുത്തിയതും നീ തന്നെ. അതു രക്ഷയുടെ പ്രകാശമാ യിരുന്നു.

എന്റെ ഹൃദയത്തിൽ ദുഃഖം തളം കെട്ടാൻ തുടങ്ങി. ആകെ ഒരു ശൂന്യത. കൂരിരുട്ടിൽ കൂടി അദ്ദേഹം എന്നെ കൈക്കു പിടിച്ചു വലിച്ചു. പെട്ടെന്നെന്റെ ചെവിയിൽ കൂട്ടക്കരച്ചിലിന്റേയും പല്ലുകടിയുടെയും ഞര ക്കത്തിന്റേതുമായ ശബ്ദം മുഴങ്ങി. ഞാനാകെ പരിഭ്രമിച്ചു. വിറയലോടെ ഞാൻ ചോദിച്ചു. എന്താണ് ആ ശബ്ദം? നിന്നെപ്പോലെ മുൻപിൽ തെളിയുന്ന പ്രകാശത്തെ കെടുത്തിക്കളയുന്നവർ ചെന്നെത്തുന്ന ദൈവിക ശിക്ഷാവിധിയാകുന്ന നിത്യനരകം. ഞാനാകെ വിയർത്തു പോയി.

കതകിൽ ആരോ ശക്തിയായി മുട്ടുന്നതു കേട്ട് ഞാൻ ഞെട്ടി എഴു ന്നേറ്റ് വാതിൽ തുറന്നു. അതു മമ്മിയായിരുന്നു. ടി.വിയ്ക്കു മുമ്പിലി രുന്ന് മയങ്ങിപ്പോയ ഞാൻ എന്റെ നിത്യതയെ കണ്ടു ഭയന്നു പോയി രുന്നു. മമ്മിക്കു മുഖം കൊടുക്കാതെ ഞാൻ എന്റെ മുറിയിൽ ചെന്നു കതകടച്ചു, മുട്ടുകുത്തി എന്റെ പാപങ്ങളെ ഏറ്റുപറഞ്ഞു. യേശുക്രി

സ്തുവിനെ എന്റെ ഏകരക്ഷകനും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ചു. എന്റെ ഭയം മാറി. സ്വർഗ്ഗീയ സന്തോഷം എന്റെ ഹൃദയത്തിൽ വന്നു.

അന്നു ഞാനൊരു തീരുമാനമെടുത്തു. ഞാൻ ഇനി മുടങ്ങാതെ ബൈബിൾ വായിച്ചു ധ്യാനിക്കും. പ്രാർത്ഥിക്കയും കൂട്ടായ്മ യോഗങ്ങളിൽ കടന്നു പോകയും ചെയ്യും. പിന്നീടൊരിക്കലും ആ വൃദ്ധനെ ഞാൻ കണ്ടില്ല. കാരണം ക്രിസ്തുവിൽ ഞാനൊരു പുതിയ സൃഷ്ടിയായി; എന്റെ ജീവിതം അനുഗ്രഹീതമായി.

# "അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്" (ഗലാ. 5:1)

"മുകളിൽ പറഞ്ഞിരിക്കുന്ന വാക്യം സഹോദരിമാരായ നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഇതിന്റെ അർത്ഥം മനസ്സിലാക്കണമെങ്കിൽ നമ്മൾക്ക് എങ്ങനെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു എന്നും എങ്ങനെ ആ സ്വതന്ത്ര്യം തിരിച്ച് കിട്ടി എന്നും അറിഞ്ഞിരിക്കണം.

ദൈവം തന്റെ സ്വരൂപത്തിൽ നിലത്തിലെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചു. അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, അങ്ങനെ മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു. ഇങ്ങനെ സൃഷ്ടിച്ച പുരുഷനിൽ പുരുഷന്റെ സൃഷ്ടിയോടൊപ്പം തന്നെ പുരുഷനിൽ മറഞ്ഞിരുന്ന ഒരു വ്യക്തിയായിരുന്നു സ്ത്രീയെന്നു മനസ്സിലാക്കാം. (ഉല്പ. 1:27,2-7).

മനുഷ്യനെ ഏദെൻതോട്ടത്തിലാക്കി അവന് ദൈവം ഉത്തരവാദിത്വങ്ങളും കല്പനകളും കൊടുത്തു (ഉല്പ. 2: 15,17). മാത്രമല്ല പുരുഷന്റെ മുമ്പിൽ ജീവജാലങ്ങളെ എല്ലാം വരുത്തി. മനുഷ്യൻ അവയ്ക്ക് പേരിട്ടു. അതിന് ശേഷം മനുഷ്യിൽ നിന്ന് വാരിയെല്ല് എടുത്ത് സ്ത്രീയാക്കി. എന്തിന് വേണ്ടിയെന്നോ? പുരുഷന് തക്ക തുണയായിരിക്കുവാൻ.

സ്ത്രീ തക്ക തുണയായി ജീവിച്ചിരുന്നെങ്കിൽ അവളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുകയില്ലായിരുന്നു. തക്ക തുണയായിരിക്കേണ്ട സ്ത്രീ തോട്ടത്തിൽ അലഞ്ഞു നടക്കുകയാണ്. അതു നോക്കിയിരുന്ന പിശാച് തന്റെ പരിപാടി ആരംഭിച്ചു. പാമ്പിനെ കണ്ടപ്പോൾ അതിന്റെ ശബ്ദം കേട്ടപ്പോൾ, സംശയം, ആഗ്രഹം ഇവ ഹൃദയത്തിൽ ഉണ്ടായപ്പോൾ തന്റെ ഭർത്താവിന്റെ അടുക്കലേയ്ക്ക് ഒന്ന് ഓടിപ്പോയിരുന്നെങ്കിൽ പാപത്തിന്റെ ഫലം അനുഭവിക്കേണ്ടിവരികയില്ലായിരുന്നു. എന്നാൽ അവൾ പാപത്തിൽ വീണു. സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. (ഉല്പത്തി 3:6,7).

പാപത്തിന്റെ ഫലമായി ഒന്നാമതായി ദൈവത്തോടുള്ള സഖിത്വം നഷ്ടപ്പെട്ടു. ദൈവത്തോട് ഒന്നിച്ചു നടന്നിരുന്ന അവർ ഇന്ന് ദൈവവു

മായുള്ള കൂട്ടായ്മ നഷ്ടപ്പെട്ട് ഓടി ഒളിക്കുകയാണ്. രണ്ടാമതായി സ്ത്രീക്ക് കഷ്ടവും ദുഃഖവും ഗർഭധാരണവും ഉണ്ടാകും. മൂന്നാമതായി അവളോട് പറയുന്നത് നിന്റെ ആഗ്രഹം ഭർത്താവിനോടായിരിക്കും. അവൻ നിന്നെ ഭരിക്കും. നാലാമതായി തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ടു.

ദൈവം സ്ത്രീയോടു പറഞ്ഞു; അവൻ നിന്നെ ഭരിക്കും. എന്നാൽ സ്ത്രീകളായ നമ്മളെ സംബന്ധിച്ചിടത്തോളം നാം പുരുഷന്മാരെ ഭരിക്കുവാൻ ആഗ്രഹിക്കുന്നവരാണ്. നാം അത് സമ്മതിക്കുകയില്ലെങ്കിലും പാപത്തിന്റെ ഫലമായി പാപസ്വഭാവം കൊണ്ട് ചെയ്യരുതെന്ന് പറയുന്നത് ചെയ്യുന്നവരാണ്. അതുകൊണ്ടു തന്നെ നാം കരുതലുള്ളവരായിരിക്കണം.

നൂറ്റാണ്ടുകൾ പലതും കഴിഞ്ഞു. ദൈവം സ്ത്രീയെ മറന്നുകളഞ്ഞില്ല. സ്ത്രീ മുഖാന്തരം ഉണ്ടായ ശാപം മാറ്റുവാനായി സ്ത്രീയിൽ കൂടെത്തന്നെ അനുഗ്രഹം തരുവാൻ. നമ്മുടെ നിന്ദ മാറ്റുവാൻ സർവ്വജ്ഞാനിയായ സർവ്വകൃപാലുവായ ദൈവത്തിന് പ്രസാദം തോന്നി.

സ്ത്രീയുടെ സന്തതിയായി സ്ത്രീയിൽ നിന്ന് ജനിച്ച കർത്താവായ യേശുക്രിസ്തു (ഗലാ. 4:4) മുഖാന്തരം പാപത്തിൽ നിന്ന് നമ്മെ രക്ഷിച്ചു. അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യം നൽകി. ക്രിസ്തുവിനോട് കൂട്ടായ്മ തന്നു. മാത്രമല്ല നാമിന്ന് ക്രിസ്തുവിനെ ധരിച്ചിരിക്കുന്നവരാണ്. അതിൽ ആണ് പെണ്ണ് എന്നില്ല. നാം ക്രിസ്തുയേശുവിൽ ഒന്നത്രേ. (ഗലാ. 3:28).

ഒരു പ്രാവശ്യം കല്പന അനുസരിക്കാത്തതു മുഖാന്തരം നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. എന്നാൽ ഇനി കല്പന അനുസരിക്കുന്നവരായിരിക്കുവാൻ സഹോദരിമാരേ നമ്മൾക്ക് ശ്രമിക്കാം.

1 തിമൊ. 2:11 ലും 1 കൊരി. 14:34 ലും പറയുന്നതുപോലെ "വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപ്പോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ" അടുത്ത വാക്യത്തിൽ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്ക് അനുവാദമില്ലാ എന്നും ദൈവവചനം നമ്മെ ഓർപ്പിക്കുന്നു.

ഒരു പ്രാവശ്യം നമ്മൾ നന്നായി സംസാരിച്ചു. സംസാരിക്കേണ്ടവനോട് സംസാരിക്കുവാൻ അറിയാതെ സംസാരിച്ചതു മുഖാന്തരം പാപ

ത്തിന് അടിമയായി. ശാപത്തിന് അർഹരായി. നാം സംസാരിക്കുന്നത് അനുചിതമാണെന്ന് ദൈവം മനസ്സിലാക്കി ഈ കല്പന തന്നു. ഇത് പൂർണ്ണമായി അനുസരിക്കാം. നമ്മൾക്ക് കിട്ടിയ സ്വാതന്ത്ര്യം നഷ്ടമാക്കാതെ ദൈവം നമ്മെ വിവിധങ്ങളായ ചുമതലകളും, ശുശ്രൂഷകളും വാഗ്ദത്തങ്ങളും ഏല്പിച്ചിട്ടുണ്ടെന്നു മനസ്സിലാക്കി നമ്മെ ഏല്പ്പിച്ച ശുശ്രൂഷകൾ ചെയ്തുകൊണ്ടു കർത്താവിന്റെ കല്പനകളെ പ്രമാണിച്ചുകൊണ്ട് ലജ്ജിക്കാത്ത സാക്ഷികളായി നില്പാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# നൊവെമിയുടെ തിരഞ്ഞെടുപ്പ്

ഏലിമെലെക്കും കുടുംബവും യെഹൂദ്യയിലെ ബേത്ത്ളേഹമിൽ അല്ലെങ്കിൽ അപ്പത്തിന്റെ വീട്ടിൽ നിന്ന് ക്ഷാമമുണ്ടായപ്പോൾ മോവാബ് ദേശത്ത് പോയി. അവർ അവിടെ താമസിച്ചപ്പോൾ തങ്ങളുടെ സ്വന്തം ദേശം ഇതല്ല എന്നുള്ളത് മറന്ന് അവിടെ നിന്ന് ഏലിമെലെക് മക്കൾക്കായി ഭാര്യമാരെ എടുത്തു. മൊവാബ്യരെക്കുറിച്ച് ദൈവം പറഞ്ഞിരിക്കുന്നത് അവരുടെ പത്താംതലമുറ പോലും ദൈവസന്നിധിയിൽ പ്രവേശിക്കരുത് എന്നാണ്. അവരുടെ ദേവന്മാർ കെമസും ബാൽപേയോരും ആയിരുന്നു. ഈ ദേവന്മാരെ പ്രസാദിപ്പിക്കുന്നതിന് വേണ്ടി കുഞ്ഞുങ്ങളെയും സ്ത്രീകളെയും അവർ ബലി കഴിച്ചിരുന്നു. അങ്ങനെയുള്ളവരുടെ നാട്ടിൽ പോയി എന്നു മാത്രമല്ല അന്യജാതിക്കാരുമായി സംബന്ധം ചെയ്യരുത്. (ആവർത്തന 7:3–6) എന്ന കല്പന ലംഘിച്ച് അവരുടെ രണ്ട് പുത്രന്മാരായ മഹ്ലോനും കില്ല്യോനും വേണ്ടി മോവാബ് സ്ത്രീകളെ ഭാര്യമാരായി എടുത്തു.

ഏലിമെലെക്കും, മഹ്ലോനും കില്ലോനും മരിച്ചു. നൊവൊമിയും, ഓർപ്പയും, രൂത്തും അവശേഷിച്ചു. നൊവൊമി ഒരു തിരഞ്ഞെടുപ്പിന്റെ ഘട്ടത്തിലാണ് മോവാബിൽ പാർക്കേണമോ അതോ തന്റെ സ്വന്തം ദേശത്തേക്കു പോകണമോ? നൊവൊമി സ്വന്തദേശത്തേക്കു പോകുവാൻ തീരുമാനിച്ച് മരുമക്കളോട് വിവരം പറഞ്ഞു. ഓർപ്പ അമ്മയെ ചുംബിച്ചു മോവാബിൽ തന്നെ പാർത്തു. രൂത്ത് നൊവൊമിയോട് കൂടി യാത്ര ചെയ്ത് യെഹൂദയിൽ എത്തി. അവർ ബേത്തവെമിൽ എത്തിയപ്പോൾ പട്ടണം മുഴുവനും അവരുടെ നിമിത്തം ഇളകി. ഇവൾ നൊവെമിയോ എന്ന സ്ത്രീജനം പറഞ്ഞു. അവൾ അപ്പോൾ പറഞ്ഞത് ഞാൻ ഇപ്പോൾ നൊവൊമിയല്ലാ മാറായാണ്.

മരുമകൾക്കായി കരുതുകയും നല്ല ആലോചന പറഞ്ഞുകൊടുക്കുകയും ചെയ്യുന്ന ഒരു അമ്മായിയമ്മയെ നമ്മൾക്ക് നെവൊമിയിൽ ദർശിക്കാം. തന്റെ മരുമകൾക്കായി ഒരു വിശ്രമസ്ഥലം ആവശ്യമാണെന്ന

റിഞ്ഞ രൂത്തിനോട് ബോവസിന്റെ കളത്തിൽ ചെല്ലുവാനും അവന്റെ കാലിലുള്ള പുതപ്പ് നീക്കി അവിടെ കിടക്കുവാനും പറഞ്ഞു കൊടുക്കുന്നു . ബോവസ്സ് വീണ്ടെടുപ്പ്കാരനാണെന്ന് മനസ്സിലാക്കി. അതനുസരിച്ചു പ്രവർത്തിച്ചതുകൊണ്ട് രൂത്തിന് ഒരു വിശ്രമ സ്ഥലം ലഭിക്കുന്നതായി കാണാം.

നൊവൊമിയുടെ തിരഞ്ഞെടുപ്പിന്റെ ഫലം അവൾ അനുഭവിക്കുന്നതായി കാണുന്നു. ബോവസ്സ് രൂത്തിനെ വിവാഹം കഴിച്ച ദൈവം അവർക്ക് ഒരു മകനെ നല്കുന്നു. അപ്പോൾ സ്ത്രീകൾ പറയുന്നത് ഇന്ന് നിനക്ക് ഒരു വീണ്ടെടുപ്പുകാരനെ നല്കിയിരിക്ക കൊണ്ടു യഹോവ വാഴ്ത്തപ്പെട്ടവൻ. അതെ നൊവൊമി കുഞ്ഞിനെ എടുത്തു മടിയിൽ കിടത്തി അവന് ധാത്രിയായിത്തീർന്നു. നൊവൊമിക്ക് ഒരു മകൻ ജനിച്ചു എന്നു പറഞ്ഞു അവന് ഓബേദ് എന്നു പേരിട്ടു. ആദ്യത്തെ തിരഞ്ഞെടുപ്പ് നൊവൊമിയെ മാറയാക്കി തീർത്തെങ്കിലും മോവാബ് വിട്ട് ബേത്ത്ലഹേമിലേക്ക് വരുവാനുള്ള അവളുടെ തിരഞ്ഞെടുപ്പും, മരുമകളെ ഉപദേശിക്കയും സ്നേഹിക്കയും ചെയ്തതു മുഖാന്തരം അവൾ തിരിച്ച് നൊവൊമിയായി -നിറഞ്ഞവളായി തീരുവാൻ ഇടയായി. അവളുടെ നല്ല തിരഞ്ഞെടുപ്പു മുഖാന്തരം- അവളും കുടുംബവും അനുഗ്രഹിക്കപ്പെടുവാനും ദൈവനാമം മഹത്വപ്പെടുവാനും ഇടയാകുന്നു. നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലം നാം അനുഭവിക്കും.

# രൂത്തിന്റെ തിരഞ്ഞെടുപ്പ്

ഭർത്താവ് മരിച്ചു അമ്മായിയപ്പനും ചേട്ടനും മരിച്ചു. ഒടുവിൽ അമ്മായിയമ്മയും മരുമക്കളും അവശേഷിച്ചു. അമ്മ തിരിച്ചു സ്വന്ത നാട്ടിലേക്കു പോകുവാൻ തീരുമാനിച്ചു. ചേട്ടത്തി അമ്മയെ കെട്ടിപ്പിടിച്ചു. കരഞ്ഞു ചുംബിച്ചു പിരിഞ്ഞു, മോവാബിൽ സ്വന്ത ദേശത്തു തന്നെ താമസിക്കുവാൻ തീരുമാനിച്ചു. ഈയവസരത്തിൽ രൂത്തിന്റെ തിരഞ്ഞെടുപ്പ് വളരെ പ്രധാനമർഹിക്കുന്നതാണ്. അതിന് രൂത്ത് നിന്നെ വിട്ടു പിരിയുവാനും നിന്റെ കൂടെവരാതെ മടങ്ങിപ്പോകുവാനും എന്നോട് പറയരുതേ. നീ പോകുന്നേടത്തു ഞാനും പോരും. നീ പാർക്കുന്നേടത്ത് ഞാനും പാർക്കും. നിന്റെ ദൈവം എന്റെ ദൈവം. നീ മരിക്കുന്നേടത്തു ഞാനും മരിച്ചു അടക്കപ്പെടും. മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ട് പിരിഞ്ഞാൽ യഹോവ തക്കവണ്ണവും അധികവും എന്നോട് ചെയ്യുമാറാകട്ടെ എന്ന് പറഞ്ഞു. അവർ അങ്ങനെ യാത്ര ചെയ്തു രണ്ട് സ്ത്രീകൾ യഹൂദ്യയിലെ ബേത്ത്‌ലെഹമിൽ എത്തി. (രൂത്ത് 1:16)

അദ്ധ്വാനിക്കുവാൻ മനസ്സുള്ള രൂത്തിനെ നമ്മൾക്ക് കാണാം. മോവാബ് സ്ത്രീയായ രൂത്ത് ഞാൻ വയലിൽ ചെന്ന് എന്നോട് ദയ കാണിക്കുന്നവനെ ആശ്രയിച്ച് കതിർ പെറുക്കട്ടെ എന്നു പറഞ്ഞു. അങ്ങനെ അവൾ പെറുക്കി അവളെക്കുറിച്ചു കൊയ്ത്തുകാരുടെ മേലാൾ പറയുന്നത് അവൾ കാലത്തു വന്ന് ഇതുവരെ പെറുക്കി കൊണ്ടിരിക്കുന്നു വീട്ടിൽ അല്പനേരമേ താമസിച്ചുള്ളു.

അമ്മായിയമ്മയ്ക്കായി കരുതുന്ന മരുമകൾ. അവൾ പെറുക്കിയതു വീട്ടിൽ കൊണ്ടുവന്നു എന്ന് മാത്രമല്ല അവൾക്കു ലഭിച്ച ഭക്ഷണത്തിന്റെ ഒരംശവും അമ്മായിയമ്മയ്ക്ക് കൊണ്ടുവരുന്നു. അനുസരിക്കുന്ന രൂത്ത് തന്റെ ജീവിതത്തിൽ ഉണ്ടായ കാര്യങ്ങൾ എല്ലാം നൊവൊമിയോട് പറയുന്നത് മാത്രമല്ല നൊവൊമി പറയുന്നതനുസരിച്ച് ചെയ്യുന്നതായി കാണാം. അവിടെ തന്നെ പെറുക്കുക മാത്രമല്ല നൊവൊമി പറഞ്ഞതനുസരിച്ച് ബോവസിന്റെ കളത്തിൽ പോകുന്നതായി കാണാം.

സ്നേഹിക്കുന്ന രൂത്ത്. മറ്റുള്ളവർ നൊവൊമിയോട് പറയുന്നത് നിന്നെ സ്നേഹിക്കുന്നവളും ഏഴുപുത്രന്മാരേക്കാൾ ഉത്തമയുമായി രിക്കുന്ന നിന്റെ മരുമകളല്ലോ അവനെ പ്രസവിച്ചത്. നല്ലൊരു മരുമ കൾ. രൂത്ത് നല്ലതു തിരഞ്ഞെടുത്തതു മുഖാന്തരം അവൾ അനുഗ്രഹി ക്കപ്പെടുവാനും അവളുടെ പേരു യേശുവിന്റെ ജനനപട്ടികയിൽ വരു വാനും ഇടയായി (മത്തായി 1:5)

പ്രിയസഹോദരിമാരെ നമ്മൾ ഓരോ ദിവസവും അനേക കാര്യ ങ്ങളിൽ തീരുമാനം എടുക്കേണ്ടവരാണ്. നമ്മുടെ തിരഞ്ഞെടുപ്പ് അനു സരിച്ചു ഇരിക്കും നമ്മുടെ ജീവിതവും നമ്മുടെ കുഞ്ഞുങ്ങളുടെ ജീവി തവും. രാവിലെ മുതൽ ദൈവഹിതപ്രകാരം അവന്റെ ഇഷ്ടമനുസരിച്ച് ഓരോ കാര്യങ്ങൾ തിരഞ്ഞെടുക്കുവാൻ കർത്താവ് നമ്മെ സഹായി ക്കട്ടെ. നന്മ തിരഞ്ഞെടുത്താൽ നന്മ അനുഭവിക്കും. തിന്മ തിരഞ്ഞെടു ത്താൽ തിന്മ മാത്രം അനുഭവിക്കുകയുള്ളു. യോഹന്നാൻ അപ്പൊസ്ത ലൻ ഗായൊസിന് എഴുതുമ്പോൾ പറയുന്നതുപോലെ 'പ്രിയനേ നന്മ യല്ലാതെ തിന്മ അനുകരിക്കരുത്, നന്മ ചെയ്യുന്നവൻ ദൈവത്തിൽ നിന്നും ഉള്ളവൻ ആകുന്നു. തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ല. രൂത്തി നെപ്പോലെ, തിരഞ്ഞെടുക്കുവാൻ കർത്താവ് നമ്മെ സഹായിക്കുമാറാ കട്ടെ.

# കുശവന്റെ കൈയ്യിലെ കളിമണ്ണ്

"മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട് നീ എന്നെ ഇങ്ങനെ ചമെച്ചതു എന്ത് എന്ന് ചോദിക്കുമോ? അല്ല കുശവന് അതേ പിണ്ഡത്തിൽ നിന്ന് ഒരു പാത്രം മാനത്തിനും മറ്റൊരു പാത്രം അപമാനത്തിനും ഉണ്ടാകുവാൻ മണ്ണിന്മേൽ അധികാരം ഇല്ലയോ" (റോമർ 9:20,21).

മണ്ണു കൊണ്ടുള്ള കളിമൺ പാത്രങ്ങളും, പൂച്ചട്ടികളും ഫ്ളവർവെയ്സുകളും കാണാൻ എന്തു രസമാണല്ലേ. മണ്ണുകൊണ്ട് ഇത് എങ്ങനെയാണ് ഇത്ര മനോഹരമായി നിർമ്മിക്കുന്നത് എന്നു ചിന്തിച്ചുപോകും. കളിമണ്ണ് തരിയും കല്ലും മാറ്റി വെള്ളമൊഴിച്ച് നന്നായി ചവിട്ടിക്കുഴച്ച് പാത്രമുണ്ടാക്കാൻ പാകത്തിലാക്കിയെടുക്കുന്നു. ഈ കളിമണ്ണ് എടുത്തു കുശവന്റെ ചക്രത്തിലിട്ട് അതിവേഗത്തിൽ കറക്കി കുശവനിഷ്ടപ്പെട്ട ആകൃതിയിൽ അതിനെ മെനഞ്ഞെടുക്കുന്നു. ആ പാത്രങ്ങൾ വെയിലത്ത് വച്ച് ഉണക്കി തീച്ചൂളയിലിട്ട് ചുട്ടെടുത്തു കഴിയുമ്പോൾ നാം ഇന്ന് കാണുന്ന ഭംഗിയും ഉറപ്പും ആ പാത്രങ്ങൾക്ക് ലഭിക്കുന്നു.

ചിലപ്പോൾ പാത്രങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ അത് കുശവനിഷ്ടപ്പെട്ടില്ലെങ്കിൽ അതെടുത്തു ഉടച്ച് പുതിയ രൂപത്തിൽ പണിയുകയും ചെയ്യുന്നു.

പ്രിയ സഹോദരിമാരേ, കർത്താവ് നമ്മുടെ പിതാവും നാം കളിമണ്ണുമാണെന്ന് യെശയ്യാ പ്രവചനത്തിൽ പറയുന്നു. (64:6) നമ്മുടെ കഴിവുകളും ബലഹീനതകളും നാം ജനിച്ചു വളർത്തപ്പെടുന്ന ദേശവും ഒന്നും നമ്മുടെ ഇഷ്ടപ്രകാരമല്ല മറിച്ച് നമ്മെ നിർമ്മിച്ച പിതാവിന്റെ പൂർണ്ണ ഇഷ്ടപ്രകാരമാണ് നമ്മെ സൃഷ്ടിച്ചിരിക്കുന്നത്.

എന്നാൽ പരിപൂർണ്ണ സ്വാതന്ത്ര്യമുള്ള ഇച്ഛാ ശക്തിയോടു കൂടിയാണ് ദൈവം നമ്മെ നിർമ്മിച്ചത്. അതുകൊണ്ട് ഏതു സാഹചര്യത്തിലും നാം തൃപ്തരായിരിക്കേണ്ടതാണ്. നമ്മുടെ ദൈവത്തെ ഒരു കാര്യത്തിലും ചോദ്യം ചെയ്യാൻ പാടില്ല. (യിരെമ്യാവ് 18:16) നമ്മുടെ ദൈവം നമ്മെ

സൃഷ്ടിക്കുക മാത്രമല്ല ചെയ്തത്. പിന്നെയോ നമ്മുടെ പാപത്തിൽ നിന്നും നമ്മെ രക്ഷിക്കുവാൻ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി ഈ ലോകത്തിലേക്കു വരികയും നമ്മെ സ്നേഹിച്ച് സ്വന്തം ജീവൻ മറു വിലയായി കൊടുത്ത് നമ്മെ രക്ഷിച്ചു. ആ കർത്താവിനെ ഹൃദയത്തിൽ സ്വീകരിച്ച് ദൈവമക്കളായി അവന്റെ ഇഷ്ടത്തിനൊത്ത് ഫലം കായ്ക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ.

# മുറുകെപ്പറ്റിയിരിക്കുന്ന പാപം

*"എല്ലാ കയ്പും കോപവും ക്രോധവും ........
ദൂഷണവും സകല ദുർഗ്ഗുണവുമായി
നിങ്ങളെ വിട്ട് ഒഴിഞ്ഞുപോകട്ടെ (എഫെ. 4:31)."*

ഒരു വിശ്വാസിയുടെ ജീവിതത്തെ ഫലമില്ലാതാക്കാനും അതേ സമയം അനേകം കൂട്ടുവിശ്വാസികളെ ക്ഷീണിപ്പിക്കുവാനും ഇടയാകുന്ന പാപങ്ങളിൽ ഒന്നാണ് നമ്മിൽ നിന്നും ഉയരുന്ന കയ്പിന്റെ സ്വഭാവം

ഒരു വിശ്വാസിയുടെ ജീവിതത്തിൽ ദൈവത്തോടും, മനുഷ്യരോടും കയ്പിന്റെ അനുഭവം ഉണ്ടാകാം. ഇതുണ്ടാകുന്നതിന് കാരണങ്ങൾ പലതും കാണും. ദൈവാത്മാവ് പറയുന്നത് "എന്നാൽ നിങ്ങൾക്ക് ഹൃദയത്തിന്റെ കയ്പ്പുള്ള ഈർഷയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിന് വിരോധമായി പ്രശംസിക്കയും ഭോഷ്ക് പറയുകയും അരുത്. ഇതു ഉയരത്തിൽ നിന്ന് വരുന്ന ജ്ഞാനമല്ലാ, ഭൗമികവും പ്രാകൃതവും പൈശാചികവും ആയതത്രേ." (യാക്കോബ് 3:14).

"താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ട് യഹോവ ദുഃഖിച്ചു. അതിനാൽ അവന്റെ ഹൃദയം വേദന കൊണ്ട് നിറഞ്ഞു" (ഉല്പ 6:6). ദൈവത്തെ മനുഷ്യൻ വേദനിപ്പിക്കുകയും, കർത്താവിനെ അവർ ഉപദ്രവിക്കുകയും ചെയ്തു. എന്നാൽ ദൈവം എല്ലാ മനുഷ്യരോടും ക്ഷമിക്കുകയും, സ്നേഹിക്കുകയും ചെയ്യുന്നു. നമുക്കു പിന്തുടരുവാൻ കർത്താവ് നല്ല മാതൃക കാണിച്ചു തന്നിരിക്കുന്നു.

മറ്റുള്ളവർ നമ്മുടെ ജീവിതത്തിൽ വേദനകളും മുറിവുകളും ഉണ്ടാക്കുമ്പോൾ വളരെ പക്വതയോടു കൂടി അതിനെ വീക്ഷിക്കേണ്ടതാണ്. നമ്മുടെ ജീവിതം ദൈവകരങ്ങളിൽ ഭദ്രമാണെന്നും, നമ്മെ തൊടുന്നവർ കർത്താവിനെ തൊടുന്നതിന് തുല്ല്യമാണെന്നും നാം മനസ്സിലാക്കണം.

"നിങ്ങളെ തൊടുന്നവൻ എന്റെ കൃഷ്ണമണിയെ തൊടുന്നു" (സഖ. 2:8) നമ്മുടെ ജീവിതത്തിൽ മുറിവുകളുണ്ടാക്കുന്നവരോടു ക്ഷമിക്കുകയും, നമ്മുടെ ഹൃദയത്തിൽ നിന്നും മുറിവുകൾ നിമിത്തമുണ്ടാകുന്ന പക അകറ്റുകയും ചെയ്തില്ലെങ്കിൽ അത് കയ്പായി തീരും. ഈ കയ്പ് നമ്മുടെ ഇളം തലമുറയ്ക്ക് ഒടുങ്ങാത്ത ദോഷം വരുത്തിവയ്ക്കുകയും ചെയ്യും.

കയ്പ് ജീവിതത്തിലേക്ക് കടന്നുവന്നാൽ, സ്ഥാനമുറപ്പിച്ചാൽ പിന്നെ ക്ഷമ ജീവിതത്തിൽ നിന്നും ഇറങ്ങിപ്പോകുന്നു.

കയ്പിന്റെ അനുഭവം നമ്മുടെ ജീവിതത്തിൽ ഉണ്ടായാൽ അത് അനേകരുടെ നാശത്തിന് വഴി തെളിക്കും. "ആരും ദൈവകൃപ വിട്ടു പിൻമാറുകയും വല്ല കയ്പ്പുള്ള വേരും മുളച്ചു കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ" (എബ്രാ. 12:5).

നാം ആഗ്രഹിക്കുന്ന വിധത്തിൽ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ നമുക്ക് കോപമുണ്ടാകുന്നു. വ്യസനമുണ്ടാകുന്നു. കയീന്റെ യാഗം ദൈവം സ്വീകരിച്ചില്ല എന്നു കണ്ടപ്പോൾ അവന്റെ ഹൃദയത്തിനു മുറിവുണ്ടായി ആ മുറിവിനു പരിഹാരം കാണുവാൻ ദൈവസന്നിധിയിൽ ചെന്നിരുന്നുവെങ്കിൽ ഹാബേലിനെ കൊല്ലേണ്ടിവരികയില്ലായിരുന്നു. സ്വന്തം സഹോദരന്റെ ജീവിതത്തിനും തന്റെ ആത്മീക നാശത്തിനും കാരണമായി. ആദിയും, അന്തവും മുന്നമേ അറിയുന്ന സർവ്വജ്ഞാനിയായ ദൈവം നമ്മെ ഏതു സാഹചര്യത്തിലാക്കിയാലും അതു നമ്മുടെ നന്മയ്ക്കാണെന്ന് മനസ്സിലാക്കുവാൻ കഴിവില്ലാത്തവരായി തീരുമ്പോഴാണ് കയ്പും ക്രോധവും ഉണ്ടാകുന്നത്. മറ്റുള്ള പാപങ്ങളിൽ നിന്ന് ഇതിന് തികച്ചും വ്യത്യസ്തമായ ഒരു അനുഭവം കൂടിയുണ്ട്. നമ്മുടെ ആത്മാവിനെയും, ശരീരത്തെയും ക്ഷീണിപ്പിക്കുന്നതിനും, നശിപ്പിക്കുന്നതിനും ഇടയാകും. അതു നിമിത്തം അനേകം രോഗങ്ങൾക്കു അടിമകളാകുന്നതിന് ഏറെ സാദ്ധ്യതകളുണ്ട്. ദൈവം നമ്മുടെ ജീവിതത്തിൽ നിന്നും എന്ത് ആഗ്രഹിക്കുന്നുവോ അതുപോലെ പ്രവർത്തിക്കുവാൻ നമുക്കു സാധിക്കാതെ വരും. മാത്രമല്ല, നമുക്കു ലഭിക്കേണ്ട അനേകം പ്രതിഫലങ്ങൾ നഷ്ടമാകും.

സഹോദരിമാരായ നമ്മളാണ് ഈ പാപത്തിന് കൂടുതൽ അടിമകളാകുന്നത്. നാം പൂർണ്ണമായി കർത്തൃകരങ്ങളിൽ ഏൽപ്പിക്കുമ്പോൾ ഈ പാപത്തെ ജയിക്കുവാൻ സാധിക്കുന്നു. ജീവിതത്തിൽ വരാവുന്ന എല്ലാ കൈപ്പിന്റെ അനുഭവത്തേയും മാറ്റി ദൈവത്തിനു പ്രയോജനമുള്ളവരായി തമ്മിൽ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നമ്മോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിക്കുവാൻ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ (എഫെ. 4:32).

# നമ്മെ നശിപ്പിക്കുന്ന പാപം

ദൈവം നിഗളികളോടു എതിർത്തു നില്ക്കുന്നു. താഴ്മയുള്ള വർക്കോ കൃപ നല്കുന്നു. അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണി രിപ്പിൻ (1 പത്രൊ. 4:5).

നിഗളം ജീവിതത്തെ നശിപ്പിക്കുന്നു. ദൈവം സൃഷ്ടിച്ച ദൂതന്മാരിൽ പ്രധാനിയായിരുന്ന ഒരു ദൂതൻ ജ്ഞാന സമ്പൂർണ്ണനും സൗന്ദര്യസ മ്പൂർണ്ണനുമായിരുന്നു. താമ്രപാണി, പീതരത്നം, നീലകല്ല്, മാണിക്യം, മരതകം മുതലായ സകല രത്നങ്ങളും അവനെ മൂടിയിരുന്നു. അവ നിൽ നിഗളമുണ്ടായി. മറ്റുള്ള ദൂതന്മാരിൽ ഞാൻ ശ്രേഷ്ഠൻ എന്നു മാത്രമല്ല, തന്നെ സൃഷ്ടിച്ച ദൈവത്തേക്കാളും അവൻ വലിയവനാ ണെന്ന് അവന് തോന്നി. അവൻ പറയുന്നത് "ഞാൻ സ്വർഗ്ഗത്തിൽ കയറും എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്ക് മീതെ വയ്ക്കും. ഉത്തരദിക്കിന്റെ അന്ത്യത്തിൽ സമാഗമ പർവ്വതത്തിൽ ഞാൻ ഇരുന്നരുളും. ഞാൻ മേഘോന്നതങ്ങൾക്ക് മീതെ കയറും. ഞാൻ അത്യു ന്നതനോട് സമനാകും. നിഗളം ഉണ്ടായാൽ അതിന്റെ ഫലം എത്രയോ ലജ്ജാകരം. ദൈവം ഉന്നതഭാവത്തെ നശിപ്പിക്കും (യെശ. 10:12).

ദൈവം അവനെ താഴ്ത്തി പാതാളത്തിലേക്ക് തള്ളിയിട്ടു. രത്ന ങ്ങൾ കൊണ്ട് മൂടപ്പെട്ടവൻ ഇപ്പോൾ പുഴുക്കളാലും കൃമികളാലും മൂടപ്പെട്ടിരിക്കുകയാണ്. ദൈവം അവനോട് ചോദിക്കുന്നു അരുണോ ദയ പുത്രനായ ശുക്രാ നീ എങ്ങനെ ആകാശത്തു നിന്ന് വീണു. നീ പാതാളത്തിലേക്ക് നാശകൂപത്തിന്റെ അടിയിലേക്ക് തന്നെ വീഴും (യെ ശ്ശയ്യാവ് 14:11-14).

അഹങ്കാരിയുടെ വീട് യഹോവ പൊളിച്ചു കളയും (സദൃശ 15:25) . അഹശ്വരോശ് രാജാവ് ഹാമാന് സകല പ്രഭുക്കന്മാരേക്കാളും കയറ്റവും ഉന്നത പദവിയും കൊടുത്തു. എല്ലാവരും ഹാമാനെ കുമ്പിട്ട് നമസ്ക്ക രിച്ചു. മൊർദ്ദേഖായി മാത്രം അവനെ കുമ്പിട്ടില്ല. യെഹൂദനായ മൊർദ്ദേ ഖായിയെ മാത്രം നശിപ്പിക്കുന്നത് ഹാമാന് കുറവായി തോന്നി. അവന്റെ നിഗളം കാരണം യെഹൂദന്മാരെ മുഴുവനും നശിപ്പിക്കുവാൻ അവൻ തീരുമാനമെടുക്കുന്നു. എന്നാൽ ദൈവം നിഗളികളോട് എതിർത്തു

നിൽക്കുന്നു. മൊർദ്ദേഖായിക്കു വേണ്ടി അമ്പതു മുഴം ഉയരമുള്ള ഒരു കഴുമരം ഉണ്ടാക്കുന്നു. അഹശ്വേരേശ് ഒരു സ്വപ്നം കാണുന്നു. അവൻ ഉറക്കമില്ലാതെയാകുന്നു. ദിനവൃത്താന്ത പുസ്തകം കൊണ്ട് വന്ന് വായിക്കുന്നു. തന്നെ മരണത്തിൽ നിന്ന് രക്ഷിച്ച മൊർദ്ദേഖായിയ്ക്കു വേണ്ടി ഒന്നും ചെയ്തിട്ടില്ല എന്നു മനസ്സിലാക്കുന്നു. മൊർദ്ദേഖായിയെ ബഹുമാനിക്കുവാൻ രാജാവ് നിശ്ചയിക്കുന്നു. തന്നെയാണ് രാജാവ് ബഹുമാനിക്കുവാൻ പോകുന്നതെന്ന് ഹാമാൻ വിചാരിച്ചു. അതുകൊണ്ട് അവൻ അതുപോലെ മൊർദ്ദേഖായിക്കു വേണ്ടി ചെയ്തു. മൊർദ്ദേഖായിയുടെ തലയിൽ രാജകിരീടവും, രാജാവ് ധരിക്കുന്ന വസ്ത്രവും ധരിപ്പിച്ചു രാജാവിന്റെ കുതിരയിൽ കയറ്റി. അവനെ പട്ടണം മുഴുവൻ ഹാമാൻ കൊണ്ടു നടന്നു. കൂടാതെ ഹാമാൻ മൊർദ്ദേഖായിയുടെ മുൻപിൽ രാജാവ് ബഹുമാനിപ്പാൻ ഇച്ഛിക്കുന്ന പുരുഷനെ ഇങ്ങനെ ചെയ്യും എന്ന് വിളിച്ച് പറഞ്ഞു കൊണ്ട് നടന്നു. ഹാമാന്റെ വീഴ്ച എത്ര ലജ്ജാകരം. (എസ്ഥേർ 6:6-11).

താമസിയാതെ യെഹൂദജനത്തെ നശിപ്പിക്കുവാൻ തീരുമാനിച്ച കാരണവും എസ്ഥേറിന്റെ മൊഴി മുഖാന്തരവും ഹാമാനെ അവൻ മൊർദ്ദേഖായിക്ക് വേണ്ടി ഉണ്ടാക്കിയ കഴുമരത്തിൽ തൂക്കിക്കൊല്ലുവാൻ കല്പിച്ചു. കൂടാതെ ഹാമാന്റെ പത്തു പുത്രന്മാരെയും കൊന്ന് കളഞ്ഞു. അങ്ങനെ നിഗളിച്ചു നടക്കുന്നവരെ നീ താഴ്ത്തും. (സങ്കീർത്തനങ്ങൾ 18:27).

പ്രിയരേ, നാം നമ്മുടെ ഹൃദയത്തെ താഴ്ത്തി, സർവ്വശക്തനായ ദൈവമാണ് സകലവും നിയന്ത്രിക്കുന്നത് എന്ന് മനസ്സിലാക്കി താഴ്മയോടെ ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. തന്റെ ഉള്ളംകൈകൊണ്ട് വെള്ളം അളക്കുകയും ഭൂമിയുടെ പൊടി നാഴിയിൽ കൊള്ളിക്കയും ചെയ്യുന്ന ദൈവത്തിന്റെ മുൻപിൽ മനുഷ്യ ജാതികൾ തുലാകൊട്ടയിൽ ഒരു തുള്ളിപോലെയും തുലാസിലെ ഒരു പൊടിപോലെയും ആണെന്ന് മനസ്സിലാക്കി ജീവിക്കുവാൻ കർത്താവ് സഹായിക്കട്ടെ. നിഗളിച്ചിട്ട് പിശാചിന് വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കുവാൻ നമ്മെ തന്നെ സൂക്ഷിക്കാം. (1 തിമൊ. 3:6). ദൈവം താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. ദൈവം നമ്മെ ഉയർത്തുവാൻ അവന്റെ കൈക്കീഴിൽ നമ്മൾക്ക് താണിരിക്കാം.

# സന്തോഷത്തെ ഇല്ലാതാക്കുന്ന പാപം

ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടകന്നു. ബഹുദുഃഖങ്ങൾക്ക് അധീനരായി ത്തീർന്നിരിക്കുന്നു. (1 തിമൊഥെയോസ് 6:10).

മോശെയുടെ മരണശേഷം യോശുവ യിസ്രായേൽ മക്കളെ കനാൻ നാട്ടിലേക്ക് നടത്തി. യഹോവയായ ദൈവം യോശുവയോട് പറഞ്ഞു ഞാൻ മോശെയോട് കൂടെ ഇരുന്നതുപോലെ നിന്നോടു കൂടെയും ഇരിക്കും. ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല (യോശുവ 1:5). യോർദ്ദാനിലെ വെള്ളം രണ്ടായി പിരിഞ്ഞു അവർ ഉണ ങ്ങിയ നിലത്തു കൂടി അക്കരെ കടന്നു. ദൈവത്തിന്റെ ശക്തിയാൽ യെരിഹോ മതിൽ ഇടിഞ്ഞു. അവർ യെരിഹോ പട്ടണം പിടിച്ചെടുക്കു കയും ചെയ്തു. ദൈവം യോശുവയോടു പറഞ്ഞു. ഈ പട്ടണവും അതിലുള്ളതൊക്കെയും യഹോവയ്ക്ക് ശപഥാർപ്പിതമായിരിക്കുന്നു. വെള്ളിയും, പൊന്നും, ഇരുമ്പു കൊണ്ടുള്ള പാത്രങ്ങളും യഹോവയ്ക്ക് വിശുദ്ധം. അവ യഹോവയുടെ ഭണ്ഡാരത്തിൽ ചേരണം. യെരിഹോ പട്ടണത്തിലുള്ള പുരുഷൻ, സ്ത്രീ, ആട് മാട് സകലത്തെയും വാളിന്റെ വായ്ത്തലയാൽ സംഹരിച്ചു കളയേണം.

അടുത്തത് ഹായി പട്ടണമായിരുന്നു. അത് ഒരു ചെറിയ പട്ടണം ആയതു കൊണ്ട് എല്ലാവരും പോകണമെന്നില്ല രണ്ടായിരമോ, മൂവാ യിരമോ പോയാൽ മതി. പക്ഷെ ഹായി പട്ടണക്കാരുടെ മുമ്പാകെ യിസ്രായേൽ മക്കൾ തോറ്റു. മാത്രമല്ല മുപ്പത്താറോളം പേർ കൊല്ലപ്പെട്ടു. ജനത്തിന്റെ ഹൃദയം ഉരുകി വെള്ളം പോലെ ആയിത്തീർന്നു.

അവർ യഹോവയോട് ചോദിച്ചു യഹോവ പറഞ്ഞു. ശാപം. നിങ്ങ ളുടെ ഇടയിൽ നിന്ന് നീക്കാതിരുന്നാൽ ഞാൻ നിങ്ങളോടു കൂടെ ഇരി ക്കുകയില്ല. (യോശുവ 7:12). ആഖാൻ പിടിക്കപ്പെട്ടു. ആഖാൻ പറഞ്ഞത് ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു ബാബിലോന്യ മേല ങ്കിയും ഇരുന്നൂറു ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടിയും മോഹിച്ചു

എടുത്തു. അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു. (യോശുവ 7:21).

ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനു കാരണമായതുകൊണ്ട് ദ്രവ്യാഗ്രഹം വിട്ട് ഓടേണ്ടതാവശ്യമാണ്. സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞ് കൊൾവിൻ (ലൂക്കോസ് 12:15) എന്നാൽ ആഖാൻ ദ്രവ്യത്തിന് പുറകെ പോയി. അപ്പോൾ യോശുവയും എല്ലാ യിസ്രായേല്യരും കൂടെ സേറഹിന്റെ പുത്രനായ ആഖാനെ വെള്ളി, മേലങ്കി, പൊൻകട്ടി, അവന്റെ പുത്രന്മാർ, പുത്രിമാർ, അവന്റെ കാള, കഴുത, ആട്, കൂടാരം ഇങ്ങനെ സകലവുമായി ആഖോർ താഴ്വരയിൽ കൊണ്ടുപോയി. യിസ്രായേല്യരെല്ലാം അവനെ കല്ലെറിഞ്ഞു. അവരെ തീയിലിട്ട് ചുട്ടുകളയുകയും ഒരു വലിയ കൽക്കുന്നു കൂട്ടുകയും ചെയ്തു. ഇങ്ങനെ യഹോവയുടെ ഉഗ്രകോപം മാറി. അതുകൊണ്ട് ആ സ്ഥലത്തിന് ആഖോർ താഴ്വര എന്നു പറയുന്നു. പ്രിയരേ ദ്രവ്യാഗ്രഹം കാരണം ആഖാൻ മാത്രമല്ല അവന്റെ കുടുംബവും നശിക്കുവാൻ ഇടയായി. മാത്രമല്ല യിസ്രായേൽ മക്കളിൽ 36 പേർ പട്ട് പോകുവാനും മുഖാന്തരമായി. ദ്രവ്യാഗ്രഹം നമുക്ക് തന്നെയല്ല നമ്മുടെ വരുംതലമുറയ്ക്കും ശാപത്തിന് കാരണമാകും. ദ്രവ്യാഗ്രഹം മുഖാന്തരം ഭവനത്തിൽ പ്രയാസം, നിരാശ, കഷ്ടത, ദുഃഖം, മരണം ഇവയുണ്ടാകുന്നു.

കർത്താവ് ഈ ഭൂമിയിലായിരുന്നപ്പോൾ പുരുഷാരത്തോട് പറഞ്ഞത് സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞ് കൊൾവിൻ. ഒരുത്തന് സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്. (ലൂക്കോസ് 12:15,16). അതുകൊണ്ട് നമ്മുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കണം നമ്മുക്ക് ഉള്ളത്കൊണ്ട് തൃപ്തരായിരിക്കുവാനും ദൈവം നമ്മെ  സഹായിക്കട്ടെ. കർത്താവ് പറയുന്നതുപോലെ “ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും കാരണം. എന്നാൽ ദ്രവ്യാഗ്രഹം വെറുക്കുന്നവനോ ദീർഘായുസ്സോടെ ഇരിക്കും. (സദൃശവാക്യം 28:16).

# മാരകമായ പാപം

അവരിൽ ചിലർ പിറുപിറുത്തു. സംഹാരിയാൽ നശിച്ചുപോയതു പോലെ നിങ്ങൾ പിറുപിറുക്കയുമരുത്. ഇതു ദൃഷ്ടാന്തമായിട്ട് അവർക്ക് സംഭവിച്ചു. ലോകവസാനം വന്നെത്തിയുമിരിക്കുന്ന നമുക്ക് ബുദ്ധ്യപ ദേശത്തിനായി എഴുതിയുമിരിക്കുന്നു. (1 കൊരിന്ത്യർ 10:10,11).

യിസ്രായേൽ ജനത്തെ ഫറവോന്റെ അടിമത്വത്തിൽ നിന്ന് വിടുവിച്ചു. 10 ബാധകളെ ദൈവം മിസ്രയിമ്യരെ അനുഭവിച്ചതിന് ശേഷമാണ് അവർ യിസ്രായേൽ ജനത്തെ വിട്ടയച്ചത്. ചെങ്കടലിൽ ഉണങ്ങിയ നിലത്തു കൂടി യാത്ര ചെയ്തു. യഹോവ മിസ്രയീമിൽ ചെയ്ത മഹാപ്രവൃത്തി യിസ്രായേൽ കണ്ട് ജനം യഹോവയെ ഭയപ്പെട്ട് മോശയിൽ വിശ്വസിച്ചു. അഹരോനും മോശയും ജനവും യിസ്രായേലിന്റെ ദൈവത്തെ പാടി സ്തുതിച്ചു. മിര്യാം എന്ന പ്രവാചകി തപ്പ് എടുത്തു. സ്ത്രീകൾ എല്ലാ വരും തപ്പോടും നൃത്തങ്ങളോടും കൂടി ദൈവത്തെ സ്തുതിച്ചു.

ആ പാട്ടുകൾ വായിൽ നിന്ന് മാറുന്നതിന് മുൻപായി അവർ യാത്ര ചെയ്തു മാറായിൽ എത്തി. അവിടെ മാറയിലെ വെള്ളം കുടിപ്പാൻ അവർക്ക് കഴിഞ്ഞില്ല. അവർ എന്തു കുടിക്കും എന്ന് പറഞ്ഞ് മോശെക്ക് നേരെ പിറുപിറുക്കുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ അവരെ നടത്തി പരിപാലിച്ച ദൈവത്തെ അവർ പാടെ മറന്നു. അവന്റെ അത്ഭുതങ്ങളെ മറന്നു. ഇപ്പോൾ പിറുപി റുക്കുന്നു. ദൈവത്തെ അവിശ്വസിക്കുന്നു. നമ്മുടെ അവസ്ഥയും പല പ്പോഴും ഇതു തന്നെയാണ്. ദൈവം അവരെ കൈവിട്ടില്ല. ഒരു വൃക്ഷം വെള്ളത്തിൽ ഇടാൻ കല്പിച്ചു. അവർ അത് ഇട്ട് വെള്ളം മധുരമായി തീർന്നു. ദൈവത്തിന്റെ അത്ഭുതങ്ങൾ അവർ കണ്ടു. (പുറപ്പാട് 15:25).

അവർക്കു മരുഭൂമിയിൽ വഴികാണിക്കേണ്ടതിന് പകൽ മേഘസ്തം ഭത്തിലും അവർക്ക് വെളിച്ചം കൊടുക്കേണ്ടതിന് രാത്രി അഗ്നിസ്തംഭ ത്തിലും യഹോവ അവർക്ക് മുമ്പായി പൊയ്ക്കൊണ്ടിരുന്നു. ദൈവ

ത്തിന്റെ അത്ഭുതങ്ങളെ കണ്ടുകൊണ്ടാണ് അവർ ദിവസവും യാത്ര ചെയ്തത്. അവർ വീണ്ടും ഭക്ഷണത്തിന് വേണ്ടി മോശെയ്ക്കും അഹരോനും വിരോധമായി പിറുപിറുത്തു. മിസ്രയീമിൽ ഞങ്ങൾ ഇറച്ചി, മത്സ്യം, വെള്ളരിക്ക, ഉള്ളി, എന്നിവ കൊണ്ടു തൃപ്തരായിരുന്നു. ഇന്ന് ഞങ്ങൾക്ക് ഒന്നുമില്ല. അഹരോൻ ജനത്തോട് പറഞ്ഞു; യഹോവയുടെ നേരെയുള്ള നിങ്ങളുടെ പിറുപിറുപ്പ് അവൻ കേട്ടിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ നേരെ പിറുപിറുക്കുവാൻ ഞങ്ങൾ എന്തുള്ളു. (പുറപ്പാട് 16:7) അങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവർ മരുഭൂമിക്ക് നേരെ തിരിഞ്ഞ് നോക്കി, യഹോവയുടെ തേജസ്സ് മേഘത്തിൽ വെളിപ്പെട്ടിരിക്കുന്നത് കണ്ട് യഹോവ മോശെയോട് യിസ്രായേൽ മക്കളുടെ പിറുപിറുപ്പ് ഞാൻ കേട്ടിരിക്കുന്നു നിങ്ങൾ വൈകുന്നേരത്തു മാംസം തിന്നും പ്രഭാത കാലത്തു അപ്പം കൊണ്ടു തൃപ്തരാകും. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ എന്ന് നിങ്ങൾ അറിയും. ദൈവം അവർക്ക് ഭക്ഷണത്തിനായി മന്നയും ഇറച്ചിയും കൊടുത്തു. മന്ന കൊത്തമ്പാലരി പോലെ വെള്ളനിറമുള്ളതും തേൻ കൂട്ടിയ ദോശയുടെ രുചിയുള്ളതും ആയിരുന്നു. സീൻ മരുഭൂമിയിൽ വെച്ചു വീണ്ടും അവർ വെള്ളത്തിനായി പിറുപിറുത്തു മോശെ പാറയെ അടിച്ച് അവർക്ക് വെള്ളം കൊടുത്തു.

ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു. ഈ മന്ന അല്ലാതെ ഒന്നും കാണ്മാനില്ല. അനന്തരം ജനം യഹോവയ്ക്കു അനിഷ്ടം തോന്നുമാറ് പിറുപിറുത്തു. യഹോവ കേട്ട് അവന്റെ കോപം ജ്വലിച്ച് യഹോവയുടെ തീ അവരുടെ ഇടയിൽ കത്തി. പാളയത്തിന്റെ അറ്റത്തിലുള്ളവരെ ദഹിപ്പിച്ചു കളഞ്ഞു. ജനം മോശെയോട് നിലവിളിച്ചു. തീ കെട്ടുപോയി. സ്നേഹവാനായ കരുതുന്ന യഹോവയ്ക്ക് നേരെ വീണ്ടും വീണ്ടും പിറുപിറുക്കുന്ന യിസ്രായേൽ മക്കൾ.

യിസ്രായേൽ മക്കൾ കനാൻ ദേശം ഒറ്റു നോക്കേണ്ടതിനായി 12 പേരെ അയക്കുന്നു. ദൈവത്തിന്റെ ശക്തി കണ്ടവരാണ് ഇവരും യിസ്രായേൽ ജനവും എന്നാൽ അവർ തിരിച്ചു വന്നു പറയുന്നത് അത് പാലും തേനും ഒഴുകുന്ന ദേശം തന്നെ. എങ്കിലും ദേശത്തു പാർക്കുന്ന ജനങ്ങൾ ബലവാന്മാരാണ്. അനാക്യമല്ലന്മാരെ കണ്ടു. അവരുടെ മുമ്പിൽ ഞങ്ങൾക്ക് തന്നെ ഞങ്ങൾ വെട്ടുകിളികളെപ്പോലെ തോന്നി. അവരുടെ കാഴ്ചയ്ക്കും ഞങ്ങൾ അങ്ങനെ തന്നെയായിരുന്നു.

യോശുവയും കാലേബും അതിനെതിരെ സംസാരിച്ചു എങ്കിലും ജനം അവരെ കല്ലു എറിയേണം എന്നു സഭയെല്ലാം പറയുന്നു. കഴിഞ്ഞ കാലത്തിന്റെ പത്തു അത്ഭുതങ്ങൾ, ചെങ്കടൽ പിളർന്നത്, ഫറവോനെയും സൈന്യത്തെയും ചെങ്കടലിൽ തള്ളിയിട്ടത്, മാറയിലെ വെള്ളം മധുരമാക്കിയത്, പാറയിൽ നിന്ന് വെള്ളം പുറപ്പെട്ടത്, മന്ന കൊണ്ട് പോഷിപ്പിക്കപ്പെട്ടത്, എല്ലാം മറന്നു അവർ മോശെയ്ക്കും അഹരോനും വിരോധമായി പിറുപിറുക്കുന്നു. സഹോദരിമാരെ, നമ്മുടെ അവസ്ഥയും ഇതു തന്നെയല്ലേ. പലപ്പോഴും ദൈവം തന്റെ രക്തം തന്ന് നമ്മെ പാപത്തിൽ നിന്ന് വിടുവിച്ചത്, നമ്മെ രക്ഷിച്ചത്, നമ്മുടെ അനേകം പ്രാർത്ഥനകൾ കേട്ട് നമുക്ക് ഉത്തരം തന്നത് നമ്മുക്ക് വെള്ളവും ഭക്ഷണവും വസ്ത്രവും പാർപ്പിടവും തന്നത് എല്ലാം മറന്നു കൊണ്ട് നാമും പിറുപിറുക്കുന്നവരായി തീരാറില്ലെ?

യഹോവ പിന്നെയും മോശെയോടും അഹരോനോടും അരുളിച്ചെയ്തത് ഈ ദുഷ്ട സഭ എത്രത്തോളം എനിക്ക് വിരോധമായി പിറുപിറുക്കും. യിസ്രായേൽ മക്കൾ എനിക്ക് വിരോധമായി പിറുപിറുക്കുന്നത് ഞാൻ കേട്ടിരുന്നു. ഈ മരുഭൂമിയിൽ നിങ്ങളുടെ ശവം വീഴും. യെഫുന്നയുടെ മകൻ കാലേബും നൂന്റെ മകൻ യോശുവയും ഒഴികെ ഇരുപതു വയസ്സു മുതൽ മേലോട്ട് എണ്ണപ്പെട്ടവരായ എല്ലാവരുടെയും ശവം ഈ മരുഭൂമിയിൽ വീഴും, നിങ്ങളുടെ ശവം മരുഭൂമിയിൽ ഒടുങ്ങും വരെ നിങ്ങളുടെ മക്കൾ 40 സംവത്സരം ഇടയരായി ഈ മരുഭൂമിയിൽ സഞ്ചരിക്കും. ഓ പിറുപിറുപ്പിന്റെ ഫലം എത്ര ഭയാനകം. അന്നു ദേശം ഒറ്റു നോക്കുവാൻ പോയ 10 പേരും, അവരുടെ കൂട്ടുകാരും യഹോവയുടെ മുമ്പാകെ ഒരു ബാധ കൊണ്ട് മരിച്ചു, അവർ പിറുപിറുപ്പുകാരും തങ്ങളുടെ ഗതിയെക്കുറിച്ച് ആവലാതി പറയുന്നവരും സ്വന്ത മോഹങ്ങളെ അനുസരിച്ചു നടക്കുന്നവരുമത്രേ (യൂദ :16). ഈ വക്രതയും കോട്ടവുമുള്ള തലമുറയുടെ മദ്ധ്യത്തിൽ ദൈവം ചെയ്ത നന്മകളെ ഓർത്തുകൊണ്ട് അവന് നന്ദിയുള്ളവരായി പിറുപിറുപ്പു കൂടാതെ ജീവിക്കുവാൻ ദൈവത്തെ മഹത്വപ്പെടുത്തുവാൻ സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

# കാർന്നു തിന്നുന്ന പാപം

*ശാന്ത മനസ്സ് ദേഹത്തിന് ജീവൻ*
*അസൂയയോ അസ്ഥികൾക്ക് ദ്രവത്വം (സദൃശ 14:30)*

നാം അസൂയ എന്ന പാപത്തിന് അടിമയാകുമ്പോൾ അത് നമ്മുടെ ശരീരത്തെ കാർന്നു തിന്നും. കുറേശ്ശെ കുറേശ്ശെയായി നമ്മുടെ ശരീരത്തെ തിന്നുന്നതുകൊണ്ട് നമ്മുടെ ശരീരത്തെ അത് ക്രമേണ നശിപ്പിക്കും. മുകളിൽ പറഞ്ഞരിക്കുന്നത് അസൂയയോ അസ്ഥികൾക്ക് ദ്രവത്വം എന്നാണ്.

ഗോത്രപിതാക്കന്മാർ യോസേഫിനോട് അസൂയപ്പെട്ട് അവനെ മിസ്രയീമിലേക്ക് വിറ്റു കളഞ്ഞു (പ്രവൃത്തികൾ 7:9). യോസേഫ് വാർദ്ധക്യത്തിലെ മകനാകകൊണ്ട് യിസ്രായേൽ എല്ലാ മക്കളിലും വെച്ച് അവനെ സ്നേഹിച്ച് ഒരു നിലയങ്കി അവന് ഉണ്ടാക്കികൊടുത്തു. അപ്പൻ തങ്ങളെ എല്ലാവരേക്കാളും അവനെ അധികം സ്നേഹിക്കുന്നതു കാരണം അസൂയ മുഴുത്തിട്ട് സഹോദരന്മാർ യോസഫിനെ പകെച്ചു. മാത്രമല്ല അവനോട് സമാധാനമായി സംസാരിപ്പാൻ പോലും അവർക്ക് കഴിഞ്ഞില്ല. അപ്പൻ യോസേഫിനെ സ്നേഹിച്ചു അവന് ഒരു കുപ്പായം ഉണ്ടാക്കി കൊടുത്തത് യോസേഫിന്റെ കുറ്റമല്ല. അവന് അതിന് എന്തെങ്കിലും ചെയ്യുവാനും സാധിക്കുമായിരുന്നില്ല. സഹോദരന്മാർ തങ്ങളുടെ സങ്കടം അപ്പനോട് പറഞ്ഞു. അപ്പനിൽ നിന്ന് സ്നേഹം നേടിയെടുക്കുവാൻ ശ്രമിക്കേണ്ടതിന് പകരമായി പാവം യോസഫിനെ പകെച്ചു. അവർക്ക് വേണ്ടി ഭക്ഷണവുമായി വന്ന സഹോദരനെ പിടിച്ച് പൊട്ടക്കിണറ്റിൽ ഇട്ടു. പിന്നീട് ഒരു അടിമായായി യിശ്മായേല്യർക്ക് വില്ക്കുന്നതായും നാം കാണുന്നു. യോസേഫിനെ ദൈവം കൈവിട്ടില്ല. ദൈവം അവനോട് കൂടെ ഇരുന്നു സകല സങ്കടങ്ങളിൽ നിന്നും അവനെ വിടുവിച്ചു. മിസ്രയീം രാജാവായ ഫറവോന്റെ മുമ്പാകെ അവന് കൃപയും ജ്ഞാനവും കൊടുത്തു. അവൻ അവനെ മിസ്രയീമിനും തന്റെ സർവ്വ ഗൃഹത്തിനും അധിപതിയാക്കി വെച്ചു (പ്രവൃത്തി 7:10).

യോസേഫിന്റെ സഹോദരന്മാർ മരിക്കുന്നതു വരെ അവർ ചെയ്ത പാപം അവരെ കുത്തിക്കൊണ്ടിരുന്നു എന്നു കാണാം. അവർ ഒറ്റുകാർ എന്നു പറഞ്ഞു അവരിൽ ഒരാളെ കാരാഗൃഹത്തിൽ ഇട്ടപ്പോൾ അവർ പറയുന്നത് ഇത് നമ്മുടെ സഹോദരനോട് നാം ചെയ്ത ദോഷമാകുന്നു. അവൻ നമ്മോട് കെഞ്ചിയപ്പോൾ അവന്റെ പ്രാണ സങ്കടം കണ്ടാറെയും, അവന്റെ അപേക്ഷ നാം കേട്ടില്ല (ഉല്പത്തി 42:24) അതുപോലെ പല പ്രാവശ്യം ജീവിതത്തിൽ പ്രശ്നം ഉണ്ടായപ്പോൾ അവരുടെ ഉള്ളം തളർന്ന അവർ വിറച്ചു. (42:48). യോസേഫ് അവരെയും മക്കളെയും കരുതുകയും അവർക്ക് വേണ്ടത് കൊടുക്കുകയും ചെയ്തു. എന്നിട്ട് പിതാവ് മരിച്ചപ്പോൾ അവർ യോസേഫിനോട് പറയുകയാണ് ഞങ്ങൾ ദോഷം ചെയ്തു. അപ്പന്റെ ദൈവത്തിന്റെ ദാസന്മാരുടെ ദ്രോഹം ക്ഷമിക്കണമേ. അതെ, പാപം എത്ര ഭയാനകം. അത് നമ്മുടെ ഹൃദയത്തെ തകർക്കും. ദുഃഖവും കണ്ണുനീരും വരുത്തും.

നാം രക്ഷിക്കപ്പെടുന്നതിന് മുമ്പെ നാമും ബുദ്ധി കെട്ടവരും അനുസരണമില്ലാത്തവരും വഴിതെറ്റി നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ആയിരുന്നു. കൃപയാൽ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല തന്റെ കരുണ പ്രകാരം നമ്മെ രക്ഷിച്ചു. (തിമൊ 3:3,4). അതുകൊണ്ട് നാം സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടട്ടെ.

# “കൂട്ടുകാരനെ സ്നേഹിക്കണം”

പണ്ടുകാലത്ത്, ഇന്നുള്ളതുപോലെ ജനങ്ങൾ തെരഞ്ഞെടുത്ത് അയക്കുന്നവർ ആയിരുന്നില്ല നാട് ഭരിച്ചിരുന്നത്. രാജാക്കന്മാരാണ് ഭരണം നടത്തിയിരുന്നത്. അന്ന് കൊല്ലും, കൊലയും യഥേഷ്ടം നടന്നിരുന്നു. പ്രഭുക്കന്മാർ പ്രതാപത്തിനും , പ്രശസ്തിക്കും വേണ്ടി മറ്റുള്ളവരെ നിഷ്ക്കരുണം വധിച്ചിരുന്നു. ഹെൻറി എന്ന യുവാവിന്റെ പിതാവ് മറ്റൊരാളുമായി ഏറ്റുമുട്ടി . ഹെൻറിയുടെ പിതാവിന്റെ മരണത്തിലാണ് ആ കലാപം അവസാനിച്ചത്. ഇതിനു പ്രതികാരം ചെയ്യണമെന്ന് ഹെൻറി തിരുമാനിച്ചു. ഒരു ദിവസം ഹെൻറി സുവിശേഷ പ്രസംഗം കേട്ടു കർത്താവിൽ വിശ്വസിക്കാനിടയായി.

എങ്കിലും ഹെൻറിയുടെ മനസ്സിലുണ്ടായിരുന്ന പകയ്ക്ക് കുറവു വന്നിരുന്നില്ല. ഒരു ദിവസം പിതാവിന്റെ ഘാതകനായ സിങ്ങിന്റെ മകനു അസുഖമായി. ചികിത്സിക്കണമെങ്കിൽ അടുത്ത ഗ്രാമത്തിൽ പോകണം. ഹെൻറിയുടെ വീടിനടുത്തുകൂടിയാണ് പോകേണ്ടിയിരുന്നത്. സിങ്ങ് എല്ലാം കർത്താവിന്റെ കരങ്ങളിൽ ഭരമേല്പിച്ചു യാത്രയായി. കർത്താവിനെ രക്ഷിതാവായി സ്വീകരിച്ച സിങ്ങ് തിരികെ വരുമ്പോൾ ഹെൻറിയെ കാണണമെന്ന് തീരുമാനിക്കുകയും ചെയ്തു.

എന്നാൽ ഹെൻറിയുടെ പ്രതികാര ചിന്തയ്ക്ക് മാറ്റം വന്നില്ല. കുറെ ആളുകളെ സഹായത്തിനായി ഹെൻറി കരുതിയതിനു ശേഷം സിങ്ങിനെ ഉപദ്രവിക്കണമെന്നു തീരുമാനിച്ചു. ആ സമയത്താണ് ഉപദേശി ഹെൻറിയുടെ ഭവനത്തിലെത്തിയത്. ഈ വിവരം അദ്ദേഹം അറിഞ്ഞപ്പോൾ ഹെൻറിയോടു പറഞ്ഞു. “നിന്റെ പ്രതികാര ചിന്ത ഉപേക്ഷിക്കണം.” എത്ര പറഞ്ഞിട്ടും ഹെൻറിക്കു മാറ്റമുണ്ടായില്ല. അവസാനമായി ഉപദേശി പറഞ്ഞു. “നമുക്ക് ദൈവത്തോട് ഈ കാര്യം പറയാം. ദൈവം അനുവദിക്കുന്നെങ്കിൽ ആകാം.” രണ്ടുപേരും മുട്ടുകുത്തി ഹെന്റിയോടു ഇങ്ങനെ പ്രാർത്ഥിക്കുവാനായി ഉപദേശി പറഞ്ഞു. “ഞാൻ പറയുന്നതുപോലെ പ്രാർത്ഥിക്കണം. ഞങ്ങളുടെ കടക്കാരോടു

ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ." (മത്താ. 6:12) ഹെൻറി മൗനം പൂണ്ടപ്പോൾ ഉപദേശി വീണ്ടും പറഞ്ഞു. "ദൈവത്തിനു നിന്റെ പ്രാർത്ഥനയും കേൾക്കുവാൻ കഴിയുകയില്ല. ഹെൻറി ദൈവമുമ്പാകെ തന്റെ തെറ്റ് ഏറ്റുപറഞ്ഞു. സിങ്ങിനോടുള്ള വൈരാഗ്യം മാറ്റിത്തരുവാൻ ദൈവത്തോടപേക്ഷിച്ചു. അങ്ങനെ തന്റെ ഹൃദയം സന്തോഷം കൊണ്ട് നിറഞ്ഞു. എത്ര ആനന്ദകരമായ അനുഭവം. സിങ്ങ് വന്നപ്പോൾ ഹെൻറി അവനെ സന്തോഷത്തോടെ സ്വീകരിച്ചു . അവർ ഒന്നിച്ചു ദൈവത്തെ സ്തുതിച്ചു.

മറ്റുള്ളവരോടുള്ള പക നമ്മുടെ ഹൃദയത്തിൽ ഉണ്ടെങ്കിൽ ദൈവത്തിനു നമ്മുടെ പ്രാർത്ഥന കേൾക്കുവാൻ സാധിക്കുകയില്ല. ഹെൻറി ചെയ്തതുപോലെ മറ്റുള്ളവരെ സ്നേഹിക്കാനുള്ള ഹൃദയം നമുക്കും ലഭിക്കുന്നതിന് പ്രാർത്ഥനയിൽ പോരാടാം.

# താലന്തുകൾ പ്രയോജനപ്പെടുത്തിയ ഫാനിക്രോസ്ബി

ലോകം മുഴുവനും, ഓർക്കുകയും, ആദരിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിത്വത്തിന്റെയും പിമ്പിൽ ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളോ, വ്യക്തികളോ ഉണ്ടായിരിക്കും. ഉണർവ്വു പ്രസംഗകനായിരുന്ന ഡി.എൽ മൂഡി തന്റെ പ്രസംഗം ആരംഭിക്കുന്നതിനു മുമ്പ് തനിക്ക് അന്ന് പ്രചോദനം നൽകിയ ഒരു ഗാനം ആലപിക്കുമായിരുന്നു. അത് അന്ധയായ ഫാനി ക്രോസ്ബി എഴുതിയ പാട്ടുകളിൽ ഏതെങ്കിലും ഒരെണ്ണമായിരിക്കും. ഫാനി ക്രോസ്ബിയുടെ പാട്ടുകൾ ഇന്നും അനേകായിരങ്ങൾക്ക് ചൈതന്യം നൽകിക്കൊണ്ടിരിക്കുകയാണ്. വളരെ ചെറുപ്പക്കാലത്തു തന്നെ കർത്താവിനെ അറിയുവാൻ കഴിഞ്ഞതു കൊണ്ടാണ് ജീവിതത്തിലെ എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിക്കുവാനിടയായത്. കൊച്ചുമിടുക്കിയും സുന്ദരിയുമായ ഫാനിക്ക് രണ്ടു വയസ്സുള്ളപ്പോൾ രോഗം ബാധിച്ചു. ഡോക്ടർ കൊടുത്ത മരുന്ന് അബദ്ധത്തിൽ മാറിപ്പോയതിന്റെ ഫലമായി ഫാനിയുടെ കണ്ണുകൾ രണ്ടും നഷ്ടമായി. അന്ധയായി തീർന്നതിൽ വളരെ വേദനയുണ്ടായി. കർത്താവ് തനിക്കു നൽകിയ താലന്തുകൾ ഏതു വിധത്തിലെങ്കിലും പ്രയോജനപ്പെടുത്തണമെന്ന് ഫാനി തീരുമാനിച്ചു. കർത്താവിനെ സ്തുതിക്കുന്ന പാട്ടുകൾ പാടുവാനും എഴുതുവാനും തുടങ്ങി. അനേകം ദുഃഖിക്കുന്ന ഹൃദയങ്ങൾക്ക് ആശ്വാസമേകുവാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ഈ പാട്ടുകളിലൂടെ അനേകർക്ക് കർത്താവിനെ കണ്ടുമുട്ടുവാൻ ഇടയായിട്ടുണ്ട്. പ്രസിദ്ധമായ ഈ പാട്ടിന്റെ വരികളും ഫാനിയുടേതാണ്.

This is my story this is my song
praising my saviour all the day long

ചുരുങ്ങിയ ആയുസ്സു കൊണ്ട് ഏതാണ്ട് ആറായിരം പാട്ടുകൾ എഴുതിയിട്ടുണ്ട്. തന്റെ ജീവിതം പൂർണ്ണമായും കർത്താവിന് സമർപ്പിക്കുവാൻ കഴിഞ്ഞു. ആ ജീവിതം ധന്യമായി.

സഹോദരിമാരായ നാം ബലഹീനരാണെങ്കിലും ഓരോ സ്ഥാനത്തും കർത്താവ് നമ്മെ ആക്കിയിരിക്കുന്നതിന് പ്രത്യേക ഉദ്ദേശമുണ്ട്. നാം രക്ഷിക്കപ്പെട്ടപ്പോൾ കർത്താവ് ചില താലന്തുകളും (കഴിവുകളും) നമുക്കു നൽകിയിട്ടുണ്ട്. (1 പത്രോ. 4:10) ചിലപ്പോൾ ചിലർക്ക് ഒന്നോ അതിലധികമോ താലന്തുകൾ നൽകിയിരിക്കാം. അത് ദൈവത്തിന്റെ കൃപയും, ഇഷ്ടവുമാണ്. അന്ധയായ ഫാനി ക്രോസ്ബിയെപ്പോലെ അത്രത്തോളം ശാരീരിക ബലഹീനത ഉള്ളവർ ചുരുക്കമാണ്. കൂടുതൽ ബലഹീനയായപ്പോൾ ബലവാനായ കർത്താവിൽ കൂടുതൽ ആശ്രയിച്ചു. ഫലമോ, അനേകായിരങ്ങൾക്ക് ആശ്വസിക്കുവാനും, ആനന്ദിക്കുവാനും ആശ്രയിക്കുവാനും കാരണമായി.

കർത്താവ് ചിലരെ ചില താലന്തുകൾ ഏല്പ്പിച്ചതായി ലൂക്കോസ് 19:16-27 വരെയുള്ള വാക്യങ്ങളിൽ വായിക്കുന്നുണ്ട്. ദൂരദേശത്തുപോയ യജമാനൻ വ്യാപാരം ചെയ്യുന്നതിനായി അവന്റെ സമ്പത്ത് ചിലരെ ഏല്പ്പിച്ചു. അവരിൽ രണ്ടുപേർക്ക്  യജമാനനെക്കുറിച്ചും തങ്ങളെ ഏല്പിച്ചവയെക്കുറിച്ചും ഉത്തമബോദ്ധ്യമുണ്ടായിരുന്നു. തങ്ങളുടെ കഴിവുകൾ പൂർണ്ണമായും വിനിയോഗിച്ച് വ്യാപാരം ചെയ്തു. യജമാനൻ ഏല്പിച്ച അത്രയും കൂടി നേടി. നല്ലവനും വിശ്വസ്തുമായ ദാസനേ എന്ന മനോഹരമായ പേരുകൾക്ക് അവരിൽ രണ്ടു പേർ അർഹരായി. എന്നു മാത്രമല്ല കൂടുതൽ അധികാരങ്ങൾ വിശ്വസ്തരായ ദാസന്മാർക്കു നൽകി എന്നാൽ അലസനായ മൂന്നാമനെ ശിക്ഷിക്കുക മാത്രമല്ല അവന്റേതും കൂടി എടുത്ത് കൂടുതൽ നേടിയവനു കൊടുത്തു എന്നു വായിക്കുന്നു. ഈ ഉപമയിൽ നമ്മുടെ കഴിവുകളെ കർത്താവ് ബോധ്യപ്പെടുത്തുകയാണ്. സമയം കഴിഞ്ഞുകൊണ്ടിരിക്കുന്നു നമുക്ക് ആവോളം കർത്താവിനു വേണ്ടി ജീവിക്കാം.

# പക്ഷപാതം - വീടിനെ പൊളിച്ചുകളയുന്നു

"മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവർത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ" (1 പത്രൊസ് 1:17).

വേദപുസ്തകത്തിലെ മാതൃകപ്രകാരം ഒരു ഉത്തമവിവാഹമായിരുന്നു യിസ്ഹാക്കിന്റെയും റിബേക്കയുടേയും വിവാഹം. പിതാവിനെ പൂർണ്ണമായി അനുസരിക്കുന്ന യിസ്ഹാക്ക് (ഉല്പത്തി 22:9). യാഗം കഴിക്കുവാൻ ദൈവം പറഞ്ഞെങ്കിലും അതിലും പിതാവിനെ അനുസരിക്കുന്ന ഒരു മകൻ മാത്രമല്ല ദൈവത്തിൽ വിശ്വസിക്കുകയും തന്റെ ആവശ്യങ്ങൾക്കായി ദൈവത്തോട് ഏകാന്തതയിൽ പ്രാർത്ഥിക്കയും ചെയ്യുന്ന ഒരു പുരുഷൻ.

റിബേക്കയാകട്ടെ അതിസുന്ദരിയും പുരുഷൻ തൊടാത്ത കന്യകയും (ഉല്പത്തി 24:10) അദ്ധ്വാനശീലമുള്ള ഒരു സ്ത്രീ മാത്രമല്ല അവൾ അതിഥി പ്രീയയുമായിരുന്നു. മറ്റുള്ളവരെ സഹായിക്കുവാനും സൽപ്രവൃത്തി ചെയ്യുവാനും മനസ്സുള്ള ഒരു പെൺകുട്ടി (24:28).

യിസ്ഹാക്ക് ഒരു ഉത്തമപുരുഷനും റിബേക്ക അവനു വേണ്ടി ഒരു തക്ക തുണയും. അവരുടെ കുടുംബം സന്തോഷത്തോടെ പോകുന്നു. എന്നാൽ പ്രശ്നങ്ങൾ ആ ഭവനത്തിൽ ഉണ്ടായി. അവർക്ക് മക്കളില്ലായിരുന്നു. എങ്ങോട്ടും നോക്കാതെ റിബേക്ക തന്റെ ആവശ്യവുമായി ദൈവത്തിന്റെ അടുക്കൽ ചെല്ലുന്ന റിബേക്കയ്ക്ക് ദൈവം ഉത്തരം കൊടുക്കുന്നു. അവൾക്ക് ഇരട്ട കുട്ടികൾ ഉണ്ടാകുന്നു. ദൈവം അവളോട് പറഞ്ഞു. മൂത്തവൻ ഇളയവനെ സേവിക്കും. എന്നാൽ ഇത് യിസ്ഹാക്കിനോട് പറയുന്നതായി കാണുന്നില്ല. കുഞ്ഞുങ്ങൾ വലുതായി. ഇപ്പോൾ യിസ്ഹാക്കിന്റെ സ്നേഹം റിബേക്കയോടല്ലാ; റിബേക്കയുടെ സ്നേഹം യിസ്ഹാക്കിനോട് അല്ല. രണ്ട് മക്കളെയും ഒരുപോലെ കാണുവാൻ മാതാവിനോ പിതാവിനോ സാധിച്ചില്ല. മൂത്തമകന്റെ വേട്ടയിറച്ചിയിൽ സന്തോഷിക്കുന്ന പിതാവും കൂടാരവാസിയായ ഇളകമകനെ സ്നേഹിക്കുന്ന മാതാവും. അബ്രഹാം തന്റെ മകനായ യിസ്മായേലിനും വേണ്ടി ദൈവത്തോട് ചോദിക്കുന്നതും ദൈവം അവനെ അനുഗ്രഹിക്കുന്നതും കാണാം. എന്നാൽ ഏശാവിനു വേണ്ടി

ദൈവത്തോട് ചോദിക്കുന്നില്ല മാത്രമല്ല ഏശാവിനെ ദൈവവചനം പഠിപ്പിച്ചതായി കാണുന്നില്ല. ഒരു അന്യജാതിക്കാരിയെ വിവാഹം കഴിക്കുവാൻ പാടില്ല എന്നുള്ള കാര്യം പോലും അറിയാത്ത ഏശാവ്.

തന്റെ അനുഗ്രഹം മൂത്തപുത്രനു മാത്രം കൊടുക്കുവാൻ ആഗ്രഹിച്ച അവനോട് വേട്ടയിറച്ചി കൊണ്ടുവരാൻ പറയുന്നു. അതുകേട്ട റിബേക്ക ദൈവത്തിൽ വിശ്വസിച്ച് കാര്യം യിസ്ഹാക്കിനോട് പറയേണ്ടതിന് പകരം നുണപറഞ്ഞു അനുഗ്രഹം വാങ്ങാൻ ഇളയമകനോട് പറയുന്നു. കണ്ണ് കാണാൻ വയ്യാത്ത ഭർത്താവിനെയും മൂത്ത പുത്രനെയും വഞ്ചിക്കുന്നതായി കാണുന്നു. നുണ പറഞ്ഞ യാക്കോബ് റിബേക്ക ഉണ്ടാക്കി കൊടുത്ത ആട്ടിറച്ചി കൊണ്ട് അപ്പന് കൊടുത്തു അനുഗ്രഹം വാങ്ങുന്നു. ദൈവം വാഗ്ദത്തം ചെയ്തെങ്കിൽ നിവൃത്തിപ്പാൻ ശക്തൻ എന്ന് റിബേക്ക മറന്നു.

മകനെ നിന്റെ ശാപം എന്റെ മേൽ വരട്ടെ. എന്റെ വാക്ക് മാത്രം കേൾക്ക. അതെ റിബേക്ക പറഞ്ഞതുപോലെ ദൈവത്തിന്റെ ശാപം റിബേക്കയുടെ മേൽ വന്നു. വഞ്ചനയുടെ വിവരം അറിഞ്ഞു ഏശാവ് തന്റെ അനുഗ്രഹം നഷ്ടപ്പെട്ടതിൽ ദുഃഖിച്ച് അനുജനെ കൊല്ലുവാൻ ആലോചിക്കുന്നു. അതറിഞ്ഞു മകനെ ദൂരദേശത്തേക്ക് പറഞ്ഞു വിടുന്നു. റിബേക്കയുടെ ചതി കാരണം ഏശാവ് നഷ്ടപ്പെട്ടതു മാത്രമല്ല, റിബേക്കയുടെ ജീവിതാവസാനം വരെ പിന്നെ യാക്കോബിനെ കാണുവാനും റിബേക്കയ്ക്ക് സാധിച്ചില്ല. എന്നാൽ യിസ്ഹാക്കിനെ കുറിച്ച് പറയുന്നു യിസ്ഹാക്ക് വയോധികനും കാലസമ്പൂർണ്ണനായി പ്രാണനെ വിട്ട് മരിച്ചു തന്റെ ജനത്തോട് ചേർന്നു. അവന്റെ പുത്രന്മാരായ ഏശാവും യാക്കോബും കൂടി അവനെ അടക്കം ചെയ്തു. സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീടു പണിയുന്നു ഭോഷത്വമുള്ളവളോ അത് സ്വന്തം കൈകളാൽ പൊളിച്ചുകളയുന്നു പക്ഷപാതം മുഖാന്തരം സ്വന്തം ഭവനത്തെ പൊളിച്ചു കളഞ്ഞ റിബേക്ക് അന്യായം ചെയ്യുന്നവൻ താൻ ചെയ്ത അന്യായത്തിന് ഒത്തതും പ്രാപിക്കും. ദൈവത്തിന്റെ പക്കൽ മുഖപക്ഷമില്ല എന്നു മനസ്സിലാക്കി നാമും പക്ഷപാതമില്ലാത്തവരായി എല്ലാവരെയും പ്രത്യേകിച്ച് എല്ലാ മക്കളെയും ഒരുപോലെ കാണുവാൻ ദൈവം നമ്മെ സഹായിക്കട്ടെ അവന്റെ നാമം മഹത്വപ്പെടട്ടെ.

# സ്ത്രീകളുടെ സ്വാധീനം

സ്ത്രീ സ്വാതന്ത്ര്യത്തിനും, പുരുഷന്മാരോടൊപ്പം തുല്യ പങ്കാളിത്ത ത്തിനും വേണ്ടി വളരെ ശബ്ദമുയർത്തുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. പുരുഷന്മാരിൽ നിന്നും സ്ത്രീകൾ ഒട്ടും പിന്നോക്കമ ല്ലെന്നു തെളിയിക്കുവാൻ വെമ്പൽ കൊള്ളുന്ന ഒരു സമൂഹമാണിത്.

സ്ത്രീകൾക്ക് മാന്യമായ സ്ഥാനം ബൈബിളിൽ കൊടുത്തിട്ടുണ്ട്. എന്നു മാത്രമല്ല വളരെ അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷകൾ നിർവ്വഹിക്കു വാൻ അവരെ പ്രാപ്തരാക്കിയിട്ടുണ്ട്. നല്ല സമൂഹത്തെയും രാഷ്ട്ര ത്തെയും, കുടുംബത്തെയും കെട്ടിപ്പടുക്കുവാൻ അവർക്ക് കഴിയും.

എല്ലാം കൊണ്ടും സമൃദ്ധമായ ഏദെൻ തോട്ടത്തിൽ ദൈവം ആദാ മിനെയും ഹവ്വായെയും ആക്കി. സായാഹ്ന വേളകളിൽ ദൈവം തോട്ട ത്തിലെത്തി അവരോടു കൂടെ നടന്നിരുന്നു. എന്നാൽ ഹവ്വയുടെ ആഗ്രഹം “എനിക്ക് ദൈത്തെപ്പോലെയാകണം” എന്നായിരുന്നു അവൾ സാത്താനാൽ വഞ്ചിക്കപ്പെട്ടു എന്നു മാത്രമല്ല ആദമിനെയും പാപത്തി ലേക്കു വലിച്ചിഴക്കുവാൻ അവൾക്ക് കഴിഞ്ഞു. ഭർത്താവിനെ സ്വാധീ നിക്കുവാൻ ഹവ്വായ്ക്കു കഴിഞ്ഞു. പാപത്തിന്റെ ഫലമായി എല്ലാം നഷ്ടമാകുകയും ചെയ്തു.

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോനെക്കുറിച്ച് ദൈവം പറയു ന്നത് “ജ്ഞാനവും വിവേകവുമുള്ള ഒരു ഹൃദയം ഞാൻ നിനക്കു തന്നി രിക്കുന്നു നിനക്ക് സമനായവൻ നിനക്ക് മുമ്പ് ഉണ്ടായിട്ടില്ല നിനക്കു സമനായവൻ നിനക്ക് ശേഷമുണ്ടാകയില്ല” (1 രാജാ 3:12)ശാലോമോൻ ഭൂമിയിലുള്ള സകല രാജാക്കന്മാരിലും ധനം കൊണ്ടും ജ്ഞാനം കൊണ്ടും മികച്ചവനായിരുന്നു. (1 രാജാ 10:23) ശേബ രാജ്ഞി ശലോ മോനെക്കുറിച്ച് പറയുന്നത് “ഞാൻ എന്റെ ദേശത്തു വച്ചു കേട്ട വർത്ത മാനം സത്യം തന്നെ. എന്നാൽ പകുതിപോലും ഞാൻ അറിഞ്ഞിരു ന്നില്ല (1 രാജാ 10:8).

ഇത്ര വലിയ രാജാവായിരുന്ന ശലോമോനെപ്പോലും സ്ത്രീയുടെ സ്വാധീനത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ സാധിച്ചില്ല. അവർ ശലോമോന്റെ ഹൃദയത്തെ തങ്ങളുടെ ദേവന്മാരിലേക്ക് വശീകരിച്ചു. (1 രാജാ 11:2). ശലോമോൻ ദൈവത്തെ ഉപേക്ഷിച്ച് അന്യദൈവത്തിങ്കലേക്ക് തിരിഞ്ഞു. യഹോവയ്ക്കു വെറുപ്പായുള്ള പ്രവൃത്തികൾ ചെയ്തു. (1 രാജ. 11:6) . അതിന്റെ ഫലമോ, രാജ്യം വിഭാഗിക്കപ്പെട്ടു. പത്ത് ഗോത്രങ്ങൾ അവന്റെ കുടുംബത്തിന് നഷ്ടമായി. യഹോവയുടെ കോപം അവന്റെ മേൽ വന്നു. (1 രാജ. 11:11)

ഉള്ളതുകൊണ്ട് സംതൃപ്തിയടയുവാൻ ഇന്ന് അനേകർക്ക് കഴിയാതെ ഭർത്താക്കന്മാരെ പാപത്തിലേക്കു നയിക്കുവാനും, കൈക്കൂലിക്കും അതുപോലെയുള്ള ഹീന നടപടികളിലേക്കും പ്രേരിപ്പിക്കുവാനുള്ള സ്ത്രീകളുടെ സ്വാധിനത ഒട്ടും ചെറുതല്ല.

സ്വന്തം മകനെ ശമ്പളം മേടിച്ചു വളർത്തിയ സ്ത്രീയാണ് മോശയുടെ അമ്മ. അവൾക്ക് ലഭിച്ച അല്പ സമയം കൊണ്ട് (8 വർഷം) അവൾ പഠിപ്പിക്കേണ്ടതെല്ലാം മോശയെ പഠിപ്പിച്ചു. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. വൃദ്ധനായാലും അവനത് വിട്ടുമാറുകയില്ല ആ അമ്മയുടെ അഭ്യസനം യിസ്രായേലിന്റെ അടിമ ജീവിതത്തിൽ നിന്നും അവരെ വിടുവിക്കാനുള്ള ഒരു നായകനെ ഒരുക്കുകയായിരുന്നു.

“മോശ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തേക്കാളും ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നത് തെരഞ്ഞെടുത്തു  (എബ്രാ. 11:24).

ക്രിസ്തുവിന്റെ നല്ല ഒരു ഭടനായ വിശ്വാസ വീരനായിരുന്നു തിമൊഥെയോസ്. ജീവിതാവസാനം വരെ നല്ല സാക്ഷ്യമുള്ളവനായി കർത്താവിനു വേണ്ടി പൊരുതി. അവനെക്കുറിച്ച് പൗലോസ് പറയുന്നത്. ആ വിശ്വാസം നിന്റെ വലിയമ്മ ലോവിസിലും അമ്മ യൂനിക്കയിലും ഉണ്ടായിരുന്നു.  നിന്നിലും ഉണ്ടെന്ന് ഞാൻ ഉറച്ചിരിക്കുന്നു (2 തിമൊ. 1:5).

പ്രിയ സഹോദരിമാരെ നാം ദൈവത്തിന്റെ സന്നിധിയിൽ വിലയേറിയവരും മാന്യരുമാണ്. ക്രിസ്തു എന്ന തലയോളം വളരുവാൻ വിളിക്കപ്പെട്ടവരാണ്. അവന്റെ സ്വരൂപത്തോട് നമ്മൾ അനുരൂപരാകുവാൻ

ഭാഗ്യം നമ്മൾക്കുണ്ട്. നമ്മൾ ഭാഗ്യവതികളാണ്. ഇങ്ങനെയുള്ളവരായ നാം നമ്മുടെ സ്വാധീനത എത്രത്തോളമുണ്ടെന്ന് വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ ഭർത്താക്കന്മാരെ, മക്കളെ കർത്താവിങ്കലേക്ക് നിലനിർത്തുന്നവരോ, അതോ നമ്മുടെ സ്വാധീനത മുഖാന്തരം അവരുടെ നോട്ടം ഭൂമിയിലുള്ള നിക്ഷേപങ്ങളിലേക്കോ?

# വിതെക്കുന്നതു തന്നെ കൊയ്യും

വഞ്ചനപ്പെടാതിരിപ്പിൻ ദൈവത്തെ പരിഹസിച്ചുകൂടാ, മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്ന് നാശം കൊയ്യും. ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവനെ കൊയ്യും (ഗലാത്യർ 6:7,8).

ഈ വേദഭാഗത്തു നാല് പ്രധാന കാര്യങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. അവ അല്പമായി നമ്മൾക്ക് ചിന്തിക്കാം. ദൈവാത്മാവ് പറയുകയാണ് വഞ്ചനപ്പെടാതിരിപ്പിൻ ദൈവത്തെ പരിഹസിച്ചുകൂടാ. കാരണം ഈ പറയുന്ന കാര്യങ്ങൾ ലോകത്തിൽ നോക്കിയാലും കാണാവുന്നതാണ്. അതുകൊണ്ട് ദൈവമക്കളേ നാം സൂക്ഷിക്കുക.

### നാം വിതയ്ക്കുന്നത് കൊയ്യുവാൻ വേണ്ടിയാണ്

നാം നിലമൊരുക്കി വിത്ത് വിതയ്ക്കുന്നത് നമ്മൾ അതിൽ നിന്ന് നെല്ലു കിട്ടുവാനാണ്. അല്ലാതെ ഒരു രസത്തിന് വേണ്ടി ചെയ്യുന്നതല്ല. നാം കുഴികുഴിച്ച് ഒരു മാവ് നടുന്നതു നമ്മുക്ക് മാങ്ങ കിട്ടുവാൻ വേണ്ടിയാണ്. അതുപോലെ നാം അദ്ധ്വാനിച്ച് പഠിക്കുന്നത് നമ്മുക്ക് നല്ല ജോലി കിട്ടുവാനാണ്. ഇതൊക്കെ നാം സമ്മതിക്കുമെങ്കിലും ചിലത് വിതയ്ക്കുന്നത് കൊയ്യുവാൻ വേണ്ടിയാണെന്ന് സമ്മതിക്കുവാൻ പലപ്പോഴും പ്രയാസം ആണ്. എല്ലാവർക്കും വിതയ്ക്കുവാനുള്ള സ്ഥലം ഈ ലോകമാണ്. ഇവിടെ രണ്ടു തരത്തിലുള്ള വിത്തിനെക്കുറിച്ചു പറയുന്നു. ഇത് ഏത് വിത്ത് വിതച്ചാലും അതനുസരിച്ചു നാം കൊയ്യും.

**ജഡത്തിൽ വിതയ്ക്കുക** : – ജഡത്തിൽ വിതയ്ക്കുക എന്നു പറഞ്ഞാൽ ജഡത്തിന്റെ ഫലങ്ങൾ വിതയ്ക്കുക . ജഡത്തിന്റെ പ്രവർത്തികളോ ദുർന്നടപ്പ്, അശുദ്ധി , ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക. പിണക്കം, ഭിന്നത, അസൂയ, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം – ഇവയാണ് വിതയ്ക്കുന്നത് എങ്കിൽ ഇതിന്റെ ഫലം തന്നെ കിട്ടും. ഭിന്നത വിതച്ചിട്ട് നോക്കിയിരുന്നാൽ ഒരിക്കലും സന്തോഷമോ ഐക്യതയോ കിട്ടുകയില്ല.

തന്റെ അനുജനായ ഹാബേലിന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചു കൊണ്ട് കയീന് ഹാബേലിനോട് അസൂയ നിറഞ്ഞു. അതോടു കൂടി പകയും ചേർന്നു. ദൈവത്തോട് അപേക്ഷിക്കുന്നതിനും ചോദിക്കുന്ന തിനും പകരം അവന്റെ അസൂയയും കുശുമ്പും അവനെ ഒരു കൊല പാതകം ചെയ്യുന്നതിന് ഇടയാക്കി. അതെ, അസൂയ വിതച്ചാൽ ഫലം സന്തോഷമായരിക്കുകയില്ല. മറിച്ച്, കൊലപാതകം ആയിരിക്കും.

നെബുക്കദ്നേസർ രാജാവ് ഉന്നതനായി തീർന്നപ്പോൾ അവന്റെ ഉള്ളിൽ നിഗളം ഉണ്ടായി. അവൻ നിഗളം വിതക്കുന്നത് നോക്കുക. 'ഇതു ഞാൻ എന്റെ ധനമഹാത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിനാ യിട്ടു രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ (ദാനി യേൽ 4:30) അതിന്റെ ഫലമോ നെബുക്കദ്നേസർ രാജാവ് കാളയെ പ്പോലെ പുല്ലു തിന്നു. ദൈവമക്കളെ നിഗളം വിതെച്ചാൽ ഏറ്റവും താഴ്ച യായിരിക്കും കിട്ടുന്നത്. അതെ, ജഡത്തിൽ വിതയ്ക്കുന്നവർ ജഡത്തിൽ നിന്ന് നാശം കൊയ്യും.

**ആത്മാവിൽ വിതയ്ക്കുക**

ആത്മാവിൽ വിതയ്ക്കുന്നവരായി നാം തീരണമെങ്കിൽ ഒന്നാമത് ആത്മാവിൽ ജനിക്കണം. നാം മാനസാന്തരപ്പെട്ടു നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞു നമ്മുക്ക് വേണ്ടി കാൽവറിക്രൂശിൽ പാപങ്ങളെ ചുമന്ന കർത്താവിനെ നമ്മുടെ ഏകകർത്താവും രക്ഷകനുമായി സ്വീകരിക്കു മ്പോൾ നാം ആത്മാവിൽ ജനിക്കുന്നു. ആത്മാവിൽ ജനിച്ചവരായ നമ്മൾ ആത്മാവിന്റെ വിത്തുകൾ/ പ്രവൃത്തികൾ ചെയ്യുമെന്ന് ദൈവം ആഗ്ര ഹിക്കുന്നു. ആത്മാവിൽ ജനിച്ചവർ ജഡത്തിന്റെ പ്രവൃത്തികൾ ചെയ്യാം, ചെയ്യുന്നുണ്ട്. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് നമ്മൾ ആത്മാവിന്റെ പ്രവൃത്തി ചെയ്യണമെന്നാണ്. ആത്മാവിന്റെ ഫലങ്ങളോ ,സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യ ത, ഇന്ദ്രിയ ജയം . ഇതാണ് നാം വിതയ്ക്കുന്നത് എങ്കിൽ ഇതിന്റെ ഫലം നാം അനുഭവിക്കും. കൊയ്യുവാൻ വേണ്ടിയാണ് നാം വിതയ്ക്കു ന്നത് .

**ഏത് വിത്ത് വിതച്ചുവോ അതിന്റെ ഫലം കൊയ്യും.** നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത

ഫലം കായ്ക്കുന്നു നല്ല വൃക്ഷത്തിന് ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന് നല്ല ഫലവും കായ്പാൻ കഴികയില്ല. (മത്തായി 7:17,18).

യോസേഫിനെ ജ്യേഷ്ഠന്മാർ പകെച്ച് പൊട്ട കുഴിയിൽ ഇടുകയും അവനെ മിസ്രിയമിലേക്കു ഒരു അടിമയായി വിൽക്കുകയും ചെയ്തു. അവിടെ വെച്ച് അനേകം കഷ്ടത്തിൽ കൂടി യോസേഫിന് പോകേണ്ട തായി വന്നു. ജ്യേഷ്ഠന്മാർ വിതച്ചത് കയ്പും അസൂയയും കോപവും, ക്രോധവും ആണ്. എന്നാൽ യേസേഫ് വിതച്ചത് സ്നേഹം, ക്ഷമയും കരുതലുമാണ്. അതുകൊണ്ട് ജീവിതാവസാനം വരെ ജ്യേഷ്ഠന്മാർ അവ രുടെ ഫലം കൊയ്തു. എന്നാൽ യോസേഫ് വിതച്ചതിന്റെ ഫലമാണ് അവൻ കൊയ്തത്. ദൈവത്തിന്റെ അനുഗ്രഹങ്ങൾ അവനു ആവോളം ഉണ്ടായി. മാത്രമല്ല അവന്റെ രണ്ടു മക്കൾ ഗോത്രാവകാശികളാകുന്നു. മൂത്ത പുത്രന് കിട്ടേണ്ട അവകാശം യോസേഫിന് ദൈവം കൊടുക്കു ന്നു. മാത്രമല്ല യോസേഫിന്റെ അസ്ഥികൾ മാത്രം മിസ്രയിമിൽ നിന്ന് മോശെ എടുത്തു. അതു അവന്റെ പിതാക്കന്മാരുടെ കല്ലറകളിൽ സംസ്ക്കരിച്ചു. (പുറപ്പാട് 13:19, ഉല്പത്തി 56:23, യോശുവ 24:32)

നിങ്ങൾ ദുഷ്ടത ഉഴുതു നീതികേട് കൊയ്തു. ഭോഷ്ക്കിന്റെ ഫലം തിന്നിരിക്കുന്നു (ഹോശയ 10:13). യാക്കോബ് തന്റെ പേര് പോലെ ഉപാ യിയായിരുന്നു. അവൻ കണ്ണ് കാണാൻ വയ്യാത്ത അപ്പനെയും തന്റെ ജേഷ്ഠ സഹോദരനെയും ചതിക്കുന്നതായി കാണാം. ആദ്യം പായസം വിറ്റ ജേഷ്ഠ സഹോദരന്റെ ജേഷ്ഠാവകാശം തട്ടിയെടുത്തു. പിന്നെ അമ്മയുടെ സഹായത്തോടെ ആടിനെ കൊന്നു അപ്പന് ഭോജനം ഉണ്ടാ ക്കുന്നു. അതിനു ശേഷം ആടിന്റെ തോൽ കൊണ്ട് കൈകളും രോമമി ല്ലാത്ത കഴുത്തും പൊതിഞ്ഞു. ജേഷ്ഠന്റെ വസ്ത്രം ധരിച്ച് അപ്പന്റെ അടുക്കൽ ഭോജനം കൊണ്ട് ചെല്ലുന്ന.ു അപ്പനോട് പറയുന്നു. ഞാൻ നിന്റെ ആദ്യജാതൻ ഏശാവ്. എന്നോട് കല്പ്പിച്ചതു ഞാൻ ചെയ്തിരി ക്കുന്നു. എഴുന്നേറ്റ് ഇരുന്ന് എന്റെ വേട്ടയിറച്ചി തിന്ന് എന്നെ അനുഗ്ര ഹിക്കണമേ. അങ്ങനെ ചതിയൻ അനുഗ്രഹം വാങ്ങുന്നു.

എന്നാൽ പിന്നീടുള്ള ചരിത്രം നോക്കുമ്പോൾ ഇളയമകൾ റാഹേ ലിനു പകരം മൂത്തമകൾ ലേയയെ യാക്കോബിനു ഭാര്യയായി കൊടു ക്കുന്നു. വിരുന്നിനു ശേഷം ലാബാൻ യാക്കോബിനെ ചതിക്കുന്നു. രണ്ടാമത് കണ്ടത് യാക്കോബിന്റെ 10 മക്കളും ചേർന്ന് യാക്കോബിനെ ചതിക്കുന്നതായി കാണാം. അവരും കോലാട് കൊറ്റനെ കൊന്നു.

അതിന്റെ രക്തം എടുത്തു യോസേഫിന്റെ വസ്ത്രം അതിൽ മുക്കി അത് അപ്പന് കൊടുത്തു വിടുന്നു. യാക്കോബ് ഏറിയ നാൾ തന്റെ മകനെ ചൊല്ലി കരഞ്ഞുകൊണ്ടിരുന്നു. (ഉല്പത്തി 37: 32–34) ഏശാവ് അനു ഗ്രഹം ചോദിച്ചു വന്നപ്പോൾ യിസ്ഹാക്ക് അത്യന്തം ഭ്രമിച്ചു നടുങ്ങി (ഉല്പത്തി 28:34) ഞാൻ യാക്കോബിനെ അനുഗ്രഹിച്ചു എന്ന് പറഞ്ഞു. യാക്കോബ് ചതി വിതച്ച് യാക്കോബിന്റെ ജീവിതത്തിൽ ചതി കൊയ്തു. എന്നാൽ പിന്നീട് യാക്കോബിന്റെ ജീവിതം വ്യത്യാസപ്പെടുകയും അവനെ ദൈവം അനുഗ്രഹിക്കുകയും യാക്കോബ് എന്ന് പേര് വ്യത്യാ സപ്പെടുകയും അവനെ ദൈവം അനുഗ്രഹിക്കുകയും യാക്കോബ് എന്ന പേര് മാറി യിസ്രായേൽ ആകുകയും ചെയ്തതായി നാം കാണുന്നു. (ഉല്പത്തി 32:29) വിതച്ചത് യാക്കോബ് കൊയ്തു.

**വിത്ത് ഏത് എന്നറിയാൻ പാടില്ലാതെ വിതച്ചതായാലും നാം വിതച്ചത് കൊയ്യുക തന്നെ ചെയ്യും.** യജമാനത്തി അവളുടെ കണ്ണിന് നിന്ദിത യായി അപ്പോൾ സാറായി അബ്രഹാമിനോട് എനിക്കു ഭവിച്ച അന്യാ യത്തിന് നീ ഉത്തരവാദി (ഉല്പ 16:6) ദൈവം അബ്രഹാമിനും സാറായ്ക്കും മക്കളെ വാഗ്ദാനം ചെയ്തതാണ്. എന്നാൽ സാറായി ദൈവത്തെ ഒന്നു സഹായിക്കുന്നു. ഹാഗാറിനെ അബ്രഹാമിനെ ഭാര്യ യായി കൊടുക്കുന്നു. ഇതിന്റെ വൈഷമ്യം സാറായി അറിഞ്ഞിരുന്നു എങ്കിൽ ഒരിക്കലും സാറ ഇത് ചെയ്യുകയില്ലായിരുന്നു. എന്നാൽ വിത ച്ചത് വിത്ത് ഏതാണെന്ന് അറിഞ്ഞില്ല എങ്കിലും ഫലം കൊയ്തേ മതി യാകുകയുള്ളു. പിന്നീട് നാം കാണുന്നു. യിസ്മയേലിന്റെ ജനനം. എന്നാൽ യിസ്ഹാക്ക് – വാഗ്ദത്ത പുത്രൻ ജനിച്ചതിന് ശേഷം വീണ്ടും പ്രശ്നങ്ങൾ ഉണ്ടാകുന്നു. സാറായി അബ്രഹാമിനോട് പറയുന്നു; ഈ മകനെയും ദാസിയെയും പുറത്താക്കുക. കാരണം മിസ്രയിമ്യ ദാസി ഹാഗാർ പ്രസവിച്ച മകൻ പരിഹാസിയാണ്. ഓ അബ്രഹാമിന്റെ ദുഃഖം. എന്നാൽ സാറാ പറയുന്നതുപോലെ അവരെ പുറത്താക്കാനാണ് ദൈവം അനുവദിച്ചത്. വിത്ത് ഏതാണെന്ന് അറിയാൻ പാടില്ല എന്നതുകൊണ്ട് വിതച്ച വിത്തിന്റെ ഫലം തന്നെ കൊയ്തേ മതിയാകു.

**വിതയ്ക്കുന്നതിലും അധികം കൊയ്യും**

അവർ കാറ്റു വിതച്ചു ചുഴലിക്കാറ്റ് കൊയ്യും" (ഹോശേയ 8:7)

ഒരു മാങ്ങ കുഴിച്ചിട്ട് മാവ് ഉണ്ടാകുന്നു. അതിൽ നിന്ന് ഒരു മാങ്ങ യല്ലാ അനേകം മാങ്ങകൾ, അനേകം വൃക്ഷങ്ങൾ കിട്ടും. നമ്മൾ ഏത്

വിത്ത് വിതച്ചാലും വിതയ്ക്കുന്നതിലും അധികം നാം കൊയ്യും. അതു കൊണ്ട് ദൈവമക്കളെ നാം വിതയ്ക്കുമ്പോൾ സൂക്ഷിക്കുക. ജഡ ത്തിന്റെ വിത്തുകൾ ഒട്ടും വിതയ്ക്കാതെ ആത്മാവിന്റെ വിത്തുകൾ മാത്രം വിതയ്ക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

ചില ഉദാഹരണങ്ങൾ നമ്മുക്ക് ചിന്തിക്കാം. ഒന്നാമതായി, പത്രൊ സിന്റെ ജീവിതം തന്നെ നോക്കാം. കർത്താവിനെ തള്ളിപ്പറഞ്ഞു അതിന്റെ സങ്കടം അവൻ അനുഭവിച്ചു. പിന്നീട് ദൈവം അവനെ യഥാ സ്ഥാനപ്പെടുത്തി. പൂർണ്ണമായി ദൈവത്തിനായി സമർപ്പിക്കപ്പെട്ട പത്രൊ സിനെ പിന്നീടു നാം കാണുന്നത് 12 ശിഷ്യന്മാരോടു കൂടെ ധൈര്യ ത്തോടെ ദൈവവചനം വിതയ്ക്കുന്നതായിട്ടാണ്. അതിന്റെ ഫലം അവൻ തന്നെ കൊയ്തു. 3000 പേർ രക്ഷിക്കപ്പെട്ട് സഭയോട് ചേർന്നു. രണ്ടാമ തായി ദാവീദ് രാജാവ്. ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, കൊലപാതകം എന്നിവ വിതച്ച് അതിന്റെ ഫലവും അവൻ കൊയ്തു. അവന്റെ വെപ്പാ ട്ടികളെ സ്വന്തം മകൻ മലിനമാക്കുന്നു. കൂടാതെ ദൈവം പറയുകയാണ് നീ യഹോവയുടെ കല്പന  നിരസിച്ച് അവന് അനിഷ്ടമായുള്ളത് ചെയ്തു. ഹിത്യനായ ഊരിയാവെ വാൾ കൊണ്ട് വെട്ടി അവന്റെ ഭാര്യയെ നിനക്കു ഭാര്യയായിട്ട് എടുത്ത് നീ എന്നെ നിരസിച്ചു അന്യന്റെ ഭാര്യയെ എടുത്തത് കൊണ്ട് വാൾ നിന്റെ ഗൃഹത്തെ ഒരിക്കലും വിട്ടു മാറുകയില്ല. നീ കാൺകെ ഞാൻ നിന്റെ ഭാര്യമാരെ എടുത്തു നിന്റെ കൂട്ടുകാരനു കൊടുക്കും. (2 ശമുവേൽ 12:10, 11) ദാവീദിന്റെ മകൻ അബ്ശാലോം സകല മനുഷ്യരും കാൺകെ ദാവീദിന്റെ വെപ്പാട്ടികളെ മലിനമാക്കുന്നു. (2 ശമുവേൽ 16:21) കൂടാതെ വാൾ ദാവീദിന്റെ ജീവി തത്തെ പിന്തുടരുന്നതായും കാണാം. ദാവീദ് ചെയ്തതിന്റെ ഇരട്ടി അവൻ  അനുഭവിച്ചു.

ദാവീദ്  ജീവിതത്തിൽ ആത്മാവിന്റെ ഫലം വിതച്ചു അതിന്റെയും ഫലം അവനു ലഭിക്കുന്നു. തന്റെ തെറ്റിനെക്കുറിച്ച് അവൻ മനസ്താപം പൂണ്ട് തെറ്റ് ഉപേക്ഷിച്ച്  ജീവിക്കുന്നു. ശൗൽ രാജാവിനെ കയ്യിൽ കിട്ടി യിട്ട് തന്നെ കൊല്ലുവാൻ അന്വേഷിച്ച് നടക്കുന്ന വ്യക്തിയാണ് അറി ഞ്ഞിട്ടുപോലും ദാവീദ് പറയുകയാണ് ദൈവത്തിന്റെ അഭിഷക്തന്റെ മേൽ കൈവയ്ക്കുവാൻ എനിക്ക് ഇടവരുത്തരുത്. വേറൊരു അവസര ത്തിൽ ഭൃത്യന്മാർ എല്ലാം ശൗലിന്റെ  അങ്കിയുടെ ഒരറ്റം മുറിച്ചെടുത്തു പിന്നീട് അതിനെ പറ്റി മനസ്താപപ്പെടുന്ന ദാവീദിന്റെ മനസാക്ഷി കുത്തി

തുടങ്ങി. (1 ശമുവേൽ 24:5). ദൈവത്തിനായി, ആലയത്തിനായി അനേകം വെള്ളിയം പൊന്നും ഒരുക്കുന്നു. മാത്രമല്ല ദൈവത്തെ പാടി സ്തുതി ക്കുന്ന ദാവീദ് ദൈവത്തിന്റെ മുൻപാകെ തന്നെത്താൻ താഴ്ത്തുന്നു. അതുകൊണ്ട് ദൈവം ദാവീദിനെ ഏറ്റവും ഉയർത്തി. ദാവീദിനെക്കു റിച്ച് പറയുമ്പോൾ എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ, എനിക്ക് ബോധിച്ച പുരുഷൻ എന്നാണ് പറയുന്നത്. (പ്രവൃത്തി 13:22) നല്ല രാജാ ക്കന്മാരെക്കുറിച്ച് പറയുമ്പോൾ, അവൻ യഹോവയ്ക്ക് പ്രസാദമുള്ളത് ചെയ്തു തന്റെ പിതാവായ ദാവീദിന്റെ വഴിയിലൊക്കെയും വല ത്തോട്ടൊ ഇടത്തോട്ടോ മാറാതെ നടന്നു. (രാജാക്കന്മാർ 22:2)

സഹോദരിമാരെ നമ്മുടെ ജീവിതത്തെ ദൈവസന്നിധിയിൽ പരിശോ ധിച്ച് ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ആത്മാവിന്റെ പ്രവൃത്തികളെ ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നാം വിതയ്ക്കുന്നത് കൊയ്യു വാൻ വേണ്ടിയാണ്. വിതയ്ക്കുന്നത് തന്നെ നാം കൊയ്യും. വിത്ത് അറി യില്ലെങ്കിലും വിതച്ചത് കൊയ്തേ മതിയാവൂ മാത്രമല്ല, വിതയ്ക്കുന്ന തിലും കൂടുതൽ കൊയ്യും. നല്ലതു മാത്രം വിതയ്ക്കവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# പണിയുക

അർത്ഥഹ്ശഷ്ടരാജാവിന്റെ പാനപാത്രവാഹനായിരുന്നു നെഹമ്യാവ്. നെഹമ്യാവ് ശൂശൻ രാജധാനിയിൽ ഇരിക്കുമ്പോൾ യെഹൂദയിൽ നിന്ന് ചിലർ വന്നു അവിടത്തെ സ്ഥിതിയെക്കുറിച്ച് നെഹമ്യാവോട് പറഞ്ഞു. അവിടെ യെരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ ചുട്ടും കിടക്കുന്നു. (നെഹ 1:3) ഈ പ്രശ്നം അറിഞ്ഞപ്പോൾ തന്നെ നെഹമ്യാവ് ആ പ്രശ്നത്തിൽ തന്നെയും കൂടി ഉൾപ്പെടുത്തി. ആദ്യം തന്നെ പ്രശ്ന പരിഹാരത്തിനായി ദൈവത്തിന്റെ സന്നിധിയിൽ തന്നെത്തന്നെ താഴ്ത്തി. കുറെ നാൾ ദുഃഖിച്ചും ഉപവസിച്ചും കൊണ്ട് സ്വർഗ്ഗത്തിലെ ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവത്തിന്റെ സന്നിധിയിൽ തന്റെയും ജനത്തിന്റെയും പാപത്തെ പൊറുക്കുവാൻ അപേക്ഷിക്കുന്നു. പിന്നീട് നെഹമ്യാവ് തന്റെ പ്രശ്നം രാജാവിനോട് പറയുന്നു. "ദൈവത്തിന്റെ ദയയുള്ള കൈ തനിക്ക് അനുകൂലമായിരുന്നതുകൊണ്ടു യെരുശലേമിലേക്കു പോകുവാൻ നെഹമ്യാവിന് അനുവാദം കൊടുക്കുന്നു (നെഹ 2:8).

യെരുശലേമിൽ ചെന്നതിന് ശേഷം നെഹമ്യാവ് പ്രഭുക്കന്മാരോടും, പുരോഹിതന്മാരോടും പ്രവാസികളോടും പറഞ്ഞത് "വരുവിൻ നാം ഇനിയും നിന്ദാപാത്രമായിരിക്കാതവണ്ണം യെരുശലേമിന്റെ മതിൽ പണിയുക. എന്റെ ദൈവത്തിന്റെ കൈ എനിക്കു അനുകൂലമായിരുന്നതും രാജാവ് എന്നോടു അറിയിച്ച വാക്കുകൾ അറിയിച്ചപ്പോൾ അവർ നാം എഴുന്നേറ്റു പണിയുക എന്നു പറഞ്ഞു (നെഹ 2:18). അങ്ങനെ ഇടിഞ്ഞു കിടന്ന യെരുശലേമിന്റെ മതിൽ പണി തുടങ്ങി. അവർ വാതിലുകളും വെച്ചു.

ഈ വാതിലുകളെക്കുറിച്ചു പഠിക്കുമ്പോൾ വിശ്വാസിക്ക് ഉതകുന്ന അനേക നല്ല പാഠങ്ങൾ പഠിക്കുവാൻ സാധിക്കും. വിശ്വാസികളായ നമ്മുടെ ജീവിതത്തിലെ കുറവുകൾ കണ്ട് പൊളിഞ്ഞു കിടക്കുന്ന കാര്യങ്ങൾ ശരിയാക്കുവാൻ നമ്മെ സഹായിക്കും.

**1. ആട്ടിൻ വാതിൽ** (നെഹ 3:1) മഹാപുരോഹിതനായ ഏല്യാശീബും അവന്റെ സഹോദരന്മാരും കൂടി ആട്ടിൻ വാതിൽ പണിതു. യാഗം കഴിക്കുവാനുള്ള മൃഗത്തെ കൊണ്ടു പോയിരുന്നതു ഈ വാതിലിൽ കൂടിയായിരുന്നു. യാഗം കഴിക്കാത്ത ഒരു കാലയളവുണ്ടായി. അങ്ങനെ ഈ വാതിൽ ഇടിഞ്ഞുകിടന്നിരുന്നു.

കർത്താവായ യേശുക്രിസ്തു യാഗത്തിന്റെ പൂർത്തീകരണമായി ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി വന്നു. (യോഹ. 1:29) കർത്താവാകുന്ന വാതിലിൽ കൂടി കയറുന്നവർക്ക് രക്ഷയുണ്ട്. ഞാൻ വാതിൽ ആകുന്നു എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും അവൻ അകത്തു വരികയും പുറത്തു പോകയും ചെയ്യുന്നു (യോഹ. 10:11). നമ്മുക്ക് വേണ്ടി യാഗമായി തീർന്ന ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് ദൈവമക്കളാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**2. മീൻ വാതിൽ.** ഇത് ഹസ്സെനായക്കാർ പണിതു ഗലീലയിൽ നിന്ന് മീൻ പിടിച്ച് കൊണ്ടു വരുന്നത് ഈ വാതിലിൽ കൂടിയാണ്. കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു. എന്റെ പിന്നാലെ വരുവിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം. അവർ വല വിട്ടേച്ചു അവനെ അനുഗമിച്ചു. അവർ മനുഷ്യരെ പിടിക്കുന്നവരായി തീർന്നു. (മത്താ. 4:19,20).

ശമര്യ സ്ത്രീ യേശുവിനെ കണ്ടു യേശുവിൽ വിശ്വസിച്ചു കൂടാതെ അവൾ പാത്രം വെച്ചിട്ട് പട്ടണത്തിൽ ചെന്ന് ജനങ്ങളോടു ഞാൻ ചെയ്തതു ഒക്കെയും എന്നോട് പറഞ്ഞ ഒരു മനുഷ്യനെ വന്നു കാൺമിൻ അവൻ പക്ഷെ ക്രിസ്തു ആയിരിക്കുമോ എന്ന് പറഞ്ഞു. (യോഹന്ന 4:29). അവൾ മുഖാന്തരം ശമര്യർ കർത്താവിൽ വിശ്വസിച്ചു. പ്രിയ സഹോദരിമാരെ രക്ഷിക്കപ്പെട്ടിട്ട് എത്രയോ വർഷങ്ങൾ കഴിഞ്ഞു ഈ കർത്താവിനെക്കുറിച്ചു മറ്റുള്ളവരോട് പറയുന്നുണ്ടോ? ചിലരെ തീയിൽ നിന്ന് വലിച്ചെടുക്കുവാൻ, കർത്താവിന്റെ സുവിശേഷം പറയുവാൻ, അവരെ രക്ഷയിലേക്കു നടത്തുവാൻ സാധിച്ചിട്ടുണ്ടോ?

**3. പഴയ വാതിൽ** (നെഹ 3:6) പാസേഹയുടെ മകനായ യോയദയും ബെസോദ്യവിന്റെ മകനായ മെശുല്ലാമും അറ്റകുറ്റം തീർത്തു. പഴയതിനെ വേണ്ട എന്നു ചിന്തിക്കുന്ന യുഗത്തിലാണ് നാം ജീവിക്കുന്നത് എന്നാൽ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു നിങ്ങൾ വഴികളിൽ ചെന്നു നല്ലവഴി ഏതെന്നു പഴയ പാതകളെ നോക്കി ചോദിച്ചു അതിൽ

നടപ്പിൻ. എന്നാൽ നിങ്ങളുടെ മനസ്സിന് വിശ്രമം ലഭിക്കും. (യിരമ്യാവ് 6:16). ആകയാൽ സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്ക് ചുറ്റുമുള്ളതുകൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടാം (എബ്രാ 12:2).

4. **താഴ്വര വാതിൽ** (നെഹ 3:13)  ഹാനൂനും സാനോഹ് നിവാസികളും അറ്റകുറ്റം തീർത്തു. ഹിന്നോം താഴ്വരയിലേക്ക് പോകുന്നത് ഈ വാതിലിൽ  കൂടിയാണ്.

താഴ്വരയുടെ അനുഭവം ക്രിസ്തീയ ജീവിതത്തിനാവശ്യമാണ്. ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു. താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. അതുകൊണ്ട് നാം ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിക്കേണ്ടതാവശ്യമാണ് (1 പത്രൊസ് 5:6). കർത്താവിന്റെ സന്നിധിയിൽ നാം താണാൽ അവൻ നിശ്ചയമായും നമ്മെ ഉയർത്തും (യാക്കോബ് 4:10).

5. **കുപ്പവാതിൽ** (നെഹ. 3:14). ബേത്ത്ഹലരെ ദേശത്തിന്റെ പ്രഭുവായ രേഖാബിന്റെ മകൻ മല്കിയാവ് അറ്റകുറ്റം തീർത്തു. ചപ്പ്ചവറ്, മാലിന്യങ്ങൾ പുറത്തുകൊണ്ടു പോകുന്നത് ഈ വാതിലിൽ കൂടിയായിരുന്നു.

ദൈവമക്കളായ നമ്മുടെ ജീവിതത്തിലെ മുറുകെപറ്റുന്ന പാപങ്ങൾ, മാലിന്യങ്ങൾ എന്നിവ നീക്കിക്കളയേണ്ട ആവശ്യമുണ്ട്. ദുർനടപ്പ്, യാതൊരു അശുദ്ധിയും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്. ചീത്തതരം പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയില്ലാത്തവ ഒന്നും അരുത്. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധന ഇതൊന്നും പാടില്ല. ഇതെല്ലാം നീക്കികളയേണ്ടതാവശ്യമാണ്. യെശെ. 5:3.

6. **ഉറവ് വാതിൽ** (നെഹ 3:15) മിസ്പദേശത്തിന്റെ പ്രഭുവായ കൊൽ-ഹോസയുടെ മകൻ ശല്ലൂൻ അറ്റുകുറ്റം തീർത്തു. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നത് പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും. (യോഹന 7:37,38).

അശുദ്ധമായത് എല്ലാം നീക്കിക്കളയുമ്പോൾ അവൻ ആത്മാവിനാൽ നിറയുന്നതായി കാണുന്നു. കുപ്പവാതിൽ കഴിയാതെ ഉറവ് വാതിലിൽ കൂടി പോകുവാൻ സാദ്ധ്യമല്ല. അവർ ആത്മാവ് നിറഞ്ഞവരായി

സങ്കീർത്തനങ്ങളാലും സ്തുതികളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവന് പാടിയും കീർത്തനം ചെയ്തും.. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്തോത്രം ചെയ്യുക. (എഫെ. 5:18).

**7. നീർവാതിൽ** (3:26) ദൈവാലയത്തിലേക്കു ആവശ്യമുള്ള വെള്ളം ചുമന്നു പോകുന്നത് ഈ വാതിലിൽ കൂടിയാണ്. ഈ വാതിലിന് മാത്രം അറ്റകുറ്റം പണി നടന്നതായി കാണുന്നില്ല. നീർവാതിൽ വചനത്തെ കാണിക്കുന്നു വചനം - തിരുവെഴുത്തിനെ പണിയേണ്ട ആവശ്യമില്ല. മത്തായി 4:4 ൽ നാം അപ്പം കൊണ്ടല്ല വചനം കൊണ്ടത്രേ ജീവിക്കേണ്ടത്. 1 പത്രോസ് 2:2ൽ നാം കാണുന്നത്. ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിക്കേണം.

**8. കുതിരവാതിൽ (3:28)** പുരോഹിതന്മാർ ഓരോരുത്തൻ തന്റെ വീടിന് നേരെ അറ്റകുറ്റം തീർത്തു. യുദ്ധത്തിന് കുതിരകളും രഥങ്ങളും, ആയുധങ്ങളും മറ്റും വെളിയിൽ കൊണ്ടുപോയിരുന്നത് ഈ വാതിലിൽ കൂടിയാണ്.

വിശ്വാസികളായ ഇത് നമ്മെ ഓർപ്പിക്കുന്നത് നമ്മൾക്ക് പോരാട്ടമുണ്ട്. ഏത് സമയത്തും യുദ്ധം ഉണ്ടാകും. അതുകൊണ്ട് നാം എപ്പോഴും ഉണർന്നിരിക്കേണ്ടതാവശ്യമാണ്. നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിലെ ലോകാധിപതികളോട് സ്വർഗ്ഗലോകങ്ങളിലെ ദുഷ്ടാത്മസേനയോട് അത്രേ. അതുകൊണ്ട് നാം എല്ലാസമയവും ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കേണ്ടതാവശ്യമാണ്. (എഫെ. 6:10-12).

**9. കിഴക്കെ വാതിൽ** (3:29) ശെഖന്യാവിന്റെ മകൻ ശെമയ്യാവ് അറ്റകുറ്റം തീർത്തു. ഈ വാതിൽ എപ്പോഴും അടച്ചിട്ടിരിക്കുകയാണ്. ഈ വാതിൽ കൂടി മിശിഹാ വരും എന്നു അവർ വിശ്വസിച്ചിരുന്നു.

നമ്മുടെ കർത്താവ് വരാറായി. നാം എങ്ങനെയിരിക്കുന്നു? ഒരുങ്ങിയിട്ടുണ്ടോ? കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുന്നേ

ല്ക്കയും പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും (1 തെസ്സ 4:19,20). നമ്മുടെ കർത്താവ് വരാറായി നമുക്ക് ഒരുങ്ങാം.

**10. ഹമ്മിഫ്ഖാദ് വാതിൽ** (3:21). തട്ടാന്മാരിൽ ഒരുവനായ മല്ലിയാവ് അറ്റകുറ്റം തീർത്തു. പരിശോധന എന്നാണ് ഇതിന്റെ അർത്ഥം. ഈ വാതില്ക്കൽ വെച്ചാണ് ന്യായാധിപന്മാർ ജനങ്ങളുടെ പരാതി കേട്ട് വിധി തീരുമാനിച്ചിരുന്നത്.

നമ്മുടെ കർത്താവ് വരാറായി നാമെല്ലാവരും അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും, തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് ക്രിസ്തുവിന്റെ ന്യായാസനത്തിന് മുൻപാകെ വെളിപ്പെടേണ്ടതാകുന്നു. (2 കൊരി. 5:10).

അവിടെ നമ്മുടെ പ്രവൃത്തികൾ ശോധന ചെയ്യപ്പെടും. ആരെങ്കിലും പൊന്നു, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും. തീ തന്നെ അത് ശോധന ചെയ്യും. അതുകൊണ്ട് നിലനിൽക്കുന്ന പ്രവർത്തികൾ ചെയ്തു നമ്മുടെ പരദേശ പ്രയാണം കഴിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# അപ്പത്തെ വെള്ളത്തിന്മേൽ എറിയുക

മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ട് നാളേയ്ക്കായി വിചാരപ്പെടരുത്. നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ (മത്തായി 6:33.)

അടുത്ത നേരത്തിന്റെ ഭക്ഷണത്തിനായിപ്പോലും വിചാരപ്പെടാതെ വിശ്വാസത്തോട് കൂടി തന്റെ അപ്പത്തെ എടുത്തു വെള്ളത്തിൽ എറിയുവാൻ മനസ്സായ ഒരു വിധവ - ഒരു സ്ത്രീരത്നം.

തിശ്ബ്യനായ ഏലിയാവെ യഹോവ ക്ഷാമകാലത്ത് പോറ്റുന്നതിനായി ആദ്യം കെരിത്ത് തോട്ടത്തിനരികെ അയച്ചു. അവിടെ ഒരു കാക്ക രാവിലെയും വൈകുന്നേരത്തും അപ്പവും ഇറച്ചിയും കൊടുക്കുന്നു. തോട്ടിൽ നിന്നുള്ള വെള്ളം കുടിക്കാൻ കൊടുക്കുന്നു. എന്നാൽ കുറെ ദിവസം കഴിഞ്ഞപ്പോൾ കെരിത്ത് തോട് വറ്റി. നാം ഓർക്കും എന്തു കൊണ്ട് ഈ കെരീത്ത് വറ്റി. കെരീത്ത് വറ്റിയെങ്കിലേ ദൈവത്തിന് വിധവയെ പോറ്റുവാൻ സാധിക്കുകയുള്ളു. ദൈവം ചെയ്യുന്നത് എല്ലാം നന്മയ്ക്കാണ്. പിന്നെ ഏലിയാവെ അയക്കുന്നത് സാരാഫാത്തിലേ ഒരു വിധവയുടെ അടുക്കലേക്ക് ആണ്. നമ്മൾക്ക് ഈ വിധവയെ കുറിച്ചു ഒന്നു പഠിക്കാം.

**ഒന്നുമില്ലാത്ത അവസ്ഥ**

ഈ സ്ത്രീയുടെ ഭവനത്തിൽ ആകെയുള്ളത് കലത്തിൽ ഒരു പിടി മാവും തുരുത്തിയിൽ അല്പം എണ്ണയും, അതുകൊണ്ട് തനിക്കും മകനും വേണ്ടി അപ്പമുണ്ടാക്കുന്നതിനായി അവൾ വിറകു പെറുക്കുകയാണ്. അവളുടെ ദാരുണാവസ്ഥ (1 രാജാക്കന്മാർ 17:12). ഈ അപ്പം ഉണ്ടാക്കി തിന്നിട്ട് മരിപ്പാനിരിക്കുന്ന അവസ്ഥ. അവളുടെ അടുക്കലേക്കാണ് യഹോവ ഏലിയാവ് പ്രവാചകനെ അയക്കുന്നത്. പ്രവാചകൻ അവളുടെ അവസ്ഥ അറിഞ്ഞിട്ട് അവളോട് പറയുന്നു. ആദ്യം എനിക്ക്

ചെറിയൊരു അട ഉണ്ടാക്കി കൊണ്ടുവരിക. (17:13) പിന്നെ നിങ്ങൾക്കും ഉണ്ടാക്കുക.

**അനുസരിക്കുന്ന സ്ത്രീ**

പ്രവാചകനെ വിശ്വസിച്ചു പ്രാവാചകനെ അനുസരിക്കുന്ന സ്ത്രീ. അവളുടെ മകൻ വിശന്ന് പൊരിഞ്ഞിരിക്കുകയാണ്. ആദ്യം അവൾ തന്റെ മകന് അപ്പം ഉണ്ടാക്കിയിരുന്നെങ്കിൽ എന്ത് സംഭവിച്ചേനെ. എന്നാൽ അവൾ പ്രവാചകൻ പറഞ്ഞത് അനുസരിച്ചു. അവന് ആദ്യം ഉണ്ടാക്കിക്കൊടുത്തു.

**ദൈവത്തിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നു.**

ഏലിയാവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ യഹോവ ഭൂമിയിൽ മഴ പെയ്യിക്കുന്ന നാൾ വരെ കലത്തിലെ മാവ് തീർന്നുപോയില്ല. ഭരണിയിലെ എണ്ണ കുറഞ്ഞുപോയതുമില്ല (17:16). അങ്ങനെ അവളും മകനും അവളുടെ വീട്ടുകാരും ഏറിയ നാൾ അഹോവൃത്തി കഴിച്ചു. ഇതിന് കാരണം  അവൾ യഹോവയെ വിശ്വസിച്ചു പ്രവാചകൻ പറഞ്ഞതനുസരിച്ച് മുമ്പെ പ്രവാചകന് കൊടുത്തത് കൊണ്ടാണ്.

**ദൈവനാമം മഹത്വപ്പെടുന്നതിനിടയായി**

കുറച്ചു ദിവസങ്ങൾക്ക് ശേഷം സ്ത്രീയുടെ മകൻ ദീനം പിടിച്ചു. ദീനം കടുത്തിട്ട് അവനിൽ ശ്വാസം ഇല്ലാതെയായി (17:18) എന്നാൽ പ്രവാചകൻ മകനെ തന്റെ മാളിക മുറിയിൽ കൊണ്ട് ചെന്ന്  മകനെ തന്റെ കട്ടിലിന്മേൽ കിടത്തി ബാലന്റെ മേൽ മൂന്ന് പ്രാവശ്യം കമിഴ്ന്ന് കിടന്ന് പ്രാർത്ഥിച്ചപ്പോൾ യഹോവ പ്രാർത്ഥന കേട്ടു ബാലന്റെ ജീവൻ തിരിച്ചു വന്നു. സ്ത്രീ പ്രവാചകനോട് പറയുന്നത് “നീ ദൈവപുരുഷൻ എന്നും നിന്റെ നാവിന്മേലുള്ള യഹോവയുടെ വചനം സത്യമെന്നും ഞാൻ  ഇതിനാൽ അറിയുന്നു. നമ്മുടെ ജീവിതത്തിൽ മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പാൻ ദൈവം നമ്മളെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടട്ടെ.

# അഗ്നിരഥമോ.. മരണമോ...?

ശാരീരികമായും മാനസികമായും തകർന്ന അവസ്ഥ. സഹായിക്കാൻ ആരുമില്ല. മറ്റുള്ളവരുടെ നിന്ദയ്ക്ക് മാത്രമുള്ള ഒരു ജീവിതം. ചെയ്യാത്തതും ചിന്തിക്കാത്തതുമായ കാര്യങ്ങളെ കുറിച്ചുള്ള കുറ്റപ്പെടുത്തൽ. പഠിച്ചിട്ടും ജയിക്കുന്നില്ല. ഒരു നല്ല ജോലി കിട്ടുന്നില്ല. മക്കളുടെ ഭാവി ഇരുട്ട് നിറഞ്ഞതുപോലെ. മക്കൾ പിൻമാറ്റത്തിൽ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ സാധിക്കുന്നില്ല. കഷ്ടതയും നിന്ദയും വേദനയും ദുഃഖവും പരിഹാസവും നിറഞ്ഞ ജീവിതം. ഓ... എന്തൊരു ജീവിതം. ഇങ്ങനെ ജീവിച്ചിട്ട് എന്തു കാര്യം. ഇതിലും ഭേദം മരിക്കുകയല്ലേ നല്ലത്?

ഇതുപോലെ മരിക്കാൻ ആഗ്രഹിച്ച ഒരു വ്യക്തി ബൈബിളിലുണ്ട്. അദ്ദേഹം ആരായിരുന്നു. എന്തിനാണ് മരിക്കാൻ ആഗ്രഹിച്ചത്. അദ്ദേഹത്തിന് എന്ത് സംഭവിച്ചു എന്നു നോക്കാം.

ഒരു അന്യജാതിയായ സ്ത്രീയെ ഭയന്ന് പ്രവാചകനായ ഏലിയാവ് ജീവരക്ഷയ്ക്കായി മരുഭൂമിയിലേക്ക് ഓടിപ്പോയി. അവിടെ ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്ന്, താൻ ആരാണെന്ന് മറന്ന് മരിക്കാൻ ഇച്ഛിച്ചു. 1 രാജ. 19:4.

ഏതാനും ദിവസങ്ങൾക്കു മുൻപ് അദ്ദേഹം യിസ്രായേലിലെ ദുഷ്ടനും ശക്തനുമായ ആഹാബ് രാജാവിന്റെ മുൻപിൽ നിന്ന് അലറി. ഞാൻ സേവിച്ച് നില്ക്കുന്ന യഹോവയാണ്, ഞാൻ പറഞ്ഞല്ലാതെ ഇനി മഴ പെയ്യുകയില്ല. മാത്രമല്ല ഞാൻ പറഞ്ഞതുകൊണ്ട് കർമ്മേലിലെ യാഹപീഠത്തിൽ തീ ഇറങ്ങി യാഗവസ്തുവിനെ ദഹിപ്പിക്കും. 1 രാജാ. 17:17.

ഇതെങ്ങനെ അദ്ദേഹത്തിന് സാധിച്ചു.

a) സേവിച്ചു നിൽക്കുന്ന യഹോവ സർവ്വശക്തനാണെന്ന് ഏലിയാവിന് അറിയാമായിരുന്നു.

b) തന്നിൽ വിശ്വസിക്കുന്നവരെ കൈവിടാത്തവനാണെന്ന് തന്റെ ദൈവം എന്ന് ഏലിയാവിന് അറിയാമായിരുന്നു.

c) മഴ പെയ്യുമോ, തീ ഇറങ്ങാതിരിക്കുമോ, എണ്ണ തീർന്ന് പോകുമോ, എന്നൊരു ഭയം ഏലിയാവിന് ഇല്ലായിരുന്നു.

എന്നാൽ ഇപ്പോൾ അദ്ദേഹത്തിന്റെ അവസ്ഥയോ. എങ്ങനെയെങ്കിലും മരിച്ചാൽ മതി. എന്ത് പറ്റി? തന്റെ കണ്ണ് കർത്താവിൽ നിന്ന് മാറി തന്നിലേക്ക് തന്നെയായി. ഒരു നിമിഷം കൊണ്ട് താൻ തകർന്നു. ദൈവം ആരെന്ന് മറന്നു.

ദൈവം ഏലിയാവിനെ കൈവിട്ടില്ല. ഏലിയാവിന്റെ അടുത്ത് വന്ന് തട്ടി ഉണർത്തി അവന് അടയും വെള്ളവും കൊടുത്തു. മറ്റാരും കൈവിട്ടാലും കൈവിടാത്ത സ്നേഹവാനായ ദൈവം.

ഇപ്പോൾ ഏലിയാവ് അഗ്നിരഥത്തിലും അഗ്നിഅശ്വങ്ങളിലും സ്വർഗ്ഗത്തിലേക്ക് പോകുകയാണ്. അദ്ദേഹത്തോട് ഒന്ന് ചോദിക്ക്. പ്രവാചകാ അങ്ങേയ്ക്ക് മരിക്കണമോ? അതോ അഗ്നിരഥത്തിൽ സ്വർഗ്ഗത്തിൽ പോകണമോ? അദ്ദേഹം പറയും ദൈവം എനിയ്ക്കായി ഒരുക്കിവെച്ചിരിക്കുന്ന ഇത്ര വലിയ അനുഗ്രഹം കാണുവാൻ എനിക്ക് കഴിവില്ലാത്തതു കൊണ്ട് ഞാൻ എന്റെ ദൈവത്തെ അവിശ്വസിച്ചു. ഓ- എനിക്ക് മരിക്കേണ്ട. സ്വർഗ്ഗത്തിൽ പോയാൽ മതി.

ദൈവമക്കളെ, നാളെയെ ചൊല്ലി വിചാരപ്പെടാതെ, കൈപിടിച്ചിരിക്കുന്നത് സർവ്വശക്തനാണെന്ന് മനസ്സിലാക്കി, നിരാശ കുഴിയിൽ കിടക്കാതെ, കർത്താവ് ഏല്പിച്ച ശുശ്രൂഷ വിശ്വസ്തതയോടെ ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# ഫലമേത്?

നാം എല്ലാവരും ഫലത്തിനായി കാത്തിരിക്കുന്നവരാണ്. സണ്ടേ സ്കൂൾ കുഞ്ഞുങ്ങൾ അവരുടെ മത്സരങ്ങൾ എല്ലാം കഴിഞ്ഞ് ഫലത്തിനായി കാത്തരിക്കുകയാണ്. എസ്.എസ്.എസ്.എൽ.സി, പ്രീ. ഡിഗ്രി ഫലം അറിഞ്ഞു. ചിലർ സന്തോഷിച്ചു ചിലർ ദുഃഖിച്ചു. എൻട്രൻസ് എഴുതിയവർ, കൃഷി ചെയ്യുന്നവർ യുദ്ധം ചെയ്യുന്നവർ മാതാപിതാക്കൾ എന്നുവേണ്ട എല്ലാവരും കാത്തിരിക്കുന്നത് എന്തിന് വേണ്ടി? ഫലത്തിനു വേണ്ടി. ഗലാ. 5:19 ജഡത്തിന്റെ ഫലത്തെക്കുറിച്ച് കാണുന്നു. ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ഭിന്നത... ഇതിനു വേണ്ടി കാത്തിരിക്കേണ്ട ആവശ്യമില്ല. ഈ ഫലം കിട്ടാൻ നാം ഒന്നും ചെയ്യേണ്ടതുമില്ല. ഇത് തനിയെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കാട്ടിൽ പുല്ലും മുള്ളും ഉണ്ടാകുന്നത് നട്ടീട്ടോ വളം ചെയ്തിട്ടോ അല്ല. അത് അത് തനിയെ ഉണ്ടാകുകയാണ്. അതിനെ നശിപ്പിക്കുവാൻ വളരെ പ്രയാസമാണ്. അതുപോലെ തന്നെയാണ് ജഡത്തിന്റെ കാര്യവും.

എന്നാൽ കർത്താവ് ഒരു വിശ്വാസിയുടെ ജീവിതത്തിൽ നിന്നും ആഗ്രഹിക്കുന്ന ഫലം ഉണ്ടാകണമെങ്കിൽ അതിന് ചില വ്യവസ്ഥകൾ ഉണ്ട്. അതിൽ ചിലത് താഴെ കൊടുക്കുന്നു.

1. കർത്താവിന്റെ പ്രീയ മകനാകണം 1 യോഹ. 3:1.

2. ദൈവത്തെ അനുകരിക്കണം. എഫെ. 5:1

3. വെളിച്ചത്തിലുള്ളവരായി നടക്കേണം. എഫെ. 5:8.

4. നാം അന്യോന്യം സ്നേഹിക്കേണം.

5. പിതാവായ ദൈവവും പുത്രനായ ദൈവവും എങ്ങനെ ഒന്നായിരിക്കുന്നവോ അതുപോലെ നാം ക്രിസ്തുവിൽ ഒന്നായിരിക്കേണം എന്നുവച്ചാൽ പിതാവായ ദൈവവും പുത്രനായ ദൈവവും ഞാനും

ഒന്നാകുന്ന അവസ്ഥ (യോഹ 17:21). അപ്പോൾ കർത്താവിന്റെ ഫലം നമ്മിൽ നിന്നുണ്ടാകും.

6. ആത്മാവിൽ നിറയേണം. എഫെ. 5:19. എന്നുവച്ചാൽ നമ്മുടെ ജീവിതം പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ആയിരിക്കേണം. നാം പിന്നെ ജീവിക്കുന്നത് നമ്മുടെ ഇഷ്ടത്തിനായിട്ടല്ല പിന്നെയോ ദൈവത്തിന്റെ ഇഷ്ടത്തിനനുസരിച്ചായിരിക്കണം. അങ്ങനെ നാം ആയിരിക്കുമ്പോൾ നമ്മിൽ ആത്മാവിന്റെ ഫലം ഉണ്ടാകും.

ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത , ഇന്ദ്രിയജയം (ഗലാ. 5:22).

നമ്മിലുള്ള ഫലമേത് എന്ന് നമുക്ക് നമ്മെത്തന്നെ പരിശോധിക്കാം. ആത്മാവിന്റെ ഫലം പുറപ്പെടുവിച്ചുകൊണ്ട് ജീവിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# നമ്മുടെ ശുശ്രൂഷകളും ചുമതലകളും

ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണു മായി അവരെ സൃഷ്ടിച്ചു. അവരെ അനുഗ്രഹിച്ചു. തന്റെ സൃഷ്ടിയെല്ലാം നല്ലതു എന്നു ദൈവം കണ്ടു, സന്തോഷിച്ചു. സൃഷ്ടിയുടെ മണിമകുട മായി മനുഷ്യനെ സൃഷ്ടിച്ച ദൈവിക ദൃഷ്ടിയിൽ സ്ത്രീക്കും പുരു ഷനും പ്രത്യേക സ്ഥാനവും പദ്ധതികളും ഉണ്ട്.

സ്ത്രീയെ കുറിച്ചുള്ള പ്രഥമ ദൈവിക പദ്ധതി പുരുഷനു തക്ക തുണ ആയിരിക്കുക എന്നതാണ്. ദൈവഹിതപ്രകാരം ജീവിക്കുന്നതിനും തന്നിൽ ഭരമേല്പ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന തിനും പുരുഷനു സഹായിയും പ്രോത്സാഹനവുമായിരിക്കാൻ സ്ത്രീയെക്കുറിച്ച് ദൈവം ആഗ്രഹിച്ചു.

എന്നാൽ ദൈവം വിലക്കിയ കാര്യത്തെ ആശ്ലേഷിക്കാനാണ് സ്ത്രീ തന്റെ ഹൃദയം ഏൽപ്പിച്ചു കൊടുത്തത്. നിഷിദ്ധ ഫലം അവളുടെ ദൃഷ്ടി യിൽ നല്ലതും ഭംഗിയുള്ളതുമായി (ഉൽപ 3.6). വ്യതിചലിക്കപ്പെട്ട വീക്ഷ ണത്താൽ ദൈവകല്പനയെ അവൾ ലംഘിച്ചു. ഫലം പറിച്ചു തിന്നു. പുരുഷനു സഹായമായിരിക്കേണ്ടവൾ പുരുഷനു പാപത്തിലേക്കുള്ള വഴികാട്ടിയായി പരിണമിച്ചു. പാപം മൂലം ദൈവത്തോടുള്ള സഖിത്വവും വിശുദ്ധിയും നഷ്ടപ്പെട്ട അവൾ ഏദൻ തോട്ടത്തിൽ നിന്നും പുറത്താ ക്കപ്പെട്ടു. അനുസരണക്കേടു നിമിത്തം അവളുടെ ജീവിതത്തെക്കുറി ച്ചുള്ള ദൈവഹിതം നിറവേറിയില്ല.

അനുസരണക്കേടിനു ശിക്ഷ കല്പിച്ചു, നടപ്പാക്കിയ ദൈവം, ശിക്ഷാ വിധിയേറ്റു വാങ്ങിയ മനുഷ്യന്റെ ദയനീയ അവസ്ഥയിൽ കരുണ കാണി ക്കയും നീക്കു പോക്കു താൻ തന്നെ ഉണ്ടാക്കുകയും ചെയ്തു. ഒരി ക്കൽ അനുസരണക്കേടിലായ മനുഷ്യൻ തിരികെ അനുസരണത്തി ലേക്ക് വരണമെന്ന് ദൈവം കല്പിക്കുന്നു. (2 തെസ് 1:10).

സുവിശേഷത്തിന്റെ അനുസരണത്തിലേക്ക് വന്ന നമ്മെക്കുറിച്ചും കർത്താവിന് പ്രത്യേക ഉദ്ദേശങ്ങളുണ്ട്. പുരുഷന്മാരോടൊപ്പം നമ്മെയും

രാജകീയ പുരോഹിത വർഗ്ഗമാക്കിയെങ്കിലും പുരുഷന്മാരോടു ചേർന്നു ദൈവനാമമഹത്വത്തിനായി ജീവിക്കുവാൻ ദൈവം പ്രത്യേക ശുശ്രൂഷകളും നൽകിയിട്ടുണ്ട്. അതു തിരിച്ചറിഞ്ഞ്, അതിൻ പ്രകാരം ജീവിക്കുമ്പോൾ മാത്രമേ ദൈവ പ്രസാദമുള്ളവരായിരിപ്പാൻ നമുക്കു സാധിക്കുകയുള്ളൂ.

ക്രിസ്തുവിൽ പുരുഷനും സ്ത്രീയും തുല്യരാണെന്നു വചനം പറയുന്നതിനാൽ പുരുഷന്മാരുടെ ശുശ്രൂഷകൾ തന്നെയാണ് സ്ത്രീകൾക്കുമുള്ളതെന്ന ചിന്ത നമ്മിൽ കടന്നുവരാം. സ്ത്രീക്കും പുരുഷനും രക്ഷയിങ്കലേക്കു സ്ഥാനീയമായി ലഭിച്ച വിളി ഒന്നാണെങ്കിലും ശുശ്രൂഷയ്ക്കുള്ള വിളിയിൽ വ്യത്യാസമുണ്ടെന്നു തിരുവെഴുത്തു വ്യക്തമാക്കുന്നു. പുരുഷനും സ്ത്രീക്കും വെവ്വേറെ ശുശ്രൂഷകളാണ് ദൈവം നൽകിയിരിക്കുന്നത്.

വിശുദ്ധ വേദപുസ്തകത്തിൽ സ്ത്രീകളുടെ ചുമതലകൾ, ശുശ്രൂഷകൾ, ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കുള്ള ശുശ്രൂഷകളെ നമുക്കു രണ്ടായി വിഭജിച്ചു പഠിക്കാവുന്നതാണ്.

1. ആത്മീക ശുശ്രൂഷകൾ
2. മാനുഷിക / ഭൗതിക ശുശ്രൂഷകൾ

ആത്മീക ശുശ്രൂഷാനുബന്ധമായി, രക്ഷിക്കപ്പെടുന്ന സമയത്തു തന്നെ ഒന്നോ അതിലധികമോ ശുശ്രൂഷയ്ക്കുള്ള കൃപാവരങ്ങൾ ദൈവം നമുക്കു തരുന്നു. കുറഞ്ഞത് ഒരു കൃപാവരമെങ്കിലും ലഭിക്കാത്ത ദൈവമക്കളില്ല. അതു തിരിച്ചറിഞ്ഞ് വ്യാപാരം ചെയ്യുവാൻ നമുക്കു കടമയുണ്ട്.

**കൊടുക്കുക**

സഹോദരിമാരുടെ ആത്മീക ശുശ്രൂഷകളിൽ എടുത്തുപറയാവുന്ന ഒന്നാണ് കർത്താവിന് കൊടുക്കുന്ന ശുശ്രൂഷ. കർത്താവായ യേശുക്രിസ്തു ഈ ലോകത്തിൽ സഞ്ചരിച്ചപ്പോൾ തന്റെ കൂടെ ശിഷ്യന്മാരോടൊപ്പം അനേകം സ്ത്രീകളുമുണ്ടായിരുന്നു. അവർ തങ്ങളുടെ വസ്തുവകകൾ കൊണ്ട് അവർക്ക് ശുശ്രൂഷ ചെയ്തു പോന്നു. (ലൂക്കോ. 8:3). അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച കർത്താ

വിന് ഈ സഹോദരിമാരുടെ വ്സ്തുവകകൾ ആവശ്യമില്ലായിരുന്നു. എങ്കിലും അവർ നല്ല മനസ്സോടെ ചെയ്ത ശുശ്രൂഷകളെ കർത്താവ് സ്വീകരിക്കുകയും മാനിക്കുകയും ചെയ്തു. അതു കർത്താവ് എടുത്ത് പറയുന്നതായും നാം വചനത്തിൽ കാണുന്നു.

ഇന്നു പല സഹോദരിമാരും ചിന്തിക്കുന്നതു ഭർത്താവ് കൊടുക്കുന്നുണ്ട്, അതു മതി എന്നാണ്. നമുക്കുള്ളത് വസ്ത്രവും സൗന്ദര്യവർദ്ധക സാധനങ്ങളും മറ്റും വാങ്ങുന്നതിനെന്നും ചിന്തിച്ചു പോകുന്നതു നഷ്ടത്തിൽ കലാശിക്കും. ഓരോരുത്തർക്കും അവനവന്റെ പ്രവർത്തിക്കു പ്രതിഫലം കർത്താവു നൽകുന്ന നാളിൽ നാം വെറും കൈയ്യോടെ നിൽക്കേണ്ടി വരുമല്ലോ. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയ നമ്മുടെ പൂർവ്വമാതാക്കൾ അവരുടെ ഇല്ലായ്മകളിലും പിടിയരി മാറ്റി വെച്ചും, കോഴിമുട്ടകൾ വിറ്റും കർത്താവിന്റെ വേലയേയും വേലക്കാരെയും സഹായിച്ചിരുന്നു. എന്നാൽ സമൃദ്ധിയുടെ നാളുകളിൽ ജീവിക്കുന്ന നാം കർത്താവിന്റെ വേലയിൽ എത്ര പങ്കു വഹിക്കുന്നു എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

നമ്മൾ കൊടുക്കണം എന്നു കർത്താവ് ആഗ്രഹിക്കുന്നു. കർത്താവ് നോക്കി ധനവാന്മാർ ഭണ്ഡാരത്തിൽ വഴിപാട് ഇടുന്നതു കണ്ടു. ദരിദ്രയായ വിധവ വെറും ചില്ലിക്കാശ് ഇടുന്നതും കണ്ടു. വിധവ എല്ലാവരിലും കൂടുതൽ ഇട്ടതായാണ് കർത്താവ് കണ്ടത്. കാരണം വിധവ തനിക്കു ഉപജീവനത്തിനുണ്ടായിരുന്നത് ദൈവത്തിനു കൊടുത്തു. എന്നാൽ നമുക്ക് കർത്താവ് തന്നതിൽ നിന്നും കർത്താവിനു നാം കൊടുക്കുന്നത് എന്ത്? നമ്മുടെ കൊടുക്കലിനെക്കുറിച്ച് കർത്താവിന് എന്താണ് പറയുവാൻ സാധിക്കുക?

നമ്മുടെ സമ്പത്ത് നശ്വരമായ ഈ ജഡത്തെ മോടിപിടിപ്പിക്കുന്നതിനും തൈലം പൂശുന്നതിനുമല്ലേ നാം ഉപയോഗിക്കുന്നത്? എന്നാൽ വേദപുസ്തകത്തിലെ വിശുദ്ധ സ്ത്രീകൾ തങ്ങളുടെ അദ്ധ്വാനഫലം കൊണ്ട് കർത്താവിനെ തൈലം പൂശുകയാണ് ചെയ്തത്. (യോഹ. 12:2). മറിയ വിലയേറിയ തൈലം കൊണ്ട് യേശുവിന്റെ കാൽ കഴുകി എന്നു നാം കാണുന്നു. അതു കർത്താവിന്റെ പാദത്തിൽ പകരാൻ അവൾക്കു യാതൊരു മടിയുമുണ്ടായില്ല. തന്മൂലം തിരുവചനം നിലവിലുള്ള കാലമത്രയും അവളുടെ ശുശ്രൂഷയും പ്രശംസിക്കപ്പെടും.

ഇങ്ങനെ ധനം കൊണ്ടും വസ്തുവകകൾ കൊണ്ടും തൈലം കൊണ്ടും കർത്താവിനെ ശുശ്രൂഷിച്ച സ്ത്രീകളെ ആരെയും പ്രത്യേക ദൗത്യത്തിനായി ശിഷ്യന്മാരെ തിരഞ്ഞെടുത്ത കൂട്ടത്തിൽ തിരഞ്ഞെടുത്തില്ല. 70 പേരെ പട്ടണം തോറും അയച്ചപ്പോൾ ഒരു സ്ത്രീയേ പോലും ആ ഗണത്തിൽ ഉൾപ്പെടുത്തിയില്ല. അതിനു കാരണവുമുണ്ട്. പുരുഷനേയും സ്ത്രീയേയും ഒരേ ശുശ്രൂഷയല്ല കർത്താവ് ഭരമേൽപ്പിച്ചിരിക്കുന്നത്. കർത്താവ് സഹോദരിമാരായ നമ്മെ എന്തു ശുശ്രൂഷയാണ് ഭരമേൽപ്പിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കി, അതു വിശ്വസ്തതയോടെ ചെയ്യുന്നതാണ് ദൈവത്തിന് ഇഷ്ടം.

ന്യായപ്രമാണ യുഗത്തിൽ ദേശത്തിലെ ദശാംശം എല്ലാം യഹോവയ്ക്കുള്ളതായിരുന്നു. (ലേവ്യ 30:30). കൂടാതെ, ദശാംശം കൊണ്ട് ജീവിക്കുന്ന ലേവ്യരും ദശാംശം കൊടുക്കണം (സംഖ്യ 19:27). ദശാംശം കൊടുക്കാത്തവരെ ദൈവത്തെ തോൽപ്പിക്കുന്നവർ എന്നാണ് വചനം വിശേഷിപ്പിക്കുന്നത്. (മലാഖി 3:8). ന്യായപ്രമാണ യുഗത്തിൽ ദശാംശം കൊടുക്കണമായിരുന്നെങ്കിൽ കൃപായുഗത്തിൽ നാം എത്രയധികം കൊടുക്കേണ്ടിയിരിക്കുന്നു. നമുക്കുള്ളത് കർത്താവ് നൽകിയതും കർത്താവിന്റേതുമായ ധനമാണ്. കർത്താവിന്റെ ഹിതമറിഞ്ഞ് അതു വിനിയോഗിക്കുവാൻ നമുക്കു നമ്മെ തന്നെ സമർപ്പിക്കാം.

# നമ്മുടെ ആത്മീക ശുശ്രൂഷകളും ചുമതലകളും

സഹോദരിമാരായ നമ്മൾക്ക് ദൈവം തന്നിട്ടുള്ള ആത്മീക ശുശ്രൂഷകളിൽ പ്രധാനപ്പെട്ട ഒരു ശുശ്രൂഷയെക്കുറിച്ച് കഴിഞ്ഞ ലേഖനത്തിൽ നാം കണ്ടുവല്ലോ. കർത്താവിനായി കൊടുക്കുക. നമ്മെയും നമുക്കുള്ളതിനെയും കർത്താവിനായി കൊടുക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

**ആരാധിക്കുക**

പ്രധാനപ്പെട്ട വേറൊരു ശുശ്രൂഷയാണ് കർത്താവിനെ ആരാധിക്കുക. നമ്മുടെ ആരാധന കർത്താവ് എത്ര ആഗ്രഹിക്കുന്നു, അംഗീകരിക്കുന്നു എന്നുള്ളത് ദൈവവചനത്തിൽ വ്യക്തമായി കാണുവാൻ സാധിക്കും.

നാം ദൈവത്തെ എങ്ങനെ ആരാധിക്കണം എന്നു കർത്താവ് ഈ ലോകത്തിൽ ആയിരുന്നപ്പോൾ ആദ്യമായി വെളിപ്പെടുത്തിയതും ഒരു സ്ത്രീയ്ക്കായിരുന്നു. കർത്താവ് സ്ത്രീയോട് അതും ഒരു അന്യജാതിക്കാരിയായ സ്ത്രീയോട് പറയുകയാണ് ദൈവം ആത്മാവാകുന്നു അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം (യോഹ 4:24) . വചനത്തിൽ നോക്കുമ്പോൾ അനേകം പ്രാവശ്യം സഹോദരിമാർ തന്നെയും കൂട്ടമായും കർത്താവിനെ ആരാധിക്കുന്നതായി കാണുന്നു. അഹരോന്റെ സഹോദരി മിര്യാം കയ്യിൽ തപ്പ് എടുത്തു സ്ത്രീകൾ എല്ലാവരും തപ്പുകളോടും നൃത്തങ്ങളോടും കൂടെ അവളുടെ പിന്നാലെ ചെന്നു. യഹോവയുടെ മഹത്വം കണ്ട് അവർ യഹോവയ്ക്ക് പാട്ടുപാടി സ്തുതിച്ചു. അവനെ ആരാധിച്ചു. ഇവിടെ ഒരു കാര്യം വ്യക്തമായി കാണാം. ഈ സ്ത്രീകൾ ആരാധിച്ചത് പുരുഷന്മാരുടെ കൂടെയല്ല. സഭയിലുമല്ല. അവർ കർത്താവിന് പാടി സ്തുതിച്ചു. അതു ദൈവം മാനിച്ച് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (പുറപ്പാട് 15:20).

യേശുവിന്റെ അമ്മ മറിയയുടെയും സ്തുതി ദൈവാത്മാവ് രേഖപ്പെടുത്തിയതായി കാണുന്നു. യോഹന്നാൻ സ്നാപകന്റെ അമ്മയായ എലിസബത്തിനെ കാണുമ്പോൾ മറിയ കർത്താവിനെ സ്തുതിക്കുന്നതായി കാണുന്നു. ആത്മാവിലും സത്യത്തിലുമുള്ള ഒരു ആരാധന നമ്മൾക്ക് അവിടെ കാണാം. എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു. എന്റെ താഴ്ച അവൻ കടാക്ഷിച്ചിരിക്കുന്നു. (ലൂക്കോ 1:46).

പ്രിയ സഹോദരിമാരേ ഇതുപോലെ കർത്താവിനെ ആരാധിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. നമ്മുടെ ഒന്നുമില്ലായ്മയും അവന്റെ മഹത്വവും കണ്ട് കൊണ്ട് ദൈവത്തിൽ ആനന്ദിക്കുവാൻ സാധിച്ചാൽ നാം ഭാഗ്യമുള്ളവർ.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യമായി ആരാധനസ്വീകരിച്ചതും ഒരു സ്ത്രീയുടേതാണ്. മഗ്ദലനക്കാരത്തി മറിയ ഇരുട്ടുള്ളപ്പോൾ തന്നെ ഒരുക്കിയ സുഗന്ധവർഗ്ഗത്തോട് കൂടെ, ഒരുക്കത്തോടെ കർത്താവിന്റെ ദേഹത്തു പൂശുവാൻ കല്ലറയ്ക്കൽ എത്തി. ദൈവത്തോടുള്ള സ്നേഹവും ഭക്തിയും കാരണം എല്ലാവരും പോയപ്പോഴും അവൾ ഏകാകിയായി അവിടെ കരഞ്ഞുകൊണ്ടു നിന്നു. ദൈവത്തിന് അതു കാണാതിരിക്കുവാൻ കഴിഞ്ഞില്ല. കർത്താവ് അവളെ വിളിക്കുന്നു. മറിയയെ ആ ശബ്ദം അവൾ തിരിച്ചറിഞ്ഞു. അവൾ വീണ്ടും കർത്താവിന്റെ കാല്ക്കൽ വീണു. അവനെ നമസ്ക്കരിച്ചു. അവൾ വിളിക്കുകയാണ് റബുനി. യഥാർത്ഥ സത്യത്തിലും വിശുദ്ധിയിലും ആത്മാവിലുമുള്ള ആരാധന.

എന്നാൽ സഭയുടെ മദ്ധ്യത്തിലും ഹൃദയം നിറഞ്ഞു കൊണ്ട് നമ്മുടെ ഒന്നുമില്ലായ്മ അറിഞ്ഞു അവന്റെ മഹത്വത്തെയും വലിപ്പത്തെയും കണ്ട് കൊണ്ട് നമ്മൾക്ക് അവനെ ആരാധിക്കുവാൻ സാധിക്കും. ദൈവം തന്റെ വചനത്തിൽ കൂടി സഹോദരിമാരായ നമ്മൾക്ക് ഒരു നിയമം തന്നിട്ടുണ്ട്. വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നെപ്പോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. (1 കൊരി. 14:34). ഒരിക്കൽ സ്ത്രീ സംസാരിച്ചു. അതിന്റെ ഫലമായി അവൾക്ക് സർവ്വതും നഷ്ടപ്പെട്ടു. സ്ത്രീയുടെ സന്തതിയായി വന്ന ക്രിസ്തുവിൽ കൂടി നഷ്ടപ്പെട്ടതു തിരിച്ചുകിട്ടി. അതു മനസ്സിലാക്കി കർത്താവ് പറഞ്ഞപ്രകാരം കർത്താവിനെ വിശുദ്ധിയിലും സത്യത്തിലും ആത്മാവിലും ആരാധിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. മറിയയെപ്പോലെ റബുനീ എന്നു പറഞ്ഞ് അവന്റെ പാദത്തിൽ വന്ന് നമ്മുക്ക് അവനെ ആരാധിക്കാം.

ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിച്ച് കർത്താവിന് ബുദ്ധിയുള്ള ആരാധനകഴിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. (റോമർ 12:2)

**സൽപ്രവർത്തികൾ**

സഹോദരിമാരായ നമ്മൾക്ക് തന്നിരിക്കുന്ന പ്രധാനപ്പെട്ട ഒരു ശുശ്രൂഷയാണ് സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളവരായിരിക്കുക. കർത്താവ് നമ്മെ അധർമ്മത്തിൽ നിന്ന് വീണ്ടെടുത്തത് നാം സൽപ്രവൃത്തി ചെയ്യുവാൻ മാത്രമല്ല അതിൽ ശുഷ്കാന്തിയുള്ളവരായിരിക്കുവാൻ വേണ്ടിയാണ് (തിമൊ 2:14)

ഇന്ന് നാം  നമ്മുടെ ഉത്തരവാദിത്വങ്ങൾ പോലും ചെയ്യുവാൻ മടിയുള്ളവരല്ലയോ അഥവാ ചെയ്യുന്നതു പലപ്പോഴും പിറുപിറുത്തു കൊണ്ടല്ലയോ, എന്നാൽ കർത്താവ് നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് പിറുപിറുപ്പ് കൂടാതെ നമ്മുടെ ഉത്തരവാദിത്വങ്ങൾ ചെയ്യുന്നവർ മാത്രമല്ലാ നാം സൽപ്രവൃത്തികൾ  ചെയ്യുന്നവരായിരിക്കേണം  എന്നത്രേ.

സ്ത്രീകളുടെ സൽപ്രവൃത്തികൾ എടുത്തു പറയുന്നതോടൊപ്പം അവർക്ക് പ്രതിഫലം കൊടുക്കുന്നതായി തിരുവെഴുത്തിൽ കാണുന്നു. ശൂനേമിലെ ധനികയായോരു സ്ത്രീ എലീശാ പ്രവാചകനെ ശുശ്രൂഷിച്ചു ഭക്ഷണം കൊടുത്തതും അവനു വിശ്രമിപ്പാൻ ഒരു മാളികമുറി ഉണ്ടാക്കിയതും നാം കാണുന്നു. അവളുടെ ശുശ്രൂഷ അല്ലെങ്കിൽ സൽപ്രവൃത്തി ദൈവം കണ്ട് അവൾക്ക് ഒരു മകനെ കൊടുക്കുന്നതായി കാണുന്നു. (2 രാജാ 4:812)

അതുപോലെ യോപ്പയിൽ പേടമാൻ എന്നർത്ഥമുള്ള തബീഥാ എന്ന് പേരുള്ള ഒരു ശിഷ്യ ഉണ്ടായിരുന്നു. ആദ്യമായി ശിഷ്യ എന്ന സ്ത്രീയോട് ചേർന്ന് കാണുന്നത് ഇവിടെയാണ്. വിധവമാർക്കും പാവപ്പെട്ടവർക്കും ഉടുപ്പ് ഉണ്ടാക്കി കൊടുക്കുന്നവളെ കർത്താവ് വിളിക്കുന്നത് ശിഷ്യ എന്നാണ്. അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്നിരുന്നു. അതിനുള്ള ഫലവും അവൾക്ക് ഈ ലോകത്തിലും കിട്ടി. അവൾ മരിച്ചുവെങ്കിലും അവളെ ഉയർത്തെഴുന്നേൽപ്പിച്ചു. (പ്രവർത്തികൾ 9:36–38)

പ്രിയ സഹോദരിമാരെ, കർത്താവ് നമ്മളെയും ശിഷ്യ എന്നു വിളിക്കുമോ? നമ്മുടെ കഴിഞ്ഞകാല പ്രവൃത്തികൾ എങ്ങനെയുള്ളതായി

രുന്നു. നാം സൽപ്രവർത്തികൾക്കായിട്ട് സൃഷ്ടിക്കപ്പെട്ടവരാണെന്നുള്ള കാര്യം നാം മറന്നുപോകരുത്. (എഫെ. 2:10). കർത്താവിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ അവൾ അല്പത്തിൽ വിശ്വസ്തയായിരുന്നു അധികത്തിലും വിചാരകയാക്കും എന്നുള്ള ശബ്ദം കേൾക്കുവാൻ നമ്മൾക്ക് സൽപ്രവൃത്തികൾ ചെയ്തുകൊണ്ട് ജീവിക്കാം അതിനായി കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ.

**പ്രാർത്ഥിക്കുക**

ദൈവം നമ്മളെ ഏല്പ്പിച്ചിരിക്കുന്ന പ്രധാനപ്പെട്ട വേറൊരു ശുശ്രൂഷയാണ് പ്രാർത്ഥിക്കുക എന്നത്. പ്രാർത്ഥനയിൽ വലിയ കാര്യങ്ങൾ നേടിയ സഹോദരിമാരെക്കുറിച്ച് വചനത്തിൽ കാണാം. ഹന്ന ഹൃദയ ഭാരത്തോട് കൂടി ഒരു മകന് വേണ്ടി പ്രാർത്ഥിച്ചു. ദൈവഹിതപ്രകാരമുള്ള പ്രാർത്ഥനയായതു കൊണ്ട് ദൈവം അവൾക്ക് മകനെ നൽകി. വളരെ അനുഗ്രഹിക്കപ്പെട്ട ഒരു കുഞ്ഞിനെ കർത്താവ് നൽകി ശമുവേൽ ബാലൻ യഹോവയ്ക്കും മനുഷ്യർക്കും പ്രസാദമുള്ളവനായി വളർന്നു. ഇന്ന് ശമുവേൽ ബാലന്മാർ കുറഞ്ഞ് പോകുന്നതിന്റെ കാരണം  നമ്മുടെ പ്രാർത്ഥനയുടെ കുറവാണ്.

അവൾ പ്രാർത്ഥിച്ചു നേടി കർത്താവിന് കൊടുത്തു. മാത്രമല്ല അവൾ കർത്താവിന് നന്ദി പറയുന്നതായി കാണുന്നു. നമ്മൾക്ക് പ്രാർത്ഥിച്ചു കിട്ടുന്നതിനു നന്ദി പറയാറുണ്ടോ? അതോ നാം നന്ദിയില്ലാത്തവരോ?

കർത്താവ് അന്ത്യസമയത്തു  തന്നെ ക്രൂശിപ്പാൻ കൊണ്ട് പോകുന്ന സമയത്തു യെരുശലേം പുത്രിമാരോട് പറയുന്ന കാര്യം നിങ്ങൾ നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലികരവിൻ എന്നാണ് (ലൂക്കോസ് 23:28) അതെ ഇന്ന് നമ്മുടെ മക്കൾ ജീവിക്കുന്നത് വഷളത്വം നിറഞ്ഞ ഒരു സാഹചര്യത്തിലാണ്. വൃതന്മാരെപ്പോലും തെറ്റിക്കുവാൻ പിശാച് അലറുന്ന സിഹം പോലെ ചുറ്റി നടക്കുന്ന സമയം (1 പത്രോ 5:6) അതിൽ നിന്ന് വിടുതലുണ്ടാകണമെങ്കിൽ നമ്മുടെ കണ്ണുനീർ പൊഴിക്കേണ്ട ആവശ്യവുമുണ്ട്. നമ്മൾക്ക് കർത്താവിന്റെ പാദത്തിൽ കരയാം.

നാം മടുപ്പില്ലാത്തവരായി പ്രാർത്ഥിക്കേണം എന്നുള്ളതിനെക്കുറിച്ചു ഉദാഹരണം കർത്താവ് പറയുന്നതു ഒരു സ്ത്രീയുടെ ഉദാഹരണത്തിൽ കൂടിയാണ്. ദൈവത്തെ ഭയമില്ലാത്ത ഒരു ന്യായാധിപൻ ഒരു വിധവയുടെ മടുപ്പില്ലാത്ത യാചനയ്ക്ക് ഉത്തരം നൽകിയെങ്കിൽ സ്നേഹവാ

നായ കർത്താവ് നാം മടുപ്പില്ലാതെ പ്രാർത്ഥിച്ചാൽ എത്രയോ അധികം ഉത്തരം നല്കും. (ലൂക്കോസ് 18:1-6)

മടുപ്പില്ലാതെ, ഇടവിടാതെ ദൈവഹിതപ്രകാരം നാം ചോദിച്ചാൽ തീർച്ചയായും കർത്താവ് നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം തരും. (1. യോഹ :14-15). ഇവിടെ നാം കാണുന്നത് അവന്റെ ഇഷ്ടപ്രകാരം എന്തെങ്കിലും അപേക്ഷിച്ചാൽ അത് കിട്ടും എന്നാണ്. ഇങ്ങനെ പ്രാർത്ഥിപ്പാൻ നമ്മളെ സഹായിക്കട്ടെ.

### സുവിശേഷം പറയുക

സഹോദരന്മാരോടൊപ്പം തന്നെ നമ്മൾക്ക് ദൈവം തന്നിരിക്കുന്ന പ്രധാനപ്പെട്ട ഒരു ശുശ്രൂഷയാണ് സുവിശേഷം പങ്കു വയ്ക്കുക എന്നതും നമ്മളെ അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുവാനാണ് നമ്മെ ദൈവം തെരഞ്ഞെടുത്തതു എന്ന് നാം കാണുന്നു. (1 പത്രൊസ് 1:9,10) അതിനാണ് നമ്മെ പുരോഹിതവർഗ്ഗമാക്കിയത്.

എന്നാൽ ഇങ്ങനെ സുവിശേഷം പറയുന്ന കാര്യത്തിലും ദൈവം ചില നിബന്ധനകൾ നമ്മൾക്ക് തന്നിട്ടുണ്ട്. ഭർത്താവിനെപ്പോലും രക്ഷയിലേക്ക് നടത്തുന്നതിന് സുവിശേഷം പറഞ്ഞോ ഉപദേശിച്ചോ അല്ല മറിച്ച് ദൈവാത്മാവ് പറയുന്നത് വചനം കൂടാതെ നമ്മുടെ നിർമ്മലമായ നടപ്പ് കണ്ട് നടപ്പിനാൽ അവർ വരുവാൻ ഇടയാകും എന്നാണ് (1 പത്രൊ 3:2) ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നാം വിചാരിക്കുന്നത് നല്ല നടപ്പ് കൊണ്ടല്ല നമ്മുടെ വാക്കിന്റെ ബലം കൊണ്ടാണ് അവർ മുമ്പോട്ട് വരുന്നത് എന്നാണ്. സഹോദരിമാർ സുവിശേഷം പറയണം എന്നാൽ അത് ജനസംഖ്യയിൽ 50% ൽ കൂടുതലുള്ള സ്ത്രീകളോടായിരിക്കണം. നാം 1 തിമൊ 2:12 ൽ കാണുന്നതു സ്ത്രീ ശാന്തമായിരിക്കേണം ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ സ്ത്രീയെ അനുവദിക്കുന്നില്ല. കാരണം സ്ത്രീയാണ് ആദ്യം വഞ്ചിക്കപ്പെട്ടതും പാപം ചെയ്തതും. എന്നാൽ ഉപദേശിപ്പാനോ പ്രസംഗിപ്പാനോ അനുവാദമില്ലായെന്നതു കൊണ്ട് സുവിശേഷം പറയേണ്ട എന്ന് അർത്ഥമില്ല.

നമ്മുടെ കർത്താവ് ഈ ലോകത്തിലായിരുന്നപ്പോൾ ശമര്യ പട്ടണത്തിൽ ചെന്ന് കർത്താവ് അറിഞ്ഞതുകൊണ്ടു തന്നെ ശമര്യ സ്ത്രീയുടെ അടുക്കൽ ചെന്നു. സഹോദരിമാരെ ആ പട്ടണത്തിൽ അനേകം പുരു

ഷന്മാർ ഉണ്ടായിരുന്നു. എന്നാൽ കർത്താവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുവാൻ കർത്താവ് തിരഞ്ഞെടുത്തത് ഒരു സ്ത്രീയെയാണ്. കർത്താവ് അവളോട് പറയുന്നത് ഞാൻ നിനക്ക് ജീവനുള്ള വെള്ളം കുടിപ്പാൻ തരാം. എനിക്ക് ആ വെള്ളം തരേണം. എന്നു പറഞ്ഞപ്പോൾ (യോഹ 4:14) കർത്താവ് പറഞ്ഞത് നീ ചെന്ന് നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരുക. ഭർത്താവില്ല എന്നവൾ പറഞ്ഞു. എന്നിട്ട് അവൾ പാത്രം വെച്ചിട്ട് പട്ടണത്തിൽ ചെന്നു ജനങ്ങളോട് നിങ്ങൾ വന്നു കാണുവിൻ എന്നു പറഞ്ഞു. അധികമൊന്നും പറയേണ്ട ആവശ്യമില്ല. എന്നാൽ പറയേണ്ട ആവശ്യമുണ്ട്. അതിനായി ചിലതു ഉപേക്ഷിക്കേണ്ടതായും വരും. അവൾ പാത്രം അവിടെ വച്ചിട്ട് പോയി. പ്രിയ സഹോദരിമാരെ നമ്മൾക്ക് ചിലതു ഉപേക്ഷിക്കാൻ സാധിച്ചെങ്കിൽ മാത്രമേ ഈ കർത്താവിനെകുറിച്ച് മറ്റുള്ളവരോട് പറയുവാൻ സാധിക്കുകയുള്ളൂ.

അവളോട് പോകാൻ പറഞ്ഞു. അവൾ പോയി. ദൈവത്തെ അനുസരിച്ചതു മുഖാന്തരം അവൾ പറഞ്ഞ സാക്ഷ്യം നിമിത്തവും പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു (യോഹ. 39:40) അവർ പറയുന്നത് കേട്ട പട്ടണത്തിൽ ഉള്ളവർ പറഞ്ഞത് ഞങ്ങൾ അവനെ കണ്ട് വിശ്വസിച്ചു എന്നത്രേ. എന്നാൽ അതിന് മുഖാന്തരമോ ഒരു ശമര്യസ്ത്രീ (യോഹ 4:42)

ഇന്നു നമ്മളിൽ നിന്ന് കർത്താവ് ആഗ്രഹിക്കുന്നത് കർത്താവിനെ അനുസരിച്ച് കർത്താവിനെകുറിച്ച് മറ്റുള്ളവരോട് പറയാനാണ്. നമ്മെ ഏല്പ്പിച്ചിരിക്കുന്ന ദൗത്യം വിശ്വസ്തതയോടെ ചെയ്യുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

പ്രിയ സഹോദരിമാരെ നമ്മെ തന്റെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്ത കർത്താവിന് നമ്മെ ത്തന്നെയും നമ്മുക്കുള്ളതിനെയും കൊടുക്കുവാനും, സത്യത്തിലും ആത്മാവിലും അവനെ ആരാധിക്കുവാനും, സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തിയുള്ളവരായി ജീവിക്കുവാനും ഇടവിടാതെ പ്രാർത്ഥിപ്പാനും, സുവിശേഷം പറയുവാനും കർത്താവ് നമ്മളെ സഹായിക്കട്ടെ.

# ഭൗതിക ശുശ്രൂഷകളും ചുമതലകളും

ദൈവത്തിന്റെ കൃപയാൽ കർത്താവായ യേശുക്രിസ്തുവിനെ സ്വന്ത രക്ഷകനായി സ്വീകരിച്ച് ദൈവമകളായി തീർന്ന ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ ഭൗതികമായ ചുമതലകൾ/ ശുശ്രൂഷകൾ മറ്റുള്ളവരിൽ നിന്ന് വിഭിന്നമായിരിക്കേണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവമകളായതു കൊണ്ട് ഇനി അവൾക്കുള്ള പ്രമാണം ഭവനത്തിലായാലും, സഭയിലായാലും, സമൂഹത്തിലായാലും പുതിയൊരു പ്രമാണമാണെന്ന് ബൈബിളിൽ നിന്ന് മനസ്സിലാക്കാം. പലപ്പോഴും ആ പ്രമാണം നഷ്ടമായി, കഷ്ടമായി, ദുഃഖമായി തോന്നാം. എന്നാൽ അത് ദൈവിക പ്രമാണമായതു കൊണ്ട് ദൈവത്തിന്റെ ഇഷ്ടമായതു കൊണ്ട് അവസാനം അത് ലാഭമായിട്ടു തീരും ( 2 കൊരി. 5:17).

**മകൾ – അനുസരിക്കണം**

മകൾ എന്ന നിലയിൽ അമ്മയപ്പന്മാരെ അനുസരിക്കാൻ അവൾ ബാദ്ധ്യസ്ഥയാണ്. മക്കളെ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ അത് ന്യായമല്ലോ." (എഫെ. 6:1) അതുപോലെ തന്നെ അപ്പനെയും അമ്മയെയും ബഹുമാനിക്കേണ്ടതത്യാവശ്യമാണ്. (എഫേ. 6:3) അനുസരിക്കുന്നതു യഹോവയ്ക്ക് പ്രസാദകരമാണ് അത് ഏത് യാഗത്തേക്കാളും നല്ലതാണ് (1 ശമുവേൽ 15:22). അമ്മയപ്പന്മാരെ അനുസരിച്ചതിനു നല്ലൊരു ഉദാഹരണമാണ് എസ്ഥേർ. അവൾ ഒരു രാജ്ഞിയായതിനു ശേഷവും തന്റെ വളർത്തപ്പനെ താൻ മുൻപ് എങ്ങനെ അനുസരിച്ചുവോ അതുപോലെ തന്നെ പിന്നെയും അവന്റെ കല്പന അനുസരിച്ചു പോന്നു. (എസ്ഥേർ 2:20). അതുകൊണ്ട് സഹോദരിമാരെ അവൾ ഇന്ന് ഒരു നക്ഷത്രമായി ശോഭിക്കുന്നു.

**അദ്ധ്വാനശീലം**

ദൈവത്തിനായി പ്രയോജനപ്പെട്ട പെൺകുട്ടികൾ എല്ലാവരും അദ്ധ്വാനശീലമുള്ളവരായിരുന്നു എന്ന് കാണാം. ആടുകളെ മേയിക്കുന്ന റാഹേ

ലിനെയും വെള്ളം ചുമക്കുന്ന റിബേക്കയേയുമാണ് യിസ്രായേൽ ഗോത്രം പണിയുവാനായി ദൈവം നിയോഗിച്ചത്. മടിയുള്ളവരെ ദൈവ ത്തിനാവശ്യമില്ല. മടിയൻ മുടിയന്റെ സഹോദരൻ (സദൃശ്യവാക്യം 18:9).

**ഭാര്യ - കീഴടങ്ങുക**

"ദൈവത്തെപ്പോലെ ആകും" (ഉല്പ 3:5). തക്ക തുണയായിരിക്കു വാൻ വേണ്ടി ദൈവം സ്ത്രീയെ പുരുഷനിൽ നിന്ന് അസ്ഥി എടുത്തു നാരിയാക്കി. ദൈവവും പുരുഷനും സന്തോഷിച്ചു . (ഉല്പ 2:18-24). എന്നാൽ ആ സന്തോഷം അധികം നീണ്ടു നിന്നില്ല. അതിന് കാരണം നാം കാണുന്നത് അവളുടെ അത്യാഗ്രഹമാണ്. ഞാൻ എല്ലാറ്റിനേക്കാളും ഉയർന്നിരിക്കേണം. എല്ലാം എന്റെ അധീനതയിൽ ആയിരിക്കണം. പിശാച് പറഞ്ഞു. നീ ദൈവത്തെ പോലെയാകും. അവൾ കീഴ്പ്പെടു ന്നതിനു പകരം അവളെ സൃഷ്ടിച്ചവനെപ്പോലെയാകണം എന്ന് ആഗ്ര ഹിച്ചു. എന്നാൽ പാപം മൂലം ശാപവുമുണ്ടായി. ദൈവം അവളോട് പറയുന്നു. നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോട് ആകും. അവൻ നിന്നെ ഭരിക്കും (ഉല്പത്തി 3:10) ദൈവത്തെപ്പോലെ ആകാൻ ആഗ്ര ഹിച്ചവൾ ഇപ്പോൾ ഇതാ മനുഷ്യനാൽ ഭരിക്കപ്പെടണം. അതാണ് ദൈവിക കല്പന.

ദൈവം വിശ്വാസികളായ നമ്മുടെ ശാപമെല്ലാം മാറ്റി. എന്നാൽ നമ്മുടെ നന്മയ്ക്കു വേണ്ടി ഇന്ന് നമ്മോടുള്ള കല്പനയാണ് കീഴ്പ്പെട്ടി രിക്ക എന്നത് (എഫെ. 5:22-24, 33, 1 പത്രോ. 3:1, കൊലോ 3:18) സഹോ ദരിമാർ പറയും കർത്താവ് ഭർത്താവിനോട് പറഞ്ഞിരിക്കുന്നതു കർത്താവ് സ്നേഹിച്ചതുപോലെ സ്നേഹിക്കണം എന്നാണ്. കർത്താവ് സ്നേഹിക്കുന്നതുപോലെ തന്നെ എന്നെ ഭർത്താവ് സ്നേഹിച്ചാൽ പിന്നെ കീഴ്പ്പെട്ടിരിക്കുവാൻ പ്രയാസമില്ല എന്ന്. എന്നാൽ പ്രിയസഹോ ദരിമാരെ, ഭർത്താവ് സ്നേഹിച്ചാലും ഇല്ലെങ്കിലും, ഭർത്താവ് വെറു ത്താലും നമ്മോടുള്ള കല്പനയാണ് കീഴ്പ്പെട്ടിരിക്കുക എന്നത്. കർത്താ വിന്റെ കല്പന അനുസരിക്കുന്നത് ആദിയിങ്കൽ കയ്പായി തോന്നി യാലും അന്ത്യം മധുരമായിരിക്കും.

'കീഴ്പ്പെട്ടിരിക്കുക' എന്ന വാക്ക് പലപ്പോഴും തെറ്റായി ചിന്തിക്കാറു ണ്ട്. കീഴ്പ്പെട്ടിരിക്കുക എന്നു കർത്താവ് പറയുമ്പോൾ ദൈവത്തേ ക്കാൾ അധികം ഭർത്താവിന് കീഴ്പ്പെടുക എന്നല്ല. ദൈവമാണ് സർവ്വാ

ധിപൻ. അതുകൊണ്ട് ആദ്യം സ്ത്രീകൾ കർത്താവിന് കീഴ്പ്പെടുക. കർത്താവിന്റെ കല്പനകൾക്ക് എതിരായി, കർത്താവ് പാപമാണെന്ന് കല്പ്പിച്ച കാര്യങ്ങൾ ഭർത്താവ് പറഞ്ഞാലും ആ കാര്യത്തിൽ കീഴ്പ്പെടേണ്ട ആവശ്യമില്ല അതാണ് കർത്താവ് പറഞ്ഞത്. ഏത് പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം (1 കൊരി 11:3).

ഇതിന് നല്ലൊരു ഉദാഹരണമാണ് എസ്ഥേറിന്റെ ജീവിതം. ഭർത്താവ് കല്പനകൊടുത്തത് (അറിയാതെയാണെങ്കിൽ പോലും) ഇസ്രായേൽ ജനത്തെ കൊന്നുമുടിക്കുവാനാണ്. ഇതറിഞ്ഞപ്പോൾ ആദ്യം അവൾ ഭയപ്പെട്ടു എങ്കിലും ദൈവത്തിന്റെ കല്പന അനുസരിക്കുവാൻ അവൾ തയ്യാറായി. നാം വായിക്കുന്നത് രാജ്ഞിയായതിന് ശേഷവും മുമ്പിലത്തെപ്പോലെ അവൾ തന്റെ ചിറ്റപ്പനെ അനുസരിച്ചു. (എസ്ഥേർ 2:20) ഇവിടെ നമുക്ക് മനസ്സിലക്കാൻ സാധിക്കുന്നത് നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾ വരുമ്പോൾ കർത്താവിനോട് പറയുന്നതോടൊപ്പം നമ്മുടെ മാതാപിതാക്കന്മാരോട് പറയേണ്ടതത്യാവശ്യമാണ്. ഇവിടെ എസ്ഥേർ അവളുടെ പ്രശ്നവുമായി ദൈവത്തിന്റെ അടുത്ത് ചെന്ന് അതിന് ശേഷം ധൈര്യത്തോടെ അവൾ രാജാവിന്റെ അടുക്കൽ ചെല്ലുന്നു. അവൾ പറയുന്നത് ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ. (എസ്ഥേർ 4:16). ദൈവം അവളെ മാനിച്ചു. അവളുടെ പ്രാർത്ഥനകേട്ടു. അവൾ മുഖാന്തരം യിസ്രായേൽ ജനം വലിയൊരു വിപത്തിൽ നിന്ന് രക്ഷപ്പെട്ടു. ദൈവഹിതപ്രകാരമല്ലാത്ത പാപമായ കാര്യങ്ങളാണ് ഭർത്താവ് കല്പ്പിക്കുന്നത് എങ്കിൽ അത് അനുസരിക്കുക എന്നല്ല കീഴ്പ്പെടുക എന്നത് അർത്ഥമാക്കുന്നു. പിന്നെയോ ദൈവിക കല്പനകളെ പ്രമാണിക്കേണം എന്നുള്ളതാണ്.

### മരുമകൾ – അമ്മായിയമ്മ – സ്നേഹിക്കുക

നിങ്ങൾക്ക് തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും (യോഹ. 13:35).

മരുമകളെ മകളായും അമ്മായിയമ്മയെ അമ്മയായി കാണുവാനും സ്നേഹിക്കുവാനും സാധിച്ചാൽ ആ ഭവനത്തിൽ സന്തോഷമുണ്ടാകും. അവർ ദൈവമക്കൾ എന്ന് ചുറ്റുമുള്ളവർ അറിയും. പല സ്വഭാവമുള്ളതിന്റെ കാരണത്താൽ, പലപ്പോഴും ഇതു പറയുന്നതുപോലെയും എഴു

തുന്നതു പോലെയും അത്ര എളുപ്പമല്ല. എന്നാൽ ഇത് കർത്താവിന്റെ കല്പനയാണ് എന്ന് മനസ്സിലാക്കി ഞാൻ അങ്ങനെ സ്നേഹിക്കും എന്ന് തീരുമാനിച്ചാൽ സർവ്വശക്തനായ ദൈവം തന്റെ കൃപയാൽ അതു സാദ്ധ്യമാക്കി തരും.

ഇതാണ് നാം രൂത്തിന്റെയും നവോമിയുടെയും ജീവിതത്തിൽ കാണുന്നത്. രൂത്ത് നവോമിയെ അനുസരിച്ചു എന്നു മാത്രമല്ല, അവൾക്ക് നല്ല ഭക്ഷണം കിട്ടിയപ്പോൾ മുഴുവൻ ഭക്ഷിക്കുകയല്ല ചെയ്തത്. അമ്മയെ ഓർത്ത് അവൾക്ക് വേണ്ടി കരുതിവെച്ചു.

അതുപോലെ തന്നെ നവോമി തനിക്ക് വേണ്ടി ഭർത്താവിനെ അന്വേഷിക്കുകയല്ലായിരുന്നു ചെയ്തത്. വേണമെങ്കിൽ അവൾക്ക് വിവാഹം കഴിക്കാമായിരുന്നു. (രൂത്ത് 1:11). പുത്രന്മാരെ പ്രസവിക്കാമായിരുന്നു എന്നിട്ടും അവൾ മരുമകളെ കരുതുകയും സ്നേഹിക്കുകയും, ആലോചന പറഞ്ഞുകൊടുക്കുകയും ചെയ്തു. മകൾക്ക് വേണ്ടി ഒരു വിശ്രമ സ്ഥലം ഒരുക്കുന്നതായി കാണുന്നു. മരുമകളുടെ നന്മയിൽ സന്തോഷിക്കുന്ന അമ്മായിയമ്മ.

**അമ്മ – ഉപദേശിക്കുക**

ഏറ്റവും ഉത്തരവാദിത്വപ്പെട്ട ഒരു ചുമതലയാണ് അമ്മയായിരിക്കുക എന്നത്. തങ്ങളുടെ കൈയ്യിൽ ഏൽപ്പിച്ചിരിക്കുന്ന മക്കൾ എന്ന ദാനത്തെ നല്ല രീതിയിൽ വളർത്തി പോഷിപ്പിച്ച് തങ്ങളെ ഏല്പ്പിച്ച യജമാനന് പ്രയോജനമുള്ളവരാക്കി തീർക്കുക എന്നതാണ് ഒരു അമ്മയുടെ ചുമതല. മക്കളെ നേരാംവണ്ണം ഉപദേശിക്കുക എന്ന് സദൃശവാക്യത്തിൽ പല വാക്യങ്ങളിലും നാം കാണുന്നു. മക്കളെ, അമ്മയുടെ ഉപദേശം ഉപേക്ഷിക്കരുത് (സദൃശ 1:8, 4:20).

എങ്ങനെയാണ് ഒരു മാതാവിന് മക്കളെ ഉപദേശിക്കുവാൻ സാധിക്കുന്നത്. പരിശീലനം കിട്ടിയവർക്കേ പരിശീലിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അമ്മമാർക്ക് ചില യോഗ്യതകൾ അത്യന്താപേക്ഷിതമാണ്. മക്കളെ ഉപദേശിക്കുവാൻ, അഭ്യസിപ്പിക്കുവാൻ.

1. വചനം പഠിക്കേണം. വചനം നമ്മുടെ ഹൃദയത്തിൽ ഇരുന്നാൽ മാത്രമേ മക്കളെ പഠിപ്പിക്കുവാൻ സാധിക്കയുള്ളു. (ആവ. 6:6, സങ്കീ. 119:11).

2. പ്രാർത്ഥിക്കുന്നവരായിരിക്കേണം. കർത്താവു പറഞ്ഞത് - യെരുശലേം പുത്രിമാരെ നിങ്ങൾ നിങ്ങളെയും നിങ്ങളുടെ മക്കളേയും ചൊല്ലി കരവിൻ (ലൂക്കോസ് 23:28) എന്നാണ്.

3. അനുസരിക്കുന്നവരായിരിക്കേണം.

4. വിശ്വാസമുള്ളവരായിരിക്കേണം. വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണുവാൻ സാധിക്കും. കർത്താവ് ശിഷ്യന്മാരോട് പറയുന്നു. എന്നിൽ വിശ്വസിപ്പിൻ, നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും ഞാൻ ചെയ്തു തരും. (യോഹ. 14:14). തിമൊഥെയോസിനോടുള്ള ബന്ധത്തിൽ ആ വിശ്വാസം ആദ്യം അവന്റെ വലിയമ്മ ലോവിസിലും അമ്മ യൂനിക്കയിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്ന് ഞാൻ ഉറച്ചിരിക്കുന്നു. (2 തിമൊ. 1:5).

5. നന്മ ചെയ്യുന്നവരും സൽപ്രവൃത്തി ചെയ്യുന്നവരുമായിരിക്കേണം. 1 പത്രോ. 2:15.

6. വിശുദ്ധിയിൽ ജീവിക്കേണം. കർത്താവ് പറയുന്നത് - ഞാൻ വിശുദ്ധനായതുപോലെ നിങ്ങൾ നിങ്ങളെ വിശുദ്ധീകരിക്കേണം. ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയില്ല (എബ്രാ. 12:14) ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ (1 തെസ. 4:3).

ഇങ്ങനെ നമ്മുടെ ജീവിതത്തിൽ ദൈവപ്രസാദമുള്ളവരായി, വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ കൂടി ജീവിച്ച് നമ്മുടെ മക്കളെ ഉപദേശിക്കുവാൻ കർത്താവ് നമ്മളെ സഹായിക്കട്ടെ. അപ്പോൾ നമ്മുടെ മക്കൾ എഴുന്നേറ്റ് നമ്മളെ ഭാഗ്യവതി എന്ന് പറയും. (സദൃശ 31:28).

# സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട

ദൈവത്തിന്റെ സ്വന്തം നാടെന്നു കേളികേട്ട കേരളക്കരയിലെ ഒരു കൊച്ചുഗ്രാമം. ഹരിതപൂർണ്ണമായ സസ്യാദികളും സ്നേഹസമ്പന്നരായ മനുഷ്യരുമുള്ള ഒരു ഗ്രാമം. അവിടെ മിടുക്കനായ ഒരു ബാലനുണ്ടായിരുന്നു. അവനെ നമുക്ക് ലല്ലു എന്നു വിളിക്കാം. എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്ന അവൻ ഒരിക്കൽ നടന്നുപോകുമ്പോൾ ഒരു ചേര പാമ്പ് ഇഴഞ്ഞുപോകുന്നതു കണ്ടു. കൗതുകം തോന്നിയ ലല്ലു അതിനെ പിടിച്ചു. പാമ്പു പിടുത്തത്തിൽ ഹരമേറിയ ലല്ലു കാണുന്ന പാമ്പിനെയെല്ലാം പിടികൂടാൻ തുടങ്ങി. അങ്ങനെ പിടിക്കുന്ന പാമ്പിനെയെല്ലാം വീട്ടിലെ ഒരു മുറിയിലിട്ട് വളർത്തുവാൻ തുടങ്ങി. വില്ലൂന്നി മുതൽ അണലി വരെ വിഷമുള്ളതും വിഷമില്ലാത്തതുമായ പാമ്പുകളുടെ താവളമായി ആ വീടുമാറി.

വീട്ടിലുള്ളവർ പേടിയോടെയാണ് കഴിഞ്ഞത്. വിഷമുള്ള പാമ്പുകളുമായി ചങ്ങാത്തം കൂടുന്ന ലല്ലുവിനെ ഡാഡിയും മമ്മിയും താക്കീതു ചെയ്തു. മോനേ, നീ പാമ്പിന്റെ കൂടെ കളിക്കരുത്. എന്നാൽ ലല്ലു അതു കൂട്ടാക്കിയില്ല. പഠനത്തിലെ ശ്രദ്ധയും ഉപേക്ഷിച്ചു കൂടുതൽ പാമ്പുകളെ പിടിക്കുന്നതിലും പരിചരിക്കുന്നതിലും അവൻ സമയം ചെലവഴിച്ചു. പാമ്പുകളുമായി അടുത്തിടപെടും തോറും അവനിലെ ഭയം അന്യമായി. വിഷപാമ്പുകളെ പോലും അനായാസം കൈകളിൽ എടുത്തു കളിപ്പിക്കുമായിരുന്നു.

അങ്ങനെ ഇരിക്കെ തന്റെ പാമ്പുശേഖരത്തെക്കുറിച്ചും വിഷപ്പാമ്പുകളുമായി ചങ്ങാത്തം കൂടുന്നതിനെക്കുറിച്ചുള്ള ഒരു പരസ്യം അവൻ പത്രത്തിൽ കൊടുത്തു. അനേകർ കടന്നു വരികയും അവന്റെ സാഹസകൃത്യങ്ങൾ കണ്ടു പണം നൽകുകയും ചെയ്തു. പണം സമ്പാദിക്കാൻ സാധിക്കും എന്നു മനസ്സിലായതോടെ വിഷപാമ്പുകളോടു കൂടെ 5 ദിവസം ജീവിക്കും എന്നു അവൻ പ്രചരിപ്പിച്ചു. അനേകർ അവനു പ്രോത്സാഹനവുമായി കടന്നു വന്നു.

ലല്ലു പാമ്പുകളോടു കൂടെ താമസിക്കുവാൻ ആരംഭിച്ചു. ആദ്യ ദിവസം യാതൊരു കുഴപ്പവും ഉണ്ടായില്ല. രണ്ടാം ദിവസവും ശുഭ സൂചനനൽകി കടന്നുപോയി. എന്നാൽ മൂന്നാം ദിവസം രാവിലെ ലല്ലു വിനെ കാണാനെത്തിയ അവന്റെ അമ്മ ആ കാഴ്ച കണ്ടു നിലവിളിച്ചു. തന്റെ എല്ലാമെല്ലാമായ മകൻ കരിനീല കളറിൽ മരിച്ചു കിടക്കുന്നു. അവൻ ഓമനിച്ചു വളർത്തിയ, കൂടെ കളിച്ച പാമ്പുകൾ അവനെ തിരി ച്ചുകൊത്തിയിരിക്കുന്നു. മുന്നറിയിപ്പുകളെ അവഗണിച്ച ലല്ലു അകാല ത്തിൽ മൃതിയടഞ്ഞു.

പാപവും പാമ്പുപോലെ നമുക്കു മുമ്പിൽ പ്രത്യക്ഷപ്പെടും. രസകര മായും കളിതമാശയായും തോന്നി അതിനെ ചെന്നുപിടിച്ചാൽ അതു സമയം വരുമ്പോൾ തിരിഞ്ഞുകൊത്തും. പാപവുമായുള്ള ഇടപഴകൽ കൂടുമ്പോൾ അതു നമ്മെ കീഴ്പെടുത്തും. സാരമില്ലെന്നും ഞാൻ തെറ്റി ലകപ്പെടില്ലെന്നും എന്നെ സൂക്ഷിക്കാൻ പ്രാപ്തിയുണ്ടെന്നും സ്വയാഭി മാനിയായി ജീവിച്ചാൽ അപ്രതീക്ഷിത സമയത്ത് അതു നമ്മെ കൊല്ലും - പാപത്തിന്റെ ശമ്പളം മരണം അത്രേ (റോമ.6:23).

കൊച്ചു കൂട്ടുകാരേ, പിശാച് എന്ന പാമ്പിന്റെ കടിയേറ്റ് മരണം വരി ച്ചവരാണ് മനുഷ്യർ. ആ മരണത്തിൽ നിന്നും നമ്മെ രക്ഷിക്കാനാണ് ക്രിസ്തു ഭൂമിയിലേക്കു വന്നത്. ക്രൂശിൽ മരിച്ച് ഉയർത്തെഴുന്നേറ്റത് ഈ യേശുവിനെ രക്ഷകനായി ഹൃദയത്തിൽ സ്വീകരിച്ചാൽ നിങ്ങൾക്ക് ദൈവമക്കളാകാം. (യോഹ. 1:12)

രക്ഷിക്കപ്പെട്ട കൂട്ടുകാരേ, പാപം പാമ്പു പോലെ നമ്മെ വശീകരി ക്കാനും നശിപ്പിക്കാനുമായി നമുക്കു മുമ്പിൽ പ്രത്യക്ഷപ്പെടും. രസ മായും കളിയായും അതിനെ കാണരുത്. നിത്യജീവനും ചൈതന്യവും നമ്മിൽ നില നിൽക്കേണ്ടതിന് പാപത്തെ വിട്ട് ഓടുക (എബ്രാ. 12: 1,2).

# ഞാൻ മീൻ പിടിക്കാൻ പോകുന്നു

ശീമോൻ പത്രൊസ് അവരോട് ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്ന് പറഞ്ഞു. ഞങ്ങളും പോരുന്നു എന്ന് അവർ പറഞ്ഞു (യോഹന്നാൻ 21:3).

കർത്താവ് ശിഷ്യന്മാരെ തിരഞ്ഞെടുത്തു അവരിൽ പലരും മുക്കുവന്മാരായിരുന്നു. യേശു അവരോട്; എന്റെ പിന്നാലെ വരുവിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം. ഉടനെ അവർ വലയും അവർക്കുള്ള തൊഴിലും വിട്ടേച്ചു അവനെ അനുഗമിച്ചു. (മത്തായി 4:19). ശിഷ്യന്മാർ വിചാരിച്ചത് യേശുകർത്താവ് യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനായി തങ്ങളെ റോമാകാരുടെ കൈയ്യിൽ നിന്നും വിടുവിക്കും. അവൻ രാജാവാകും. ഞങ്ങൾക്കും അന്ന് സ്ഥാനമാനങ്ങൾ ലഭിക്കും എന്ന് അവർ ആശിച്ചിരുന്നു. എന്നാൽ മഹാപുരോഹിതന്മാരും പ്രവാസികളും അവനെ മരണശിക്ഷയ്ക്കു വിധിച്ചു. ഇനി എന്തു ചെയ്യും. ഞങ്ങളെയും അവർ പിടിക്കും. ഉപജീവനമാർഗ്ഗം ഒന്നുമില്ല. ഗുരു കൈവിട്ടു ഇനി എന്തു ചെയ്യും.

### ശിഷ്യന്മാർ ഒരു തകർന്ന അവസ്ഥയിൽ

നമ്മുടെ ജീവിതത്തിലും ഇങ്ങനെ ഒരവസ്ഥ ഉണ്ടാകാം, അസുഖങ്ങൾ, മരണങ്ങൾ, സാമ്പത്തിക ഞെരുക്കം, പിൻമാറ്റത്തിൽ ജീവിക്കുന്ന പ്രിയപ്പെട്ടവർ, എങ്ങോട്ട് നോക്കിയാലും പരിഹാസവും നിന്ദയും, ഇവിടെ ഈ അവസ്ഥയിലുള്ള ശിഷ്യന്മാരുടെ നടുവിലേക്കു യേശു വന്നിട്ട് അവരോട് പറഞ്ഞു. നിങ്ങൾക്ക് സമാധാനം. ഇതു പറഞ്ഞിട്ട് അവൻ കയ്യും വിലാപുറവും അവരെ കാണിച്ചു. കർത്താവിനെ കണ്ടിട്ട് ശിഷ്യന്മാർ സന്തോഷിച്ചു. കർത്താവ് അവരോട് പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ് അവർക്ക് പ്രത്യക്ഷമായി. അവരെ അവരുടെ ജോലിക്കായി ഒന്നു കൂടി നിയമിക്കുന്നു. മാത്രമല്ല അവർക്ക് സമാധാനവും കൊടുക്കുന്നു.(യോഹന്നാൻ 20:20,21).

**കർത്താവിനെ വിട്ടിട്ട് പോകുന്ന ശിഷ്യന്മാർ** ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടതിന് ശേഷവും ശിമോനും പത്രോസും ദിദിമോസ് എന്ന തോമസും, നഥനയേലും, സെബെദി മക്കളും ശിഷ്യന്മാരിൽ വേറെ രണ്ടു പേരും ഇരിക്കുമ്പോൾ പത്രൊസ് പറയുകയാണ്.

ഞാൻ മീൻ പിടിക്കുവാൻ പോകുന്നു. യേശു സ്നേഹിച്ച ശിഷ്യനും അവിടെയുണ്ടായിരുന്ന ആരും ഇങ്ങനെ പറഞ്ഞില്ല. നമ്മൾ കർത്താവിനെ വിശ്വസിച്ചു കാത്തിരിക്കേണം. അവൻ ഉയിർത്തെഴുന്നേറ്റ് നമ്മളെ വേലയ്ക്ക് വിളിച്ചതാണ്. പക്ഷെ എല്ലാവരും കൂടി പറയുകയാണ് ഞങ്ങൾ പോരുന്നു. (യോഹ. 21:3).

**ശിഷ്യന്മാരുടെ അടുക്കലേക്കു വരുന്ന യേശുകർത്താവ്**

ശിഷ്യന്മാർ രാത്രിമുഴുവനും അദ്ധ്വാനിച്ചിട്ടും  മീൻ ഒന്നും കിട്ടിയില്ല. അവരുടെ അടുക്കലേക്കു കർത്താവ് വന്നിട്ട് ചോദിച്ചു; കൂട്ടുവാൻ വല്ലതും ഉണ്ടോ. ‘ഇല്ല’ എന്ന് അവർ പറഞ്ഞു. പടകിന്റെ വലതു വശത്തു വീശുവാൻ പറഞ്ഞു. അവർ ചെയ്തു; മീനിന്റെ പെരുപ്പം ഹേതുവായി വല വലിപ്പാൻ കഴിഞ്ഞില്ല. സ്നേഹവാനായ കർത്താവ് അവരെ വഴുക്കു പറയുകയല്ല അവരെ അവർ ആരാണെന്ന് കാണിക്കുകയാണ് ചെയ്തത്.

**ശിഷ്യന്മാരെ കരുതുന്ന കർത്താവ്**

രാത്രിമുഴുവൻ അദ്ധ്വാനിച്ച് കഷ്ടപ്പെട്ട ശിഷ്യന്മാർ മീൻ വലയും വലിച്ചു വന്നപ്പോൾ തീക്കനലും അതിന്മേൽ മീൻ വച്ചിരിക്കുന്നതും കണ്ടു. കർത്താവിനെ വിട്ടിട്ട് പോയ ശിഷ്യരോട് കർത്താവ് പറയുകയാണ് വന്ന് പ്രാതൽ കഴിച്ചുകൊൾവിൻ (യോഹന്ന 21:12). എത്ര സ്നേഹവാനായ  കർത്താവ്.

**ശിഷ്യന്മാരെ വിശേഷിച്ച് പത്രൊസിനെ യഥാസ്ഥാനപ്പെടുത്തുന്ന കർത്താവ്:** തിരിച്ചു പോയവരെ വേണ്ട എന്ന് വയ്ക്കുകയല്ലാ അവരെ യഥാസ്ഥാനപ്പെടുത്തി കൂടുതൽ ഉപയോഗമുള്ള പാത്രമായി അവരെ എടുക്കുന്നു. കർത്താവ് മൂന്ന് പ്രാവശ്യം പത്രൊസിനോട് നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് ചോദിക്കുന്നു. മൂന്നാമത്തെ പ്രവാശ്യം കർത്താവിന്റെ കൈകളിൽ തന്നെത്താൻ സമർപ്പിക്കുന്നു പത്രൊസിനെ കാണാം. പത്രൊസ് ദുഃഖിച്ചു. കർത്താവേ നീ സകലവും അറിയുന്നു

എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നു നീ അറിയുന്നു എന്ന്. അവനോട് കർത്താവ് എന്റെ ആടുകളെ മേയ്ക്ക (യോഹ. 21:17). ഇനി പത്രോസ് ഒരിക്കലും മീൻ പിടിക്കാൻ പോകുകയില്ല. ഇവിടെ പത്രോസ് എന്ന മീൻകാരൻ ഇല്ലാതെയായി. അതിന് പകരം കർത്താവിന്റെ ആടുകളെ മേയ്ക്കുന്ന പത്രോസായി.

**സമർപ്പിക്കപ്പെട്ട പത്രോസിനെ –** ശിഷ്യന്മാരെ കൊണ്ട് അത്ഭുതങ്ങൾ പ്രവർത്തിപ്പിക്കുന്ന കർത്താവ്. പത്രോസിനെ പിന്നെ നാം കാണുന്നത് മീൻ പിടിക്കാൻ അല്ലാ. അന്നു കർത്താവ് പറഞ്ഞപ്പോൾ കൂട്ടത്തോടെ മീൻ വന്നതുപോലെ ഇപ്പോൾ പത്രോസ് പതിനൊന്നു പേരോട് കൂടെ സകല ജാതികളുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ വചനം ശക്തിയോടെ പറയുന്നു. അന്ന് 3000 പേർ മാനസാന്തരപ്പെട്ടു പാപങ്ങളെ ഏറ്റുപറഞ്ഞു. യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുന്നതായി നാം കാണുന്നു. അന്ന് ജനങ്ങൾക്ക് എല്ലാവർക്കും ഭയമായി. അപ്പൊസ്തലരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. നമ്മുടെ ഏതവസ്ഥയിലും നമ്മെ തന്നെ സമർപ്പിച്ചാൽ നമ്മെ എടുത്തു മഹാകാര്യത്തിനായി ഉപയോഗിക്കുന്നവനാണ് സ്നേഹവാനായ നമ്മുടെ കർത്താവ്. നമ്മൾക്ക് നമ്മെ തന്നെ അവന്റെ പാദത്തിൽ സമർപ്പിക്കാം.

# പ്രശ്നങ്ങൾ

ജീവിതത്തിൽ പ്രശ്നങ്ങളിൽ കൂടി കടന്നു പോകാത്തവരായി ആരും തന്നെ കാണുകയില്ല. ശാരീരിക പ്രശ്നം, കുടുംബപ്രശ്നം, സാമ്പത്തി കമായ പ്രശ്നം, സഭാപ്രശ്നം ഇങ്ങനെ അനേക പ്രശ്നങ്ങൾ നാം തരണം ചെയ്യേണ്ടതായി വരും. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഒരു ദൈവ ത്തിന്റെ മകൾ എങ്ങനെ പെരുമാറേണ്ടത് എന്നും ആ പ്രശ്നം എങ്ങനെ പരിഹരിക്കുവാൻ സാധിക്കും എന്ന് നമ്മൾക്ക് വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കാം.

ഗലീലയിലെ കാനാവിലെ ആ ഭവനത്തിൽ ഒരു പ്രശ്നം ഉണ്ടെന്നു മറിയ മനസ്സിലാക്കി. (യോഹന്നാൻ 2:1) സ്വന്തം കാര്യം മാത്രം ചിന്തി ക്കുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. എന്നാൽ ഒരു ദൈവപൈതലിൽ നിന്ന് ദൈവം ആഗ്രഹിക്കുന്നത് മറ്റുള്ളവരുടെ പ്രശ്നം അറിയേണം എന്നാണ്. ദൈവം തന്റെ മക്കളെ ഈ ലോക ത്തിൻ വെളിച്ചവും, ഉപ്പുമായി വെച്ചിരിക്കുന്നു . നമ്മളെ ഈ ലോക ത്തിൻ കാവല്ക്കാരാക്കിയിരിക്കുകയാണ്. "നീ ദുഷ്ടനെ ഓർപ്പിച്ചിട്ട് അവൻ തന്റെ ദുഷ്ടതയും ദുർമാർഗ്ഗവും വിട്ടു തിരിയുന്നില്ലെങ്കിൽ അവൻ തന്റെ അകൃത്യത്തിൽ മരിക്കും നീയോ നിന്റെ പ്രാണനെ രക്ഷി ച്ചിരിക്കുന്നു. അഥവാ നീതിമാൻ തന്റെ നീതി വിട്ടുമാറി നീതികേട് പ്രവൃ ത്തിച്ചിട്ട് ... നീ അവനെ ഓർപ്പിക്കായ്കകൊണ്ട് അവൻ തന്റെ പാപ ത്തിൽ മരിക്കും. എന്നാൽ അവൻ പാപം ചെയ്യാതെ ഇരുന്നാൽ അവൻ പ്രബോധനം കൈക്കൊണ്ടിരിക്കയാൽ അവൻ ജീവിക്കും. നീയും നിന്റെ പ്രാണനെ രക്ഷിച്ചിരിക്കുന്നു. (യെഹ. 3:19,21).

2. പ്രശ്നം മനസ്സിലാക്കി മാത്രമല്ല ആ പ്രശ്നത്തിൽ തന്നെ തന്നെയും ഉൾപ്പെടുത്തി (യോഹന്നാൻ 2:3).

ഗലീലയിലെ കാനാവിലെ കല്ല്യാണത്തിന് ക്ഷണിച്ചു വന്ന കൂട്ടത്തി ലായിരുന്നു യേശുവും ശിഷ്യന്മാരും. എന്നാൽ മറിയ അവിടെ ഉണ്ടാ യിരുന്നു. ആ വീട്ടിൽ വീഞ്ഞ് ഇല്ല എന്നവൾ മനസ്സിലാക്കി. അതിന് മറ്റുള്ളവരെ കുറ്റം പറയുവാനോ കളിയാക്കുവാനോ വാർത്ത പ്രചരി

പ്പിക്കാനോ ഒന്നും അവൾ മുതിരാതെ ആ കുറവ് തന്റെയും കൂടി ഉള്ള കുറവാണെന്ന് മനസ്സിലാക്കുന്നു. മറ്റുള്ളവരുടെ പ്രശ്നം തന്റെയും കൂടെ പ്രശ്നമാണെന്ന് കരുതി ആ പ്രശ്നം വലിയതാക്കാൻ അല്ല ആ പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുന്ന മറിയയെ നമ്മൾക്ക് കാണാം.

3. ആ പ്രശ്നം പരിഹരിക്കുവാൻ കഴിവുള്ള ഒരു വ്യക്തിയുടെ അടുക്കൽ ചെല്ലുന്നു. യേശുവിന്റെ അമ്മ അവനോട് അവർക്ക് വീഞ്ഞ് ഇല്ല എന്നു പറഞ്ഞു. (യോഹ. 2:3). യേശു അതുവരെ അത്ഭുതങ്ങൾ ഒന്നും ചെയ്തിരുന്നില്ലെന്ന് അവൾക്ക് നല്ലതായി അറിയാം.

4. യേശു പ്രശ്നം പരിഹരിക്കുമെന്ന് അവൾ വിശ്വസിക്കുന്നു. യേശു അവളോട് പറഞ്ഞത് സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത് എന്നാണ്. എന്നാൽ അവൾ ശുശ്രൂഷക്കാരോട് അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്‌വിൻ എന്ന് പറഞ്ഞു (യോഹ. 2:6).

ഹന്നയ്ക്ക് മക്കളില്ലായിരുന്നു. അവൾ തന്റെ പ്രശ്നവുമായി ദൈവാലയത്തിലേക്ക് ചെന്നു പ്രാർത്ഥിക്കുന്നു. ഏലി പുരോഹിതൻ ആദ്യം അവളെ സംശയിച്ചെങ്കിലും പിന്നീട് അവളോട് “നീ സമാധാനത്തോടെ പൊയ്ക്കൊൾക, യിസ്രായേലിന്റെ ദൈവത്തോടു നീ കഴിച്ച അപേക്ഷ അവൻ നിനക്ക് നല്കുമാറാകട്ടെ എന്നു ഉത്തരം പറഞ്ഞു. അടിയൻ തൃക്കണ്ണിൽ കൃപ ലഭിക്കുമാറാകട്ടെ എന്നു പറഞ്ഞു സ്ത്രീ തന്റെ വഴിക്കുപോയി. ഭക്ഷണം കഴിച്ച അവളുടെ മുഖം പിന്നെ വാടിയില്ല. (ശമു. 1:17,18) അവൾ പൂർണ്ണമായി വിശ്വസിച്ചു അതു അവൾക്ക് ലഭിക്കുവാനും ഇടയായി. നമ്മുടെ പ്രശ്നങ്ങൾ കർത്താവിന്റെ പാദത്തിൽ സമർപ്പിച്ചിട്ട് അവനിൽ വിശ്വസിക്കുവാൻ കർത്താവ് നമ്മളെ സഹായിക്കട്ടെ. പ്രശ്നങ്ങൾ വച്ചിട്ട് അതു തിരികെ എടുക്കാതിരിക്കുവാൻ കർത്താവിന്റെ കരുണ നമ്മൾക്ക് ആവശ്യമാണ്. അതിനായി നമ്മൾക്ക് പ്രാർത്ഥിക്കാം.

5. മഹത്വം സർവ്വവും കർത്താവിന് : മറിയയെ പിന്നെ അവിടെയെങ്ങും കാണുന്നില്ല. യേശു പ്രശ്നം കൈയ്യിലെടുത്തു. ബാല്യക്കാരോട് കല്പാത്രങ്ങളിൽ വെള്ളം നിറക്കുവാൻ പറഞ്ഞ് അവർ വെള്ളം നിറച്ച് കോരി വിരുന്നുവാഴിക്ക് കൊണ്ട് പോയി കൊടുപ്പിൻ എന്ന് അവൻ പറഞ്ഞു. അവർ കൊണ്ടുപോയി കൊടുത്തു. വീഞ്ഞായിത്തീർന്ന വെള്ളം രുചിച്ചു നോക്കിയാറെ മണവാളനെ വിളിച്ചു പറഞ്ഞു നീ നല്ല വീഞ്ഞു ഇതുവരെ സൂക്ഷിച്ചുവല്ലോ. (യോഹന്ന 2:7–10).

മഹത്വം സകലവും കർത്താവിന് മാത്രമുള്ളതാണ്. ഒന്നും ചെയ്യാതെ മഹത്വം ആഗ്രഹിക്കുന്നവരാണ് മനുഷ്യർ. എന്നാൽ അങ്ങനെ ഉള്ളവരെക്കൊണ്ട് ഒന്നും ചെയ്യുവാൻ ദൈവത്തിന് സാദ്ധ്യമല്ല. മോശയുടെ വടി ദൈവത്തിന്റെ വടി ആയതിന് ശേഷമെ അത്ഭുതം പ്രവർത്തിക്കുവാൻ കഴിയുകയുള്ളു. (പുറപ്പാട് 4:2,20). കർത്താവ് തന്റെ മഹത്വം ആർക്കും വിട്ട് കൊടുക്കയില്ല. നമ്മളോട് കല്പിച്ചത് ഒക്കെയും ചെയ്തശേഷം ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്ന് നിങ്ങളും പറവിൻ. (ലൂക്കോസ് 17:10).

യേശുവിന്റെ അമ്മ മറിയയെക്കുറിച്ചു ചിന്തിക്കുമ്പോൾ അവൾക്ക് ആ യോഗ്യത എങ്ങനെ ലഭിച്ചു എന്നു ശ്രദ്ധിക്കുക. ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു കൃപ ലഭിച്ചവളെ നിനക്ക് വന്ദനം , നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും അവൾക്ക് യേശു എന്ന പേർ വിളിക്കേണം. അവൻ വലിയവൻ ആകും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. ...അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല. (ലൂക്കോസ് 1:26–33).

മറിയ ആ വാക്കുകൾ കേട്ടപ്പോൾ ചോദിക്കുന്നതു ഇത് എങ്ങനെ സംഭവിക്കും. ദൈവത്തിലുള്ള ആശ്രയവും വിശ്വാസവും ഇവിടെ കാണാം. തന്റെ ഭാവിയെക്കുറിച്ചോ, തനിക്കുണ്ടാകുന്ന പ്രശ്നത്തെക്കുറിച്ചോ, തന്റെ നാണക്കേടിനെ ക്കുറിച്ചോ ഒന്നും അവൾ ചിന്തിച്ചേയില്ല. ദൈവത്തിന്റെ ഇഷ്ടം അവളുടെ ഇഷ്ടമായിരുന്നു. അതിനായ് അവളെ തന്നെത്താൻ സമർപ്പിക്കുന്നു. അതിന് ദൂതൻ പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അപ്പോൾ മറിയ പറയുന്നതു ശ്രദ്ധിക്കുക. ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്ക് പോലെ എനിക്ക് ഭവിക്കട്ടെ.

കർത്താവിന് വേണ്ടി തന്നെത്താൻ സമർപ്പിക്കുന്ന ഒരു വ്യക്തിയെ കൊണ്ട് എന്തു ചെയ്യാൻ സാധിക്കും എന്ന് നമ്മൾക്ക് മറിയയുടെ ജീവിതത്തിൽ നിന്ന് മനസ്സിലാക്കാം. ഞാൻ തീർന്നിട്ട് അവിടെ അവൾ ദൈവത്തിന്റെ ദാസിയായി. മഹത്വം മുഴുവനും കർത്താവിന് കൊടുക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# എനിക്ക് ഒന്നും കിട്ടുവാനില്ല.

ആരാധനയ്ക്ക് പോയിട്ട് എനിക്കു ഒന്നും കിട്ടുവാനില്ല എന്നു പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ? അല്ലെങ്കിൽ നിങ്ങൾ അങ്ങനെ പറഞ്ഞിട്ടുണ്ടോ?

അങ്ങനെ ഒരവസ്ഥ ഉണ്ടാകുവാൻ കാരണമെന്ത്? താങ്കളുടെ ജീവിതത്തിൽ സണ്ടേസ്കൂൾ, സഭായോഗം, ആരാധന ഇവ സന്തോഷപ്രദമാകണമെങ്കിൽ ചില വ്യവസ്ഥകളുണ്ട്.

ഒന്നാമതായി നിങ്ങൾ പോകുന്നത് കർത്താവിന് കൊടുക്കുവാനായിരിക്കണം. മഹാനായ ദാവീദ് രാജാവ് പറയുന്നു. ദൈവപുത്രന്മാരെ യഹോവയ്ക്കു കൊടുപ്പിൻ. എന്തൊക്കെ ദൈവത്തിന് കൊടുക്കാൻ സാധിക്കും.

1) സങ്കീ. 29:2 - മഹത്വവും ശക്തിയും കൊടുക്കാം.
2) യോഹ. 42:3 - നന്ദി നിറഞ്ഞ ഹൃദയത്തോടെ അവനെ സ്തുതിക്കാം.
3) 1 പത്രൊ. 3:10- നമ്മുടെ താലന്തുകളെ കർത്താവിനായി കൊടുക്കാം. അതുകൊണ്ട് വ്യാപാരം ചെയ്തു. 100, 60,30 മേനി വിളയിക്കാം.
4) 2 കൊരി. 8:2.12.13.20- ധനം കർത്താവിനായി കൊടുക്കാം. അവന്റെ വേലയ്ക്കായി ഉപയോഗിക്കാം.

രണ്ടാമതായി ഒരുക്കത്തോടെ ദേവാലയത്തിലേക്ക് പോകണം. യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ യിരെ. 48:10.

ശനിയാഴ്ച മുഴുവനും കൂട്ടുകാരോടൊത്ത് സമയം ചിലവഴിച്ച് അല്ലെങ്കിൽ ടി.വി., ഇന്റർനെറ്റ് ഒക്കെ കളിച്ച് ക്ഷീണിച്ച് രാത്രി താമസിച്ച് കിടന്നുറങ്ങിയാൽ ഞായറാഴ്ച രാവിലെ എഴുന്നേൽക്കുവാൻ ബുദ്ധിമുട്ടാകും. അഥവാ യോഗത്തിനിരുന്നാൽ തന്നെയും പൂർണ്ണഹൃദയ

ത്തോടെ ഏകാഗ്രമായിരിക്കുവാൻ സാധിക്കയില്ല. അപ്പോൾ പിന്നെ പ്രബോധനവും , ബൈബിൾ ക്ലാസ്സും ഒക്കെ ബോറായി തോന്നും. അതു കൊണ്ട് നമ്മുടെ ജീവിതത്തിൽ ക്രമവും ചട്ടവും ഒതുക്കവും ആവശ്യ മാണ്.

മൂന്നാമതായി പോകുന്നത് ദൈവവചനം പഠിക്കണം എന്ന ആഗ്ര ഹത്തോടെയായിരിക്കണം. ദൈവവചനത്തിന്റെ മഹത്വം മനസ്സിലാക്കി പഠിപ്പിക്കുന്നവരുടെ കുറ്റവും കുറവും നോക്കാതെ വചനം ശ്രദ്ധി ക്കേണം.

1). 1 പത്രൊ 1:2 - വചനം മായമില്ലാത്ത പാലാണ്. അത് നമ്മുടെ വളർച്ചയ്ക്ക് ആവശ്യമാണ്.

2) സങ്കീ. 119:105- വചനം കാലിന് ദീപവും പാതയ്ക്ക് പ്രകാശവു മാണ്.

3) സങ്കീ. 119:6 - വചനം പ്രമാണിക്കുന്നവർ ലജ്ജിക്കേണ്ടിവരികയില്ല.

4. സങ്കീ. 119:103- വചനം അണ്ണാക്കിന് മധുരവും വായ്ക്ക് തേനിനേ ക്കാൾ നല്ലതുമാണ്.

ഭക്ഷണം കഴിച്ചില്ലെങ്കിൽ ശരീരം ശോഷിച്ച് രോഗിയാകുന്നതുപോലെ വചനം ദിനം തോറും ഭക്ഷിച്ചില്ലെങ്കിൽ നമ്മുടെ ആത്മീയ ജീവിതം ജീവനില്ലാത്തതാകും.

ഉണങ്ങി വരണ്ട ദേശം വെള്ളത്തിനായി കാംക്ഷിക്കുന്നതുപോലെ (സങ്കീ. 63:1). കുരുകിൽ ഒരു വീടും. മീവൽ പക്ഷി കുഞ്ഞുങ്ങൾക്ക് കൂടും കണ്ടെത്താൻ നോക്കുന്നതു പോലെ (സങ്കീ. 84:12). നമുക്ക് ദൈവ ഭവനത്തിലേക്ക് പോകാം. ദാവീദ് രാജാവ് പറയുന്നതുപോലെ “ദൈവമേ നീ എന്റെ ദൈവം , ഞാൻ നിന്നെ അന്വേഷിക്കും. നിന്റെ ബലവും മഹത്വവും കാണേണ്ടതിന് ഞാൻ വിശുദ്ധ മന്ദിരത്തിൽ നിന്നെ നോക്കി യിരിക്കും.” അങ്ങനെ ഒരു ഹൃദയം നമുക്കുണ്ടായാൽ നമ്മുടെ ആരാ ധനകൾ , നമ്മുടെ സണ്ടസ്കൂൾ എത്ര മനോഹരമായിരിക്കും. അതി നായി ദൈവം നമ്മെ സഹായിക്കട്ടെ.

# എന്തിനീ കഷ്ടത

ഈ ലോകത്തിൽ ജനിച്ച ഓരോ വ്യക്തിയും ചുരുങ്ങിയത് ഒരു പ്രാവശ്യമെങ്കിലും തന്നോടു തന്നെയും ദൈവത്തോടും ചോദിച്ചിട്ടുള്ള ഒരു ചോദ്യമാണിത്- എന്തിനാണ് എനിക്ക് ഈ കഷ്ടത? മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു എന്ന് ഇയ്യോബ് 5:9ൽ കാണുന്നു. കഷ്ടത എന്നതു ഒരു മർമ്മമാണ്. അത് മനുഷ്യബുദ്ധിക്ക് മനസ്സിലാക്കുവാൻ സാധ്യമല്ല. അതുകൊണ്ട് ഒരാളുടെ ജീവിതത്തിൽ കഷ്ടത ഉണ്ടാകുമ്പോൾ അതിനെക്കുറിച്ച് പറയുന്നതായുള്ള അഭിപ്രായങ്ങളും ശരിയല്ല.

കഷ്ടത എന്നുള്ളത് ഒരു മർമ്മം ആണെങ്കിലും കഷ്ടത എങ്ങനെ ഉണ്ടായി എന്നു ബൈബിൾ പറയുന്നു. മനുഷ്യന് ആവശ്യമുള്ളതെല്ലാം ഉണ്ടാക്കിയ ശേഷം ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദൻ തോട്ടത്തിലാക്കി. സ്വയേച്ഛയോടു കൂടി (Free will) യാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. സ്വയേച്ഛയെ അനുസരണക്കേടിനു ഉപാധിയാക്കിയ മനുഷ്യൻ കഷ്ടത വരുത്തിവെച്ചു. മനുഷ്യന്റെ കഷ്ടതയ്ക്കു കാരണം ദൈവമല്ല; മനുഷ്യൻ തന്നെയാണ് (ഉൽപ 3:16).

കഷ്ടത എല്ലാവരും ഒരുപോലെ അനുഭവിക്കുന്നതാണെങ്കിലും കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച് രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ കഷ്ടതയ്ക്ക് വളരെ പ്രാധാന്യമുണ്ട്. ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ കഷ്ടതയുണ്ടാകുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങൾ

1. പ്രത്യാശയുളവാക്കാൻ
2. ഗുരുവിന്റെ മാതൃക പിന്തുടരുവാൻ
3. കഷ്ടതയിലുള്ളവരെ ആശ്വസിപ്പിക്കുവാൻ
4. ഗുരുവിന്റെ മഹത്വം കാണുവാൻ
5. ഗുരുവിനെപ്പോലെ ആകുവാൻ

6. സ്വയം വരുത്തുന്ന കഷ്ടതകൾ
7. വർജ്ജിച്ചിരിക്കുന്നതു തിരഞ്ഞെടുക്കുന്ന കാരണത്താൽ
8. ബാലശിക്ഷ

ഇതിൽ നിന്നും ഒരു കാര്യം വ്യക്തമായി മനസ്സിലാക്കാം. ഒരു വിശ്വാസിയുടെ ജീവിതത്തിൽ കഷ്ടതയുണ്ടാകുന്നത് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒന്നോ അധിലധികമോ കാരണത്താലാകാം. അതു എന്തുകൊണ്ടാണെന്നത് ദൈവവും ചില അവസരങ്ങളിൽ ആ വ്യക്തിയും മാത്രമേ അറിയുകയുള്ളൂ.

അതുകൊണ്ട് കഷ്ടതയിൽ കൂടി കടന്നുപോകുന്നവർക്ക് എതിരെ കൈചൂണ്ടുന്നതു പാപഹേതുവാകും. ഇയ്യോബിന്റെ സ്നേഹിതരോടുള്ള ദൈവത്തിന്റെ പ്രതികരണത്തിൽ നിന്നും ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്. എനിക്കു നിങ്ങളുടെ നേരെ കോപം ജ്വലിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഇയ്യോബിന്റെ അടുക്കൽ ചെന്ന് നിങ്ങൾക്കു വേണ്ടി ഹോമയാഗം കഴിപ്പിൻ (ഇയ്യോ. 4:27,8). ദൈവത്തിനു നമ്മുടെ നേരെ കോപം ജ്വലിക്കാതിരിക്കേണ്ടതിന് സഹോദരന്റെ കഷ്ടതയ്ക്ക് നേരെ വിരൽ ചൂണ്ടുന്നത് നിർത്താൻ കർത്താവ് സഹോദരിമാരായ നമ്മെയും സഹായിക്കട്ടെ.

**കഷ്ടത പ്രത്യാശയുളവാക്കുന്നു.** കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല (റോമ. 5:3–6). പ്രത്യാശ എന്നതു കാണാത്ത കാര്യങ്ങളെക്കുറിച്ചുള്ള ഉറപ്പും അതിനായി ക്ഷമയോടെ കാത്തിരിക്കുന്നതുമാണ് എന്ന് മനസ്സിലാക്കാം. അല്ലെങ്കിൽ തന്നെ സ്നേഹിക്കുന്നവർക്ക് വേണ്ടി ഒരുക്കിയിരിക്കുന്നതു കാംക്ഷിക്കുന്ന ഒരവസ്ഥ (റോമ. 8:2).

ഒരു വേട്ടക്കാരൻ ഒരിക്കൽ വേട്ടയ്ക്കായി വനത്തിൽ എത്തി. വഴി തെറ്റി തിരിച്ചുപോകാൻ കഴിയാതെ അലഞ്ഞു. കുതിരപ്പുറത്തിരുന്നു വഴിയറിയാതെ വിഷമിക്കുന്ന അദ്ദേഹത്തിന്റെ ചെവിയിൽ ഒരു മധുര സംഗീതം എത്തി. പാട്ട് കേൾക്കുന്ന സ്ഥലത്തേക്കു ചെന്ന അദ്ദേഹം ഒരു ഗുഹയുടെ അകത്തു നിന്നാണ് അതു കേൾക്കുന്നതെന്ന് മനസ്സിലാക്കി ഗുഹാമുഖത്ത് ചെന്നു നിന്ന് അദ്ദേഹം പറഞ്ഞു. പാട്ടുകാരാ ഒന്നു പുറത്തേക്ക് വരൂ ഞാൻ താങ്കളെ ഒന്നു കാണട്ടെ. ഗുഹയുടെ

അകത്തു നിന്നു വന്ന മറുപടി; ഇല്ല... ഞാൻ വരില്ല.... ഞാനൊരു കുഷ്ഠ രോഗിയാണ്. മരണാസന്നനായ എന്നെക്കാണാൻ നിങ്ങൾക്ക് ഭയമാകും. വേട്ടക്കാരൻ പറഞ്ഞു; മരണാസന്നനായ ഒരാൾക്ക് ഇങ്ങനെ മനോഹരമായി ഹൃദയം നിറഞ്ഞു പാടുവാൻ കഴിയുകയില്ല. വീണ്ടും അകത്തു നിന്ന് മറുപടി, അതെ ഞാൻ സന്തോഷം കൊണ്ട് മതിമറന്നു പാടുകയാണ്. കാരണം എന്റെ ഈ മൺകൂടാരം പൊളിഞ്ഞു ഞാൻ എന്റെ പിതാവിന്റെ സന്നിധിയിൽ ചേരാൻ പോകുന്നു. വേദനയുള്ള ഈ ശരീരം വിട്ടു ഞാൻ പോകുന്നു. ആ സന്തോഷത്തിൽ എനിക്കു പാടാതിരിക്കാൻ കഴിയുകയില്ല. എന്തൊരു പ്രത്യാശ.

ഒരു വ്യക്തിയിൽ പ്രത്യാശയുണ്ടാകുമ്പോൾ

1. ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ (1 പത്രോ. 1:16) എന്ന് കർത്താവ് പറഞ്ഞതുപോലെ ജീവിക്കാൻ ശ്രമിക്കുന്നവനായിരിക്കും.
2 തന്നെ രക്ഷിച്ച കർത്താവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുന്നവനായിരിക്കും. പൗലോസ് അപ്പോസ്തലൻ പറഞ്ഞു. ഞാൻ സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല; നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം (1 കൊരി. 9:16).
3. എനിക്ക് ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാണ് എന്ന് പൗലോസ് പറഞ്ഞതുപോലെയുള്ള അവസ്ഥയിലേക്ക് നാം വരും. (ഫിലി. 1:21).
4. ലക്ഷ്യം സ്വർഗ്ഗമായിരിക്കും. ഉള്ളത് കർത്താവിന്നായി കൊടുക്കുന്നവരായിരിക്കും. എത്ര കൊടുത്താലും മതി വരാത്തവരെ നമുക്ക് വേദപുസ്തകത്തിൽ കാണാം. കർത്താവ് അങ്ങനെയുള്ള ചിലരെക്കുറിച്ച് പറഞ്ഞു. "അവർക്ക് ഉള്ളതു സകലതും കൊടുത്തു. പ്രത്യാശയുണ്ടാകുമ്പോൾ നാം പുഴുവും തുരുമ്പും കൊടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഈ ലോകത്തിൽ നിക്ഷേപം സ്വരൂപിക്കാതെ പുഴുവും തുരുമ്പും കൊടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നവരായിരിക്കും.

പ്രിയ സഹോദരിമാരേ, നമ്മുടെ കഷ്ടതകളെ പാഴാക്കാതെ അതു മുഖാന്തരം പ്രത്യാശയിൽ സ്ഥിരതയുള്ളവരായി ജീവിക്കുവാൻ

കർത്താവ് നമ്മെ സഹായിക്കട്ടെ. അവിടുത്തെ നാമം മഹത്വപ്പെടട്ടെ.

**കഷ്ടത ക്രിസ്തു കാട്ടിത്തന്ന മാതൃകയാണ്**

"ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു." (1 പത്രോ. 2:21).

ഒരു ഹോസ്പിറ്റലിൽ ഐ.സി.യുവിന്റെ പുറത്തുള്ള വെയ്റ്റിംഗ് റൂമിൽ അനേകർ തങ്ങളുടെ പ്രിയപ്പെട്ടവരുടെ വിവരങ്ങൾ അറിയാൻ കാത്തിരിക്കുന്നു. മരണത്തോട് മല്ലിടുന്ന അനേകർ ആ ഐസിയുവിലുണ്ട്. അവിടെ ഇരിക്കുന്ന നാൻസിയുടെ മുഖത്ത് ദുഃഖം തളം കെട്ടി നിൽക്കുന്നു. അവളുടെ അടുത്തിരുന്നതു ഒരു യഹൂദ റബ്ബിയായിരുന്നു. അദ്ദേഹം കുറച്ചു നേരം കണ്ണടച്ചിരുന്നു പ്രാർത്ഥിക്കുകയും ഇടയ്ക്ക് എന്തൊക്കെയോ തിന്നുകയും കുടിക്കുകയും ചെയ്യുന്നുമുണ്ട്. നാൻസിയുടെ ദുഃഖം കണ്ടിട്ട് അദ്ദേഹം അവളോട് ചോദിച്ചു. "നിങ്ങൾ എന്താണ് ഇങ്ങനെ നിരാശപ്പെട്ടിരിക്കുന്നത്?" അവൾ പറഞ്ഞു. "എനിക്ക് 24 വയസ്സേയുള്ളു. എന്റെ ഭർത്താവ് ഹൃദയാഘാതം മൂലം ഐസിയുവിലാണ്. ജീവിതത്തിലേക്ക് മടങ്ങിവരുന്ന യാതൊരു പ്രതീക്ഷയുമില്ലെന്നാണ് ഡോക്ടർ പറയുന്നത്. ഇതിലധികം എന്നെ ദുഃഖിപ്പിക്കുന്നത് മറ്റൊന്നാണ്. കർത്താവിനെ സ്നേഹിച്ചു ജീവിച്ച എനിക്ക് എന്തുകൊണ്ടാണ് കർത്താവ് ഇത്ര വലിയ കഷ്ടത തന്നത്. എനിക്കുവേണ്ടി പ്രവർത്തിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്?

യഹൂദ റബി പറഞ്ഞു. "10 വയസുള്ള എന്റെ ഏക മകൻ കിഡ്നി മാറ്റിവയ്ക്കൽ ഓപ്പറേഷനു വിധേയനായിക്കൊണ്ടിരിക്കുകയാണ്? നീ ഒരു ക്രിസ്ത്യാനി അല്ലേ? ഞാൻ മനസ്സിലാക്കുന്നിടത്തോളം നിങ്ങൾ വിശ്വസിക്കുന്ന ദൈവം കഷ്ടതയിൽ തികഞ്ഞവനായിത്തീർന്നവനാണ്. അതാണ് അദ്ദേഹം കാട്ടിത്തന്ന മാതൃക. അതു പിന്തുടരാൻ വിളിക്കപ്പെട്ടവരല്ലേ ക്രിസ്ത്യാനികളായ നിങ്ങൾ. നാൻസിയുടെ തല അദ്ദേഹത്തിന്റെ മുമ്പിൽ ലജ്ജാഭാരം കൊണ്ട് കുനിഞ്ഞു.

കർത്താവായ യേശുക്രിസ്തു സ്വർഗ്ഗത്തിലെ സകല മഹിമയും വെടിഞ്ഞു ഈ ലോകത്തിലേക്ക് ഒരു മനുഷ്യനായി വന്നു. ലോകത്തിന്റെ പാപത്തെ ചുമക്കുവാൻ വന്നു. അവർ അവന്റെ മുഖത്തു തുപ്പി താടിരോമങ്ങൾ പിഴുതെടുത്തു. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും

ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു. അവനെ കാണുന്നവർ മുഖം മറച്ചു കളയത്തക്കവണ്ണം അവൻ നിന്ദിത നായിരുന്നു. (യെശ. 53:3). അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറ് അവൻ വിരൂപനായി (യെശ. 52:14). നമ്മെ ദൈവത്തിന്റെ മക്കളാക്കിത്തീർക്കു ന്നതിന് കർത്താവ് ഈ വിധമായിത്തീർന്നു. പ്രിയ സഹോദരിമാരേ, നാം പൊടിയായതുകൊണ്ട് മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ ദൈവം നമ്മുടെ ജീവിതത്തിൽ അനുവദിക്കില്ല. തിരുവെഴുത്തിൽ നാം ഇങ്ങനെവായിക്കുന്നു. “മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കും നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിക്കുവാൻ കഴി യേണ്ടതിന് പരീക്ഷയോടു കൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും.” (1 കൊരി. 10:13).

**കഷ്ടതയിലുള്ളവരെ ആശ്വസിപ്പിക്കുവാൻ**

‘‘ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ട് ഞങ്ങൾക്ക് യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിക്കുവാൻ ശക്തരാകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടത്തിന്നു ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു. ” (2 കൊരി. 1:4)

വിശപ്പ് ഒരിക്കലും അനുഭവിച്ചിട്ടില്ലാത്തവർക്ക് മറ്റുള്ളവരുടെ പട്ടിണി മനസ്സിലാക്കുവാൻ സാധിക്കാത്തതു പോലെ കഷ്ടതയിൽ കൂടി കടന്നു പോയിട്ടുള്ളവർക്ക് മാത്രമേ മറ്റുള്ളവരുടെ ദുഃഖങ്ങളിൽ പങ്കു ചേരു വാൻ സാധിക്കുകയുള്ളൂ.

**കർത്താവിന്റെ മഹത്വം കാണുവാൻ**

അവനോ പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്ക് ഉറ്റു നോക്കി, ദൈവമഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്ത് യേശു നിൽക്കുന്നതും കണ്ടു. (അ.പ്ര. 9:56). മേശയിൽ ശുശ്രൂഷിക്കുന്നതിനു വേണ്ടി ഏഴു പേരോടൊപ്പം ആത്മാവും ജ്ഞാനവും നിറഞ്ഞ സ്തേഫാ നോസിനെയും സഭ തിരഞ്ഞെടുത്തു. അവിടെത്തന്നെ നിൽക്കാതെ സ്തേഫാനോസ് ശുശ്രൂഷകളിൽ വർദ്ധിച്ചുവന്നു. കൃപയും ശക്തിയും നിറഞ്ഞവനായി അവൻ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. (പ്ര വൃത്തി 6:8). പിന്നെ അദ്ദേഹത്തെ കാണുന്നതു ദൈവവചനം ശക്തി

യായി സംസാരിക്കുന്നവനായിട്ടാണ്. അവൻ സംസാരിച്ച ജ്ഞാന ത്തോടും ആത്മാവോടും എതിർത്തു നിൽക്കുവാൻ അവർക്കു കഴി യാത്തതുകൊണ്ട് അസൂയ മൂത്ത് അവർ അവനെ നഗരത്തിൽ നിന്നു തള്ളി പുറത്താക്കി അവനെ കല്ലെറിയുന്നു. അവൻ സംസാരിച്ച വച നത്തെ എതിർക്കുവാൻ അവർക്കു കഴിഞ്ഞില്ല. കാരണം അത് കർത്താ വിന്റെ നിർമ്മലമായ വചനമായിരുന്നു. എന്നാൽ കല്ലേറു കൊള്ളുവാൻ ദൈവം അവനെ അനുവദിച്ചു. ഓരോ കല്ലും അവന്റെ തലയിൽ, നെറ്റി യിൽ, കണ്ണിൽ, നെഞ്ചിൽ തുടങ്ങി ശരീരഭാഗങ്ങളിൽ പതിച്ചപ്പോൾ അവൻ വേദനകൊണ്ട് പുളഞ്ഞു. ദാനിയേലിനെയും കൂട്ടരെയും തീച്ചു ളയിലിറങ്ങി വിടുവിക്കുന്ന ദൈവിക പ്രവൃത്തി സ്തേഫാനോസിൽ നാം കാണുന്നില്ല. എന്നാൽ അവൻ ഉയരത്തിലേക്ക് നോക്കി ഈ നശ്വര മായ കണ്ണുകൊണ്ട് ഭൂമിയിൽ ഇരിക്കെത്തന്നെ കർത്താവിന്റെ മഹത്വം കാണുവാനുള്ള ഭാഗ്യം ലഭിച്ചു. കർത്താവ് ഇപ്പോൾ എങ്ങനെ ഇരി ക്കുന്നു എന്ന് വെളി. 1:13-15 വാക്യങ്ങളിൽ നാം കാണുന്നു. "മാറത്തു പൊൻകച്ച കെട്ടിയവനായി, തലയും തലമുടിയും വെളുത്ത പഞ്ഞി പോലെ ഹിമത്തോളം വെള്ളയും കണ്ണ് അഗ്നിജ്വാലയ്ക്ക് ഒത്തതും, കാൽ ഉലയിൽ ചുട്ട് പഴുപ്പിച്ച വെള്ളോട്ടിനു സദൃശ്യവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയും ആയിരിക്കുന്നു.

ദൈവമക്കളേ, കഷ്ടതയിൽ കൂടെ നാം കടന്നു പോകുമ്പോൾ വിശ്വാ സക്കണ്ണുകളെ മേലോട്ടുയർത്തി കർത്താവിന്റെ മഹത്വം കാണുവാനും ആ ദിവ്യദർശനത്താൽ ഭയഭക്തിയുള്ള ആരാധന അർപ്പിക്കുവാനും നമുക്കിടവരട്ടെ.

### ഗുരുവിനെപ്പോലെ ആകുവാൻ

"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തല യോളം സകലത്തിലും വളരുവാൻ ഇടയാകും." (എഫെ. 4:15,16).

ദൈവഭക്തനും, നിഷ്കളങ്കനും നേരുള്ളവനുമായ ഇയ്യോബ് എന്ന പുരുഷൻ ഊസ് ദേശത്ത് പാർത്തിരുന്നു. അവന് 10 മക്കളും വളരെ മൃഗസമ്പത്തും ആൾസമ്പത്തും ഉണ്ടായിരുന്നു. എന്നാൽ അവന്റെ 10 മക്കളും പെട്ടെന്നു മരിച്ചു. ആൾ സമ്പത്തും മൃഗസമ്പത്തും നഷ്ടപ്പെ ട്ടു. തന്റെ ഉള്ളങ്കാൽ മുതൽ നെറുക വരെ പരുക്കൾ നിറഞ്ഞു. ഒരു ഓട്ടിൻ കഷണമെടുത്തു തന്നെത്താൻ ചുരണ്ടിക്കൊണ്ടിരുന്നു. (ഇയ്യോ.

2:8–10). അവന്റെ ഭാര്യയും കൂട്ടുകാരും തന്നെ പരിഹസിച്ചു. എന്നാൽ ഇയ്യോബ് പറയുന്നത്, "എന്നാൽ ഞാൻ നടക്കുന്ന വഴി അവൻ അറിയുന്നു. എന്നെ ശോധന ചെയ്താൽ ഞാൻ പൊന്നുപോലെ പുറത്തു വരും." (ഇയ്യോ. 23:10).

വിശുദ്ധനായ കർത്താവിനെപ്പോലെ ആകണമെങ്കിൽ നമ്മിലെ അശുദ്ധി മുഴുവനും ഇല്ലാതെയാകണം. കഷ്ടത എന്ന അഗ്നിയിൽ കടന്നു പോകുമ്പോൾ ദൈവമക്കൾ അവരുടെ അശുദ്ധി വിട്ടൊഴിഞ്ഞ് ഗുരുവിനെപ്പോലെയാകുവാൻ ശ്രമിക്കുന്നു. (യെശ. 48:11).

തട്ടാൻ പൊന്നും വെള്ളിയും ഉരുക്കി ശുദ്ധീകരിക്കുമ്പോൾ അതു പൂർണ്ണമായും ശുദ്ധമായോ എന്നു നോക്കുന്നത് തന്റെ മുഖം അതിൽ കാണുന്നുണ്ടോ എന്നു നോക്കിയാണ്. അതുപോലെ കർത്താവും ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് ലേവി പുത്രന്മാരെ ശുദ്ധീകരിച്ചു പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും. (മലാഖി. 3:3).

പ്രിയ സഹോദരിമാരേ, നമുക്കു കഷ്ടതകളെ പാഴാക്കാതെ അതിനെക്കുറിച്ച് പരിതപിക്കാതെ നമ്മെ രക്ഷിച്ച കർത്താവിന്റെ മാതൃക പിന്തുടരാനും, കഷ്ടതയിലുള്ളവരെ ആശ്വസിപ്പിക്കുവാനും കർത്താവിന്റെ മഹത്വം കാണുവാനും ഗുരുവിനെപോലെ ആയിത്തീരുവാനും ഉതകുമെന്ന ബോധ്യത്തിൽ സന്തോഷത്തോടെയും സമർപ്പണത്തോടെയും ജീവിക്കാം. കർത്താവ് നമ്മെ സഹായിക്കട്ടെ. '

**സ്വയം വരുത്തുന്ന കഷ്ടതകൾ**

''കാണുന്നവർ എല്ലാം ഈ മനുഷ്യൻ പണിവാൻ തുടങ്ങി തീർപ്പാനോ വകയില്ലാ എന്ന് പരിഹസിക്കുമല്ലോ (ലൂക്കോസ് 14:28).

കർത്താവ് ഇവിടെ നമ്മുടെ ജീവിതത്തിന് അത്യന്താപേക്ഷിതമായ ഒരു പ്രമാണം പറയുകയാണ്. നമുക്ക് ദൈവം തന്നതിന്റെ അടിസ്ഥാനത്തിൽ നാം ജീവിച്ചില്ലെങ്കിൽ കഷ്ടതയുണ്ടാകും മാത്രമല്ല മറ്റുള്ളവർ പരിഹസിക്കുകയും ചെയ്യും. ഒരു വീട് പണിയുവാൻ തുടങ്ങുന്നതിനു മുൻപായി അതിന്റെ പ്ലാനുകൾ നമ്മുടെ സൗകര്യത്തിന്റെ  അനുസരിച്ച് ഉണ്ടാക്കണം.  ആ വീടിന്റെ അടിസ്ഥാനം മുതൽ വാർക്ക വരെ എത്ര ചിലവു വരും എന്ന് കണക്കുകൂട്ടി തിട്ടപ്പെടുത്തി അത് നമ്മുടെ

കൈയ്യിൽ ഉണ്ടോ എന്ന് നോക്കിയാണ് നാം വീട് പണി തുടങ്ങുന്നത്. എന്നാൽ ഇവിടെ മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തി പ്ലാൻ ഒന്നുമില്ലാതെ അടിസ്ഥാനമിടുന്നതിന് വേണ്ട സമ്പത്ത് മുഴുവനും ഉപയോഗിച്ചു. അത് എത്രയും വലുതായിരിക്കാം. എന്നാൽ അതു കഴിഞ്ഞ് പണിവാൻ കഴിയാതെ പണി അവിടെ കൊണ്ട് അവസാനിക്കുന്നു. നമ്മുടെ നോട്ടത്തിൽ അവൻ ഒരു വിഡ്ഢിയാണെന്നു പറയാം. എന്നാൽ നമ്മിൽ അനേകരും ഇന്ന് അങ്ങനെയാണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാതെ ഇല്ലാത്തതിനായി ഓടുന്ന പ്രവണത.

ഡോ. വത്സൻ തന്റെ ജോലി ഉപേക്ഷിച്ചു. കർത്താവിന്റെ വേലയ്ക്കായി വേർതിരിഞ്ഞു. സകല ഉത്സാഹത്തോടെ കർത്താവിനായി ജീവിച്ചുകൊണ്ടിരുന്നു. അനേകർ രക്ഷിക്കപ്പെടുവാനും അനേകർ അനുഗ്രഹിക്കപ്പെടുവാനും വത്സന്റെ വേല കൊണ്ട് സാധിച്ചു. ഇതിനിടയിൽ വത്സന്റെ വിവാഹം സമ്പന്ന കുടുംബത്തിലെ ഒരു നല്ല വിശ്വാസിയുമായി നടന്നു. താമസിയാതെ വത്സൻ താമസിക്കുന്ന കൊച്ചുവീട്ടിൽ താമസിക്കുവാൻ ബുദ്ധിമുട്ടായി. എന്റെ ബന്ധുക്കൾ വരുമ്പോൾ നാം ഈ ചെറിയ വീട്ടിൽ എങ്ങനെ അവരെ സ്വീകരിക്കും. അവൾ പറഞ്ഞത് ശരിയാണ് ഒരു വശത്തു, എന്നാൽ ഭർത്താവ് ദൈവത്തിന്റെ ദാസനാണ് എന്ന് മറന്നു. സംതൃപ്തരായി സന്തോഷമായി ജീവിച്ചിരുന്ന കുടുംബത്തിൽ പ്രശ്നം തുടങ്ങി. വത്സൻ ഇഷ്ടമുള്ള വീട് വാടകയ്ക്ക് എടുത്തു. വാടക കൊടുക്കുവാൻ ബുദ്ധിമുട്ടായ സമയത്തു വത്സൻ കണ്ണുനീരോടെ പ്രാർത്ഥിച്ചു. എന്നാൽ പ്രിയപ്പെട്ടവർ വത്സന്റെ വീട്ടിൽ വരുമ്പോൾ പലപ്പോഴും വത്സന്റെ കണ്ണ് അവരുടെ പേഴ്സിലേക്ക് പോയി. കർത്താവ് കരുണയുള്ളവൻ ആയതുകൊണ്ട് തന്റെ മക്കൾ നിലവിളിച്ചാൽ കേൾക്കും. അവരുടെ തെറ്റുകൾ ക്ഷമിച്ചു കൊടുക്കും. താമസിയാതെ അവരുടെ കുഞ്ഞ് സ്കൂളിൽ പോകേണ്ട സമയമായി. അവൾ പറഞ്ഞു. എന്റെ ചേടത്തിമാരുടെ മക്കൾ സി.ബി.എസ്.ഇ സ്കൂളിലാണ് പഠിക്കുന്നത്. അതുകൊണ്ട് മോനെ സി.ബി.എസ്.ഇ സ്കൂളിൽ വിടണം. അല്ലെങ്കിൽ മോന്റെ മാനസികവസ്ഥയ്ക്ക് നല്ലതല്ല. മാത്രമല്ല എല്ലാ കുട്ടികളും ട്യൂഷന് പോകുന്നുണ്ട്. അതുകൊണ്ട് അവനെയും ട്യൂഷന് വിടണം. കണ്ണുനീർ കർത്താവിന്റെ സന്നിധിയിൽ ഒഴിക്കുന്നു. എഴുന്നേറ്റ് സാക്ഷ്യവും പറയുന്നുണ്ട്, കർത്താവ് നടത്തിയ വഴികളെ. എന്നാൽ നമ്മുക്ക് ഇവിടെ ഒരു കാര്യം വ്യക്തമാണ്. കർത്താവല്ല ഇവർ സ്വയം ആണ് ഈ കുടുംബത്തെ നടത്തുന്നത്. ഫലമോ

സന്തോഷമായും സംതൃപ്തമായും ജീവിക്കേണ്ട കുടുംബം എന്നും ടെൻഷനിൽ ജീവിക്കുന്നു. മാത്രമല്ല പലപ്പോഴും ദൈവത്തിങ്കലേക്ക് നോക്കേണ്ടതിന് പകരം ലോകത്തിലേക്ക് നോക്കുന്നു. കഷ്ടപ്പെട്ടു പഠിച്ചു ഉന്നതനായി തീരേണ്ട മകൻ അലസനായി തീരുന്നു. എന്നും മറ്റുള്ളവരിൽ നിന്ന് കിട്ടുന്നതുകൊണ്ട് അദ്ധ്വാനത്തിന്റെ വില മനസ്സിലാക്കാതെ വളരുന്നു. പ്രിയ സഹോദരിമാരെ, നാം നമ്മൾക്കുള്ള സാഹചര്യങ്ങളെ അവസ്ഥകളെ മനസ്സിലാക്കി ജീവിക്കുക. അല്ലെങ്കിൽ നമ്മുടെ ഭർത്താക്കന്മാരുടെ നോട്ടം ദൈവത്തിൽ നിന്നും മാറി ദ്രവ്യത്തിലേക്ക് ആകും. അതിന്റെ തിന്മ നാമും നമ്മുടെ കുടുംബവും അനുഭവിക്കേണ്ടതായി വരും.

**വർജ്ജിച്ചിരിക്കുന്നത് തിരഞ്ഞെടുക്കുന്ന കാരണത്താൽ**

"നീ നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദമുണ്ടാകയില്ലയോ; നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു. (ഉല്പത്തി 4:9).

ഗ്രീസിൽ മാർബിൾ പണി ചെയ്യുന്നതിന് അസാധാരണ കഴിവുള്ള ശില്പികൾ ഉണ്ട്. ഒരിക്കൽ ധനികനായ ഒരു വ്യക്തി കൊത്തുപണിയിൽ വൈഭവമുള്ള ഒരു ശില്പിയെ സമീപിച്ചു. ഒരു പ്രതിമ ഉണ്ടാക്കി കൊടുക്കുവാൻ ആവശ്യപ്പെട്ടു. കൊത്തുപണിക്കാരൻ പ്രതിമയുടെ കൊത്തുപണി ആരംഭിച്ചു. കുറച്ചു നാൾ കഴിഞ്ഞു. പ്രതിമയുടെ പണി മിക്കവാറും കഴിഞ്ഞു. കൊത്തുപണിക്കാരൻ ഒരു ദൈവമകനായിരുന്നു. ആദ്യം ഒക്കെ വളരെ വിശ്വസ്തതയോടെ പണി ചെയ്തു കൊണ്ടിരുന്നു. പണി തീരാറായപ്പോൾ അവന്റെ ഹൃദയത്തിൽ അഹംഭാവം ഉണ്ടായി. കൂടാതെ ദ്രവ്യാഗ്രഹം കൂട്ടിന് കൂടി. എത്രയും പെട്ടെന്നു തീർക്കണം പണം കിട്ടണം. പണി പൂർത്തിയായി അല്പം മിനുക്കുപണി മാത്രമെ ഉള്ളൂ. ഹൃദയത്തിലെ അത്യാഗ്രഹം, അഹംഭാവം കാരണം ഏകാഗ്രത വിട്ട് അവന്റെ കൈ ഒന്നു തെറ്റി കൈയ്യിലിരുന്ന ഉപകരണം അവിചാരിതമായി പ്രതിമയുടെ മൂക്കിൽ തട്ടുകയും മൂക്ക് പൊട്ടിപ്പോകയും ചെയ്തു.

വളരെ ദിവസങ്ങൾ.. അദ്ധ്വാനം നഷ്ടപ്പെട്ടതിൽ കൊത്തുപണിക്കാരൻ വിഷമിച്ചു. കഷ്ടപ്പെട്ട് മൂക്ക് ശരിയാക്കുന്നതിന് പകരം പ്രതിമയുടെ അതെ നിറമുള്ള മെഴുക് കൊണ്ട് മൂക്കിന്റെ ആകൃതി ഉണ്ടാക്കി പൊട്ടിപ്പോയ ഭാഗം വൃത്തിയാക്കി. നിശ്ചിത ദിവസം പ്രതിമയെ ഏറ്റു

വാങ്ങുന്നതിനായി ധനികനായ മനുഷ്യൻ എത്തി. പണിശാലയുടെ ഉള്ളിലിരുന്ന മനോഹരമായ പ്രതിമ കണ്ടപ്പോൾ ധനികൻ സന്തോഷിച്ചു. പുറത്തുവെച്ച് പ്രതിമയുടെ മനോഹരത്വം കാണുവാൻ ആഗ്രഹിച്ചു അതെടുത്തു സൂര്യപ്രകാശത്തിൽ വെച്ച് ചില സമയം കഴിഞ്ഞപ്പോൾ സൂര്യന്റെ ചൂട് ഏറ്റ് മെഴുക് കൊണ്ട് ഉണ്ടാക്കിയ ഭാഗം ഉരുകുവാൻ തുടങ്ങി. ക്രമേണ മെഴുകിൻ ഭാഗം മുഴുവൻ ഉരുകി. മൂക്കില്ലാത്ത പ്രതിമ കണ്ട് ധനികൻ കോപിച്ചു. കൊത്തുപണിക്കാരന്റെ ശ്രമം നഷ്ടമായി. അവിശ്വാസിയമായ ധനികന്റെ മുമ്പാകെ അവന്റെ തല താഴുവാനും അവന് വലിയൊരു ധനനഷ്ടം അതുമുഖാന്തരം ഉണ്ടാകുന്നതിനും ഇടയായി. അതെ പാപം വാതില്ക്കൽ കിടക്കുന്നു. അതു പലവിധത്തിലായി നമ്മെ സമീപിക്കാം. എന്നാൽ അതിന്റെ ഉദ്ദേശ്യം മനസ്സിലാക്കി അതിനോട് അകലുവാൻ വിലക്കപ്പെട്ടത് തിരഞ്ഞെടുക്കാതിരിപ്പാൻ കർത്താവ് നമ്മളെ സഹായിക്കട്ടെ.

**കഷ്ടത -ബാലശിക്ഷയാണ്**

‘നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോട് പെരുമാറുന്നു. അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു. എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നുവെങ്കിൽ നിങ്ങൾ മക്കളല്ല കൗലേടേയന്മാരത്രേ. (എബ്രാ. 12:7,8)

ഒരു സ്ഥലത്ത് രണ്ട് ആട്ടിടയന്മാർ ഉണ്ടായിരുന്നു. ഒന്ന് നല്ലവനും മറ്റേത് ദുഷ്ടനും. ദുഷ്ടൻ വൈകല്യമുള്ള ഒരു ആട്ടിൻകുഞ്ഞിനെ കൊന്നുകളയാൻ കൊണ്ടുപോകുമ്പോൾ നല്ലിടയൻ വില കൊടുത്തു അതിനെ വാങ്ങി. അതിനെ ചികിത്സിച്ചു കുഞ്ഞു മിടുക്കിയായി വളർന്നു. ആട്ടിടയൻ അതിനോട് പറഞ്ഞു; നീ ഇനി എന്റെ സ്വന്തമാണ്. ചെളിയിലും മുള്ളിനിടയിലും പുറത്തും ഒന്നും പോകരുത്. എന്റെ കൂടെ താമസിക്കണം. ഒരു ദിവസം ചെളിയിൽ കുളിച്ചു നിന്ന ആട്ടിൻകുട്ടിയെ എടുത്തു കഴുകി വൃത്തിയാക്കി പിന്നൊരു ദിവസം മുള്ളുകാട്ടിൽ നിന്നും രക്ഷിച്ചു. എത്ര പറഞ്ഞിട്ടും അനുസരണമില്ലാതെ ആട്ടിൻകുട്ടി വളർന്ന് ഒരു ദിവസം അത് ഓടി ഓടി ചെന്നുപെട്ടത് ചെന്നായുടെ മുമ്പിൽ. നല്ലിടയൻ കണ്ടത് കൊണ്ട് മാത്രം അന്ന് രക്ഷപ്പെട്ടു.

സ്നേഹമുള്ള ആട്ടിടയൻ ഒരു വടി എടുത്തു ആ കുഞ്ഞിന്റെ കാൽ ഒടിച്ചു. ഒടിഞ്ഞു തൂങ്ങിയ കാലുമായി അതു അലറി കരഞ്ഞു. നല്ലിട

യൻ തന്നെ അതിന്റെ കാൽ വെച്ചുകെട്ടി മരുന്നും ഭക്ഷണവുമൊക്കെ കൊടുത്തു . കുഞ്ഞു സുഖമായി. ഇപ്പോൾ അഴിച്ചുവിട്ടാൽ ആട്ടിൻകുഞ്ഞിനു എങ്ങും പോകണ്ട. എപ്പോഴും നല്ലിടയന്റെ പിന്നാലെ മാത്രം.

ബാലശിക്ഷ നല്കുന്നത് എന്തുകൊണ്ട്? അല്ലെങ്കിൽ എന്തിനു വേണ്ടിയാണ്?

1. പാപത്തോട് പോരാടി ജയിക്കാത്തതുകൊണ്ട്? (എബ്രാ. 12:14)
2. യഹോവ താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുകയും ശാസിക്കുകയും ചെയ്യുന്നു. (സദൃശ 3:11, വെളി 3:19)
3. നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായി ശിക്ഷിക്കുന്നു. (എബ്രാ. 12:10).
4. അധികം ഫലം ഉണ്ടാകുന്നതിന്. കായ്ക്കുന്നത് ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നു. (യോഹന്നാൻ 15:2).
5. നീതി എന്ന സമാധാനഫലം കിട്ടേണ്ടതിന് (എബ്രായ 12:11).
6. തന്നെത്താൻ ശോധനചെയ്യേണ്ടതിന് (1 കൊരി. 11:28) തന്നെത്താൻ ശോധനചെയ്യാതെ അയോഗ്യമായി അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുന്നതുകൊണ്ട് നമ്മളിൽ പലരും ബലഹീനരും, രോഗികളും ആകുന്നു. അനേകരും നിദ്രകൊള്ളുന്നു. ബാലശിക്ഷ അനുഭവിക്കുന്ന ദൈവമക്കളെ നമ്മൾക്ക് നമ്മെത്തന്നെ ഒന്ന് ശോധനചെയ്യാം.
7. നാം മക്കളായതുകൊണ്ട്. "ഒരു മനുഷ്യൻ തന്റെ മക്കളെ ശിക്ഷിച്ചു വളർത്തുന്നതു പോലെ നിന്റെ ദൈവമായ യഹോവ നിന്നെ ശിക്ഷിച്ചു വളർത്തുന്നു എന്ന് നീ മനസ്സിൽ ധ്യാനിച്ചു കൊള്ളേണം (ആവർത്തനം 8:5)

നോർത്ത് ഇൻഡ്യയിലെ ഒരു പട്ടണം. കോളേജ് ലക്ചറർ ആയ പിതാവ് ജോലി കഴിഞ്ഞു വരുന്നത് കാത്ത് അദ്ദേഹത്തിന്റെ മൂന്നു വയസ്സുള്ള മകൻ നോക്കി നിൽക്കും. ബൈക്ക് അകത്തു കടന്നാൽ കൈവിടുവിച്ചുള്ള ഒരു ഓട്ടമാണ് ബൈക്കിൽ കയറുവാൻ. വളരെ ദൂരയാത്ര ചെയ്ത് ബൈക്കിന്റെ സൈലൻസർ ചുട്ട് പഴുത്തിരിക്കും. മകന്റെ ചാട്ടവും കയറ്റവും നിയന്ത്രിക്കാൻ. വളരെ പ്രയാസമായി എത്ര പറഞ്ഞിട്ടും കുഞ്ഞു അനുസരിക്കുന്നില്ല. ചുറ്റുപാടുമുള്ള വീട്ടുകാർക്ക് ഈ

കുഞ്ഞു ഓമനയായിയിരുന്നു. ആ ചുറ്റുപാടിലെ ആദ്യത്തെ കുട്ടി. ഒരു ദിവസം പതിവുപോലെ ഡാഡി വന്നു. കുഞ്ഞു വല്ല്യമച്ചിയുടെ കൈവി ടുവിച്ചു ഒറ്റ ഓട്ടം. ഡാഡി വളരെ പ്രയാസപ്പെട്ടു കുഞ്ഞിനെ എടുത്തു എന്നിട്ട് അവന്റെ കാൽ ആ ചുട്ടുപഴുത്ത സൈലൻസറിൽ ഒന്ന് തൊടു വിച്ചു. കുഞ്ഞും കണ്ടുകൊണ്ടിരുന്ന വല്ല്യമ്മച്ചിയും ഉറക്കെ കരഞ്ഞു. കൂടാതെ ചുറ്റുമുള്ളവരും ആ പിതാവിനെ വളരെ ശാസിച്ചു. ആ പിതാവ് കുഞ്ഞിനെ എടുത്തു കാലിൽ മരുന്നു പുരട്ടി എന്നും ചെയ്യുന്നതു പോലെ ബൈക്കിൽ ഇരുത്തി ഒന്നു വട്ടം കറക്കി വന്ന അവന്റെ കൈയ്യിൽ ഒരു ചോക്ലേറ്റ് കൊടുത്തു. ഡാഡി പിറ്റേദിവസം ക്ലാസ്സു കഴിഞ്ഞ് വന്നു കുഞ്ഞു ഓടി ചെന്നു പക്ഷെ ബൈക്കിൽ നിന്ന് മാറി കൈനീട്ടി. ഡാഡി അവനെ പൊക്കിയെടുത്തു. സ്നേഹമുള്ള ഡാഡി ശിക്ഷകനും കൂടിയാണ്.

നമ്മുടെ സ്വർഗ്ഗീയപിതാവ് നാം പാപത്തിൽ ജീവിച്ചാൽ നമ്മെ ബാല ശിക്ഷയിൽ കൂടി കടത്തിവിടുമെന്നറിഞ്ഞ് പാപം ചെയ്യാതെ ജിവി ക്കുവാൻ നമുക്ക് ഉത്സാഹിക്കാം. എന്നാൽ പാപം നമ്മിൽ കടന്നു വന്നാൽ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാ വിന്റെ അടുക്കൽ ഉണ്ട് (1 യോഹ. 2:11) . അവനോട് പാപങ്ങളെ ഏറ്റു പറഞ്ഞ് വിശുദ്ധരായി ജീവിക്കാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

പ്രിയ സഹോദരിമാരെ നമ്മുടെ കഷ്ടതകളെ പാഴാക്കാതെ സ്നേഹ മുള്ള പിതാവ് കഷ്ടത തരുന്നത് എന്തിനാണെന്ന് മനസ്സിലാക്കി അതിനനുസരിച്ചു ജീവിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# നീ ആരുടെ പക്ഷത്താണ്

അനീഷ് ജോലി കഴിഞ്ഞ് വീട്ടിലെത്തി. ഇന്ന് യൂത്ത് മീറ്റിംഗിന്റെ വാർഷികമാണല്ലോ. ഈ പ്രാവശ്യം യൂത്ത് മീറ്റിംഗ് നയിക്കുന്നത് ഞങ്ങളുടെ ഗ്രൂപ്പാണ്. നല്ല തലവേദനയുണ്ട്. എങ്കിലും പോയേ പറ്റൂ. ഈ പ്രാവശ്യം കഴിഞ്ഞ തവണത്തേതിലും ഉഗ്രനാക്കണം. ഈ വാർഷികം അടിപൊളിയാക്കണമെന്നാണ് ഞങ്ങളുടെ ഗ്രൂപ്പിന്റെ തീരുമാനം. അല്പ സമയം വിശ്രമിച്ചിട്ട് യോഗത്തിന് പോകാം എന്നു ചിന്തിച്ച് ഒരു പാരസെറ്റമോൾ ഗുളികയും കഴിച്ച് അനീഷ് കിടന്നു.

മയക്കത്തിലായ അനീഷ് മനോഹരമായ ഒരു കാഴ്ച കണ്ടു. ഒരു കുളിർകാറ്റ് തന്റെ ശരീരത്തിൽ ഏൽക്കുന്നതായി അവന് അനുഭവപ്പെട്ടു. എത്ര മനോഹരമാണ് ഈ സ്ഥലം. ചുറ്റുമതിൽ സ്വർണ്ണത്താൽ പണിതിരിക്കുന്നു. തങ്കത്തെരുവീഥികളിൽ പ്രകാശം പതിക്കുമ്പോൾ കണ്ണഞ്ചിപ്പോകുന്നു. ഈ സ്ഥലത്തിന്റെ സൗന്ദര്യം തനിക്കു പറഞ്ഞറിയിക്കാൻ കഴിയുന്നില്ല.

ആശ്ചര്യപ്പെട്ടു നിൽക്കുന്ന തന്റെ കയ്യിൽ ആരോ കടന്നു പിടിച്ചു മുമ്പോട്ട് നടത്തി. ആരാണെന്നു തനിക്കു മനസ്സിലാകുന്നില്ല. വളരെ മനോഹരങ്ങളായ കൊട്ടാരങ്ങളുടെ മുമ്പിലൂടെ അവർ നടന്നു. കൊട്ടാരങ്ങൾക്കിടയിൽ ഒരു കൊച്ചു കുടിൽ കണ്ടപ്പോൾ ഇത് എന്താ ഇങ്ങനെ എന്നറിയേണ്ടതിന് തന്നെ കൈ പിടിച്ചിരിക്കുന്ന വ്യക്തിയുടെ മുഖത്തേക്ക് അവൻ നോക്കി. ഒരു ദൂതനെപ്പോലെ സുന്ദരമായ മുഖം. അല്പം ധൈര്യം സംഭരിച്ച് താൻ അദ്ദേഹത്തോട് ചോദിച്ചു. ഇത് ആരുടെ വീടാണ്? ഇതോ! പൗലോസ് അപ്പോസ്തലന്റെ സ്നേഹിതനായ അറിയൂസിന്റെ വീടാണിത്. അതെങ്ങനെ ശരിയാകും. അദ്ദേഹം ക്രിസ്തീയ മാർഗ്ഗത്തിനു വേണ്ടി വളരെ അദ്ധ്വാനിച്ച വ്യക്തിയാണല്ലോ. അവൻ പറഞ്ഞു. അതിനു ദൂതൻ പറഞ്ഞു. “അനീഷ് നീ പറഞ്ഞതു ശരിയാണ്. അദ്ദേഹം വളരെ അദ്ധ്വാനിച്ചു. പക്ഷെ ക്രിസ്തുവിനു വേണ്ടി ആയിരുന്നില്ല. പൗലോസിനു വേണ്ടി ആയിരുന്നു.

വീണ്ടും മുമ്പോട്ട് യാത്ര ചെയ്ത അവർ വേറൊരു വീട് കണ്ടു. വളരെ ചെറിയൊരു വീട്. ആകാംക്ഷയോടെ അനീഷ് ചോദിച്ചു ഈ കൊച്ചു വീട് ആരുടേതാണ്. ഇത് അപ്പല്ലോസിന്റെ പക്ഷക്കാരുടെ വീടാണ്. അടുത്ത് കാണുന്നത് പത്രോസിന്റെ പക്ഷക്കാരുടെയും. ദൂതൻ പറഞ്ഞു. ഇവർ വളരെ അദ്ധ്വാനിച്ചവരാണ്. പക്ഷേ കർത്താവിനു വേണ്ടി ആയിരുന്നില്ല. മറ്റുള്ളവരെ പ്രസാദിപ്പിക്കുവാനും അവരുടെ മുമ്പാകെ വലിയവനാകുവാനും ആയിരുന്നു.

ദൂതൻ വീണ്ടും അനീഷിനെ കൈപിടിച്ചു നടത്തി. അവിടെ അതാ മനോഹരമായ ഒരു വീട്. ആരുടേതാണ് ഇത്ര മനോഹരമായ ഈ വീട്. സ്ഥലം സഭയിലെ ഗ്രൂപ്പിസത്തിനിടയിലും ഒരു ഗ്രൂപ്പിലും പെടാതെ കർത്താവിനു വേണ്ടി നിലനിന്ന അന്തിപ്പാസിന്റെ വീടാണത്. സഭായോഗം കഴിയുമ്പോൾ അദ്ദേഹത്തോട് ഒരു കുശലാന്വേഷണം നടത്താൻ പോലും ആരും ഉണ്ടായിരുന്നില്ല. അവന്റെ കഷ്ടതയുടേയും കണ്ണുനീരിന്റേയും നടുവിൽ പൗലോസിന്റെയും അപ്പല്ലോസിന്റെയും പക്ഷക്കാർ തിരിഞ്ഞു നോക്കിയില്ല. എങ്കിലും അന്തിപ്പാസ് ക്ഷീണിച്ചില്ല. കർത്താവിന്റെ പക്ഷത്ത് ഉറച്ചു നിന്നു. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും എന്ന പൗലോസിന്റെ മനോഭാവം അദ്ദേഹത്തെയും വിശ്വാസത്തിൽ നിലനിർത്തി. തന്മൂലം തനിക്ക് ലഭിച്ച പ്രതിഫലമാണ് ഇത്. ദൂതൻ മറുപടി പറഞ്ഞു.

അനീഷ്.... അനീഷ്.... വാതിൽ തുറക്ക്. അനീഷ് ഞെട്ടിയുണർന്നു. നീ ഇതുവരെ റെഡിയായില്ലേ. മീറ്റിംഗ് തുടങ്ങാറായി. വേഗം വാ; സാം പറഞ്ഞു. ഈ യൂത്ത് മീറ്റിംഗ് ഒരു ചലഞ്ചാണെന്ന കാര്യം നീ മറന്നുവോ?

ഞാൻ വരുന്നില്ല. അനീഷ് പറഞ്ഞു. അതെന്താ? സാം ചോദിച്ചു. മയക്കത്തിൽ ഞാനൊരു സ്വപ്നം കണ്ടു. അതിൽ കണ്ട ആശയം എനിക്കുള്ള പാഠമാണ്. സ്വപ്നത്തിൽ എന്താടാ പാഠം. വെറുതെ ഭോഷത്വം പറയാതെ നീ വേഗം റെഡിയായി വാ. ഞാൻ കാത്തിരിക്കാം. ഇല്ല സാം. ഞാൻ വരുന്നില്ല. അനീഷ് പറഞ്ഞു. ഇന്നു നീ വന്നില്ലെങ്കിൽ നിന്റെ ഒരു കാര്യത്തിനും ഞങ്ങളെ ഇനി കിട്ടില്ല. നീയും മറുപക്ഷത്തേക്ക് കൂറുമാറുകയാണെന്ന് ഞങ്ങൾ മനസ്സിലാക്കും.

ഉടനെ അനീഷ് ബൈബിൾ തുറന്ന് നോക്കി ഒരു വാക്യം വായിച്ചു. 1 കൊരി. 3:3-4, "നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരി

ക്കെ, നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരു മല്ലയോ? ഒരുത്തൻ : ഞാൻ പൗലോസിന്റെ പക്ഷക്കാരൻ എന്നും മറ്റൊ രുത്തൻ: ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ എന്നും പറയുമ്പോൾ നിങ്ങൾ സാധാരണ മനുഷ്യരല്ലയോ?

അനീഷ് പറഞ്ഞു. "ഇല്ല ചേട്ടന്മാരേ, ഇന്നു മുതൽ ഞാൻ ഒരു ഗ്രൂപ്പി ലുമില്ല. എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി ജീവൻ തന്ന് എന്നെ രക്ഷിച്ച എന്റെ കർത്താവിനായി ഞാൻ ജീവിക്കും. ആ തീരുമാനം എത്ര ധന്യം. ഗ്രൂപ്പില്ലാതെ, ഗ്രൂപ്പിസമില്ലാതെ കർത്താവിനു വേണ്ടി നിലനിന്ന വർക്കായി പ്രതിഫലം നൽകുന്ന ദിവസം എത്ര സുന്ദരം. ആ നല്ല നാളേ യ്ക്കായി അനീഷിനെപ്പോലെ നമുക്കും ഉറച്ച തീരുമാനം എടുക്കാം.

# കൊമ്പുകൾ

ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കിക ളയുന്നു. (യോഹന്നാൻ 15:1).

കായ്ക്കാത്ത കൊമ്പ് ഒക്കെയും എന്തുകൊണ്ടാണ് ഈ തോട്ടക്കാ രൻ നീക്കികളയുന്നത്?

ഞങ്ങളുടെ തോട്ടത്തിൽ ഒരു സപ്പോർട്ട മരമുണ്ട്. ഈ വർഷം അത് നിറയെ പൂത്ത് കായ്കൾ ഉണ്ടായി. എന്നാൽ അതിന്റെ മുകളിലുള്ള ഒരു കൊമ്പ് വാടാൻ തുടങ്ങി. പൂവും കായും ഇലയും പൂർണ്ണമായി ഉണങ്ങി. കുറച്ചു ദിവസങ്ങൾക്കു ശേഷം അടുത്ത കൊമ്പും ഉണങ്ങാൻ ആരംഭിച്ചു. എന്തെങ്കിലും രോഗമോ, അതോ പ്രാണി ആയിരിക്കാം അതിനു കാരണം.

ഇപ്പോൾ താഴെ ഒരു കൊമ്പ് ഒഴികെ ബാക്കി എല്ലാ കൊമ്പും നിശ്ശേഷം ഉണങ്ങിയാണ് നിൽക്കുന്നത്. ആ ഒരു കൊമ്പിൽ പൂവും കായുമുണ്ട്.

ഒരു നല്ല തോട്ടക്കാരൻ ആയിരുന്നെങ്കിൽ മുകളിലുള്ള കൊമ്പു ഉണങ്ങിത്തുടങ്ങിയപ്പോൾ അതിനെ വെട്ടി നീക്കിയേനെ. അങ്ങനെ ചെയ്തിരുന്നു എങ്കിൽ മറ്റു കൊമ്പുകൾ ഉണങ്ങുകയില്ലായിരുന്നു.

എന്തുകൊണ്ടാണ് സ്നേഹവാനായ തോട്ടക്കാരൻ നിഷ്കരുണം ഈ കൊമ്പ് വെട്ടി നീക്കുന്നത്.

1. ആ കൊമ്പ് ഉപയോഗ ശൂന്യമാണ്.
2. രോഗം (പ്രാണി) മറ്റു കൊമ്പുകളിലേക്ക് കയറി അതിനെ നശിപ്പി ക്കുവാൻ സാദ്ധ്യതയുണ്ട്.

   കൊമ്പിനോട് ഉടയവൻ ഒരു കാര്യം പറയുന്നു എന്നിൽ വസിപ്പി ൻ (യോഹന്നാൻ 15:4) അവനിൽ വസിച്ചാൽ എന്തു ഗുണമുണ്ട്?

1) അവൻ എന്നിൽ വസിക്കും. യോഹന്നാൻ 15:4 . 1 യോഹന്നാൻ 3:24.സർവ്വശക്തനായ ദൈവം എന്നിൽ വസിക്കും. ഓ എത്ര ഭാഗ്യം!

2) അവന്റെ ജീവരസം എന്നിൽ കൂടി മറ്റുള്ളവരിലേക്ക് ഒഴുകും.

3) അവൻ നടന്നതു പോലെ ഞാൻ നടക്കും. 1 യോഹന്നാൻ 2:6.

4) അവനിൽ വസിക്കുന്നവൻ പാപം ചെയ്തുകൊണ്ടിരിക്കയില്ല. 1 യോഹന്നാൻ 3:9.

5) അവനിൽ വസിക്കുന്നവൻ വളരെ ഫലം കായ്ക്കും. യോഹ. 15. 5-8.

6) നമ്മുടെ പ്രാർത്ഥനയ്ക്കു ഉത്തരം കിട്ടും. നാം അവനിൽ വസിച്ചാൽ നാം ഇച്ഛിക്കുന്ന എന്തെങ്കിലും അപേക്ഷിച്ചാൽ അതു നിങ്ങൾക്കു കിട്ടും. യോഹ. 15:9.

7) അവന്റെ വരവിങ്കൽ നാം ലജ്ജിച്ചു പോകയില്ല. നാം അവന്റെ വരവിനായി ധൈര്യത്തോടെ നോക്കി പാർക്കുന്നവരായിരിക്കും. 1 യോഹന്നാൻ 2:28.

8) പിതാവായ ദൈവവും പുത്രനായ യേശുക്രിസ്തുവും പരിശുദ്ധനായ ദൈവവും നമ്മളിൽ വസിക്കും. 1 യോഹ. 3:24; 2:24. നമ്മുക്ക് അവനിൽ വസിക്കാം.

# സണ്ടേ സ്കൂൾ - ഉത്തരവാദിത്വമുള്ള ഒരു ശുശ്രൂഷ

ദൈവവും സഭയും നമ്മെ ഏൽപ്പിച്ചിരിക്കുന്ന മഹത്വകരമായ ഒരു ശുശ്രൂഷയാണിത്. ഏത് ജോലിയിലും എന്ന പോലെ ഈ വേലയ്ക്കും ചില നിബന്ധനകൾ ഉണ്ട്.

1. നാം വിശ്വസ്തരായിരിക്കണം

വിശ്വസ്തന്മാർ കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ മോശെയെപ്പോലെ വിശ്വാസ്തരായിരിക്കണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. (സദൃശ്യ 20:6, സംഖ്യ 12 :7)

2. സ്നേഹത്തിൽ ചെയ്യേണ്ട ശുശ്രൂഷയാണിത്

1 കൊരി 12:15ൽ പറയുന്നതുപോലെ പഠിപ്പിക്കുന്ന കുഞ്ഞുങ്ങളോട് സ്നേഹമില്ല എങ്കിൽ നമ്മുടെ ശുശ്രൂഷ മുഴങ്ങുന്ന ചെമ്പും ചിലമ്പുന്ന കൈത്താളവുമത്രേ.

3. പ്രാർത്ഥനയുടെ ശുശ്രൂഷ

കുഞ്ഞുങ്ങൾ എല്ലാവരും രക്ഷിക്കപ്പെടുവാനും, സ്നാനപ്പെടുവാനും മാത്രമല്ല, അവർ ആയിരിക്കുന്ന സ്ഥാനങ്ങളിൽ ലൗകികരാകാതെ അവരുടെ മദ്ധ്യത്തിൽ ദൈവനാമം അനുഗ്രഹിക്കപ്പെടുവാനും നാം മുട്ടിപ്പായി അവർക്ക് വേണ്ടി പ്രാർത്ഥിക്കണം.

4. വചനം അതിന്റെ ഗൗരവത്തോടെ പഠിപ്പിക്കേണം.

ആകാശവും ഭൂമിയും ഒഴിഞ്ഞുപോയാലും ദൈവത്തിന്റെ വചനം ഒഴിഞ്ഞുപോകയില്ല. (മത്താ. 24:35).

5. കണക്കു ബോധിപ്പിക്കേണ്ട ശുശ്രൂഷയാണിത്

ഒരു ദിവസം പിതാവിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ നമുക്ക് ഏൽപ്പിച്ചിരിക്കുന്ന എല്ലാത്തിനും നാം കണക്കു ബോധിപ്പിക്കേണ്ടവരാകയാൽ ഈ സേവ ഭയത്തോടെ ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ (എബ്രാ. 13:17)

# പൗരത്വം എവിടെ

നമ്മുടെ പൗരത്വമോ. സ്വർഗ്ഗത്തിൽ ആകുന്നു. അവിടെ നിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം അറിഞ്ഞിരിക്കുന്നു. (ഫിലിപ്പിയർ 3:20).

ഈ ഭൂമിയിൽ ജനിക്കുന്ന ഓരോ വ്യക്തിയും ഈ ലോകത്തിന്റെ പൗരനായി ജനിക്കുകയാണ്. അവന്റെ മാതാപിതാക്കൾ ഏത് രാജ്യത്തിന്റെ പൗരന്മാരാണോ കുഞ്ഞുങ്ങൾ ആ രാജ്യത്തിന്റെ പൗരന്മാരായിത്തീരുകയാണ്. എന്നാൽ ചില രാജ്യത്തിന്റെ പൗരന്മാരാകാൻ വേണ്ടി പണം കൊടുത്തു പൗരത്വം വാങ്ങിയതായി നമ്മുക്ക് ബൈബിളിൽ കാണാം. പൗലോസ് റോമ പൗരനായി ജനിച്ചു എന്നു പറയുമ്പോൾ സഹസ്രാധിപൻ പറയുന്നത് താൻ പണം കൊടുത്തു നേടി എന്നാണ്. ഞാൻ ഒരു ഇന്ത്യാ പൗരനാണ് എന്ന് പറയുന്നതിൽ നമ്മുക്ക് അഭിമാനമുണ്ട്. നാം പൗരനായിരിക്കുമ്പോൾ ആ രാജ്യത്തിന്റെ നിയമങ്ങളും ചട്ടങ്ങളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. മാത്രമല്ല നമ്മുടെ സമ്പാദ്യവും നാം സൂക്ഷിക്കുന്നത് ആ രാജ്യത്തു തന്നെയാണ്.

ഇവിടെ പൗലോസ് അപ്പോസ്തലൻ ഓർപ്പിക്കുകയാണ്, നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ് എന്ന്. അതെ നമ്മൾ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചപ്പോൾ ദൈവത്തിന്റെ മക്കൾ ആയി. ദൈവമക്കൾ സ്വർഗ്ഗത്തിലെ പൗരന്മാരാണ് കർത്താവ് പറഞ്ഞു ഞാൻ നിങ്ങൾക്കായി സ്ഥലം ഒരുക്കുവാൻ പോകുന്നു ഞാൻ പോയി സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും. നാം ഈ ലോകത്തിനുള്ളവരല്ല. അതുകൊണ്ട് ഈ ലോകത്തിനായി ഇരിക്കേണ്ടവരല്ല. സ്വർഗ്ഗത്തിലെ പൗരന്മാരായതു കൊണ്ട് സ്വർഗ്ഗത്തിലെ നിയമങ്ങളും ചട്ടങ്ങളും പാലിച്ചു ജീവിക്കേണ്ടതാവശ്യമാണ്. മാത്രമല്ല നമ്മുടെ സമ്പാദ്യം പുഴുവും തുരുമ്പും കെടുക്കുകയും കള്ളന്മാർ തുരന്ന് മോഷ്ടിക്കുകയും ചെയ്യുന്ന ഈ ലോകത്തിലാകാതിരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്. നമ്മുക്ക് വേണ്ടി ജീവനെ

കൊടുത്തു നമ്മളെ വിലയ്ക്ക് വാങ്ങിയ കർത്താവ് നമ്മുക്കായി ഭവനം ഒരുക്കുവാൻ  പോയിരിക്കുകയാണ്.

അനേകം വർഷം ആഫ്രിക്കൻ രാജ്യത്തു കർത്താവിന്റെ വേല ചെയ്തു എഫ്. ചാൾസ് തിരിച്ചു തന്റെ സ്വദേശമായ അമേരിക്കയിലേക്ക് മടങ്ങുകയാണ്. അന്ന് വിമാനയാത്രയിൽ അമേരിക്കയുടെ അബാസിഡറും ആ വിമാനത്തിലുണ്ട്. വിമാനം ലാന്റ് ചെയ്തപ്പോൾ അമ്പാസിഡറെ സ്വീകരിക്കുവാൻ പുഷ്പമാലകളോടെ അനേകർ കൂടിയിട്ടുണ്ട്. അദ്ദേഹത്തെ സ്വീകരിച്ച്  കാറിലേക്ക്  ആനയിച്ചു. പുറകെ ഇറങ്ങി വന്ന ഈ മിഷനറി വിചാരിച്ചു എന്നെ സ്വീകരിക്കുവാൻ ആരെങ്കിലും ഒരാൾ എങ്കിലും കാണും. പക്ഷെ ആരും ഉണ്ടായിരുന്നില്ല. അപ്പോൾ അദ്ദേഹത്തിന് ഹൃദയത്തിൽ ദുഃഖമുണ്ടായി. എല്ലാംവിട്ട് ആഫ്രിക്കയിൽ പോയി  എന്റെ എല്ലാം നഷ്ടമായി ഞാൻ തിരികെ വന്നപ്പോൾ  ആരും എന്നെ സ്വീകരിക്കുവാൻ ഇല്ലല്ലോ. എന്നാൽ പെട്ടെന്ന് അവന്റെ ഉള്ളിൽ ദൈവാത്മാവ് പറഞ്ഞു. ചാൾസ് നീ നിന്റെ രാജ്യത്തിൽ എത്തിയിട്ടില്ല. നീ നിന്റെ രാജ്യത്തിലേക്ക് വരുമ്പോൾ നിന്നെ സ്വീകരിക്കുവാൻ ഞാനും എന്റെ സൈന്യവും ഉണ്ടാകും . ചാൾസിന്റെ ഹൃദയം ആനന്ദം കൊണ്ട് തുള്ളി.  അതെ! ഇത് എന്റെ രാജ്യമല്ല. ഞാൻ എന്റെ വീട്ടിൽ എത്തിയിട്ടുമില്ല.

പ്രിയരേ, നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു. ഈ ലോകത്തിൽ നാം അന്യരും പരദേശികളും നിന്ദിതരും ആയിരിക്കാം. നമ്മെ അറിയുന്നവർ ആരും ഇല്ല എന്ന് വന്നേക്കാം. നാം നിരാശപ്പെടേണ്ട ആവശ്യമില്ല കാരണം നാം സ്വർഗ്ഗീയ പൗരന്മാരാണ്. അതുകൊണ്ട് നാം നമ്മുടെ സ്വന്തദേശത്തിനായി അദ്ധ്വാനിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# ദാവീദും യൊരോബെയാമും

അവൻ പത്തു ദാസന്മാരെ വിളിച്ചു അവർക്ക് പത്തു റാത്തുൽ വെള്ളി കൊടുത്തു. ഞാൻ വരുവോളം വ്യാപാരം ചെയ്തു കൊൾവിൻ എന്ന് അവരോട് പറഞ്ഞു. (ലൂക്കോസ് 19:13).

മനുഷ്യന് സന്തുഷ്ടമായി ജീവിക്കുവാൻ ആവശ്യമായ പലതും ദൈവം ലോകത്തിൽ എല്ലാവർക്കും നൽകുന്നു. ദൈവം ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും ദുഷ്ടന്മാരുടെ മേലും മഴ പെയ്യിക്കുകയും ചെയ്യുന്നു (മത്തായി 5:45). സമയം, വെള്ളം, വായു, വെളിച്ചം, മക്കൾ, പണം, മാതാപിതാക്കൾ, ഭവനം, രക്ഷ ഇവയെല്ലാവർക്കും നൽകുന്നു. മാത്രമല്ല കർത്താവ് സ്വർഗ്ഗത്തിലെ സകല മഹത്വവും വെടിഞ്ഞു വന്നതു എല്ലാവർക്കും നിത്യജീവൻ, നിത്യരക്ഷ നല്കുവാനായിട്ടാണ്. ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാടായി അവൻ വന്നു. അവനെ കൈക്കൊണ്ട് അവന്റെ അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു.

നാം കർത്താവ് തന്നതിനെ എങ്ങനെ വിനിമയം ചെയ്യുന്നു അതനുസരിച്ചാണ് നമ്മുടെ ജീവിതത്തിന്റെ ജയപരാജയങ്ങൾ ഇരിക്കുന്നത്. ജീവിതത്തിൽ ഒരേ സാഹചര്യത്തിൽ നിന്ന് ഒരേ കാര്യത്തിനായി വിളിച്ച് വേർതിരിച്ച രണ്ട് വ്യക്തികളാണ് ദാവീദും യൊരെബേയാമും.

രണ്ടു പേർക്കും അവർ അർഹിക്കാത്ത സ്ഥാനത്തേക്കു ദൈവം അവരെ തിരഞ്ഞെടുത്തു. ശൗൽ രാജാവ് അനുസരണക്കേട് കാണിച്ചു. ദൈവത്തോട് പാപം ചെയ്തതു മുഖാന്തരം ദൈവം അവനെ രാജസ്ഥാനത്തു നിന്ന് മാറ്റി . അവന് പകരം ഒരു ആട്ടിടയനായി, ആടിനെ മേച്ച് കൊണ്ടിരുന്ന ദാവീദിനെ ആ സ്ഥാനം നല്കി. (1 സാമുവേൽ 16:7, 12:3). അതുപോലെ യെരെബെയാം ശലോമോൻ രാജാവിന്റെ ദാസനായിരുന്നു. ശലോമോൻ പാപം ചെയ്തതു മുഖാന്തരം ദൈവം അവരുടെ രാജത്വം വിഭാഗിച്ചു 2 ഗോത്രം മാത്രം അവർക്കു കൊടുത്തു. കൂടാതെ

ശലോമോന്റെ മകനായ രെഹെബെയാം ദൈവത്തോട് മത്സരിച്ചു. അതുകൊണ്ട് 10 ഗോത്രത്തിന്റെ രാജഭരണം ശലോമോന്റെ ദാസനായ യെരെബെയാമിന് ദൈവം കൊടുത്തു.

രണ്ട് പേരെയും വിളിച്ചത് ഒരേ ജോലിയ്ക്കാണ് യെരുശലേമിനെ ദൈവപ്രസാദപ്രകാരം ഭരിക്കുവാനും ആയിരുന്നു.

രണ്ട്  പേർക്കും ഒരേ രീതിയിലുള്ള വാഗ്ദത്തമാണ് കൊടുത്തത്. ദൈവം ദാവീദിനോട് പറഞ്ഞു നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും ഉറച്ചിരിക്കും (2 ശമുവേൽ 7:16). യെരെബെയാമിനോട് ദൈവം പറഞ്ഞു. ഞാൻ നിന്നോട് കല്പിക്കുന്നതൊക്കെയും നീ കേട്ട് എന്റെ വഴികളിൽ നടന്ന എന്റെ ദാസനായ ദാവീദ് ചെയ്തതുപോലെ എന്റെ ചട്ടങ്ങളും കല്പനകളും പ്രമാണിച്ച്കൊണ്ട് എനിക്ക് പ്രസാദമുള്ളത് ചെയ്താൽ ഞാൻ നിന്നോടു കൂടെയിരിക്കും നിനക്ക് സ്ഥിരമായൊരു ഗൃഹം പണിതു യിസ്രായേലിനെ നിനക്ക് തരും. (1 രാജാക്കന്മാർ 11:36).

രണ്ട് പേർക്കും തങ്ങൾ ആരാണെന്ന് തെളിയിക്കുവാനുള്ള അവസരങ്ങൾ നൽകി.

ദാവീദ് യഹോവയുടെ ശത്രുവായ ഗൊല്യാത്തിനെ കൊന്ന് രാഷ്ട്രത്തെ രക്ഷിച്ചു. യെരെബെയാം ആകട്ടെ മിസ്രിയീം രാജാവിന്റെ അടുക്കൽ പോയി അവിടെ പാർത്തു.

ദൈവേഷ്ടം നിറവേറ്റുവാൻ രണ്ട് പേർക്കും സമയം കൊടുത്തു. ദാവീദ് ദൈവത്തിന്റെ വാഗ്ദാനം നിറവേറ്റുവാനായി കാത്തിരുന്നു. തന്നെ കൊല്ലുവാൻ വന്ന ശൗൽ രാജാവിനെ കൊന്നില്ലാ എന്നു മാത്രമല്ല അവന്റെ വസ്ത്രത്തിന്റെ അഗ്രം മുറിച്ചതിൽ ദുഃഖിക്കകൂടി ചെയ്യുന്നു. പരിപൂർണ്ണായി ദൈവത്തിന്റെ സമയത്തിനായി കാത്തിരുന്നു. എന്നാൽ യെരെബെയാം ദൈവവഴി വിട്ട് വ്യാകുലമുള്ളവനായി ജീവിച്ചു.

രണ്ടുപേരും ദൈവം വാഗ്ദത്തം ചെയ്തതുപോലെ രാജാവായി (2 ശമു. 5:4, 1 രാജ 12:25).

ദൈവത്തെ സ്തുതിക്കുവാൻ രണ്ടുപേർക്കും അവസരം ഉണ്ടായിരുന്നു. ദാവീദ് രാജാവ് ദൈവമുൻപാകെ തന്നെത്താൻ താഴ്ത്തി ഒരു

നിസ്സാരനായി തന്നെത്താൻ മറന്നു ദൈവത്തെ സ്തുതിക്കുന്നതായും ദൈവത്തിന്റെ പെട്ടകം അതിന്റെ സ്ഥാനത്തേക്കു കൊണ്ടുവരുന്ന തായും കാണുന്നു. ദാവീദ് രാജാവ് ദൈവത്തിന് യാഗം കഴിക്കുന്ന തായി കാണുന്നു.

യെരെബെയാമാകട്ടെ പൊന്നുകൊണ്ട് ഒരു കാളക്കുട്ടി ഉണ്ടാക്കി അന്യദൈവത്തെ സേവിച്ച് ദൈവത്തിന്റെ കല്പനകളെ ലംഘിക്കുന്നു.

യഹോവയോടുള്ള ബന്ധത്തിൽ 2 പേരുടെ സമീപനം. ദാവീദ് യഹോവയ്ക്കു പ്രസാദമുള്ളത് ചെയ്തു. തെറ്റുകൾ ജീവിതത്തിൽ വന്ന പ്പോൾ പശ്ചാതപിച്ചു ദൈവത്തോട് കൂടുതൽ അടുത്തു. അതു മുഖാ ന്തരം ദൈവത്തെ പാടിസ്തുതിക്കുന്ന അനേകം സങ്കീർത്തനങ്ങൾ എഴു തുവാൻ ദാവീദിന് സാധിച്ചു. ദൈവത്തിന് ഒരു ആലയം പണിയുവാൻ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ രക്തം ചൊരിഞ്ഞ കൈയ്യായതു കൊണ്ട് അതു വേണ്ട എന്ന ദൈവം പറഞ്ഞപ്പോൾ അത് പണിയുവാൻ തന്റെ മകനോട് പറകയും ആലയത്തിന് വേണ്ടുന്ന പൊന്ന്, വെള്ളി, താമ്രം, എന്നിവ ഒരുക്കുയും ചെയ്യുന്നു. മാത്രമല്ല ദാവീദിന്റെ ജീവിത ത്തിൽ താഴ്മ ഒരിക്കലും വിട്ടുമാറാതെ കർത്താവ് ഇത്രത്തോളം കൊണ്ടു വരാൻ ഞാൻ ആർ എന്നു പറയുന്നു.

യെരെബെയാമാകട്ടെ ദൈവത്തോട് അനുസരണക്കേട് കാണിച്ച് ദൈവത്തെ മറന്ന് അന്യദൈവങ്ങളെ സേവിച്ചു അങ്ങനെ പാപം ചെയ്തു. പാപം ചെയ്തു എന്ന് പറയുവാൻ വന്ന പ്രവാചകന്റെ നേരെ കോപിച്ച് കൈ ഓങ്ങുന്നതായും കാണുന്നു.

യഹോവയുടെ സാക്ഷ്യം : ദൈവത്തിന് പ്രസാദമുള്ള ജീവിതം നയിച്ച രാജാക്കന്മാരുടെ ജീവിതാവസാനത്തെക്കുറിച്ച് പറയുമ്പോൾ അവൻ യഹോവയ്ക്ക് പ്രസാദമുള്ളത് ചെയ്തു തന്റെ പിതാവായ ദാവീ ദിന്റെ വഴികളിൽ വലത്തോട്ടോ ഇടത്തോട്ടോ മാറാതെ നടന്നു. (2 ദിന വൃത്താന്തം 34:2). ദാവീദിനെക്കുറിച്ച് ദൈവം പറയുന്നത് ഞാൻ യിശ്ശാ യിയുടെ മകനായ ദാവീദിനെ എനിക്ക് ബോധിച്ച പുരുഷനായി കണ്ട് അവൻ എന്റെ ഹിതം എല്ലാം ചെയ്യും (പ്രവൃത്തി 13:22) ഇതായിരുന്നു ദാവിദിനെക്കുറിച്ച് ദൈവത്തിന്റെ സാക്ഷ്യം.

ദൈവത്തിൽ നിന്നകന്ന് നടന്ന രാജാക്കന്മാരുടെ ജീവിതാവസാന ത്തെക്കുറിച്ച് പറയുമ്പോൾ അവൻ യഹോവയ്ക്ക് അനിഷ്ടമായുള്ളത്

ചെയ്തു. യൊരെബെയാമിന്റെ വഴികളിലും അവൻ യിസ്രായേലിനെ കൊണ്ട് ചെയ്യിച്ചു പാപത്തിലും നടന്നു (1 രാജ 15:34) അതുകൊണ്ട് യൊരെബെയാമിനുള്ള സ്വതന്ത്രരും, അസ്വതന്ത്രരുമായ പുരുഷപ്രജയെ ഒക്കെയും യിസ്രായേലിൽ നിന്നു ഛേദിക്കുകയും കാഷ്ഠം കോരി കള യുന്നതുപോലെ യൊരെബെയാമിന്റെ ഗൃഹം തീരെ മുടിഞ്ഞുപോകു വാനവസരം വരികയും അതിനെ കോരികളകയും ചെയ്യും. യെരൊ ബെയാമിന്റെ സന്തതിയിൽ പട്ടണത്തിൽ വച്ച് മരിക്കുന്നവരെ നായ്ക്കൾ തിന്നും. വയലിൽ വെച്ച് മരിക്കുന്നവരെ ആകാശത്തിലെ പക്ഷികൾ തിന്നും. എത്ര ദാരുണമായ ഒരവസ്ഥ (1 രാജാക്കന്മാർ 14:10,11).

നമ്മുടെ ജീവിതവും പ്രവർത്തിയും ഒരു ദിവസം വെളിപ്പെടും. ദൈവരക്ഷ നമുക്ക് എല്ലാവർക്കും ഒരുപോലെ ദാനമായി തന്നു. പരി ശുദ്ധാത്മാവിനെ  തന്നു. കൂടാതെ രക്ഷിക്കപ്പെട്ടപ്പോൾ നമുക്ക് താല ന്തുകളും. അതുകൊണ്ട് വ്യാപാരം ചെയ്യുവാൻ കല്പ്പിച്ചിട്ടാണ് പോയി രിക്കുന്നത്. നമ്മുടെ പ്രവർത്തി പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നി വയാണെങ്കിൽ നാം ചെയ്ത പ്രവർത്തിക്ക് തക്ക പ്രതിഫലം നമുക്ക് കിട്ടും. അല്ലാ മരം പുല്ല്, വൈക്കോൽ എന്നിവ കൊണ്ടുണ്ടാകുന്നുവെ ങ്കിൽ ആ ദിവസം തീയിൽ കൂടി പോകുമ്പോൾ വെന്തുപോകുകയും ഛേദം വരുകയും ചെയ്യും. നമ്മെ തന്നെ ശോധന ചെയ്തു ദൈവത്തിന് പ്രസാദമുള്ളവരായി ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ദൈവസന്നിധിയിൽ നല്ല ദാസിയെ എന്നുള്ള വിളി കേൾക്കുവാൻ ദൈവ ത്തിന്റെ കൃപ നമുക്ക് ലഭിക്കുമാറാകട്ടെ.

# കർത്താവ് നമ്മെ സ്നേഹിക്കുന്നില്ലയോ

എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നേ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു (റോമ. 8:28). ഇവിടെ ഒരു വ്യക്തിയുടെ ജീവിതത്തിൽ ഉണ്ടാകുന്നതെല്ലാം അത് കഷ്ടതയോ പട്ടിണിയോ നിന്ദയോ, പരിഹാസമോ, ജയം തോൽവി, വീഴ്ച , രോഗമോ ഇതെന്തായാലും അത് അതിൽ തന്നെ നന്മയെന്നല്ലാ പിന്നെയോ ജീവിതത്തിലുണ്ടാകുന്ന എന്തായാലും ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അത് നന്മയ്ക്കായി കൂടി വ്യാപരിക്കുവാൻ ദൈവത്തിന് ശക്തിയുണ്ട് എന്നാണ്. അതുകൊണ്ട് നമ്മുടെ കഷ്ടതകളെ പാഴാക്കാതെ അതിൽ കൂടി ഉണ്ടാകുന്ന നന്മ എന്തെന്ന് മനസ്സിലാക്കി അതനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

ജോൺ മൈക്കിളും ഭാര്യയും 3 കുഞ്ഞുങ്ങളും നയീൻ കടലോരത്ത് ഒരു കുഞ്ഞുഭവനത്തിൽ സന്തോഷമായി താമസിക്കുകയായിരുന്നു. കർത്താവായ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച ദൈവമക്കളായിരുന്നു അവർ.

പെട്ടെന്ന് ഒരു ദിവസം ഭാര്യ വത്സയ്ക്ക് അസുഖമായി. രോഗം ശമിച്ചില്ല. എന്നാൽ വത്സ ഇന്ന് രോഗിയായി കട്ടിലിൽ. സാമ്പത്തികമായി നോക്കുമ്പോൾ ഉണ്ടായിരുന്നത് മുഴുവനും വത്സയുടെ ചികിത്സയ്ക്കായി ചിലവഴിച്ചു. പിതാവ് മൈക്കിൾ ഒരു മുക്കുവനാണ്. ഒരു ദിവസം വൈകുന്നേരം വേറെ ഒന്നുമില്ല. മീൻ പിടിക്കാൻ പോയെങ്കിലും കാര്യമായി ഒന്നും കിട്ടിയില്ല. കിട്ടിയത് അല്പം കക്ക മാത്രം. അങ്ങനെ മക്കളും അപ്പനും ഒന്നിച്ചിരുന്നു കക്ക നന്നാക്കുകയാണ്. അമ്മ കട്ടിലിൽ കിടക്കുന്നു. അപ്പോൾ മകൻ ചോദിച്ചു. "ഡാഡീ കർത്താവ് നമ്മെ സ്നേഹിക്കുന്നില്ലയോ എന്തുകൊണ്ടാണ് നമ്മുക്ക് ഇത്ര കഷ്ടപ്പാട്. ആ നിമിഷം തന്നെ മൂത്ത ചേച്ചി അലറി. ഹായ് ഡാഡീ ഈ കക്കയ്ക്ക് അകത്തിരിക്കുന്നത് കണ്ടോ. ഡാഡി പറഞ്ഞു. "അത് ഒരു മുത്താണ്.

അപ്പോൾ ഇളയ മകന് അറിയണം. കക്കയ്ക്കകത്ത് മുത്തോ? അതെങ്ങനെ അവിടെ വന്നു. അപ്പോൾ ഡാഡി പറഞ്ഞു.

ചില സന്ദർഭങ്ങളിൽ ഭക്ഷണത്തിന്റെകൂടെ കക്കയുടെ ശരീരത്തിനകത്ത് ചെറിയ മണൽത്തരി കയറും. സാധാരണ അകത്തു കയറുന്നതു കളയുവാൻ കക്കയ്ക്കു സാധിക്കും. ഈ മണൽത്തരി കക്കയെ അലോസരപ്പെടുത്തും. അതെങ്ങനെയെങ്കിലും പുറത്തുകളയുവാൻ കക്ക നോക്കും. ഷൂവിന്റെ അകത്ത് മണൽ കയറുന്നതുപോലെയുള്ള അനുഭവമാണ് അത്. സാദ്ധ്യമാകാതെ വരുമ്പോൾ കക്ക തന്നിൽ നിന്ന് പുറപ്പെടുന്ന ഒരു ദ്രാവകം കൊണ്ട് ഈ മണൽത്തരിയെ മൂടും. ഇങ്ങനെ എല്ലാ ദിവസവും ചെയ്യും. വർഷങ്ങൾ കടന്നുപോകുമ്പോൾ ഈ മണൽത്തരി മുഖാന്തരം ഉണ്ടാകുന്ന പ്രയാസത്തിൽ നിന്ന് രക്ഷ നേടുവാൻ അതിനു പുറത്തു ഇങ്ങനെ ആവരണം ചെയ്തു കൊണ്ടിരിക്കും. അങ്ങനെ നാളുകൾ കഴിയുമ്പോൾ അത് പവിഴമായി മാറുന്നു. ഉരുണ്ട വിലപിടിപ്പുള്ള മുത്ത്.

ഇതു കേട്ടപ്പോൾ ചോദ്യം ചോദിച്ച ഏലീന് ഒരു കാര്യം മനസ്സിലായി. ജീവിതത്തിൽ കഷ്ടത കർത്താവ് സ്നേഹിക്കാത്തതു കൊണ്ടല്ല തങ്ങളെ കർത്താവിനായി കൂടുതൽ ഉപയോഗിക്കുന്നതിന് വേണ്ടിയാണ്. "എന്നാൽ ഞാൻ നടക്കുന്ന വഴി അവൻ അറിയുന്നു. എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തു വരും." (ഇയ്യോബ് 23:10).

# യഹോവയ്ക്കായി കാത്തിരിക്കുക

"യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവൻ കഴു കന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടു കയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും (യെശയ്യാവ് 46:31).

ബാല്യക്കാരും, യൗവനക്കാരും, കാര്യപ്രാപ്തിയുള്ളവരും, ക്ഷീണി ച്ചുപോകയും ലജ്ജിതരാകുകയും ചെയ്യും. എന്നാൽ യഹോവയെ കാത്തിരിക്കുന്നവർ ലജ്ജിക്കേണ്ടതായി വരികയില്ല. യഹോവയെ കാത്തിരുന്നു ശക്തി പ്രാപിക്കണമെങ്കിൽ നാം ചില കാര്യങ്ങൾ അറി ഞ്ഞിരിക്കേണ്ടതുണ്ട്.

**യഹോവ ആരാണ് എന്നറിഞ്ഞു നാം കാത്തിരിക്കേണം.**

40–ാം അദ്ധ്യായത്തിൽ തന്നെ അവന്റെ ശക്തിയെക്കുറിച്ചു വർണ്ണി ക്കുന്നുണ്ട്. തന്റെ ഉള്ളങ്കൈ കൊണ്ട് വെള്ളം അളക്കുകയും ചാണു കൊണ്ട് ആകാശത്തിന്റെ പരിമാണമെടുക്കുകയും ഭൂമിയുടെ പൊടി നാഴിയിൽ കൊള്ളിക്കയും പർവ്വതങ്ങൾ വെള്ളിക്കോൽ കൊണ്ടും കുന്നുകൾ തുലാസിലും തൂക്കുകയും, ആകാശവിതാനത്തിലെ സൈന്യത്തെ സംഖ്യാക്രമത്തിൽ പുറപ്പെടുവിക്കയും അവയെ എല്ലാം പേർ ചൊല്ലി വിളിക്കുകയും ചെയ്യുന്നവനാണ് നാം കാത്തിരിക്കുന്ന യഹോവ (യെശ. 40:12,26) ഈ ബലവാനായ യഹോവ നമ്മെ കൈപി ടിച്ച് നടത്തുന്നവനാണ്. (യെശയ്യ.42:7). ആ യഹോവ പറയുകയാണ് നീ ഭയപ്പെടേണ്ട ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ. നീ വെള്ള ത്തിൽ കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല. നീ തീയിൽ കൂടി നടന്നാൽ വെന്തുപോകുകയില്ല. അതെ ആ സ്നേഹവാ നായ കർത്താവിനെയാണ് നാം കാത്തിരിക്കുന്നത് എന്ന് നാമറിഞ്ഞിരി ക്കേണം.

**നാം ആരാണ് എന്ന് നാമറിഞ്ഞിരിക്കേണം**

മോശെ യഹോവയുടെ സന്നിധിയിൽ പറയുന്നത് ഞാൻ ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രായേൽ മക്കളെ പുറപ്പെടുവിക്കാനും

ഞാൻ എന്തു മാത്രമുള്ളു . മോശെയുടെ ഒന്നുമില്ലായ്മ അവൻ ദൈവത്തിന്റെ സന്നിധിയിൽ സമ്മതിക്കുന്നതായി കാണുന്നു. എന്നാൽ മോശയുടെ കയ്യിലുള്ള വടി കർത്താവ് എടുത്തു അതു ദൈവത്തിന്റെ വടിയായി മോശ കയ്യിൽ എടുക്കുന്നതായി നാം കാണുന്നു. (പുറപ്പാടു 4:21). ശതാധിപന്റെ ദാസന് സുഖമില്ലാതെ വന്നപ്പോൾ ശതാധിപൻ യെഹൂദന്മാരുടെ മൂപ്പന്മാരെ അവന്റെ അടുക്കൽ അയച്ച് സൗഖ്യമാക്കുവാൻ അപേക്ഷിക്കുന്നു. യേശു ആ വീടിനോട് അടുക്കുമ്പോൾ ശതാധിപൻ ആ സ്നേഹിതന്മാരെ അവന്റെ അടുക്കൽ അയച്ച് "കർത്താവേ പ്രയാസപ്പെടേണ്ട നീ എന്റെ പുരക്കകത്തു വരുവാൻ ഞാൻ പോരാത്തവനാണ്. അതുകൊണ്ട് നിന്റെ അടുക്കൽ വരുവാൻ ഞാൻ യോഗ്യൻ എന്ന് എനിക്ക് തോന്നിട്ടില്ല. ഒരു വാക്ക് കല്പ്പിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും.

യെരുശലേമിൽ അനേകം രോഗികളുണ്ടായിരുന്നു. എന്നാൽ അവർ എല്ലാവരും സൗഖ്യമായതായി കാണുന്നില്ല എന്നാൽ ശതാധിപൻ കർത്താവിന്റെ മുമ്പാകെ താണ് താൻ ഒന്നുമല്ല എന്ന് സമ്മതിച്ചപ്പോൾ അവിടെ കർത്താവ് പ്രവർത്തിക്കുന്നതായി കാണുന്നു. ഞാൻ മാറി അവിടെ കർത്താവ് വന്നെങ്കിലേ യഹോവയെ കാത്തിരിക്കുവാനും ശക്തി പ്രാപിക്കുവാനും കഴിയുകയുള്ളു.

**നമ്മെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് യഹോവയ്ക്കായി കാത്തിരിക്കണം.**

പത്രോസും ശിഷ്യന്മാരും കർത്താവിനായി കാത്തിരിക്കേണ്ടതിനു പകരം മീൻപിടിക്കാൻ പോകുന്നു. എന്നാൽ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും അവർക്ക് ഒന്നും കിട്ടിയില്ല. കർത്താവ് അവരെ ഉപേക്ഷിക്കാതെ അവർക്കായി തീക്കനലിൽ ചുട്ട അപ്പവും മീനും ഒരുക്കിവെച്ചിട്ട് അവരോട് പ്രാതൽ കഴിക്കുവാൻ പറയുന്നു. അതിനു ശേഷം പത്രോസിനോട് ചോദിക്കുന്നു. "നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" ഉവ്വ് കർത്താവെ എനിക്ക് നിന്നോട് പ്രിയമുണ്ട്. കർത്താവ് 3 പ്രാവശ്യം ചോദിക്കുന്നു. പത്രോസിന് കർത്താവ് ആരാണെന്നും താൻ എന്താണെന്നും ശരിക്കും മനസ്സിലായി. അവൻ അവനെ തന്നെ കർത്താവിനായി സമർപ്പിക്കുന്നു. കർത്താവെ നീ സകലവും അറിയുന്നു. എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു. യേശു അവനോട് എന്റെ ആടുകളെ മേയ്ക്ക. പൂർണ്ണമായി സമർപ്പിക്കപ്പെട്ട പത്രോ

സിനെ കൊണ്ട് ദൈവം എങ്ങനെ ഉപയോഗിക്കും എന്നുള്ളത് പ്രവർത്തികളുടെ പുസ്തകം 2–ാം അദ്ധ്യായത്തിൽ നമ്മുക്ക് കാണാം. അന്ന് ഏകദേശം മുവായിരത്തോളം പേർ മാനസാന്തരപ്പെട്ട് സ്നാനപ്പെട്ട് സഭയോട് ചേർന്നു. അതെ യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവർ കഴുകന്മാരെ പോലെ ചിറകടിച്ചു കയറും എന്നുള്ളതു എത്ര വാസ്തവം ആണ് എന്നു പത്രോസിന്റെ പിൻകാല ജീവിതത്തിൽ നിന്ന് നമ്മുക്ക് മനസ്സിലാക്കാം.

21–ാം വയസ്സിൽ ഇംഗ്ലണ്ടിലുള്ള ഡോ. മൂണിന് അസുഖം പിടിപ്പെട്ട് താൻ ഒരു അന്ധനായി. ഡോ. മൂൺ ഒരു ദൈവഭക്തനായിരുന്നു. അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു. കർത്താവെ ഞാൻ വെറുമൊരു അന്ധനാകുന്നു. നീ എനിക്ക് തന്ന ഈ അന്ധതയ്ക്ക് ഞാൻ നിന്നെ സ്തുതിക്കുന്നു. നിന്നെ കാത്തിരിക്കുന്നവർക്ക് ശക്തിയെ കൊടുക്കുന്ന കർത്താവെ നിന്റെ നാമമഹത്വത്തിന് ഉപയോഗിക്കപ്പെടുന്ന ഒരു ഉപകരണമായി എന്റെ ബലഹീനതയെ തീർക്കേണമെ. ദൈവം ഡോ. വില്യം മൂണിന്റെ പ്രാർത്ഥന കേട്ട് അന്ധന്മാർക്ക് ഒരു രീതിയിലുള്ള അക്ഷര ലിപി കണ്ടുപിടിക്കുവാൻ ദൈവം വില്യം മൂണിനെ ബലപ്പെടുത്തി. അതു മുഖാന്തരം അനേകം അന്ധന്മാർക്ക് തിരുവചനം വായിക്കുന്നതിനു സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളായിത്തീരുന്നതിനും ഇടയായി. കർത്താവിന്റെ വരവിങ്കൽ അവന്റെ മഹത്വത്തിന് കാരണമായ വലിയോരു കൂട്ടം കുരുടരായിട്ടല്ല, തേജസ്സേറിയ നയനങ്ങൾ ഉള്ളവരായി കർത്താവിന്റെ മുഖം കാണും. യഹോവയ്ക്കായി കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കം . വരും ദിവസങ്ങളിൽ യഹോവയ്ക്കായി കാത്തിരുന്ന, ശക്തിയെ പുതുക്കിക്കൊണ്ട് കർത്താവിനായി ജീവിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# ഒരു ദൗത്യത്തിനായി അയക്കപ്പെട്ടവൻ

അതിന് യോഹന്നാൻ സ്വർഗ്ഗത്തിൽ നിന്ന് കൊടുത്തിട്ടല്ലാതെ മനുഷ്യന് ഒന്നും ലഭിപ്പാൻ കഴികയില്ല, ഞാൻ ക്രിസ്തുവല്ല; അവന് മുമ്പായി അയക്കപ്പെട്ടവനത്രെ. (യോഹന്നാൻ 3:29).

ഒരു പ്രത്യേക കാര്യത്തിനായി, ദൗത്യത്തിനായി അയക്കപ്പെട്ട അല്ലെങ്കിൽ വേർതിരിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു യോഹന്നാൻ സ്നാപകൻ (ലൂക്കൊസ്. 1:5). അവന്റെ പിതാവ് അബിയാകൂറിൽ സെഖര്യാവ് എന്ന പേരുള്ള പുരോഹിതൻ. അവന്റെ അമ്മ എലീശബെത്ത്. ഇവർക്ക് മക്കളില്ലായിരുന്നു. സെഖര്യാവ് ധൂപം കാട്ടുന്ന നാഴികയിൽ കർത്താവിന്റെ ദുതൻ അവന് പ്രത്യക്ഷനായി അവനോട് പറയുന്നു. നിന്റെ ഭാര്യ എലിശബത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും. അവന് യോഹന്നാൻ എന്നു പേർ ഇടണം. നിനക്ക് സന്തോഷവും ഉല്ലസവും ഉണ്ടാകും. അവൻ അനേകരെ ദൈവത്തിങ്കലേക്ക് തിരിച്ചു വരുത്തും. അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവനാകും. വീഞ്ഞും മദ്യവും കുടിക്കയില്ല. ഗർഭത്തിൽ വെച്ചു തന്നെ പരിശുദ്ധാത്മാവ് കൊണ്ട് നിറയും. സെഖര്യാവ് ഇത് വിശ്വസിക്കാത്തതു മുഖാന്തരം കുഞ്ഞു ഉണ്ടാകുന്നതുവരെ സംസാരിപ്പാൻ കഴിയാതെ ഊമനായി പാർത്തു.

തന്നെ ഭരമേല്പിച്ച് ദൗത്യത്തിനായി തന്നെ വേർതിരിക്കുന്ന യോഹന്നാൻ. ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽ വാറും ധരിച്ചു വെട്ടുകിളിയും കാട്ടുതേനും ഭക്ഷിച്ച് മരുഭൂമിയിൽ പാർത്തു. അവന്റെ ഭക്ഷണം വസ്ത്രം, ജീവിതം, വാസം എല്ലാം മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായിരുന്നു.

**ഭയമില്ലാത്ത അവസ്ഥ**

പരീശന്മാരെയും സാദൂക്യരെയും കണ്ടപ്പോൾ അവൻ അവരോട് പറഞ്ഞത് സർപ്പസന്തതികളെ വരുവാനുള്ള കോപത്തെ ഒഴിഞ്ഞുപോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചു തന്നത് ആര്. മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പിൻ. അവന്റെ പ്രസംഗം പാപം, മാനസാന്തരം

ന്യായവിധി ഇവയെക്കുറിച്ചായിരുന്നു. ഹെരോദാ രാജാവിനോട് അവൻ സഹോദരന്റെ ഭാര്യ നിനക്ക് ഭാര്യയായിരിക്കുന്നത് വിഹിതമല്ല എന്ന് പറഞ്ഞു. ഒരു ഭയവും കൂടാതെ രാജാവിനെ വരെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നതായി കാണാം.

**താഴ്മ** അവൻ വളരേണം ഞാനോ കുറയേണം. ക്രിസ്തു ആരാണെന്ന് മനസ്സിലായപ്പോൾ യോഹന്നാൻ സ്നാപകൻ പറയുന്നതാണ്. ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നു. എന്നാൽ നിങ്ങൾ അറിയാത്ത ഒരുത്തൻ നിങ്ങളുടെ ഇടയിൽ നില്ക്കുന്നുണ്ട് എന്റെ പിന്നാലെ വരുന്നവൻ തന്നെ. അവന്റെ ചെരിപ്പിന്റെ വാറു അഴിപ്പാൻ ഞാൻ യോഗ്യൻ അല്ല (യോഹന്നാൻ 1:27,3:30)

**യോഹന്നാന്റെ സംശയം**

മരണത്തിന്റെ കഷ്ടതയുടെ തീച്ചൂളയിൽ കടന്നു പോയപ്പോൾ യോഹന്നാന് വിചാരിച്ചു കർത്താവ് വന്ന് തന്നെ വിടുവിക്കും അല്ലെങ്കിൽ ആശ്വസിപ്പിക്കും. ആ അവസ്ഥയിലും മറ്റാരിലേക്കും നോക്കാതെ തന്റെ ശിഷ്യന്മാരെ യേശുവിന്റെ അടുക്കൽ അയച്ചിട്ട് ചോദിച്ചു. വരുവാനുള്ളവൻ നീയോ അതോ ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണമോ (മത്തായി 11:3). കർത്താവ് പറയുന്ന വാക്ക് കുരുടർ കാണുന്നു. മുടന്തർ നടക്കുന്നു. കുഷ്ഠ രോഗികൾ ശു ദ്ധരായിരിക്കുന്നു. ചെകിടർ കേൾക്കുന്നു മരിച്ചവർ ഉയിർക്കുന്നു. ദരിദ്രരോട് സുവിശേഷം അറിയിക്കുന്നു. എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് അറിയിപ്പിൻ. കർത്താവ് അവനെ ധൈര്യപ്പെടുത്തുന്നു.

**രക്തസാക്ഷിയായി തീരുന്ന സ്നാപകൻ**

തന്റെ സഹോദരനായ ഫിലിപ്പോസിന്റെ ഭാര്യ നിനക്ക് ഭാര്യയായിരിക്കുന്നത് വിഹിതമല്ല എന്ന് ഹെരോദാവിനോട് യോഹന്നാൻ പറഞ്ഞതു കാരണം  അവനെ കാരാഗൃഹത്തിലാക്കുന്നു. ഹെരോദ്യയുടെ മകൾ നൃത്തം ചെയ്തു രാജാവിനെ പ്രസാദിപ്പിക്കുന്നു. രാജാവ് അവളോട് എന്തു ചോദിച്ചാലും തരാം എന്ന വാഗ്ദാനം ചെയ്യുന്നു. അവൾ യോഹന്നാന്റെ തല ചോദിക്കുന്നു. അവന്റെ തല ഒരു താലത്തിൽ കൊണ്ടു വന്ന് അവൾക്ക് കൊടുക്കുന്നു. സ്ത്രീകളിൽ ജനിച്ചവരിൽ വലിയവനായ യോഹന്നാൻ സ്നാപകൻ കർത്താവിന്റെ മുന്നോടി ആയി വന്നവൻ ഇങ്ങനെ തന്റെ ദൗത്യം പൂർത്തിയാക്കി തന്റെ ജീവിതം കർത്താവിനായി സമർപ്പിക്കുന്നു.

**കർത്താവിന്റെ സാക്ഷ്യം**

കർത്താവ് പറയുകയാണ് സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ല. ദൈവവചനം പരിശോധിക്കുമ്പോൾ ദൈവം ഓരോരുത്തരെ വിവിധങ്ങളായ ദൗത്യത്തിനായി വേർതിരിക്കുന്നു. അബ്രാഹം, യോസേഫ്, യാക്കോബ്, മോശ, മിര്യാം, എസ്ഥേർ, രൂത്ത്, പത്രൊസ്, യോഹന്നാൻ, അപ്പോസ്തലനായ പൗലോസ്, അക്വിലാവും പ്രിസ്കില ഇവരെ ഓരോരുത്തരെയും കർത്താവ് വിളിച്ച് അവർക്ക് ഓരോ ദൗത്യങ്ങളും കൊടുത്തു. ഈ വിശ്വാസ വീരന്മാർ അവരുടെ ദൗത്യം മനസ്സിലാക്കി വിശ്വസ്തയോടെ അവരുടെ ദൗത്യം നിറവേറ്റി എന്ന് മനസ്സിലാക്കാം. പ്രിയ സഹോദരിമാരെ നമ്മെ വിളിച്ച് വേർതിരിച്ച് തന്റെ രക്തം കൊടുത്തു വിലക്കു വാങ്ങി നമ്മെ മക്കളും അവകാശികളുമാക്കി. മാത്രമല്ല നമ്മൾക്ക് ഓരോ ദൗത്യങ്ങളും തന്നിട്ടുണ്ട്. നാം അത് എങ്ങനെ ചെയ്യുന്നു.

ജയിംസ് വില്യം ബ്ലാക്കിന് കൊടുത്ത ദൗത്യം ഒരു സണ്ടേ സ്ക്കൂൾ അദ്ധ്യാപകൻ എന്ന നിലയ്ക്കാണ്. അവൻ ഒരു ഉത്സാഹമുള്ള സൺണ്ടേ സ്കൂൾ അദ്ധ്യാപകനായിരുന്നു. താമസിയാതെ സണ്ടേ സ്ക്കൂൾ അസോസിയേഷന്റെ പ്രസിഡന്റും ആയി. അദ്ദേഹം ഒരു ദിവസം കുടിലിന്റെ മുൻപിൽ ഇരുന്നു കരയുന്ന ഒരു പെൺകുട്ടിയെ കണ്ടു. ആ കുഞ്ഞു ബ്ലാക്കിനോട് പറഞ്ഞു. എനിക്ക് സ്കൂളിലും പ്രത്യേകിച്ച് സണ്ടേ സ്കൂളിലും പോകുവാൻ ആഗ്രഹമുണ്ട്. എന്നാൽ എന്റെ പിതാവ് ഒരു മദ്യപാനിയായതു കൊണ്ട് എനിക്ക് വസ്ത്രമോ പണമോ ഒന്നുമില്ല. ജെയിംസ് ബ്ലാക്ക് അവൾക്ക് വസ്ത്രവും മറ്റും കൊടുത്തു. അവൾ താമസിയാതെ സണ്ടേ സ്കൂളിൽ വരുവാൻ തുടങ്ങി. മാത്രമല്ല അവൾ അവിടെ വെച്ച് കർത്താവിനെ സ്വന്തം രക്ഷനായും സ്വീകരിച്ചു. സണ്ടേ സ്കൂളിൽ മുടങ്ങാതെ വരുന്ന ഒരു കുട്ടിയായിരുന്നു അവൾ. ബ്ലാക്കിന് ബിസിനസ് കാരണത്താൽ അടുത്ത രാജ്യത്തിലേക്ക് പോകേണ്ടതായി വന്നു. തിരിച്ചു വന്നു. അന്നത്തെ സണ്ടേ സ്കൂളിൽ അറ്റൻഡൻസ് വിളിച്ചപ്പോൾ  അവൾ അവിടെയില്ല എന്നു മനസ്സിലാക്കി. ബ്ലാക്ക് അവളുടെ വീട്ടിൽ ചെന്നപ്പോൾ മനസ്സിലായി 10 ദിവസം മുൻപ് അവൾ പനി പിടിച്ചു. പിതാവ് മദ്യപാനം കാരണം ചികിത്സ ഒന്നും ചെയ്തില്ല, അവൾ മരിച്ചു പോയി. അതു ഉൾക്കൊള്ളുവാൻ ബ്ലാക്കിന് പ്രയാസമായി ഭവനത്തിൽ ചെന്നിരുന്നു. അവന്റെ ഹൃദയം ദുഃഖം കൊണ്ട് നിറഞ്ഞു. ഞാനും ഇവിടെയില്ലാതെയായിപ്പോയല്ലോ

എന്നവൻ ഓർത്തു. എന്നാൽ അവന്റെ ഹൃദയത്തിലേക്ക് ഈ വരികൾ വന്നു.

When the trumpet of the Lord shall
sound and time shall be no more
And the morning breaks eternal bright and fair
When the saved of earth shall gather over on the other shore
And the roll is called up yonder I'll be there

അതെ, കർത്തൃകാഹളം യുഗാന്ത്യത്തിൽ ധ്വനിക്കുമ്പോൾ പേര് വിളിക്കുന്ന സമയം എന്റെ പേരും മാത്രമല്ല ആ കുഞ്ഞിന്റെ പേരും കാണും.

ബ്ലാക്കിന് സമാധാനമായി. ദൈവം അവന് കൊടുത്ത ദൗത്യം ചെയ്തതു കാരണം അവന് ദുഃഖിക്കേണ്ടതായി വന്നില്ല. പ്രിയരേ, നമ്മുക്ക് നമ്മെ ഏല്പ്പിച്ചിരിക്കുന്ന ദൗത്യം എന്തൊക്കെയാണെന്ന് മനസ്സിലാക്കി ചെയ്യുവാൻ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# കുടുംബപ്രാർത്ഥന മുടങ്ങിയിട്ടുണ്ടോ?

ശക്തമായ കാറ്റും ഇടിയുമുള്ള ഒരു രാത്രിയിൽ ബ്ര.ജോൺ റേലേഡ് തന്റെ ശുശ്രൂഷയും കഴിഞ്ഞ് ഭവനത്തിലേക്ക് വരികയായിരുന്നു. യേശു ക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന രക്ഷയെക്കുറിച്ച് അനേക രോട് പറയുവാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലും സംതൃപ്തിയിലും ദൈവത്തെ സ്തുതിച്ചുകൊണ്ടാണ് താൻ നടക്കുന്നത്. പെട്ടെന്ന് ഇടിയും മഴയും ആരംഭിച്ചു. വീട്ടിലേക്ക് ഒത്തിരി ദൂരം ഇനിയും യാത്ര ചെയ്യാനുണ്ട്. പക്ഷെ കോരിച്ചൊരിയുന്ന ഈ മഴയത്ത് അത്രയും നടന്നെത്തുക പ്രയാസമാണ്. അധികം ദൂരയല്ലാതെ സ്ഥിതി ചെയ്യുന്ന ഒരു വിശ്വാസ ഭവനത്തിലേക്ക് അദ്ദേഹം കയറിച്ചെന്നു. ദൈവദാസനെ വളരെ സന്തോഷത്തോടെ അവർ കൈക്കൊണ്ടു. നല്ല അത്താഴവും ഒരുക്കി. തുടർന്നു അദ്ദേഹത്തിനായി ഒരുക്കിയ ബെഡ്റൂമിലേക്ക് അദ്ദേഹത്തെ ആനയിച്ചു. അപ്പോൾ ആ ദൈവദാസൻ അവരോടു ചോദിച്ചു. “ഇവിടെ കുടുംബപ്രാർത്ഥന ഇല്ലേ?”ഇവിടെ അങ്ങനെ ഒരു പതിവില്ല എന്നു കുടുംബ നാഥൻ പറഞ്ഞു. അതു കേട്ട റേലോഡ് പറഞ്ഞു. “എങ്കിൽ ഞാനിവിടെ പാർക്കില്ല.

വീട്ടമ്മ ദൈവദാസനോടു പറഞ്ഞു. അങ്ങ് ക്ഷമിക്കണം. അച്ചായൻ ജോലിയും കഴിഞ്ഞ് വളരെ വൈകിയാണു വരുന്നത്. ക്ലാസ്സും ട്യൂഷനും കഴിഞ്ഞ് മക്കൾ വീട്ടിലെത്തുമ്പോഴും ഒരു സമയമാകും. പിന്നെ അല്പം ഭക്ഷണം കഴിച്ച് കിടന്നുറങ്ങും. പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിച്ചിട്ടില്ല. പ്രാർത്ഥനയ്ക്ക് അത്ര പ്രാധാന്യമുണ്ടോ? നമ്മൾ ദൈവമക്കളായതുകൊണ്ട് പ്രാർത്ഥിച്ചില്ലെങ്കിലും ദൈവം നമ്മുടെ ആവശ്യങ്ങൾ നടത്തിത്തരും എന്നാണ് കരുതിയത്. അതുകൊണ്ട് മക്കളെയും പ്രാർത്ഥിക്കാൻ ഞാൻ പഠിപ്പിച്ചിട്ടില്ല.

ഇതുകേട്ട ദൈവദാസൻ പറഞ്ഞു. പ്രാർത്ഥനയില്ലാത്ത വിശ്വാസിയുടെ ജീവിതം ചത്തതിനു തുല്യമാണ്. ബാഹ്യമായ നോട്ടത്തിൽ പ്രശ്നമൊന്നുമില്ലെങ്കിലും ദൈവവുമായി സംസർഗ്ഗമില്ലാത്ത നിഷ്പ്രഭമായ ജീവിതമാണത്. അങ്ങനെ ദൈവവുമായി സംസർഗ്ഗമില്ലാത്ത വീട്ടിൽ രാപാർക്കുവാൻ എനിക്ക് സാധിക്കില്ല.

പ്രാർത്ഥനയ്ക്ക് ഇത്ര പ്രാധാന്യമുണ്ടെന്ന് ഞങ്ങൾ അറിഞ്ഞില്ല. ഇന്നു മുതൽ ഞങ്ങൾ പ്രാർത്ഥന ആരംഭിക്കുന്നു. അങ്ങ് ഞങ്ങളോടു കൂടെ

പാർക്കണം എന്നു കുടുംബനാഥൻ പറഞ്ഞു. അങ്ങനെ അവർ ഒരുമിച്ചിരുന്നു പാട്ടു പാടുകയും തിരുവെഴുത്തു ധ്യാനിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അന്നു ആ കുടുംബം അത്യധികം സന്തോഷിച്ചു. ഇന്നു രാത്രിയിൽ പേമാരി പെയ്തതു ഈ കുടുംബത്തിന്റെ യഥാസ്ഥാനത്തിനാണല്ലോ എന്നോർത്തു ദൈവദാസൻ കർത്താവിനെ സ്തുതിച്ചു.

തിരുവെഴുത്തിൽ നാം ഇങ്ങനെ വായിക്കുന്നു; "ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം." (ആവ. 6:6,7). ദൈവ വചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രാർത്ഥനാജീവിതത്തിന്റെ ആവശ്യകതയെക്കുറിച്ചും നാം അറിവുള്ളവരായിരിക്കണമെന്നും മക്കളെ ആ നിലയിൽ അഭ്യസിപ്പിക്കണമെന്നും തിരുവെഴുത്തു കല്പ്പിക്കുന്നു. അനുഗ്രഹീതമായ കുടുംബജീവിതത്തിന് ജോലിയും പണവും മാത്രം പോരാ. വചനപഠനവും പ്രാർത്ഥനയും ആവശ്യമാണെന്നും തിരുവെഴുത്തു ഉദ്ധരിച്ച് ആ ദൈവദാസൻ അവർക്കു തെളിയിച്ചു കൊടുത്തു.

പ്രിയരേ, നമ്മുടെ ഭവനങ്ങളിൽ കുടുംബപ്രാർത്ഥന ഉണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അത് ആരംഭിക്കണം. കാരണം കുടുംബപ്രാർത്ഥന എന്നതു കുടുംബത്തിന്റെ ഐക്യതയ്ക്കും ദൈവിക അനുഗ്രഹങ്ങൾക്കും ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. കുടുംബപ്രാർത്ഥന നയിക്കേണ്ടതു കുടുംബനാഥനാണെങ്കിലും അതിനനുകൂലമായ സാഹചര്യം ഭവനാന്തരീക്ഷത്തിൽ ഒരുക്കേണ്ടതു നമ്മുടെ കടമയാണ്.

കർത്താവ് ഈ ലോകത്തിലായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല. അപേക്ഷിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകും വണ്ണം നിങ്ങൾക്കു ലഭിക്കും." (യോഹ. 15:23). അല്പം ഉദാസീനത വലിയ അനുഗ്രഹങ്ങൾ നഷ്ടമാക്കും. ആകയാൽ നമുക്ക് ഉത്സുകരായി എഴുന്നേല്ക്കാം. പ്രാർത്ഥനയിൽ ജാഗരിക്കാം.

# അക്കരനാട്

“നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ. എന്നിലും വിശ്വസിപ്പിൻ . എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ട തിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. (യോഹന്ന 14:2,3.)

മെക്സിക്കോയിലേക്ക് ആർ പോകും എന്ന ഒരു ദൈവദാസന്റെ പ്രസംഗം കേട്ടപ്പോൾ ദൈവാത്മാവ് പ്രേരിപ്പിച്ചതനുസരിച്ചു ജോണും ഭാര്യ മേരിയും 3 മക്കളും അമേരിക്കയിൽ നിന്ന് മെക്സിക്കോയിലേക്ക് പോയി. അവിടെ അനേകം വർഷം അദ്ധ്വാനിച്ചു ചിലർ കർത്താവിനെ സ്വന്തം രക്ഷകനായി സ്വീകരിക്കുന്നതു കാണാൻ സാധിച്ചു.

അങ്ങനെയിരിക്കെ മൂത്ത മകന് രോഗം പിടിച്ചു. മൂത്ത മകൻ ലിനോയെ മെക്സിക്കയിൽ അടക്കം ചെയ്തു. വളരെ താമസിയാതെ ഇളയകുഞ്ഞുങ്ങൾക്ക് രോഗം പിടിച്ചു. അവിടെ നല്ല ഹോസ്പിറ്റൽ ഒന്നും ഇല്ലാതിരുന്നതുകൊണ്ട് കുറച്ചു ദൂരെയുള്ള മിഷൻ ഹോസ്പിറ്റ ലിൽ പോകുവാനായി അവർ വള്ളത്തിൽ കയറി. എന്നാൽ അധികം ദുരം പോകുന്നതിന് മുൻപായി ഇളയകുഞ്ഞിന് രോഗം കൂടി. അതു ഇഹലോകവാസം വെടിഞ്ഞു. അതിനെ നദിയിൽ സംസ്ക്കരിച്ചു. മേരിക്കും അസുഖം തുടങ്ങി. അസുഖം വളരെ കൂടുതലായതു കൊണ്ട് ഏതെങ്കിലും ഒരു കരയോട് അടുപ്പിക്കുവാൻ മേരി ആവശ്യപ്പെട്ടു കര യ്ക്കടുത്തു. മേരി പറഞ്ഞു. ഞാൻ അക്കരയ്ക്ക് പോകുകയാണ് എന്നാൽ നിങ്ങൾ തനിയെ ആണെങ്കിലും മെക്സിക്കോയിലേക്ക് പോകണം. കൈ ചൂണ്ടിയിരിക്കെ മേരി താൻ പ്രിയം വെച്ച മണവാളന്റെ അടുത്തെത്തി. താമസിയാതെ ഇളയമകൻ ഇഹലോകവാസം വെടിഞ്ഞു. അവിടെ ആ നദിതീരത്തു ജോൺ തന്റെ മകൾ ലാജിയെയും ഭാര്യയെയും അടക്കി. കണ്ണുനീരിന്റെ ദിവസങ്ങൾ. ഇനി തനിയെ മെക്സിക്കോയിലേക്ക് പോകുന്നില്ല എന്ന് ജോൺ തീരുമാനിച്ചു. എന്നാൽ മേരി

യുടെ വാക്കുകൾ അദ്ദേഹത്തെ മുറിപ്പെടുത്തിക്കൊണ്ടിരുന്നു. അല്പം ആശ്വാസത്തിനായി കർത്താവ് നടന്ന യെരുശലേമിലേക്ക് പോകാം എന്നു വിചാരിച്ചു. അവിടെ എത്തി ഗലീലനദിയുടെ തീരത്തിരുന്നു കർത്താവ് നടന്ന വഴികളെ കുറിച്ച് കർത്താവ് സഹിച്ച നിന്ദകളെയും വേദനകളെയും കുറിച്ച് ചിന്തിച്ചിരുന്നു. തനിക്ക് വേണ്ടി തന്നെ രക്ഷിക്കുന്നതിനും വേണ്ടി കർത്താവ് തന്നെത്താൻ താഴ്ത്തി ക്രൂശിലോളം താഴ്മയുള്ളവനായി തീർന്നു. അത് ചിന്തിച്ചപ്പോൾ താൻ സഹിച്ച കഷ്ടത ഒന്നുമില്ലല്ലോ എന്ന് ഓർത്തപ്പോൾ അവന് അല്പം ആശ്വാസം ലഭിച്ചു. ആ സമയത്ത് അവിടെ ഒരു ആട്ടിടയൻ കുറെ ആടുകളുമായി വന്നു. അക്കരെ നല്ല പുൽമേടുണ്ട്. ആടുകളെ അക്കരയ്ക്ക് കടത്താൻ പല ശ്രമങ്ങളും നടത്തി. ആടുകൾ വെള്ളത്തിൽ ഇറങ്ങുന്നതേയില്ല. ഒടുവിൽ ആട്ടിടയൻ 2 കൊച്ചു ആട്ടിൻകുഞ്ഞുങ്ങളെയുമെടുത്തു അക്കരയ്ക്കു കടന്നു. ഉടൻ അവരുടെ അമ്മ ആട്ടിടയന്റെ പുറകേ കരഞ്ഞു കൊണ്ട് പോയി. പിന്നെ ബാക്കി ആടുകളും നിഷ്പ്രയാസം അക്കരെ കടന്നു.

അക്കരെ ദേശത്തു ശോഭ മനസ്സിലാക്കി ജോൺ താൻ സ്നേഹിക്കുന്നവരെ അക്കരയ്ക്ക് കൊണ്ട് പോയതിന്റെ അർത്ഥം മനസ്സിലാക്കി. അദ്ദേഹം താമസിയാതെ മെക്സിക്കോയിലേക്ക് പോയി. തന്റെ ശിഷ്ടായുസ്സു സന്തോഷത്തോടും സമാധാനത്തോടും കൂടി ചെലവഴിച്ചു.അനേകരെ കർത്താവിങ്കലേക്കു തേടി. മാത്രമല്ല തന്റെ പ്രിയതമയുടെ അവസാന സമയത്തെ ആഗ്രഹം "അക്കരയ്ക്കു പോകുക" പൂർത്തീകരിക്കുവാനും ജോണിന് സാധിച്ചു. ആ മെക്സിക്കോയുടെ മണ്ണിൽ ദൈവമക്കൾ ചേർന്ന് ലിനോമോന്റെ അടുത്തായി ജോണിനെ സംസ്ക്കരിച്ചു. അങ്ങനെ അവർ എല്ലാവരും അവർ സ്നേഹിച്ച അവരുടെ ഭവനത്തിൽ എത്തിച്ചേർന്നു.

# ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും

യോശുവ യിസ്രായേൽ ഗോത്രങ്ങളെയെല്ലാം ശേഖേമിൽ കൂട്ടി. കൂടാതെ യിസ്രായേലിലെ മൂപ്പന്മാരെയും തലവന്മാരെയും ന്യായാധിപന്മാരെയും പ്രമാണികളെയും ശേഖമിലേക്കു വിളിച്ചു. അവർ ദൈവത്തിന്റെ സന്നിധിയിൽ വന്നു നിന്നു. അപ്പോൾ യോശുവ സർവ്വജനത്തോടും പറഞ്ഞതെന്തെന്നാൽ യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുകയാണ്. ഞാൻ നിങ്ങളെ മിസ്രയീമിന്റെ അടിമത്തത്തിൽ നിന്ന് വിടുവിച്ചു. മിസ്രയിമിനെ ചെങ്കടലിൽ മുക്കിക്കൊന്നു. നിങ്ങളെ ഉണങ്ങിയ നിലത്തിലൂടെ അക്കരെ കടത്തി. നിങ്ങൾക്ക് ഭക്ഷിക്കുവാൻ മന്നയും കാടയിറച്ചിയും തന്നു. കുടിക്കുവാൻ മാറയിലെ വെള്ളം മധുരമായി തന്നു. പകൽ മേഘ സ്തംഭത്തിലും രാത്രി അഗ്നി സ്തംഭത്തിലും വഴി കാട്ടി നിങ്ങളെ നടത്തി. എന്നാൽ നിങ്ങളുടെ പിതാക്കന്മാർ പലവട്ടം എന്നെ തള്ളിപ്പറഞ്ഞു. കാളക്കുട്ടിയെ ഉണ്ടാക്കി അതിനെ നമസ്ക്കരിച്ചു. എന്നിട്ടും ഞാൻ നിങ്ങളെ തള്ളിക്കളയാതെ കനാൻ ദേശം വരെ നിങ്ങളെ കൊണ്ടുവന്നു. ഈ ദൈവം വിശ്വസിപ്പാൻ, സേവിപ്പാൻ മതിയായവനാണ്. കാരണം അവൻ നമ്മെ കണ്മണിപോലെ സൂക്ഷിച്ചു. കഴുകൻ തന്റെ കൂടു അനക്കി കുഞ്ഞുങ്ങൾക്ക് മീതെ പറക്കുന്നതുപോലെ താൻ ചിറകുവിരിച്ചു, അവനെ എടുത്തു തന്റെ ചിറകിൻമേൽ അവനെ വഹിച്ച യഹോവ തനിയെ അവനെ നടത്തി. അവനോട് കൂടെ അന്യ ദൈവം ഉണ്ടായിരുന്നില്ല (ആവർത്തനം 32:1) മാത്രമല്ല, മോശെ പറയുകയാണ് : ഈ നാല്പതു സംവത്സരം നീ ധരിച്ച വസ്ത്രം ജീർണ്ണിച്ചു പോയില്ല നിന്റെ കാൽ വീങ്ങിയതുമില്ല. ഒരു മനുഷ്യൻ തന്റെ മകനെ ശിക്ഷിച്ചു വളർത്തുന്നതു പോലെ നിന്റെ ദൈവമായ യഹോവ നിന്നെ ശിക്ഷിച്ചു വളർത്തി (ആവർത്തനം 8:4). അതുകൊണ്ട് യോശുവ പറയുകയാണ് ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും. (യോശുവ 24:15) എന്നാൽ നിങ്ങൾ ആരെ സേവിക്കേണം എന്നുള്ളത് നിങ്ങൾ തന്നെ തിരഞ്ഞെടുത്തുകൊൾക. യോശുവയ്ക്ക്

ഇങ്ങനെ പറവാൻ സാധിച്ചതിൽ അനേക കാരണങ്ങളുണ്ട്. അതിൽ ചിലത് നമ്മൾക്ക് നോക്കാം.

### വിട്ട് പിരിയാതെ ദൈവത്തെ സേവിക്കുന്ന യോശുവ

യിസ്രായേൽ ജനം മിസ്രയീമിൽ നിന്ന് പുറപ്പെട്ട് സീനായി മലയിൽ എത്തി. അവിടെ വച്ച് അവർ ബിംബം (കാളക്കുട്ടിയെ) ഉണ്ടാക്കി ദൈവത്തെ കോപിപ്പിച്ചു. അനേകർ അതു മുഖാന്തരം പട്ടുപോയി. പിന്നെയും മോശ യഹോവയുടെ അടുക്കൽ ചെല്ലുകയും ജനത്തോട് സംസാരിക്കയും ചെയ്യുന്നു. എന്നാൽ ഈ സമയം എല്ലാം മോശയുടെ ശുശ്രൂഷകനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ട് പിരിയാതിരുന്നു (പുറപ്പാട് 33:11).

### പ്രശ്നങ്ങളുടെ മദ്ധ്യേ യഹോവയിൽ ആശ്രയിക്കുന്ന യോശുവ

മോശെ കനാൻ ദേശം ഒറ്റുനോക്കുവാൻ അയച്ചവരുടെ കൂട്ടത്തിൽ യോശുവയും ഉണ്ടായിരുന്നു. അവർ ഒറ്റുനോക്കി തിരിച്ചുവന്ന് പറഞ്ഞത് ദേശം നല്ലത് പക്ഷെ അവിടെയുള്ള മല്ലന്മാർ വളരെ ശക്തിയുള്ളവരും ദേശം നിവാസികളെ തിന്നുകളയുന്നവരുമാണ്. അങ്ങനെ ദുർവർത്ത മാനം പറഞ്ഞു ജനത്തെ ഭ്രമിപ്പിച്ചു. ജനം മോശെക്കും അഹരോനും വിരോധമായി പിറുപിറുത്തു. എന്നാൽ ദേശത്തെ ഒറ്റുനോക്കുവാൻ പോയവരിൽ യോശുവയും കാലേബും വസ്ത്രം കീറി. അവർ പറഞ്ഞു യഹോവ നമ്മിൽ പ്രസാദിക്കുമെങ്കിൽ നമ്മൾക്ക് അത് കൈവശമാക്കു വാൻ കഴിയും. നമ്മോടു കൂടെ യഹോവ ഉള്ളതുകൊണ്ട് അവരെ ഭയ പ്പെടരുത്. (സംഖ്യ 14:10) അങ്ങനെ യോശുവ ദൈവത്തിനായി, ദൈവ ത്തിൽ ആശ്രയിച്ചു കൊണ്ട് നിൽക്കുന്നതായി കാണാം. ജനം അവരെ കല്ലു എറിയണം എന്ന് സഭ എല്ലാം പറഞ്ഞു.

### ദൈവത്തോട് ചോദിക്കുന്നതിനു മുൻപായി തിരുമാനം എടുക്കുന്ന യോശുവ

യോശുവയും ജനവും യോർദ്ദാൻ കടന്നു യെരിഹോ അവർ പിടി ച്ചെടുത്തു, ഹായി അവർക്കു കീഴടങ്ങി. അങ്ങനെ ജയോത്സവരായി മുമ്പോട്ട്  പോകുമ്പോൾ ഇവരുടെ ചുറ്റുപാടുമുള്ള ജനങ്ങൾക്ക് ഭീതി യുണ്ടായി. ഗിബെയോൻ നിവാസികൾ സൂത്രത്തിൽ യോശുവയുടെ അടുത്തു വന്നു. അവർ കള്ളത്തരം പറഞ്ഞു എന്നാൽ യോശുവ ദൈവ ത്തോട് അവരെപ്പറ്റി ചോദിക്കേണ്ടതായിരുന്നു. യിസ്രായേൽ പുരുഷ

ന്മാർ യഹോവയോട് ചോദിക്കാതെ അവരുടെ ഭക്ഷണവും ധനവും വാങ്ങി ആസ്വദിച്ചു. യോശുവ അവരോട് സഖ്യതയും അവരെ ജീവൻ രക്ഷിക്കാമെന്ന് ഉടമ്പടിയും ചെയ്തു. (യോശുവ 9:14)

ഇത് മുഖാന്തരം ദൈവം യോശുവയെ ഉപേക്ഷിച്ചില്ല. യോശുവ ചെയ്തതിന്റെ അനന്തരഫലങ്ങൾ അവർ പിന്നീട് അനുഭവിക്കേണ്ടതായി വന്നു.

പ്രിയ സഹോദരിമാരെ  നമ്മുടെ ജീവിതത്തിൽ ദൈവത്തെ സേവിക്കുന്നതിന് തടസ്സമായിട്ട് പാപങ്ങൾ ഉണ്ടെങ്കിൽ അത് ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചാൽ ക്ഷമിക്കുന്നവനും നമ്മെ അനുഗ്രഹിക്കുന്നവനുമാണ് നമ്മെ സ്നേഹിക്കുന്ന ദൈവം. നമ്മുടെ പ്രിയപ്പെട്ടവർ, മക്കൾ ഈ ദൈവത്തെ സേവിക്കാത്തവരായി ജീവിക്കുന്നവരാണെങ്കിൽ നിരാശപ്പെടാതെ ദൈവം നിലവിളി കേൾക്കുന്നവനും ഉത്തരം തരുന്നവനുമാണ് എന്ന് മനസ്സിലാക്കി അവനിൽ വിശ്വസിക്കുവാൻ അവനിൽ ആശ്രയിക്കുവാനും ദൈവം നമ്മളെ സഹായിക്കട്ടെ.

## ദൈവം ഭരമേല്പ്പിച്ച ശുശ്രൂഷ വിശ്വസ്തതയോടെ നിറവേറ്റുന്ന യോശുവ

യഹോവ മോശെയോട് നീ മരിപ്പാനുള്ള സമയം അടുത്തിരിക്കുന്നു. അതുകൊണ്ട് നീ യോശുവയോട് കൂടെ സമാഗമനകൂടാരത്തിൽ വരിക. അങ്ങനെ യോശുവയും മോശയും സമാഗമനകൂടാരത്തിൽ വന്നു. യഹോവ തന്റെ മകനായ യോശുവയോട് ബലവും ധൈര്യമുള്ളവനായിരിക്ക. ഞാൻ യിസ്രായേൽ മക്കളോട് സത്യം ചെയ്ത ദേശത്തു നീ അവരെ എത്തിക്കും. ഞാൻ നിന്നോട് കൂടെ ഇരിക്കും. യോശുവയെ പിന്നെ നാം കാണുന്നത് ദൈവം എന്തു പറയുന്നുവോ സംശയിക്കാതെ വിശ്വാസത്തോടെ ചെയ്യുന്നവനായിട്ടാണ്. കാൽ എടുത്തു യോർദ്ദാൻ നദിയിൽ വച്ച് അവർ അക്കരെ കടന്നു.  6 ദിവസം ഓരോ പ്രാവശ്യവും 7-ാം ദിവസവും  7 പ്രാവശ്യവും പട്ടണം ചുറ്റണമെന്ന് യഹോവ കല്പിച്ചു. യോശുവ അതുപോലെ അനുസരിക്കുന്നു. അവർ നടന്നു കാഹളം ഊതി അവർ ആർപ്പിട്ടു പട്ടണവാതിൽ ഇടിഞ്ഞു. അവർക്ക് യെരിഹോ പട്ടണം കീഴടങ്ങി. പിന്നെ ചുറ്റുമുള്ള രാജ്യങ്ങളെ എല്ലാം കീഴടക്കി. യിസ്രായേൽ മക്കൾക്ക് ഗോത്രം ഗോത്രമായി ദേശത്തെ വിഭാഗിച്ചു കൊടുത്തു. ദേശത്തിന് സ്വസ്ഥത വരുത്തി. അതിനു ശേഷം താൻ ജനത്തോട് പറയുന്നു. നാം വാളുകൊണ്ടല്ല വില്ലുകൊണ്ടല്ല ദേശം കീഴ

ടക്കിയത്. ദൈവത്തിന്റെ ശക്തിയാൽ ആണ്. നാം പ്രയത്നം ചെയ്യാത്ത ദേശവും പട്ടണവും മുന്തിരത്തോട്ടവും എല്ലാം അവൻ നമ്മൾക്ക് തന്നു. ഞാൻ ആ ദൈവത്തെ സേവിക്കും. ഞാനും എന്റെ കുടുംബവും ഞങ്ങൾ യഹോവയെ സേവിക്കും.

ഇതുപോലെ യഹോവയെ സേവിച്ച ഒരു സ്ത്രീരത്നത്തെ നമുക്ക് ചരിത്രത്തിൽ നിന്ന് നോക്കാം. സിബോറസ് എന്ന വിധവയ്ക്ക് ഏഴു പുത്രന്മാരുണ്ടായിരുന്നു. മക്കളെയെല്ലാവരെയും ആ മാതാവ് ദൈവഭ യത്തിൽ വളർത്തി. കർത്താവിനെ ഏറ്റവുമധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു ആ ഭവനം.

അന്നത്തെ ഭരണകർത്താവ് ക്രൂരനായ ട്രോജൻ ചക്രവർത്തിയായി രുന്നു. തന്റെ രാജ്യത്തുള്ള എല്ലാവരും പൂജാ ക്ഷേത്രത്തിൽ വന്ന് ദേവന് ബലി കഴിക്കേണം. അങ്ങനെ ചെയ്യാത്തവരെ കൊല്ലണം എന്ന കല്പ നയും പുറപ്പെടുവിച്ചു. ക്ഷേത്രത്തിൽ വരാതിരുന്നവരെ പിടിച്ച് കൽത്തു റുങ്കിലടച്ചു. ആ കൂട്ടത്തിൽ സിബോറസും ഏഴു പുത്രന്മാരും ഉണ്ടായി രുന്നു. അവർ കാരാഗൃഹത്തിലും ദൈവത്തെ പാടി സ്തുതിച്ചു കൊണ്ടി രുന്നു. മറ്റു തടവുകാർക്ക് ഇത് വളരെ ആശ്വാസമായിരുന്നു. രാജാവിന് ഇവരെ എങ്ങനെയെങ്കിലും വിടുവിക്കണമെന്നുണ്ടായിരുന്നു. അതു കൊണ്ട് രാജാവ് സിബോറസിനോട് പറഞ്ഞു നീ ദൈവത്തെ തള്ളിപറ ഞ്ഞാൽ നിനക്ക് നിലങ്ങളും ഭവനങ്ങളും സമ്പത്തും മാത്രമല്ല നിന്റെ മക്കൾക്ക് നല്ല ഉദ്യോഗങ്ങളും പദവികളും നല്കാം.

എന്നാൽ ആ മാതാവ് രാജാവിന്റെ വാഗ്ദാനങ്ങളെ സ്വീകരിച്ചില്ല. കുപിതനായ ചക്രവർത്തി സിബോറസിനെ ദേവന്റെ ക്ഷേത്രത്തിൽ കൊണ്ട് പോയി അടിപ്പിച്ചു. അതിന് ശേഷം അവളുടെ തലമുടിയിൽ അവളെ കെട്ടിത്തൂക്കിയിട്ടു. പിന്നീട് അവളുടെ മുൻപിൽ വച്ച് മക്കളെ ഒരേ തടിയോട് ചേർത്ത് കെട്ടിയിട്ടു. വലിയ വടം കൊണ്ടുവന്ന് കയ്യും കാലും കെട്ടി ഇരുവശത്തേക്ക് വലിക്കുവാൻ തുടങ്ങി. വേദന കൊണ്ടു പുളയുമ്പോഴും അവൾ ധൈര്യത്തോടെ മക്കളെ ആശ്വസിപ്പിച്ചുകൊ ണ്ടിരുന്നു. ക്രൂരനായ ചക്രവർത്തി മൂത്ത പുത്രനെ അവളുടെ മുമ്പിൽ നിർത്തി തൂങ്ങിക്കിടന്നുകൊണ്ട് തന്നെ അമ്മ മകനോട് പറഞ്ഞു "മക നേ ഞാൻ നിന്നെ ദൈവഭയത്തിൽ വളർത്തി നീ ദൈവഭക്തനാണെന്ന് നിന്റെ ഇളയ സഹോദരങ്ങൾക്ക് കാണിച്ചു കൊടുക്കുക. ചക്രവർത്തി മൂത്ത മകനായ ക്രസൻഷ്യസിന്റെ കഴുത്തിൽ നീളമുള്ള കഠാര കുത്തി

യിറക്കി രണ്ടാമനായ ജീവിനെ നെഞ്ചിൽ കുത്തി, മൂന്നാമനായ നെസ്സിന്റെ ഹൃദയം കുത്തിത്തുറന്നു നാലാമനായ പ്രീമിറ്റിയസിന്റെ വയറ്റിലും ജസ്റ്റിനെ പുറത്തു കുത്തി വേദനിപ്പിച്ചുകൊന്നു. ആറാമനായ സ്റ്റകാസിന്റെ മാറിലാണ് കുത്തിയത്. മക്കളുടെ അതിവേദനയും മരണ വെപ്രാളവും കണ്ടിട്ടും ആ മാതാവ് ദൈവത്തെ ത്യജിച്ചില്ല. ഏറ്റവും ഇളയവനായ യൂജിനിയസ്സിനെ ഇഞ്ചിഞ്ചായി വേദനിപ്പിച്ചു കൊല്ലണമെന്ന് ചക്രവർത്തി തീരുമാനിച്ചു. ഒരു വലിയ കുഴി കുഴിച്ചു അതിൽ ഇറക്കി നിർത്തി കുഴിയിൽ ഉമിക്ക് തീ കൊളുത്തി. അതു കണ്ടപ്പോൾ ആ അമ്മ മകനോട് ഇപ്രകാരം പറഞ്ഞു. മകനേ നിന്റെ പിതാവും ആറു ജേഷ്ഠന്മാരും ഇപ്പോൾ സ്വർഗ്ഗത്തിലിരിക്കുന്നു. നീയും വേഗം അവരോടു ചേരും. നിന്റെ അമ്മ പുറകെ അവിടെ എത്തിച്ചേരും അമ്മയുടെ വാക്കുകൾ കേട്ടപ്പോൾ ആ ബാലൻ സ്വർഗ്ഗത്തിലോട്ട് കണ്ണുകളുയർത്തി എന്നിട്ട് പറഞ്ഞു 'സ്നേഹമുള്ള കർത്താവേ എന്റെ ആത്മാവിനെ അങ്ങയുടെ കരങ്ങളിൽ ഏൽപ്പിക്കുന്നു' എന്നു പറഞ്ഞു. താമസിയാതെ പ്രാണൻ വെടിഞ്ഞു. സിബോറസിന്റെ കഴുത്തിൽ ഒരു കല്ലുകെട്ടി നദിയിൽ എറിയുവാൻ ചക്രവർത്തി കല്പിച്ചു അങ്ങനെ ആ കുടുംബം സ്വർഗ്ഗത്തിൽ ഒന്നിച്ചു ചേർന്നു. നമ്മൾക്ക് മുമ്പെ പോയ വിശ്വാസ വീരന്മാരോടും, യോശുവയോടും അതുപോലെ സിബോറസിനോടും ചേർന്ന് നമ്മൾക്ക് ഒരു തീരുമാനമെടുക്കാം ഞാനും എന്റെ കുടുംബവുമോ ഏതവസ്ഥയിലായിരുന്നാലും ഞങ്ങൾ യഹോവയെ സേവിക്കും. നമ്മുടെ തീരുമാനം സഫലമാകുവാൻ കൃപാലുവായ ദൈവം നമ്മെ സഹായിക്കട്ടെ. അവന്റെ നാമം മഹത്വപ്പെടുമാറാകട്ടെ.

# ഹൃദയം എവിടെ

“പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും (മത്തായി 6:20,21).

കർത്താവായ യേശുക്രിസ്തു സ്വർഗ്ഗത്തിലെ സകല മഹത്വവും വെടിഞ്ഞു ഭൂമിയിലേക്കു വന്നു. നമ്മുടെ പാപങ്ങൾക്ക് പകരമായി തീർന്നു. അവന്റെ രക്തത്താൽ നമ്മൾക്ക് പാപമോചനം ലഭിച്ചു. നാം ദൈവമക്കളായിത്തീർന്നു. ഇന്നു ദൈവത്തിന് സമ്പത്തു ദൈവമക്കളാണ്. ക്രിസ്തു വസിക്കുവാൻ ആഗ്രഹിക്കുന്നത് നമ്മളിലാണ്. “നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ. (1 കൊരി. 3:16) ദൈവത്തിന്റെ സമ്പത്തായ നമ്മുടെ സമ്പത്തു എവിടെ ആയിരിക്കണമെന്ന് നമ്മെ വീണ്ടെടുത്തു ദൈവം ആഗ്രഹിക്കുന്നു. അതാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. നാം ഈ ലോകത്തിൻ - പുഴുവും തുരുമ്പും കെടുക്കുന്നതും കള്ളന്മാർ തുരന്നു മോഷ്ടിക്കുന്നതുമായ ഇവിടെ നിക്ഷേപം സ്വരൂപിക്കരുത്. ഇവിടെ നിക്ഷേപം സ്വരൂപിച്ചാൽ നമ്മുടെ ഹൃദയം ഇവിടെ ഇരിക്കും. മറിച്ച് സ്വർഗ്ഗത്തിലാണ് നമ്മുടെ നിക്ഷേപം എങ്കിൽ നമ്മൾ ആ ദേശത്തിന് വേണ്ടി അദ്ധ്വാനിക്കുന്നവരായിരിക്കും. നമ്മുടെ ഹൃദയവും അവിടെയായിരിക്കും. സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചാൽ നാം ലജ്ജിതരായിത്തീരുകയില്ല. ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുൻപാകെ നിൽക്കുമ്പോൾ നമ്മുടെ പ്രവൃത്തിക്ക് തക്ക പ്രതിഫലം നമ്മൾക്ക് കിട്ടും. ഈ ലോകത്തു സമ്പത്തു സ്വരൂപിച്ചാൽ ഇവിടെ വിട്ട് പോകുമ്പോൾ കൈമലർത്തി പോകേണ്ടതായി വരും. മാത്രമല്ല അന്ന് പ്രതിഫലമില്ലാത്തവരായി ലജ്ജിതരായി നിൽക്കേണ്ടിവരും. നാം എവിടെ സമ്പത്തു സൂക്ഷിക്കുന്നവർ ആണ്?

ഒരിക്കൽ ചാൾസ് ഇ. ഫുള്ളർ എന്ന ദൈവദാസൻ സ്വർഗ്ഗത്തെക്കുറിച്ച് അടുത്ത ആഴ്ചയിൽ പ്രസംഗിക്കാമെന്നു പറഞ്ഞു. ആ ആഴ്ചയിൽ അദ്ദേഹത്തിന് മരണാസന്നനായി കിടക്കുന്ന ഒരു ദൈവദാസന്റെ കത്ത് കിട്ടി. അദ്ദേഹത്തിന്റെ എഴുത്തു ഇങ്ങനെയായിരുന്നു – സ്വർഗ്ഗത്തെക്കുറിച്ച് കേൾക്കുവാൻ എനിക്ക് താൽപര്യമാണ്. 50 വർഷം മുൻപ് ഞാൻ ഒരു സ്ഥലം സമ്പാദിച്ചു. ഞാൻ അതു വാങ്ങിയതല്ല . വില കൂടാതെ അത് എനിക്ക് ദാനമായി ലഭിച്ചതാണ്. എനിക്ക് ദാനമായി ആ സ്ഥലം തന്ന ആൾ അതിനായി വലിയ വില കൊടുത്തതാണ്. അതു കൈമാറ്റം ചെയ്യാൻ സാദ്ധ്യമല്ലാത്തതിനാൽ എനിയ്ക്കതിനെപ്പറ്റി ആശങ്കയില്ല. അതു തരിശുഭൂമിയല്ല. കഴിഞ്ഞ 50 വർഷമായി അതിലെ പണിയ്ക്കായി ഞാൻ സാധനം അയച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ശില്പി തന്റെ കൈകൾ കൊണ്ട് മനോഹരമായ ഭവനം പണിതുകൊണ്ടിരിക്കുന്നു. പുതുക്കി പണികയോ, ഭേദഗതി ചെയ്യാനോ ആവശ്യമില്ലാത്തവണ്ണം എനിക്കായി പണിയുന്നു. സുനാമി തൊടുകയില്ല, യാതൊരു ദുഷ്ടനും അവിടെ പ്രവേശിക്കില്ല. അതിന്റെ പണി മിക്കവാറും തീർന്നുകൊണ്ടിരിക്കുന്നു. എനിക്ക് അങ്ങോട്ട് പോകുവാൻ ടിക്കറ്റ് ഉണ്ട്. പക്ഷേ തീയതി അടയാളപ്പെടുത്തിയിട്ടില്ല. മാത്രമല്ല റിട്ടേൺ ടിക്കറ്റ് ഇല്ല. ഭവനത്തിന് ഇടയ്ക്ക് ഒരു കൂരിരുൾ താഴ് വരയുണ്ട്. കഴിഞ്ഞ 50 വർഷം എന്നെ നടത്തിയ ആ നല്ല സ്നേഹിതൻ അപ്പോഴും കൂടെയുണ്ടാകും. എന്റെ യാത്രയിൽ യാതൊരു സാധനങ്ങളും എടുക്കുവാൻ സാധിക്കുകയില്ല. ഞാൻ എന്റെ യാത്രയ്ക്കായി ഒരുങ്ങി കാത്തിരിക്കുന്നു. അതെ സ്വർഗ്ഗത്തിൽ എനിക്ക് ഒരുക്കപ്പെട്ട ഒരു ഭവനമുണ്ട്. അതെ ഈ ലോകത്തിൽ നിക്ഷേപം സ്വരൂപിക്കാതെ സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചാൽ നമ്മുടെ ലക്ഷ്യം സ്വർഗ്ഗവും അവിടെ കർത്താവ് നമുക്കായി ഒരുക്കുന്ന ഭവനവുമായിരിക്കും. വരുന്ന ദിവസങ്ങളിൽ സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കാൻ കർത്താവ് നമ്മളെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# വീണ്ടും വരുന്ന ദൈവം

കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോട് കൂടെ ഇരിക്കും. (1 തെസ്സലോനിക്യർ 4:16).

കർത്താവിന്റെ മദ്ധ്യാകാശ വരവിന്റെ ഉദ്ദേശം തന്റെ മക്കളെ തനിക്കായി കാത്തിരിക്കുവന്നവരെ തന്റെ അടുക്കൽ ചേർക്കുവാനാണ്. അത് മരിച്ച് മൺമറഞ്ഞ വിശുദ്ധന്മാരും ജീവനോട് ഇരിക്കുന്നവരുമായ വിശുദ്ധന്മാരും ഒന്നിച്ച് കർത്താവിനെ എതിരേല്ക്കാം. കർത്താവ് ഈ ലോകത്തിൽ നിന്ന് പോകുന്നതിന്റെ തൊട്ട് മുൻപായി തന്റെ ശിഷ്യന്മാരോട് പറഞ്ഞു. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് എന്നിൽ വിശ്വസിപ്പിൻ. കാരണം ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുകയാണ് . ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. കർത്താവ് വരുന്നത് തന്റെ മക്കളെ ചേർത്തു കൊള്ളുവാനാണ്.

ഇങ്ങനെ ലോകത്തിന്റെ സംഭവങ്ങൾ നമ്മെ വിളിച്ചറിയിക്കുന്നത് കർത്താവിന്റെ വരവ് ആസന്നമായി എന്നാണ്. എങ്ങും അസമാധാനവും, യുദ്ധവും യുദ്ധശ്രുതികളും ഭൂകമ്പവും വെള്ളപ്പൊക്കവും പട്ടിണിയും കണ്ണീരും കഷ്ടതയും മാത്രമല്ല നോഹയുടെ കാലത്തു ഉണ്ടായിരുന്നതുപോലെ ഏത് അതിക്രമവും ചെയ്യുവാൻ മനസ്സുള്ള ഒരു തലമുറ. ഭൂമി അതിക്രമം കൊണ്ട് നിറഞ്ഞിരിക്കുന്നു. ദൈവമക്കളായ നാം നമ്മുടെ ഹൃദയത്തിൽ ആഗ്രഹിക്കുകയാണ് കർത്താവായ യേശുവേ വരേണമേ.

കർത്താവ് അവരോട് പറയുകയാണ് ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമ

സിക്കുന്നില്ല (2 പത്രൊസ് 3:9). ഇതാ ഞാൻ വേഗം വരുന്നു. (വെളിപ്പാട് 22:20). കർത്താവായ യേശുക്രിസ്തുവിന്റെ വരവിന്റെ സമയം ആഗതമായതുകൊണ്ട് ദൈവമക്കളായ നാം എപ്പോഴും ഒരുങ്ങിയിരിക്കേണം. എങ്ങനെ ഒക്കെയാണ് നാം ഒരുങ്ങേണ്ടത്.

**ഉണർന്നിരിക്കേണം.**

ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ് നിന്റെ ചാവാറായ ശേഷിപ്പുകളെ ശക്തീകരിച്ച് നീ ഉണരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നീ ഇന്നും മരിച്ചവരുടെ ഇടയിലാണ് കിടക്കുന്നത്. നിനക്ക് ജീവനുള്ളവൻ എന്ന് പേരുണ്ട്. എന്നാൽ നിന്റെ അവസ്ഥ എന്താണ്. അതു കൊണ്ട് ഉറങ്ങുന്നവനെ ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേല്ക്കാം. (എഫെസ്യർ 5:14, വെളിപ്പാട് 3:2)

ഒരു ഡോക്ടർ മയക്കത്തിൽ ഒരു ഹൃദയശസ്ത്രക്രിയ ചെയ്യുകയാണെങ്കിൽ എന്തു സംഭവിക്കും. രക്ഷിക്കാൻ നടത്തിയ ശസ്ത്രക്രിയ രോഗിയുടെ മരണത്തിൽ അവസാനിക്കാം. അതുപോലെ മറ്റുള്ളവരുടെ ഹൃദയത്തെ രൂപാന്തരപ്പെടുത്തുവാൻ സുവിശേഷം പറയുവാൻ ഭരമേല്പ്പിച്ച നാം ഉറങ്ങിയാൽ അനേകരുടെ പാപമരണത്തിന് കാരണമാകും. അതുകൊണ്ട് നമ്മുക്ക് ഉണരാം. കർത്താവ് പറയുകയാണ് എന്റെ വരവ് താമസിക്കുന്നതിന്റെ ഒരു കാരണം ആരും നശിച്ച് പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. (2 പത്രൊസ് 3:9)

**ശുദ്ധീകരണം**

ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനാണ് വിളിച്ചതെന്നറിഞ്ഞു നാം നമ്മെ തന്നെ ശുദ്ധീകരിക്കേണ്ടതാവശ്യമാണ്. ദൈവത്തിന്റെ ഇഷ്ടമേ, നിങ്ങളുടെ ശുദ്ധീകരണം തന്നെ. (1 തെസ്സ 4:3). നമ്മെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം എല്ലാ നടപ്പിലും വിശുദ്ധരാകേണ്ടതാവശ്യമാണ്. നമ്മുടെ കർത്താവ് വിശുദ്ധൻ ആകയാൽ നാം വിശുദ്ധരായിരിക്കുവിൻ കർത്താവ് ആഗ്രഹിക്കുന്നു. നമ്മുടെ കണ്ണ്, ചെവി, നാക്ക്, ഹൃദയം ഇവയെല്ലാം വിശുദ്ധമായി സൂക്ഷിക്കേണ്ടതാവശ്യമാണ്. ദുഷ്ടന്റെ അധീനതയിൽ ഉള്ള ഈ ലോകത്തിൽ ജീവിക്കുമ്പോൾ നമുക്ക് അത് എങ്ങനെ സാധിക്കും. ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. (സ

ങ്കീ. 119:11) വചനമെന്ന പാൽ കുടിച്ചു നാം വളരുമ്പോൾ നമ്മുക്ക് നമ്മുടെ ജീവിതത്തിലെ കുറവുകൾ കണ്ട് ദൈവത്തിന്റെ കൃപയാൽ നമ്മെ തന്നെ ശുദ്ധിയുള്ളവരായി സൂക്ഷിക്കുവാൻ സാധിക്കും. ദൈവവചനം ഇരു വായ്ത്തലയുള്ള വാളാണ്. വചനത്തിന്റെ മുമ്പാകെ ഇരിക്കുമ്പോൾ വചനം കേൾക്ക മാത്രം ചെയ്തു. തങ്ങളെ തന്നെ ചതിക്കാതെ സകല അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ട് നമ്മുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊള്ളണം. (യാക്കോബ് 1:22).

അലക്സാണ്ടർ മക്കോയ് ഭക്തിയുള്ള മാതപിതാക്കന്മാരാൽ വളർത്തപ്പെട്ട ഒരു വ്യക്തിയായിരുന്നു. അവന്റെ അമ്മ അവനെ നിത്യവും വചനം പഠിപ്പിക്കയും പ്രാർത്ഥിപ്പിക്കുകയും ചെയ്യുമായിരുന്നു. അലക്സാണ്ടറിന് അനേക വാക്യം കാണാപാഠമായി അറിയാമായിരുന്നു. അലക്സാണ്ടർ പഠനത്തിനായി ദൂരദേശത്തേക്ക് പോയി. പോകുമ്പോൾ പിതാവ് അവനു ഒരു ബൈബിൾ സമ്മാനിച്ചു അതിന്റെ ആദ്യ പേജിൽ ഇങ്ങനെ എഴുതിയിരുന്നു. “ഇത് എന്റെ മകൻ അലക്സാണ്ടർ മക്കോയ്ക്ക് വേണ്ടിയാണ്. മകനെ ഈ പുസ്തകം സ്ഥിരമായി വായിക്കുക. ഇത് നിന്നെ പാപത്തിൽ നിന്ന് അകറ്റി നിർത്തും അല്ലെങ്കിൽ പാപം നിന്നെ ഈ പുസ്തകത്തിൽ നിന്നകറ്റി നിർത്തും.

“This book will keep you from sin or sin will keep you away from this book”

ഏറെ താമസിയാതെ അലക്സാണ്ടറുടെ മാതാപിതാക്കൾ ഈ ലോകത്തോട് യാത്ര പറഞ്ഞു. താമസിയാതെ അലക്സാണ്ടർ ബൈബിൾ വായന നിർത്തി. ബൈബിളിനെ പൂർണ്ണമായും മറന്നു. ഈ ലോകജ്ഞാനത്തിന്റെ പുറകെ ഓടി. ബൈബിൾ ഒരു പഴഞ്ചൻ പുസ്തകമായി തോന്നി. പഠിത്തത്തിൽ മിടുക്കനായ അവൻ ഒരു ഡോക്ടറായി. രോഗികളെ സേവിക്കുകയും കരുതുകയും ചെയ്യുന്ന പ്രശസ്തനായ ഒരു ഡോക്ടർ.

ഒരു ദിവസം ഒരു വ്യക്തി ചികിത്സയ്ക്കായി ഡോക്ടറിന്റെ ക്ലിനിക്കിൽ വന്നു. ഡോക്ടർ അയാളെ കണ്ട് മരുന്ന് കൊടുത്തു. അവിടെ അദ്ദേഹത്തെ അഡ്മിറ്റ് ചെയ്യുവാൻ പറഞ്ഞു. കാരണം ആ രോഗിക്ക് ഇനി അധികനാളുകൾ ഇല്ലാ. ആ രോഗി ഡോക്ടറോട് പറഞ്ഞു “ഡോക്ടർ ഞാൻ എന്റെ ബൈബിൾ കൊണ്ടുവരാൻ മറന്ന് പോയി.

എനിക്ക് അങ്ങ് എങ്ങനെയെങ്കിലും ഒരു ബൈബിൾ തരണം. അത് വായിക്കാതെ ഇരിക്കുവാൻ എനിക്ക് സാദ്ധ്യമല്ല. ദൈവത്തിന്റെ സ്വരം എനിക്ക് എപ്പോഴും കേൾക്കണം.” ഈ രോഗിയുടെ അവസാനത്തെ നാളുകളാണെന്ന് മനസ്സിലാക്കി ഡോക്ടർ തന്റെ മുറിയിലെ ഷെൽഫിന്റെ അടിയിൽ കിടക്കുന്ന ബൈബിൾ കൊണ്ട് കൊടുക്കുവാൻ വേലക്കാരനോട് പറഞ്ഞു.

അടുത്ത ദിവസം രോഗിയെ കാണാൻ വന്നപ്പോൾ നേഴ്സ് പറഞ്ഞു. “അദ്ദേഹം ബൈബിൾ വായിച്ചുകൊണ്ടു തന്നെ വളരെ സമാധാനത്തോടും സന്തോഷത്തോടും കൂടി ഞാൻ ഭവനത്തിൽ പോകുകയാണെന്ന് പറഞ്ഞു. ഈ ലോകത്തിൽ നിന്ന് കടന്നുപോയി.”

കട്ടിലിനരികെ ചെന്ന് ഡോക്ടർ ആ ബൈബിൾ തിരിച്ച് നോക്കി. അതിന്റെ ആദ്യ പേജിലെ വാക്കുകളെ കണ്ട് അദ്ദേഹം ആ ബൈബിളും എടുത്തുകൊണ്ട് വേഗം തന്റെ മുറിയിലേക്ക് ഓടി. അതെ അദ്ദേഹം മുട്ടുകുത്തി തന്റെ പാപങ്ങളെ ഏറ്റ് പറഞ്ഞു കർത്താവിനായി ജീവിക്കാം എന്ന് തീരുമാനിച്ചു. മാത്രമല്ല അദ്ദേഹം തന്റെ ജോലി ഉപേക്ഷിച്ച് കർത്താവിന്റെ വേലക്കായി തന്നെ തന്നെ സമർപ്പിച്ചു. ഡോക്ടർ അലക്സാണ്ടർ മക്കോയ് ഒരു സുവിശേഷകനായി അനേകരെ കർത്താവിങ്കലേക്ക് നേടി.

**പ്രവർത്തിക്കുക**

കർത്താവ് ഈ ലോകത്തിലേക്ക് വന്ന് തന്റെ രക്തം കൊടുത്തു. അവനിൽ വിശ്വസിക്കുന്നവർ നിത്യജീവന് അവകാശികളായി. അങ്ങനെ ദൈവത്തിന്റെ മക്കളായ നമ്മെ ഈ ലോകത്തിൽ ആക്കിയിരിക്കുന്നതിന്റെ ഉദ്ദേശം നാം അവനായി പ്രവർത്തിക്കുവാൻ വേണ്ടിയാണ്. അതുകൊണ്ട് നമ്മെ ആക്കിയിരിക്കുന്ന സാഹചര്യത്തിൽ കർത്താവിനായി പ്രവർത്തിക്കുവാൻ കർത്താവ് നമ്മളിൽ നിന്നാഗ്രഹിക്കുന്നു. പ്രധാനമായും രണ്ട് കാര്യങ്ങൾ നമ്മുക്ക് ചിന്തിക്കാം.

(1) സൽപ്രവർത്തി ചെയ്യുക (2)  താലന്തുകളെ കൊണ്ട് വ്യാപാരം ചെയ്യുക.

**സൽപ്രവൃത്തി** : നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തു പോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു. (എ

ഫെ. 2:10). കഷ്ടപ്പെടുകയും പട്ടിണിയനുഭവിക്കുകയും ചെയ്യുന്നവർക്ക് വേണ്ടി നമ്മെ ഏല്പ്പിച്ചിരിക്കുന്ന ധനം ചിലവിടേണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അങ്ങനെ ചിലവിട്ട പലരേയും ദൈവം അനുഗ്രഹിക്കുന്നവരായും അവരുടെ പേരുകൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതായും നമ്മുക്ക് കാണാം. നാം നമ്മെ ഏല്പ്പിച്ചിരിക്കുന്ന ധനം നമ്മുക്ക് വേണ്ടി മാത്രം ഉപയോഗിക്കുന്നവരോ അതോ അതുകൊണ്ട് സൽപ്രവൃത്തി ചെയ്യുന്നവരോ?

**കൃപാവരങ്ങൾ:** ഒരു വ്യക്തി കർത്താവിനെ സ്വന്തം രക്ഷകനായി സ്വീകരിച്ച് രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവ് തന്റെ ഇഷ്ടപ്രകാരം അവന് ഒന്നോ അതിൽ അധികമോ കൃപാവരങ്ങൾ അവന് കൊടുക്കും. നാം അതിന് കാര്യവിചാരകന്മാർ മാത്രമാണ്. അതുകൊണ്ട് നമുക്ക് തന്ന രക്ഷ ദൈവത്തിന് വേണ്ടി പ്രവർത്തിക്കേണം. കൃപാവരങ്ങൾ നാം വിശ്വസ്തരായി ഉപയോഗിച്ചില്ല എങ്കിൽ അത് നമ്മളിൽ നിന്ന് എടുക്കപ്പെടും. നമുക്ക് തന്നതുകൊണ്ട് വ്യാപാരം ചെയ്ത് അധികം നേടുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

കർത്താവ് പറഞ്ഞ ഒരു ഉദാഹരണം ലൂക്കോസിന്റെ സുവിശേഷം 19-ാം അദ്ധ്യായത്തിൽ കാണാം. അവിടെ കുലീനനായൊരു മനുഷ്യൻ ദൂരദേശത്തേക്ക് പോയപ്പോൾ 10 ദാസന്മാരെ വിളിച്ച് അവർക്ക് പത്ത് റാത്തൽ വെള്ളി കൊടുത്തു. ഞാൻ വരുവോളം വ്യാപാരം ചെയ്യുവാൻ പറഞ്ഞു. രാജാവ് മടങ്ങി വന്നോപ്പോൾ ദാസന്മാരെ വിളിച്ചു ഒന്നമത്തവൻ അടുക്കൽ വന്നു പറഞ്ഞു. ഞാൻ എനിക്ക് തന്നതുകൊണ്ട് 10 റാത്തൻ സമ്പാദിച്ചിരിക്കുന്നു. അവനോട് കർത്താവ് പറഞ്ഞു. നല്ല ദാസനെ നീ അത്യല്പത്തിൽ വിശ്വസ്തൻ ആയതുകൊണ്ട് പത്തു പട്ടണത്തിന് അധികാരിയാകുക. എന്നാൽ വേറൊരു ദാസൻ പറഞ്ഞു. ഇതാ നിന്റെ റാത്തൽ ഞാൻ ഉറുമാലിൽ കെട്ടിവച്ചിരുന്നു. അവനോട് കർത്താവ് പറഞ്ഞു ദുഷ്ടദാസനെ നീ അത് മറ്റു കച്ചവടക്കാർക്ക് കൊടുക്കാഞ്ഞത് എന്ത്? എന്നിട്ട് പറഞ്ഞു. അവന്റേതു എടുത്തു പത്തു ഉള്ളവന് കൊടുക്കുക. ഉള്ളവന് ഏവനും കൊടുക്കാം ഇല്ലാത്തവനോട് ഉള്ളതും കൂടെ എടുത്തു കളയും. (19:26).

അന്ന് ദൈവത്തിന്റെ സന്നിധിയിൽ നമ്മുടെ പ്രവർത്തികൾ വെളിപ്പെടും. നാം പൊന്ന്, വെള്ളി, വിലയേറിയ കല്ല് , മരം, പുല്ല്, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവ

രും. അതു തീയോടെ വെളിപ്പെട്ടുവരും. ഓരോരുത്തന്റെ പ്രവൃത്തി ഇന്ന വിധം എന്നു തീ തന്നെ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും. പ്രവൃത്തി വെന്തു പോയെങ്കിൽ അവന് ചേതം വരും. ചേതം വരാത്ത പ്രവൃത്തികൾ ചെയ്യു വാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

പ്രിയരേ നമ്മുടെ കർത്താവ് വരാറായി. നമുക്ക് പ്രതിഫലുവമായി നമ്മെ അവന്റെ അടുക്കൽ ചേർക്കുവാൻ അവനോട് കൂടെ ഇരുത്തു വാൻ കർത്താവ് വരാറായി. അതെ ഞാൻ വേഗം വരുന്നു. (വെളിപ്പാട് 22:20). നാം യഥാർത്ഥമായി ഒരുങ്ങിയിട്ടുണ്ടോ . സ്വാതന്ത്ര്യമില്ലാത്ത രാജ്യങ്ങളിൽ തങ്ങളുടെ ജീവനെ വെച്ചു കൊടുക്കുവാൻ മടിക്കാതെ കർത്താവിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ നമ്മുടെ അവസ്ഥ എന്ത്? നാം വാക്ക് കൊണ്ട് മാത്രം ഒരുങ്ങുന്നവരോ അതോ യഥാർത്ഥ മായി ഒരുങ്ങിയിരിക്കുന്നവരോ? നമുക്ക് നമ്മെതന്നെ ശോധന ചെയ്യാം. ഒരുങ്ങിയിരിക്കുന്ന 10 വയസ്സുള്ള ഒരു ബാലികയെക്കുറിച്ച് നമുക്ക് നോക്കാം. റുമേനിയയിലെ ഒരു സ്കൂൾ. കുട്ടികളെല്ലാം ക്ലാസ്സിൽ പഠിച്ച് കൊണ്ടിരിക്കുന്നു. ആ സമയത്തു തോക്ക് ധാരികളായ അഞ്ച് പേർ ക്ലാസ്സ് മുറിയിലേക്ക് കയറി വന്നു. രണ്ട് പേർ വാതില്ക്കൽ നിന്ന് ഒരു ബൈബിൾ എടുത്ത് വാതിലിൽ നടുക്കിട്ട് കുട്ടികളോട് വരിവരിയായി വന്നു ബൈബിളിൽ തുപ്പിയിട്ട് പോകുവാൻ പറഞ്ഞു. കുട്ടികൾ ഓരോ രുത്തരായി വന്ന് തുപ്പിയിട്ട് ഇറങ്ങിപ്പോയി. എന്നാൽ അടുത്തു വന്നതു 12 വയസ്സുള്ള ഒരു യെഹൂദ ബാലിക ആയിരുന്നു. അവൾ കുറച്ചു ദിവ സങ്ങൾക്ക് മുൻപ് ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച ഒരു പെൺകു ട്ടിയാണ്. അവൾ ബൈബിൾ എടുത്ത് അവളുടെ വസ്ത്രം കൊണ്ട് തുപ്പൽ എല്ലാം തുടച്ച് അതിനെ മുത്തുവാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു ഇത് എന്റെ രക്ഷകന്റെ വചനമാണ്. ഇത് എന്റെ ആത്മമണവാളന്റെ എഴുത്തുകളാണ് അപ്പോഴേക്ക് ആദ്യം അവളുടെ കണ്ണിലും, പിന്നെ കൈയ്യിലും വെടിയുണ്ടകൾ പാഞ്ഞുകയറി. എന്റെ രക്ഷകാ ഞാൻ വരുന്നു എന്ന് പറഞ്ഞു അവൾ സ്നേഹിച്ച, അവളെ സ്നേഹിച്ച ആത്മ മണവാളന്റെ അടുത്തെത്തി. അവൾ ഒരുക്കമായിരുന്നു നാമോ?